# സായി
# അവിടുത്തെ രാജ്യം വരേണമേ

## സത്യസായിബാബ തിരിച്ചുവരുമോ?
## ഒരു പഠനം

ശ്രീജിത്ത് നാരായൺ

പ്രിയങ്കരനായ ശ്രീ സത്യസായിബാബയുടെ ദിവ്യപാദാരവിന്ദ ങ്ങളിൽ സമർപ്പിതം. ഈ ചിന്തയുടെ വിത്തുപാകിയതും അതിനായി പ്രവർത്തിച്ചതും ഭഗവാനാകയാൽ അതിന്റെ ഫലവും അവിടുന്ന് ഏറ്റെടുക്കണമെന്ന് ഞാൻ അവിടുത്തോട് സർവ്വാത്മനാ പ്രാർത്ഥിക്കുന്നു.

# സായി
# അവിടുത്തെ രാജ്യം
# വരേണമേ

സത്യസായിബാബ തിരിച്ചുവരുമോ?

ഒരു പഠനം

**ശ്രീജിത്ത് നാരായൺ**

പരിഭാഷ: **മിലി പ്രേംജിത്ത്**

(malayalam)
**Sai aviduthe rajyam varename**

*author*
Sreejith Narayan

Translation
Milee Premjith

*cover & lay out*
**hitech chungam +91 9947414647**

*printing*
**prinarts**

*first edition*
**october 2012**

*price: rs. 50/-*

© all rights reserved by the author

no part of this publication may be reproduced or transmitted in any form or by any means, without prior written permission of the author.

SL No:01 P 288+8 C 2000 10/2012 F/sai

# വിഷയസൂചിക

ഗ്രന്ഥകാരനെക്കുറിച്ച് ........ 11
കൃതജ്ഞത ........ 13
ആമുഖം ........ 15
പുസ്തകത്തെക്കുറിച്ച് രണ്ടുവാക്ക് ........ 17

**ഭാഗം 1**

**അദ്ധ്യായം 1**

**സ്വാമിയുടെ കാലഗണന ചാന്ദ്രവർഷപ്രകാരമോ? ..... 24**

ചാന്ദ്രവർഷ സിദ്ധാന്തം ........ 24
ശതാഭിഷിക്തരായ ഭക്തർ എന്ന പ്രയോഗം ........ 28
വേറെയും തെളിവുകൾ ........ 31
സ്വാമിയുടെ ജീവചരിത്രകാരന്മാരുടെ വിശദീകരണം ...... 31

**അദ്ധ്യായം 2**

**എന്താണ് ദിവ്യപദ്ധതി? ........ 33**

സ്വാമിയുടെ ദിവ്യപദ്ധതിക്കു മാറ്റമോ? ........ 33
ദിവ്യസങ്കൽപ്പം എന്ത്?. ........ 35

**അദ്ധ്യായം 3**

**സ്വാമി ഭൂമിയിലെ തന്റെ ജീവിതകാലത്തെക്കുറിച്ച് പറയുന്നു ........ 36**

ഒരു വിശദീകരണം ........ 39

**അദ്ധ്യായം 4**

**ഭാവിയെക്കുറിച്ചുള്ള സായിപ്രവചനങ്ങൾ ........ 40**

നമുക്കു സംശയത്തിനവകാശമില്ല ........ 43

## ഭാഗം 2

**അദ്ധ്യായം 5**

**പുനരാഗമനസൂചനകൾ ........................................ 46**

വരാനിരിക്കുന്ന അത്ഭുതം ........................................ 48

ഭക്തരുടെ സ്വപ്നങ്ങളിലൂടെ ........................................ 50

**അദ്ധ്യായം 6**

**അതിശയിപ്പിക്കുന്ന നാഡികൾ ........................................ 55**

സത്യസായി അവതാരത്തെക്കുറിച്ചുള്ള
നാഡിപ്രവചനങ്ങൾ ........................................ 56

നാഡി എന്റെ അനുഭവത്തിൽ ........................................ 62

സ്വാമിയുടെ തിരിച്ചുവരവ് നാഡി പ്രവചിക്കുന്നു ............. 63

നോസ്ട്രഡാമസിന്റെ പ്രവചനങ്ങൾ ........................................ 66

**അദ്ധ്യായം 7**

**മെഹദിയുടെ തിരോധാനം ........................................ 69**

ആരാണ് മെഹദി? ........................................ 69

മെഹദിയെ അറിയാനുള്ള അടയാളങ്ങൾ ........................................ 69

മെഹദിയുടെ ഭൂമിയിലെ കാലഘട്ടം ........................................ 73

മെഹദിയുടെ തിരിച്ചുവരവ് എപ്പോൾ? ........................................ 77

മെഹദിയുടെ തിരിച്ചുവരവ് യുവശരീരത്തിലോ? ............. 78

മെഹദിയുടെ സുവർണ്ണകാലം ........................................ 79

മെഹദി തിരിച്ചു വരുന്നതെന്തിന്? ........................................ 81

**അദ്ധ്യായം 8**

**ആകാശത്തിലെ ദർശനം ........................................ 82**

മാറ്റിവെയ്ക്കപ്പെട്ട വിശ്വരൂപ ദർശനം ........................................ 86

ശാന്തതയ്ക്കു മുമ്പുള്ള കൊടുങ്കാറ്റ് ........................................ 90

ആകാശത്തിനു കുറുകെയുള്ള സഞ്ചാരം ........................................ 91

**അദ്ധ്യായം 9**

**സത്യസായി സുവർണ്ണയുഗത്തിന്റെ ഉദയം .................. 93**

വരാനിരിക്കുന്ന സുവർണ്ണയുഗം .......................................... 95

സുവർണ്ണയുഗം പ്രതീക്ഷിച്ചതിലും നേരത്തെ .................. 96

സുവർണ്ണയുഗത്തിന്റെ പ്രകൃതം .......................................... 97

സത്യസായി അവതാരത്തിന്റെ
സാർവ്വലൗകിക സ്വീകാര്യത ................................................ 99

സായിസംഘടനയുടെ പ്രാധാന്യം ....................................... 100

ഭാരതത്തിന്റെ മഹത്വം .......................................................... 100

2012 എന്ന സംവത്സരത്തിന്റെ പ്രസക്തി .......................... 102

വേദഗ്രന്ഥങ്ങളിലെ സുവർണ്ണയുഗം .................................. 103

മനുഷ്യപുത്രന്റെ വരവ് .......................................................... 107

**അദ്ധ്യായം 10**

**സ്വാമി ശരീരം ത്യജിച്ചതെന്തിന്? ................................. 113**

ഭക്തരുടെ രക്ഷയ്ക്കാണ് ഈ ശരീരം അവതരിച്ചത്...... 113

പ്രാർത്ഥനയുടെ ശക്തി .......................................................... 124

അതിദൂരം പ്രചരിച്ച വാർത്തകൾ ........................................ 126

ഒറ്റപ്രഹരത്തിൽ ഒത്തിരികാര്യങ്ങൾ .................................... 128

**അദ്ധ്യായം 11**

**പുനരുജ്ജീവനത്തിന്റെ മഹത്വം .................................. 130**

ശരീരത്തെക്കുറിച്ചുള്ള സന്ദേഹം ........................................ 133

നിർമ്മാണകായർ എന്ന സങ്കല്പം ...................................... 136

**അദ്ധ്യായം 12**

**സമാപ്തി ............................................................................ 140**

സ്വാമി സകല വാഗ്ദാനങ്ങളും നിറവേറ്റും ........................ 143

സ്വാമിയുടെ ഭക്തർക്കുള്ള പരീക്ഷണകാലം ..................... 145

**പ്രാർത്ഥന ........................................................................ 151**

**റഫറൻസ് .......................................................................... 152**

# ഗ്രന്ഥകാരനെക്കുറിച്ച്

**ശ്രീ**ജിത്ത് നാരായൺ സായിപാതയിൽ എത്തുന്നത് 1992 ൽ ആണ്. അന്നുമുതൽ സ്വാമി വിവിധ സ്വപ്നങ്ങളിലൂടെയും ജീവിതപാഠങ്ങളിലൂടെയും അദ്ദേഹത്തെ മുന്നോട്ട് നയിക്കുന്നു. കോഴിക്കോട്ടുകാരനായ ഇദ്ദേഹം യു.എസ്.എയിലെ ന്യൂജേഴ്സിയിൽ സോഫ്റ്റ്‌വെയർ എൻജിനീയറായി ഇപ്പോൾ സേവനമനുഷ്ഠിക്കുന്നു. ന്യൂജേഴ്സിയിലെ ബ്രിഡ്ജ്‌വാട്ടർ സായിസെന്ററിൽ സർവ്വീസ് കോ-ഓർഡിനേറ്ററായും സേവനമനുഷ്ഠിക്കുന്നു.

1997ൽ ഉദ്യോഗസംബന്ധമായി അമേരിക്കയിലേക്ക് പോകുന്നതിനുമുമ്പ് സായിസമിതിയിൽ സജീവമായി പ്രവർത്തിച്ചു.

സ്വാമിയെക്കുറിച്ച് ഒരു പുസ്തകമെഴുതണമെന്ന് അതിയായ ആഗ്രഹമുണ്ടായിരുന്നുവെങ്കിലും തന്റെ സർഗ്ഗശേഷിയെക്കുറിച്ച് പൂർണ്ണബോധ്യം ഉണ്ടായിരുന്നില്ല. 1997 ൽ യു. എസ്. എ യിലേക്കുപോകുന്നതിനുമുമ്പ് തന്റെ ഈ ആഗ്രഹം സ്വാമിയെ ഒരു എഴുത്തു മുഖാന്തിരം അറിയിച്ചിരുന്നു. ആ എഴുത്ത് സ്വാമി സന്തോഷപൂർവ്വം സ്വീകരിക്കുകയും സ്നേഹപൂർവ്വം കൈകളിൽ തട്ടുകയും ശ്രീജിത്തിന് പാദനമസ്കാരം നൽകുകയും ചെയ്തു. അതിനുശേഷം എഴുതാനുദ്ദേശിച്ച പുസ്തകത്തിനുവേണ്ടി വിവിധ ലേഖനങ്ങളും വസ്തുതകളും അദ്ദേഹം ശേഖരിക്കാൻ തുടങ്ങി. ജനുവരി 2012 ൽ സ്വാമിയുടെ തിരിച്ചുവരവിന്റെ സാധ്യതയെക്കുറിച്ച്

ഒരു പുസ്തകം രചിക്കുവാനുള്ള ഉത്ക്കടമായ തോന്നൽ ഉണ്ടാകുന്നതുവരെ അദ്ദേഹത്തിന്റെ ആ ആഗ്രഹം സഫലമായില്ല. അതിനുശേഷം സ്വാമിയുടെ ദിവ്യസങ്കല്പത്താൽ വളരെ പെട്ടെന്നുതന്നെ ആ പുസ്തകം രചിക്കുവാൻ ആവശ്യമായ എല്ലാ വസ്തുതകളും കരഗതമായി. പുസ്തകം രചിക്കുവാനായി നേരത്തെ ശേഖരിച്ച വസ്തുതകൾ അദ്ദേഹത്തിനു അത്യന്തം പ്രയോജനപ്രദമായി. സ്വാമി ഒരു കത്തിനെ ആശീർവ്വദിക്കുമ്പോൾ അതിലെ ഉള്ളടക്കം നടപ്പിൽവരുത്തുകകൂടി ചെയ്യുന്നു. സ്വാമിക്ക് തന്റെ ഭക്തരോടുള്ള പ്രേമം അത്തരത്തിലുള്ളതാണ്. ഭാരതീയ പൈതൃകമനുസരിച്ച് ഒരു ശിഷ്യൻ എല്ലായ്പ്പോഴും തന്റെ ഗുരുവിന്റെ വാക്കുകളെ കണ്ണടച്ച് പൂർണ്ണമായും വിശ്വസിക്കണം. അത്തരം ശ്രദ്ധാവാനായ വിശ്വസ്ത ശിഷ്യന്റെ സ്ഥാനമാണ് ഗ്രന്ഥകാരൻ ഇവിടെ സ്വീകരിച്ചിരിക്കുന്നത്. സ്വാമിയുടെ വാക്കുകൾ ഓരോന്നും പരിപൂർണ്ണമായി നടപ്പിൽവരുമെന്നുള്ള ഉറച്ച വിശ്വാസം ഗ്രന്ഥകാരനുണ്ട്.

# കൃതജ്ഞത

*"എനിക്കു നന്ദി പറയേണ്ടതില്ല. ഞാൻ നിന്നിൽ നിന്ന് ഭിന്ന നല്ല. എല്ലാ ദിവസവും ഭക്ഷണം വിളമ്പി നിങ്ങളെ ഊട്ടുന്നതിന് അമ്മയോടു നിങ്ങൾ നന്ദി പറയാറുണ്ടോ.? മറ്റൊരാളിൽ നിന്ന് എന്തെങ്കിലും സ്വീകരിക്കുമ്പോൾ നിങ്ങൾക്ക് നന്ദി പറയാം. പക്ഷെ ഞാൻ നിങ്ങളിൽ നിന്ന് ഭിന്നനല്ല. അതുകൊണ്ട് ഒരിക്കലും സ്വാമിക്ക് നന്ദി പറയരുത്. സ്വാമിയെ നിങ്ങളുടെ സ്വന്തമായി കരുതൂ. അപ്പോൾ മാത്രമേ നിങ്ങൾക്ക് സ്വാമിയെ സമീപിക്കുവാനുള്ള അവകാശമുള്ളൂ."*

സത്യസായി സ്പീക്സ്. വാല്യം 31. അദ്ധ്യായം 45.

**എന്റെ ഹൃദയവാസിയായ സ്വാമി,**

ഈ പുസ്തകവും ഞാനും അവിടുത്തെ സ്വന്തമായതുകൊണ്ട് ഞാൻ അവിടുത്തോട് നന്ദി പറയുന്നില്ല. ഈ പുസ്തകത്തിനു പിന്നിൽ പ്രവർത്തിച്ചിട്ടുള്ള ഒരുപാടുപേർ എന്റെ സ്വന്തമായതുകൊണ്ട് അവരോടും ഞാൻ നന്ദി പറയുന്നില്ല. അവിടുന്ന് മാത്രമാണ് ഇതിന്റെ കർത്താവ് എന്ന പൂർണ്ണബോദ്ധ്യത്തിനിടയിലും ചില നിമിഷങ്ങളിൽ 'ഞാൻ' എന്ന ഭാവം ഇടയിൽ കയറി വന്നിട്ടുണ്ടെങ്കിൽ, അങ്ങനെ വന്ന തെറ്റുകളെ അവിടുന്ന് സദയം ക്ഷമിക്കേണമേ.

സ്വാമി ജ്ഞാനേശ്വരന്റെ[1] വെറുമൊരു കരസ്പർശത്താൽ ഒരു പോത്ത് വേദങ്ങൾ ഉരുവിടാനാരംഭിച്ചതായി ഒരു കഥയുണ്ട്. ജ്ഞാനേശ്വരൻ എന്ന പേരിന്റെ അർത്ഥം തന്നെ "സകല ജ്ഞാന

*1. ശ്രീ. ജ്ഞാനേശ്വരൻ (1275-1296) 13-ാം നൂറ്റാണ്ടിൽ മഹാരാഷ്ട്രയിൽ ജീവിച്ചിരുന്ന തത്ത്വജ്ഞാനിയും കവിയുമായ ഒരു സന്യാസി. ഭഗവദ്ഗീതയ്ക്കായി അദ്ദേഹം രചിച്ച ഭാഷ്യം ജ്ഞാനേശ്വരി എന്ന പേരിൽ പ്രസിദ്ധമാണ്. അദ്ദേഹത്തിന്റെ മറ്റൊരു രചന 'അമൃതാനുഭവം' മറാത്തി സാഹിത്യചരിത്രത്തിലെ തന്നെ ഒരു സുപ്രധാന നാഴികക്കല്ലാണ്.*

ങ്ങളുടെയും അധിപൻ” എന്നാണ്. ഇവിടെ അത് മറ്റാരുമല്ല സ്വാമി തന്നെ. ഇവിടെ ഞാൻ വേദങ്ങൾ ഉരുവിടാൻ ശ്രമിക്കുന്നില്ല. ഈശ്വരന്റെ ദിവ്യസങ്കല്പമില്ലാതെ അവിടുത്തെ മഹിമയെക്കുറിച്ച് ഒരു വാക്കുപോലും എഴുതുക അസാദ്ധ്യമാണെന്ന് എനിക്കറിയാം.

ജ്ഞാനേശ്വരനായ ഭഗവാൻ ശ്രീ സത്യസായി ബാബയുടെ ദിവ്യമായ പാദാരവിന്ദങ്ങളിൽ ദീർഘദണ്ഡനമസ്കാരം ചെയ്തുകൊണ്ട് അവിടുത്തെ സ്വന്തമായ ഈ ‘ദൊണ്ണപ്പോത്ത്’[2] അവിടുത്തെ സ്പർശനത്താൽ അനുഗ്രഹീതനാകട്ടെ എന്ന് സർവ്വാത്മനാ പ്രാർത്ഥിക്കുന്നു.

---

*2. സ്വാമി തന്റെ ഭക്തരെ ചിലപ്പോഴൊക്കെ സ്നേഹപൂർവ്വം കളിയായി വിളിക്കാറുണ്ടായിരുന്ന പേര്. തെലുങ്കുഭാഷയിൽ പോത്ത് എന്നർത്ഥം.*

# ആമുഖം

## ഓം ശ്രീ സായിരാം

**ഈ** പുസ്തകം പ്രധാനമായും സായിഭക്തരെ ഉദ്ദേശിച്ചുള്ള താകുന്നു. സായിഅവതാരത്തെക്കുറിച്ചും അവിടുത്തെ അനന്തമായ മഹിമകളെക്കുറിച്ചും വായനക്കാർ ബോധവാന്മാരായിരിക്കും എന്ന് അനുമാനിക്കുന്നു. ഇതിൽ വ്യക്തമാക്കിയിരിക്കുന്ന വീക്ഷണങ്ങൾ തീർത്തും വ്യക്തിപരമാണെന്നും വേറൊരു ഗ്രൂപ്പിന്റേയോ സമി തിയുടേയോ സംഘടനയുടേയോ വീക്ഷണവുമായി ബന്ധമുണ്ടാ വണമെന്നില്ലെന്നും പറഞ്ഞുകൊള്ളട്ടെ.

### സ്വാമി തിരിച്ചു വരുമോ?

തീർച്ചയായും, എനിക്കതിൽ യാതൊരു സന്ദേഹവുമില്ല തന്നെ. പ്രേമസായിയുടെ രൂപത്തിൽ സ്വാമി വീണ്ടും ഭൂമിയിൽ അവതരി ക്കുമെന്ന് നാമെല്ലാം പൂർണ്ണമായി വിശ്വസിക്കുന്നുണ്ട്. എന്നാൽ ഞാൻ പറയുന്ന 'തിരിച്ചുവരവ്' സായിബാബയുടെ ഇതേ അവ താരശരീരത്തിന്റെ പ്രത്യക്ഷപ്പെടൽ തന്നെയാണ്.

സ്വാമിയുടെ വചനം ഒരിക്കലും ഫലവത്താവാതിരിക്കില്ല. അവി ടുത്തെ വചനം എന്തുതന്നെയായാലും അത് സംഭവിക്കാൻ ബാദ്ധ്യ സ്ഥമാണ് എന്നതാണ് സുനിശ്ചിതമായ ഒരേയൊരു കാര്യം. ആ ഒരു നിശ്ചയമുണ്ടെങ്കിൽ മറ്റെല്ലാം തന്നെ അപ്രധാനമാണ്. സ്വാമി ഭൂമിയിൽ നിന്ന് അന്തിമമായി നിഷ്ക്രമിക്കാനുള്ള സമയം ആഗത

മായിട്ടില്ലെന്ന് സ്വാമിയുടെ തന്നെ വിവിധ പ്രഭാഷണങ്ങളിൽ വ്യക്ത മായി സൂചിപ്പിക്കപ്പെട്ടിട്ടുണ്ടെന്നു വരുന്ന അദ്ധ്യായങ്ങളിൽ വായിക്കാം. സ്വാമിയുടെ പദ്ധതികൾക്കും മാററമൊന്നുമില്ല എന്നു കാണാം. അത് അർത്ഥമാക്കുന്നത് ശ്രീ സത്യസായി ബാബ അതേ ശരീരത്തിൽ തിരിച്ചുവരുമെന്നുതന്നെയാണ്. തന്റെ പുനരാഗമന ത്തെക്കുറിച്ചു സ്വാമി വിവിധ അവസരങ്ങളിൽ വ്യക്തമായ സൂചന കൾ നൽകിയിട്ടുണ്ട്. സ്വാമിയുടെ ആഗമനത്തെ ശരിവെയ്ക്കുന്ന, മനസ്സിനെ മഥിക്കുന്ന വിവിധങ്ങളായ പ്രവചനങ്ങൾ വിവിധവേദ ഗ്രന്ഥങ്ങളിൽ നിന്ന് കണ്ടെത്തി.

ദയവായി ശ്രദ്ധിച്ചു വായിക്കൂ..

# പുസ്തകത്തെക്കുറിച്ച് രണ്ടുവാക്ക്

ഏപ്രിൽ 24 2011 ഞായറാഴ്ച പുലർച്ചെ ഉദ്ദേശം 2മണിക്ക് നിർത്താതെ അടിക്കുന്ന ഫോൺകേട്ടാണ് ഞാൻ ഗാഢനിദ്രയിൽ നിന്നുണർന്നത്. അസ്തപ്രജ്ഞനാക്കുന്ന ഒരു വാർത്ത അറിയിക്കാൻ വിളിച്ച ഒരു സഹോദരനായിരുന്നു മറുപുറത്ത്. അവർണ്ണനീയമായ ഹൃദയവേദനയിൽ പ്രജ്ഞ നഷ്ടപ്പെട്ട് ഏറെ നേരം ഞാനിരുന്നു പോയി. എന്നെ ആശ്വസിപ്പിക്കാനെന്ന പോലെ വലതുതോളിൽ ആരോ പതിയെ തലോടുന്നത് ഞാനറിഞ്ഞു. ഭാര്യയാണെന്നു കരുതി തിരിഞ്ഞുനോക്കിയ ഞാൻ കാണുന്നത് എന്നിൽ നിന്നും ഏറെ ദൂരെ മാറിയിരിക്കുന്ന അവളെയാണ്.

ആ സ്പർശം അവിടുത്തേതായിരുന്നുവെന്ന് ഞൊടിയിടയിൽ ഞാൻ തിരിച്ചറിഞ്ഞു. ഉടനെത്തന്നെ അസാധാരണമായ ഒരു ശാന്തതയിൽ ഞാൻ അലിഞ്ഞുപോയി.

ഇന്നു തിരിഞ്ഞുനോക്കുമ്പോൾ ആ വിഷാദനിർഭരമായ നിമിഷങ്ങളെ താണ്ടുവാൻ നാമോരോരുത്തരേയും ആ അദൃശ്യകരങ്ങൾ സഹായിച്ചിരുന്നതായി മനസ്സിലാക്കുവാൻ സാധിക്കും. അത് ഒരു സ്പർശമോ സ്വപ്നമോ ദർശനമോ അതോ മറ്റൊരു സായി ഭക്തന്റേയോ സ്വന്തം കുടുംബത്തിന്റേയോ സാന്ത്വന വാക്കുകളുടെ രൂപത്തിലോ ആയിരുന്നിരിക്കാം എന്നു മാത്രം. അതെന്തായിരുന്നാലും ഏതു പരിതസ്ഥിതിയിലും തന്റെ ഭക്തനെ സംരക്ഷിക്കുവാനും ആശ്വസിപ്പിക്കുവാനും ഓടിയെത്തുന്ന ഭഗവാന്റെ അപരിമേയമായ പ്രേമമായും കൃപാതിരേകമായും മാത്രമേ എനിക്കു കാണാനാകുന്നുള്ളൂ.

സ്വാമി 'ശരീരം ത്യജിച്ച' ആ ദിവസങ്ങളിൽ എന്റെ മനസ്സിലൂടെ അനേകായിരം ചിന്തകൾ കടന്നുപോയി. സ്വാമി ശരീരം ഉപേക്ഷിച്ചു എന്നത് എനിക്ക് വിശ്വസിക്കുവാനായില്ല. സ്വാമിയുടെ ആരോഗ്യം മെച്ചപ്പെട്ടുവരുന്നു എന്ന വാർത്തകൾ കേട്ടുകൊണ്ടിരിക്കെ അപ്ര

കാരം ഞൊടിയിടയിൽ ശരീരം ഉപേക്ഷിച്ചു എന്നതെന്റെ മനസ്സിനെ മഥിച്ചു കൊണ്ടിരുന്നു. അതും പ്രവചിക്കപ്പെട്ട സമയത്തിനും വളരെ മുമ്പെ. ആ ദിവസങ്ങളിൽ ഞാൻ സംസാരിച്ച ഓരോ സായിസ ഹോദരനും ഒരു ദിവ്യാത്ഭുതം പ്രതീക്ഷിച്ചിരുന്നു. സ്വാമി ഉയിർത്തെ ഴുന്നേൽക്കുമെന്ന് അവരോരോരുത്തരും കരുതി. സ്വാമിയുടെ തിരു ശരീരം മഹാസമാധിയിൽ കിടത്തി അധികം താമസിയാതെ തന്നെ ആ പ്രതീക്ഷ അസ്ഥാനത്തായി.

ഇതേസമയത്തുതന്നെ ചില ടെലിവിഷൻ ചാനലുകാർ 40 ദിവ സം സ്വാമി ശരീരം വിട്ടുപോകുമെന്നും അതിനു ശേഷം തിരിച്ച് ശരീരത്തിൽ പ്രവേശിക്കുമെന്നും, സ്വാമി തന്റെ വിദ്യാർത്ഥികളോടു പറഞ്ഞിട്ടുണ്ട് എന്ന കഥ പ്രചരിപ്പിച്ചു. ഇത് തപോവനം എന്ന പുസ്തകത്തിൽ ഉള്ളതായാണ് പറയപ്പെട്ടിരുന്നത്. ഞാൻ ഉടൻ തന്നെ തപോവനം എന്ന പുസ്തകം കരസ്ഥമാക്കി അത് വായി ക്കുവാനാരംഭിച്ചു. മേൽപ്പറഞ്ഞ വിധത്തിലുള്ള യാതൊരു പരാ മർശവും പ്രസ്തുത പുസ്തകത്തിൽ എനിക്ക് കണ്ടെത്താൻ കഴി ഞ്ഞില്ല.

അധികം താമസിയാതെ തന്നെ പ്രവചിച്ച പ്രകാരം സ്വാമി തന്റെ അവതാരകാലം പൂർത്തിയാക്കിയതായുള്ള വാദങ്ങൾ ഭക്തർക്കിട യിൽ ഉയർന്നുവരാൻ തുടങ്ങി. സ്വാമി ചാന്ദ്രവർഷത്തിലാണ് കാല ഗണന നടത്തിയിരുന്നതെന്നും സാധാരണ ഗ്രിഗോറിയൻ കല ണ്ടറല്ല ഉപയോഗിച്ചതെന്നുമായിരുന്നു അതിലൊന്ന്. ഒറ്റനോട്ടത്തിൽ എല്ലാവർക്കും ഒരുവിധം സ്വീകാര്യമായ ഒരു വാദമായിരുന്നു അത്. സ്വാമിയുടെ വാക്ക് ഒരിക്കലും തെറ്റുകയുമില്ലല്ലോ. എന്നാൽ, ഞാൻ ഒന്നുകൂടി ആഴത്തിൽ ശ്രദ്ധിച്ച് പരിശോധിച്ചപ്പോൾ സ്വാമി ചാന്ദ്ര വർഷത്തെക്കുറിച്ച് ഉദ്ദേശിച്ചിരുന്നില്ലെന്ന് മനസ്സിലാക്കാൻ സാധി ച്ചു. അതിന് ഉപോൽബലകമായി സ്വാമിയുടെ സ്വന്തം വാക്കുകൾ പല പ്രഭാഷണങ്ങളിൽ ഞാൻ കണ്ടെത്തി. നിഗൂഢത വീണ്ടും അവ ശേഷിച്ചു.

ആ പഴയ ദിനങ്ങളിലേക്ക് തിരിഞ്ഞുനോക്കുമ്പോൾ, എന്റെ ചിന്ത കളെ നയിച്ചത് വിവേകമല്ല വികാരമാണെന്ന് ഞാൻ മനസ്സിലാക്കു ന്നു. ഒരു പക്ഷേ വിവേകപൂർണ്ണമായിരുന്നു ചിന്തകൾ എന്നിരു ന്നാലും സ്ഥിതി വ്യത്യസ്തമാവുമായിരുന്നില്ല. കാരണം സ്വാമി വിവേകത്തിനും അതീതനാണല്ലോ. പിന്നെ ചോദ്യങ്ങളെന്തിന്? ആകെ ചെയ്യേണ്ടിയിരുന്നത് നിസ്സംഗനായി ഇരിക്കുക മാത്രം. ശരീ

രത്തോടെയോ അല്ലാതെയോ സ്വാമി എപ്പോഴും നമ്മുടെ കൂടെയുണ്ട്. ശരീരത്തിന്റെ തിരോധാനം, ഒരർത്ഥത്തിൽ ഭഗവൽരൂപത്തോടുള്ള എന്റെ പ്രേമത്തിനുമതീതമായി ഓരോരുത്തരിലും സ്വാമിയെ കാണുവാനും ഓരോ രൂപവും ഭഗവാന്റേതാണെന്ന് മനസ്സിലാക്കാനും പ്രേരിപ്പിച്ചു. ഒരുപക്ഷേ ഈ നാടകത്തിന്റെ യഥാർത്ഥ ഉദ്ദേശ്യം തന്നെ തന്റെ ഭക്തരെ തന്റെ രൂപത്തിന്റെ ആകർഷണവലയത്തിൽ നിന്നും അടർത്തുന്നതിനായിരിക്കണം. ഈശ്വരന്, മനുഷ്യരുമായി മനുഷ്യനെപ്പോലെ ഇടപഴകാനുള്ള ഒരു ഉപാധി മാത്രമായിരുന്നിരിക്കണം അവിടുത്തെ രൂപം.

*"മാനവകുലത്തിന്റെ സംരക്ഷണത്തിനും ഉന്നമനത്തിനുമായി മഹാശക്തി മായാശക്തിയുടെ രൂപം എടുത്തണിയുന്നു"*

സത്യസായി സ്പീക്സ്. വാല്യം 1. അദ്ധ്യായം 30.

ഈ പുസ്തകം സ്വാമിയെ അറിയുന്നതിനെക്കുറിച്ചോ അവിടുത്തെ നിഗൂഢവും അനിർവ്വചനീയവുമായ വഴികളെ പ്രതിപാദിക്കുവാനോ അല്ല. മഹർഷികൾക്കും ആത്മീയഔന്നത്യം നേടിയ സാധകർക്കും പോലും അവിടുത്തെ യഥാർത്ഥ പ്രകൃതിയെ അറിയാൻ ശ്രമിച്ചു പരാജയപ്പെട്ടവരാണ്. അപ്പോൾ അതിനു മുതിരാൻ ഞാനാര്? എന്നിരുന്നാലും എനിക്ക് തീർച്ചയുള്ള ഒരേയൊരു കാര്യം സ്വാമിയുടെ വാക്കുകൾ വൃഥാവിലാവില്ല എന്നതു മാത്രമാണ്. അതുപോലെത്തന്നെ സ്വാമിയുടെ പദ്ധതികളും. ലോകനന്മക്ക് ഏറ്റവും ഉത്തമമെന്തെന്ന് അറിയാവുന്ന ഒരാൾ ഭഗവാൻ മാത്രമാണ്. ലോകരക്ഷ ചെയ്യുവാനും ബാദ്ധ്യസ്ഥൻ അവിടുന്നു തന്നെ. എനിക്കു ചെയ്യുവാനുള്ള ഒരേയൊരു കാര്യം അവിടുത്തെ ദിവ്യോപദേശങ്ങൾ അനുസരിച്ച് ജീവിച്ച് എന്നെത്തന്നെ രക്ഷിക്കലാണ്.

സാധാരണക്കാരിൽ സാധാരണക്കാരനുപോലും എളുപ്പത്തിൽ മനസ്സിലാക്കി തന്റെ തന്നെ അസ്തിത്വത്തിന്റെ ചുരുൾ അഴിക്കാനുള്ള, മുക്തിയിലേക്കുള്ള വാതിൽ തുറക്കാനുള്ള താക്കോൽ ഭഗവത് വാണിയാകുന്ന അമൃതഖനിയായി അവിടുന്ന് മാനവരാശിക്ക് സമ്മാനിച്ചിട്ടുണ്ട്. ഇനി തിരിച്ചു വന്നാലും ഇതിലധികം അവിടുത്തേക്ക് പഠിപ്പിക്കാൻ മറ്റെന്തെങ്കിലുമുണ്ടോ?

എന്നിരുന്നാലും സ്വാമിക്ക് ഈ ലോകത്തു നിന്ന് പൂർണ്ണമായി അപ്രത്യക്ഷനാകാനുള്ള സമയമായില്ല എന്ന എന്റെ വിശ്വാസത്തിനെ അത് ബാധിക്കുന്നില്ല. സ്വാമിയുടെ തന്നെ വാക്കുകൾ

അസംഖ്യം പ്രഭാഷണങ്ങളിൽ കണ്ടത് എന്റെ വിശ്വാസത്തിന് അടിവരയിടുന്നു. ഭഗവാന്റെ ദേഹത്യാഗത്തിന് സമയമായില്ലെങ്കിൽ അദ്ദേഹം തിരിച്ചുവരുമെന്നതും സത്യം തന്നെയാണ്. സ്വാമിയുടെ പൂർവ്വ വിദ്യാർത്ഥികളടക്കം ഇതേ വിശ്വാസമുള്ള വളരെയധികം സായിഭക്തരെ എനിക്കു കണ്ടുമുട്ടുവാൻ സാധിച്ചു.

ജനുവരി 2012 അവസാനം വരെ ഈ പുസ്തകം എഴുതുവാൻ ഞാൻ വിചാരിച്ചിരുന്നില്ല. പെട്ടെന്ന് ഭഗവാന്റെ തിരിച്ചുവരവിനുള്ള സാദ്ധ്യതയെക്കുറിച്ച് ഒരു ലേഖനം എഴുതുവാനുള്ള ഉൽക്കടമായ ആഗ്രഹം എന്നിൽ സംജാതമായി. ഇക്കാര്യം ഒരു സായിസഹോദരനുമായി പങ്കുവെച്ചപ്പോൾ അദ്ദേഹവും എന്നെ പ്രോത്സാഹിപ്പിച്ചു. സ്വാമിയുടെ പുനരാഗമനത്തെക്കുറിച്ച് തനിക്കു ലഭിച്ച ഒരു സ്വപ്നം അദ്ദേഹം എനിക്കു വിവരിച്ചുതന്നു. സ്വാമിയുടെ 'തിരിച്ചുവരവി'നെക്കുറിച്ച് സമാനസ്വപ്നങ്ങൾ ലഭിച്ച മറ്റു ചില സായിഭക്തരെക്കുറിച്ചും എനിക്ക് അറിയാൻ സാധിച്ചു. വീണ്ടും വീണ്ടും പുതിയ പുതിയ അമ്പരപ്പിക്കുന്ന തെളിവുകൾ എന്റെ കൺമുന്നിൽ വന്നെത്തുവാൻ തുടങ്ങി.

ഭഗവാന്റെ അദൃശ്യകരങ്ങൾ പ്രവർത്തിക്കുന്നതായി എനിക്കനുഭവപ്പെട്ടു. ഈ പുസ്തകത്തിനാവശ്യമായ വിവിധങ്ങളായ വസ്തുതകൾ എനിക്കു ലഭിച്ചത് വളരെ വിസ്മയകരമായ വഴികളിലൂടെയാണ്. ഒരു ലേഖനമായി ഞാൻ എഴുതിത്തുടങ്ങിയത് വ്യാപിച്ച് ഒരു പുസ്തകം തന്നെയായി മാറി.

എന്താണ് സംഭവിക്കാൻ പോകുന്നത് എന്നു പ്രവചിക്കാനല്ല ഞാൻ ശ്രമിക്കുന്നത്. *"അവിടുന്ന് അപ്രകാരം പറഞ്ഞു. അതിനാൽ അത് സംഭവിക്കും"* എന്ന തത്ത്വത്തിൽ അധിഷ്ഠിതമായി നടത്തിയ ഒരു എളിയ പഠനം മാത്രമാണിത്. അനേകമിടങ്ങളിൽ ചിതറിക്കിടക്കുന്ന വസ്തുതകളെ ഏകോപിപ്പിച്ച് നിയതമായ രൂപത്തിലാക്കി സത്യാന്വേഷകർക്കു മുന്നിൽ സമർപ്പിക്കുവാനുള്ള എളിയ ശ്രമമായും ഇതിനെ കാണാം.

സ്വാമിയുടെ ഉൺമയെ അറിയാൻ സാദ്ധ്യമല്ല. അതിൽ മുങ്ങിനിവരാനേ നമുക്കു സാധിക്കൂ. സുനിശ്ചിതമായ ഒരേയൊരു വസ്തുത അവിടുന്ന് പറഞ്ഞു അത് എന്തായാലും സംഭവിക്കും എന്നതുമാത്രമാണ്. കുറച്ചു വർഷങ്ങൾക്കു ശേഷം തിരിഞ്ഞു നോക്കുമ്പോൾ, എപ്രകാരമാണ് അവിടുത്തെ പ്രവചനങ്ങൾ സാക്ഷാത്കരിക്കപ്പെട്ടതെന്നു കണ്ട് നാമെല്ലാവരും അത്ഭുത

പരതന്ത്രരായിത്തീരുമെന്നെനിക്കുറപ്പുണ്ട്. പക്ഷെ, ഇപ്പോൾ എന്റെ മാനുഷിക പരിമിതികൾക്കകത്തു നിന്നു കൊണ്ടു ചില സാദ്ധ്യതകളെ പരിഗണിക്കുക മാത്രമാണ് ഞാൻ ചെയ്യുന്നത്. ഈ പുസ്തകത്തിനു വേണ്ടി പ്രധാനമായും ഞാൻ ആശ്രയിച്ചതു സ്വാമിയുടെ പ്രഭാഷണങ്ങൾ ആണെങ്കിലും മററു ചില അപൂർവ ഗ്രന്ഥങ്ങളിലെ പരാമർശങ്ങളും ഇതിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. വ്യക്തിപരമായ അനുഭവങ്ങളുടെ വെളിച്ചത്തിൽ എനിക്ക് അഗാധ വിശ്വാസമുള്ള നാഡി ഗ്രന്ഥങ്ങളേയും വിവിധ മതഗ്രന്ഥങ്ങളിലെ പ്രവചനങ്ങളേയും ഈ പുസ്തകത്തിന്റെ രചനയ്ക്കായി ഞാൻ ആശ്രയിച്ചിട്ടുണ്ട്.

എല്ലാത്തിലുമുപരിയായി എന്റെ ഗുരുവും ഈശ്വരനുമായ ശ്രീ സത്യസായി ബാബയുടെ വാക്കുകളിലുള്ള അഗാധ വിശ്വാസമാണ് ഈ പുസ്തകത്തിനാധാരം.

*“അതീവശ്രദ്ധയോടെ, നിരന്തരമായി എന്റെ ഓരോ വാക്കുകളേയും പ്രവർത്തികളേയും സസൂക്ഷ്മം ക്ഷമയോടെ നിരീക്ഷിക്കുന്നവനു മാത്രമേ എന്റെ ഉദ്ദേശ്യലക്ഷ്യങ്ങളെ മനസിലാക്കാൻ സാധിക്കൂ.”*

സത്യസായി സ്പീക്സ്. വാല്യം 29. അദ്ധ്യായം 29.

അക്ഷരാർത്ഥത്തിൽ ഇപ്രകാരം ചെയ്യുവാനാണ് ഞാനിവിടെ ശ്രമിച്ചിരിക്കുന്നത്.

സ്വാമിയുടെ പ്രഭാഷണങ്ങളിലെ ഓരോ വാക്കുകളേയും അതീവശ്രദ്ധാപൂർവം ജിജ്ഞാസയോടെ ഞാൻ പരിശോധിച്ചു. തന്റെ പ്രിയഗുരുവിന്റെ വിയോഗം മൂലം ശോകാർത്തനായ ഒരാത്മാവിന്റെ വ്യർത്ഥവിലാപമല്ല ഈ പുസ്തകം എന്നു ഞാൻ പറഞ്ഞുകൊള്ളട്ടെ. മറിച്ചു തന്റെ ഗുരുവിന്റെ വാക്കുകളെ തന്റെ ഇരുകണ്ണുകളേക്കാളധികം വിശ്വാസമുള്ള വിശ്വസ്തശിഷ്യന്റെ കണ്ടെത്തലുകളായി കാണണമെന്ന് ഹൃദയപൂർവം അഭ്യർത്ഥിക്കുന്നു.

*മൂകം കരോതി വാചാലം പംഗും ലംഘയതേ ഗിരിം*

*യത് കൃപാ തമഹം വന്ദേ പരമാനന്ദ മാധവം.*

# ഭാഗം 1

## "എന്റെ വാക്കുകൾ ഫലവത്താകാതിരിക്കില്ല"

## അദ്ധ്യായം 1

# സ്വാമിയുടെ കാലഗണന ചാന്ദ്രവർഷപ്രകാരമോ?

**96** വയസ്സുവരെ ഇതേ ശരീരത്തിൽ ഉണ്ടാവുമെന്ന് പലപ്പോഴും ഭഗവാൻ പ്രഖ്യാപിച്ചിട്ടുണ്ട്. പ്രവചിക്കപ്പെട്ട സമയത്തിനു വളരെ മുൻപുതന്നെയുണ്ടായ സ്വാമിയുടെ ദേഹവിയോഗത്തിന് പല വിശദീകരണങ്ങളും സായി കുടുംബം തേടി നടന്നു. സ്വാമി പറയുന്നത് ഒരിക്കലും വൃഥാവിലാവില്ല. സ്വാമി എന്തു പറഞ്ഞാലും അത് സംഭവിക്കുക തന്നെ ചെയ്യും. അങ്ങനെയിരിക്കെ 96 എന്ന പ്രവചിക്കപ്പെട്ട സമയത്തിനു വളരെ മുമ്പുതന്നെ, സ്വാമിയുടെ 85-ാം വയസ്സിൽ തന്റെ ശരീരം വെടിഞ്ഞപ്പോൾ, സ്വാമി വേറെ ഏതെങ്കിലും കലണ്ടർ പ്രകാരമോ (ഉദാ: ചാന്ദ്രവർഷം) കാലഗണന നടത്തിയിരുന്നതെന്ന സംശയം ഉയർന്നത് സ്വാഭാവികം തന്നെ. ആദ്യമായി ഈ ചാന്ദ്രവർഷ സിദ്ധാന്തം കേട്ടപ്പോൾ അത് ശരിയായിരിക്കാൻ സാദ്ധ്യതയുണ്ടെന്ന് ഞാനും കരുതി. പക്ഷെ പിന്നീട്, തന്റെ തന്നെ ആയുസ്സിനെക്കുറിച്ചും മറ്റുമുള്ള സ്വാമിയുടെ വിവിധ പരാമർശങ്ങളിലൂടെ കടന്നുപോയപ്പോൾ സ്വാമി ചാന്ദ്രവർഷത്തിലല്ല സംസാരിച്ചിരുന്നതെന്ന് എനിക്ക് പൂർണ്ണമായി വ്യക്തമായി. അങ്ങനെ ചാന്ദ്രവർഷത്തിലല്ല സ്വാമി സംസാരിച്ചിരുന്നതെന്നു വന്നപ്പോൾ പ്രവചിക്കപ്പെട്ട വർഷങ്ങൾക്ക് വളരെ മുമ്പുതന്നെ സ്വാമി ദേഹം ത്യജിച്ചു എന്നതു സത്യം തന്നെയാണ്. അപ്പോൾ ഭഗവാന്റെ പ്രവചനം നിറവേറ്റേണ്ടതിനാൽ സ്വാമി അതേ രൂപത്തിൽ തിരിച്ചു വരാൻ തീർത്തും സാധ്യതയുണ്ട്. ഈ ഒരു ചിന്തയാണ് എന്റെ ഈ പഠനത്തിനു വഴിവെച്ചതും ഈ പുസ്തകത്തിന് കാരണമായതും.

### ചാന്ദ്രവർഷ സിദ്ധാന്തം

സ്വാമി തന്റെ ആയുസ്സിനെക്കുറിച്ച് പരാമർശിച്ചപ്പോഴെല്ലാം ഉപയോഗിച്ചിരുന്നത് ചാന്ദ്രമാസകലണ്ടറാണ് എന്ന് വിശ്വസിക്കുന്ന

ഒരുപാട് സായീഭക്തരുണ്ട്. താഴെ പറയുന്ന രീതിയിലുള്ള വിശദീകരണങ്ങൾ ഇന്റർനെറ്റിൽ നിന്ന് കണ്ടെത്താൻ എനിക്ക് സാധിച്ചു.

സ്വാമി ശരീരം ത്യജിച്ചശേഷം അവിടുത്തെ വയസ്സിനെ സംബന്ധിച്ചുള്ള ചർച്ചകളിൽ നിന്ന്:

9 സെപ്തംബർ 1960 ന് നടത്തിയ ഒരു പ്രഭാഷണത്തിൽ (സത്യസായി സ്പീക്സ് വാല്യം 1 അദ്ധ്യായം 31) സ്വാമി ഇങ്ങനെ പറഞ്ഞു.

*"നശ്വരമായ ഈ മനുഷ്യശരീരത്തിൽ ഇനി 59 വർഷം കൂടി ഞാൻ ഉണ്ടായിരിക്കും. ഈ അവതാരത്തിന്റെ ഉദ്ദേശ്യം തീർച്ചയായും ഞാൻ സാക്ഷാത്കരിക്കുകയും ചെയ്യും. അതിൽ സംശയം അരുത്. എനിക്കാവശ്യമുള്ള സമയമെടുത്തുകൊണ്ട് ഞാൻ അത് പൂർത്തിയാക്കും. നിങ്ങൾ തിടുക്കപ്പെടുന്നു എന്നതുകൊണ്ട് എനിക്ക് തിടുക്കപ്പെടാനാവില്ല. അതുപോലെ ഒറ്റയടിക്ക് പത്തുകാര്യങ്ങൾ ചെയ്തുതീർക്കുവാനായി ചിലപ്പോൾ ഞാൻ കാത്തിരുന്നേക്കാം. എഞ്ചിൻ, അതിന്റെ വലിക്കാനുള്ള കഴിവിനനുസരിച്ചുള്ള എല്ലാ കോച്ചും വന്നാലേ യാത്രയാകൂ. അതുവരെ അത് കാത്തുനിൽക്കും. പക്ഷെ എന്റെ വാക്കുകൾ ഒരിക്കലും പാഴാവുകയില്ല. ഞാൻ ഇച്ഛിക്കുമ്പോൾ അത് സംഭവിച്ചിരിക്കും."*

മുകളിൽ പറഞ്ഞിരിക്കുന്ന സ്വാമിയുടെ പ്രഭാഷണശകലം വ്യക്തമാക്കുന്നത് ഭഗവാൻ അവിടുത്തെ ശരീരം 93-ാമത്തേയോ 94-ാമത്തേയോ വയസ്സിൽ ഉപേക്ഷിക്കുമെന്നാണ്. പക്ഷേ അവിടുന്ന് 24 ഏപ്രിൽ 2011 (ഈസ്റ്റർ ദിവസം) കാലത്ത് 7.40 ന് 84-ാമത്തെ വയസ്സിൽ തന്റെ ഭൗതികശരീരം ഉപേക്ഷിച്ചു. ഈ ഒരു വൈരുദ്ധ്യം എങ്ങനെ വന്നു? ഒരു സാധ്യത താഴെപ്പറയുന്നു. ഭഗവാൻ ഉദ്ദേശിച്ചത് ചാന്ദ്രവർഷങ്ങളെ ആയിരിക്കണം. സൗരവർഷങ്ങളെ അല്ല എന്നതാണ്.

സ്വാമി ഈ ഭൂമിയിൽ 30,833 ദിവസങ്ങൾ ജീവിച്ചിരുന്നു. ഒരു ചാന്ദ്രമാസത്തിൽ ഉദ്ദേശം 27.21 ദിവസമുണ്ട്. അങ്ങനത്തെ 12 ചാന്ദ്രമാസം ചേർന്നതാണ് ഒരു ചാന്ദ്രവർഷം. അതിൻപ്രകാരം സ്വാമി ഉദ്ദേശം 1133 ചാന്ദ്രമാസം, അല്ലെങ്കിൽ 94.4 ചാന്ദ്രവർഷം ജീവിച്ചു. അങ്ങനെ വരുമ്പോൾ സ്വാമി ശരീരം വെടിയുമ്പോൾ അവിടുത്തേക്ക് 94 വയസ്സ് പ്രായം ഉണ്ടായിരുന്നു.

ഇന്റർനെറ്റിൽ നിന്നു ലഭിച്ച, മുകളിൽപ്പറഞ്ഞ വിശദീകരണത്തെ

നമുക്കൊന്ന് വിശദമായി പരിശോധിക്കാം. ഹിന്ദുകലണ്ടർമാസം യഥാർത്ഥത്തിൽ 27.21 ദിവസത്തിലും കൂടുതൽ ഉണ്ടെങ്കിലും (പിന്നീട് വിശദീകരിക്കാം)നമ്മുടെ ഗണിതത്തിന് ഈ സംഖ്യ തന്നെ സ്വീകരിക്കാം. സ്വാമി തന്റെ പ്രഭാഷണത്തിൽ ഈ ശരീരത്തിൽ ഞാൻ 94 വയസ്സുവരെ ഉണ്ടായിരിക്കും എന്നാണ് പറഞ്ഞിരുന്നതെങ്കിൽ, മുകളിൽ പറഞ്ഞ വിശദീകരണപ്രകാരം ശരീരവിയോഗം പ്രവചിക്കപ്പെട്ട പോലെത്തന്നെ എന്നു പറയാമായിരുന്നു. അതായത് 85 സൗരവർഷത്തിന് തുല്യമായ 94 ചാന്ദ്രവർഷം സ്വാമി തന്റെ ശരീരത്തിൽ ഉണ്ടായിരുന്നു എന്ന്. പക്ഷേ യഥാർത്ഥത്തിൽ സ്വാമി പറഞ്ഞത് *"നശ്വരമായ ഈ ശരീരത്തിൽ 59 വർഷം കൂടി ഞാൻ ഉണ്ടായിരിക്കും"* എന്നാണ്. അങ്ങനെയെങ്കിൽ ചാന്ദ്രവർഷസിദ്ധാന്തം പ്രയോഗിക്കാവുന്നത് 59 വർഷങ്ങൾക്കു മാത്രമാണ്. സ്വാമി പ്രസ്താവന നടത്തുന്നത് 9 സെപ്തംബർ 1960ന് ആണ്. അവിടുന്ന് ശരീരം വെടിയുന്നത് 24 ഏപ്രിൽ 2011നും. ഈ രണ്ടു ദിനങ്ങൾക്കുമിടയിൽ 18,489 ദിവസം സ്വാമി ശരീരത്തിലുണ്ടായിരുന്നു. ഇത് 59 ചാന്ദ്രവർഷങ്ങൾക്കു തുല്യമാണോ? നമുക്കു പരിശോധിക്കാം.

| | | |
|---|---|---|
| A .ചാന്ദ്രവർഷത്തിലെ ദിനങ്ങൾ | = | 27.21 ദിവസം * 12മാസം |
| | = | 326.52 ദിവസങ്ങൾ. |
| അതുകൊണ്ട് 18.489/326.52 | = | 56.63 ചാന്ദ്രവർഷം. |
| | | ഉദ്ദേശം 57 ചാന്ദ്രവർഷം. |

മുകളിൽ പറഞ്ഞപ്രകാരം ഈ കാലയളവ് 57 വർഷം മാത്രമേയുള്ളൂ. ഇതിൽ നിന്നെന്താണു മനസ്സിലാക്കുവാൻ സാധിക്കുന്നത്? സ്വാമി അവിടുത്തെ പ്രവചനത്തിൽ 2 വർഷം കുറവുവരുത്തിയെന്നോ?

ഉദ്ദേശം ഒരു വർഷത്തിനു ശേഷം സ്വാമി വീണ്ടും ഇതേ തരത്തിലുള്ള മറ്റൊരു പ്രസ്താവന കൂടി നടത്തി.

*"പുട്ടപ്പർത്തി മധുരാനഗരം (ശ്രീകൃഷ്ണന്റെ ജന്മസ്ഥലം) ആകുന്നതിന് നിങ്ങൾ സാക്ഷികളായിരിക്കും. അതിന്റെ പുരോഗതിയെ തടയാനോ അതു നീട്ടിവെയ്ക്കാനോ ആർക്കുമാവില്ല. ഞാൻ ഒരിക്കലും നിങ്ങളെ കൈവിടുകയില്ല. നിങ്ങളിലാർക്കും എന്നെ കൈവെടിയാനുമാവില്ല. നിങ്ങൾക്കു വിശ്വാസം നഷ്ടപ്പെട്ടാൽത്തന്നെയും, പശ്ചാത്തപിച്ച് വീണ്ടും അഭയം തേടി നിങ്ങൾ*

*ഇവിടെയെത്തും. ഈ ശരീരത്തിൽ ഞാൻ ഇനിയും 58 വർഷങ്ങൾ കൂടി ഉണ്ടായിരിക്കുമെന്ന് ഞാൻ നിങ്ങൾക്ക് വീണ്ടും ഉറപ്പ് തരുന്നു. നിങ്ങളുടെ ജീവിതങ്ങൾ ഈ അവതാരത്തിന്റെ ഭൂമിയിലെ കർത്തവ്യവുമായി കെട്ടുപിണഞ്ഞിരിക്കുന്നു. ആ പ്രത്യേക അവകാശമുൾക്കൊണ്ടുകൊണ്ട് അതിനനുസരിച്ചു മാത്രം എപ്പോഴും പ്രവർത്തിക്കുക".*

സത്യസായി സ്പീക്സ്. വാല്യം 1. പ്രശാന്തിനിലയം.
21 ഒക്ടോബർ 1961

മുകളിൽ ചേർത്ത ദിവ്യപ്രസ്താവന പ്രകാരം സ്വാമി ശരീരത്തിൽ 58 വർഷം കൂടി ഉണ്ടായിരിക്കുമെന്ന് പ്രഖ്യാപിച്ചിരിക്കുന്നു.

B. മുകളിൽ പറഞ്ഞ പ്രസ്താവനക്കു ശേഷം സ്വാമി 18,082 ദിവസങ്ങൾ കൂടി ശരീരത്തിലുണ്ടായിരുന്നു. നേരത്തെ ചെയ്ത ഗണിതം ഇവിടെയും ഉപയോഗിച്ചാൽ ഇത്രയും ദിനങ്ങൾ 55.4 ചാന്ദ്രവർഷങ്ങൾ ആണെന്നു കാണാം. ഇപ്പോൾ വ്യത്യാസം 3 വർഷത്തോളമായി!!

ഇവിടെയും അവസാനിച്ചിട്ടില്ല, യാഥാസ്ഥിതിക ഹിന്ദുകലണ്ടർ മാസം 27.21 ദിവസങ്ങൾ അല്ല എന്നതാണ് വസ്തുത. യഥാർത്ഥ ഹിന്ദു കലണ്ടറിലെ ഒരു മാസം 29 ദിവസവും 12 മണിക്കൂറും 44 മിനുട്ടും നീണ്ടതാണ്. നമ്മുടെ കണക്കിൽ ഈ സംഖ്യ ഉപയോഗിക്കുകയാണെങ്കിൽ ഗണ്യമായ ഒരു കുറവുതന്നെ വർഷത്തിൽ വരും. അതായത് 18,489 ദിവസങ്ങൾ എന്നത് 52.2 വർഷങ്ങൾ ആണ്. '59 വർഷം കൂടി' എന്ന സ്വാമിയുടെ പ്രസ്താവനയിൽ വ്യത്യാസം ഏഴു വർഷത്തോളവും.

ചാന്ദ്രമാസത്തിൽ 27.21 ദിവസങ്ങൾ എന്ന നിഗമനത്തിനു ഹേതുവായത് ചന്ദ്രന്റെ പരിക്രമണത്തെ അടിസ്ഥാനപ്പെടുത്തി ദിവസം നിർണയിച്ചതുകൊണ്ടാണ്. ഒരു പരിക്രമണത്തിനു ശേഷം അതേ ബിന്ദുവിൽ ചന്ദ്രൻ എത്തുന്നതു വരെയുള്ള ദിവസങ്ങളാണിത്. ഇത് ഏകദേശം 27.21 ദിവസത്തോളം വരും. ഇത് ഹിന്ദുകലണ്ടറിലെ 27 നക്ഷത്രങ്ങളെ പ്രതിനിധീകരിക്കുന്നു. പക്ഷേ ഒരു ഹിന്ദുകലണ്ടർമാസത്തിൽ ഒരേ നക്ഷത്രം വീണ്ടും ആവർത്തിച്ചേക്കാം. എന്തുതന്നെയായാലും, നമ്മൾ ആ സംഖ്യ ഉപയോഗിച്ചാലും A, B എന്ന ഗണിതപ്രകാരം നമുക്കു 2, 3 വർഷങ്ങൾ കുറവു കാണുവാനാകും.

അതിനാൽ സ്വാമി ചാന്ദ്രവർഷം ഉദ്ദേശിച്ചിരുന്നില്ലെന്ന് വ്യക്തമാകുന്നു.

## ശതാഭിഷിക്തരായ ഭക്തർ എന്ന സ്വാമിയുടെ പ്രയോഗം

സ്വാമി ചാന്ദ്രവർഷമായിരുന്നു ഉപയോഗിച്ചിരുന്നതെന്ന പ്രബല വിശ്വാസത്തിനു പിന്നിൽ മറ്റൊരു കാരണം കൂടിയുണ്ട്. സ്വാമി തന്റെ പ്രഭാഷണങ്ങളിൽ ദീർഘായുഷ്മാൻമാരായ പഴയ ചില ഭക്തരെക്കുറിച്ച് അവർ 'നൂറു വർഷങ്ങൾ ജീവിച്ചു' എന്നു പറഞ്ഞിട്ടുണ്ട്, യഥാർത്ഥത്തിൽ അതിൽ പലരും 100 വർഷം തികച്ചിരുന്നില്ലെങ്കിലും. ഉദാഹരണത്തിന് പ്രമുഖസംസ്കൃതപണ്ഡിതനും സായി ഗായത്രിയുടെ രചയിതാവും സർവ്വോപരി, പരമസായിഭക്തനുമായ ശ്രീ ഗന്ധിക്കോട്ട സുബ്രഹ്മണ്യശാസ്ത്രികൾ ഭഗവാനിൽ വിലയം പ്രാപിച്ചത് തന്റെ 93-ാം വയസ്സിലായിരുന്നു. സ്വാമി ശാസ്ത്രികളെക്കുറിച്ച് അദ്ദേഹത്തിന്റെ പേരമക്കളോട് പറഞ്ഞത്, *"നിങ്ങളുടെ മുത്തച്ഛൻ ഒരു മഹർഷിയായിരുന്നെന്നും നൂറുവർഷങ്ങൾ അദ്ദേഹം ജീവിച്ചിരുന്നു"* എന്നുമാണ്. തന്റെ ഒരു പ്രഭാഷണത്തിലും സ്വാമി ഇപ്രകാരം പറഞ്ഞിട്ടുണ്ട്. സായിഭക്തനായിരുന്ന ശ്രീ ശേഷഗിരി റാവു തന്റെ 70-കളിൽ പരമപദം പ്രാപിച്ചപ്പോൾ അദ്ദേഹം നൂറു വർഷങ്ങൾ കഴിഞ്ഞിരുന്നുവെന്ന് സ്വാമി പ്രഭാഷണങ്ങളിൽ പറഞ്ഞു.

*"ഡോ. പത്മനാഭന്റെ അച്ഛൻ, ശ്രീ ശേഷഗിരിറാവു, തന്റെ ജോലിയിൽ നിന്ന് വിരമിച്ചതിനു ശേഷം ഇവിടെ എത്തിയത് അദ്ദേഹത്തിന്റെ 63-ാം വയസ്സിലാണ്. അദ്ദേഹം 100 വയസ്സുവരെ ജീവിക്കുകയും ശാന്തമായി പരമപദം പൂകുകയും ചെയ്തു."*

സത്യസായി സ്പീക്സ്. വാല്യം 36. അദ്ധ്യായം 20.

ഇതേ ഭക്തനെക്കുറിച്ചു തന്റെ മറ്റൊരു പ്രഭാഷണത്തിൽ സ്വാമി പറഞ്ഞത് ഇപ്രകാരമാണ്.

*"പ്രശാന്തിനിലയത്തിൽ മുൻപ് ശേഷഗിരിറാവു ഉണ്ടായിരുന്നു. വലിയ ഒരു ഓഫീസറായിരുന്നു അദ്ദേഹം. പതിവായി ആരതി എടുക്കാറുണ്ടായിരുന്ന അദ്ദേഹം നൂറുവർഷം വരെ ജീവിച്ചു."*

ദിവ്യവാണി - പ്രശാന്തി നിലയം. 22 ആഗസ്ത് 2001.

ഈ രണ്ടു ഉദാഹരണങ്ങളും വെവ്വേറെ പ്രത്യേകമായി പരിശോധിച്ചാൽ സ്വാമി വേറൊരു കലണ്ടർ ആയിരുന്നു തന്റെ കാലഗണ

നക്ക് ഉപയോഗിച്ചതെന്ന തെറ്റിദ്ധാരണ വരുവാൻ എളുപ്പമാണ്. യഥാർത്ഥത്തിൽ തീർത്തും വ്യത്യസ്തമായ വയസ്സുകളെ നൂറിനോട് താരതമ്യപ്പെടുത്തുകയാണ് ഇവിടെ ചെയ്തിരിക്കുന്നത്. അതിനേക്കാളുമുപരി ശ്രീ ശേഷഗിരിറാവുവിന്റെ കാര്യം പരിഗണിക്കുമ്പോൾ ഏതു കലണ്ടറിനാണ് 20 വർഷത്തിലധികം ഉള്ള വ്യത്യാസത്തെ ഉൾക്കൊള്ളാനാവുക?

സ്വാമി 'നൂറു വർഷം ജീവിച്ചു' എന്ന് തന്റെ പ്രഭാഷണത്തിൽ പറഞ്ഞ മറ്റു രണ്ടു സായിഭക്തരായ ശ്രീ. ഗോപാലറാവുവിന്റേയും സ്വാമി കാരുണ്യാനന്ദയുടെയും കാര്യം പരിഗണിക്കുകയാണെങ്കിൽ അവർ രണ്ടുപേരും യഥാർത്ഥത്തിൽ 100 വയസ്സു പിന്നിട്ടിരുന്നു. മറ്റൊരു ശ്രദ്ധേയമായ വസ്തുത, സ്വാമി ഇപ്രകാരം പറയുന്ന സമയത്ത് ശ്രീ. ഗോപാലറാവു ജീവിച്ചിരുന്നു എന്നതും അദ്ദേഹത്തിന് 96 വയസ്സായിരുന്നു എന്നതുമാണ്. നാലുവർഷത്തിനു ശേഷം ഡിസംബർ 2007ൽ, ശ്രീ. ഗോപാലറാവുവിന്റെ യഥാർത്ഥ 100–ാമത്തെ ജന്മദിനത്തിൽ സ്വാമി തന്റെ പ്രിയ ഭക്തനെ ഒരു ചടങ്ങു നടത്തി ആദരിക്കുകയുണ്ടായി.

'ശതവർഷം തികച്ചു' എന്ന സ്വാമിയുടെ പ്രയോഗം മനസ്സിലാക്കാൻ നാം ശരിക്കും സ്വാമി അത് പ്രയോഗിച്ച അവസരങ്ങൾ ശ്രദ്ധിക്കേണ്ടതായുണ്ട്. തന്റെ തന്നെ 78–ാം ജന്മദിനസന്ദേശത്തിൽ സ്വാമി ഇപ്രകാരം പറയുന്നുണ്ട്.

*"എനിക്കു നിങ്ങളോട് മറ്റൊരു സുപ്രധാന കാര്യം അറിയിക്കാനുണ്ട്. ഇവിടെ പ്രശാന്തി നിലയത്തിൽ, സായിക്കു വേണ്ടി ജീവിതം സമർപ്പിച്ച എല്ലാ ഭക്തരും പൂർണ്ണമായി നൂറുവർഷങ്ങൾ ജീവിക്കും. കസ്തൂരി ഇവിടെ വന്ന് ഒരു സമ്പൂർണ്ണ ജീവിതം നയിച്ചു."*

സത്യസായി സ്പീക്സ്. വാല്യം 36. അദ്ധ്യായം 20.

സ്വാമിയുടെ പരമഭക്തനായിരുന്ന പ്രൊഫ.കസ്തൂരി സ്വാമിയുടെ തൃപ്പാദങ്ങളിൽ വിലയം പ്രാപിക്കുന്നത് 90–ാം വയസ്സിലാണെന്ന് നമുക്കെല്ലാവർക്കും അറിയാവുന്ന വസ്തുതയാണ്. മേൽപ്പറഞ്ഞ വിവിധ പ്രസ്താവനകൾ ശ്രദ്ധാപൂർവ്വം സൂക്ഷ്മമായി പരിശോധിക്കുമ്പോൾ 'നൂറുവർഷം ജീവിച്ചു' എന്നത് ഒരു 'സമ്പൂർണ്ണ ജീവിതം' നയിച്ചു എന്നതിന് പകരമായാണ് സ്വാമി പ്രയോഗിച്ചിരുന്നതെന്ന് വളരെ വ്യക്തമായി നമുക്കു മനസ്സിലാക്കാൻ സാധിക്കും. എന്താണ് 100 വയസ്സു വരെ ജീവിച്ച ഒരു ഭക്തനിൽ നിന്ന് സ്വാമി പ്രതീക്ഷിക്കുന്നത്?

*"തന്റെ നൂറാമത്തെ വയസ്സിൽ ഒരാൾ തന്റെ പഞ്ചേന്ദ്രിയങ്ങളുടെയും അധിപനായിരിക്കണം. അഞ്ചു കർമ്മേന്ദ്രിയങ്ങളേയും അഞ്ചു ജ്ഞാനേന്ദ്രിയങ്ങളേയും കീഴടക്കി ഈശ്വരനിൽ ലയിക്കണം."*

കോൺവർസേഷൻ വിത്ത് സത്യസായിബാബ.
ഡോ.ജോൺ ഹിസ്‌ലോപ്പ്, SSS BPT. പേജ് 42.

സ്വാമിയുടെ നിർവ്വചന പ്രകാരം ജീവിച്ച ഏതൊരു ഭക്തനും തന്റെ യഥാർത്ഥ വയസ്സ് എന്തുതന്നെയായാലും ആത്മീയ തലത്തിൽ ഒരു സമ്പൂർണ്ണ ജീവിതം നയിച്ചതായി കണക്കാക്കാം. ഇന്ത്യയിലെ പല ഭാഗത്തും, പ്രത്യേകിച്ചും ഗ്രാമപ്രദേശങ്ങളിൽ ഇന്നും വന്ദ്യവയോധികർ തങ്ങളുടെ കുഞ്ഞുങ്ങളെ നൂറുവയസ്സു വരെ ദീർഘായുഷ്മാൻമാരായിരിക്കട്ടെ എന്ന് ആശീർവ്വദിക്കുന്ന പതിവുണ്ട്. അത് അർത്ഥമാക്കുന്നത് ദീർഘവും, അർത്ഥവത്തുമായ ഒരു ജീവിതം നയിക്കാനാണ്.

ഈ ആശീർവാദത്തിന്റെ വേരുകൾ തേടിച്ചെല്ലുകയാണെങ്കിൽ നാം എത്തിച്ചേരുന്നത് വേദങ്ങളിലെ 'ജീവം ശ്രദ്ധാ ശതം', 'ശതം ജീവത്' എന്നൊക്കെയുള്ള മന്ത്രശകലങ്ങളിലാണ്. 'ശതം ജീവത്' എന്നത് 'ദീർഘായുസ്സ്' എന്നർത്ഥമാക്കുന്നു. 'ജീവം ശ്രദ്ധാ ശതം' എന്ന മന്ത്രം ദീർഘായുസ്സിനുള്ള പ്രാർത്ഥനയാണ്. ശതം എന്ന സംസ്കൃത പ്രയോഗത്തിന്റെ സംഖ്യാർത്ഥം 100 എന്ന സംഖ്യയാണെന്നു വരുമെങ്കിലും അതിന് ഈ അവസരത്തിൽ 'ഒരുപാട് കാലം' എന്നും അർത്ഥമുണ്ട്. ഈ മന്ത്രം പൂർണ്ണമായി അർത്ഥമാക്കുന്നത് ആയുരാരോഗ്യസൗഭാഗ്യങ്ങളോടെ സംതൃപ്ത ജീവിതം നയിക്കാനാണ്. 'ശതം ജീവത്' എന്നതിനെ ക്രിയായോഗ ഇൻസ്റ്റിറ്റ്യൂട്ടിലെ ശ്രീ. പരമഹംസപ്രജ്ഞാനാനന്ദ നിർവ്വചിക്കുന്നത് ഇപ്രകാരമാണ്. *"നൂറുവർഷം എന്ന കാലയളവ് പൂർണ്ണതയുടെ ഒരു പ്രതീകമാണ്. അത് വെറുമൊരു സംഖ്യയല്ല. പ്രതീകാത്മകമായി ആ മന്ത്രം നമ്മോടു പറയുന്നത് പ്രേമത്തിലും ഭക്തിയിലും അധിഷ്ഠിതമായ ഒരു ജീവിതം നയിക്കാനാണ്. 100 എന്ന സംഖ്യയിലെ '1' നഷ്ടപ്പെട്ടാൽ ബാക്കിയായ '00' ക്ക് യാതൊരു മൂല്യവും ഇല്ല. അതേ പോലെ, ഈശ്വരനോ, പ്രേമമോ ഇല്ലാത്ത ജീവിതത്തിനും യാതൊരു മൂല്യവുമില്ല."*

ഈശ്വരപ്രേമത്തിന്റെയും ഭക്തിയുടെയും ഉത്തമ നിദർശനങ്ങളായിരുന്ന പഴയകാല ഭക്തരെല്ലാം തന്നെ മേൽപ്പറഞ്ഞ അർത്ഥ

ത്തിൽ പൂർണ്ണമായ ശതസംവത്സരങ്ങൾ ജീവിച്ചിരുന്നു എന്നു പറയാം. ഭഗവത് സേവക്കായി സ്വാമിയുടെ പാദപത്മങ്ങളിൽ അവർ തങ്ങളുടെ ജീവിതം സമർപ്പിച്ചു.

## വേറെയും തെളിവുകൾ

സ്വാമിയുടെ 79-ാം ജന്മദിന സന്ദേശത്തിലെ ചില വരികൾ നമുക്കു പരിശോധിക്കാം.

*"ഇന്ന് ഈ ശരീരത്തിന്റെ മാത്രം ജന്മദിനമാണ്. ഞാൻ 79 വയസ്സ് പ്രായമായ ഒരാളെപ്പോലെ തോന്നുന്നുണ്ടോ? ഒരിക്കലുമില്ല!!! ഈ പ്രായത്തിലുള്ള ആളുകൾക്ക് പല പ്രശ്നങ്ങളുമുണ്ടാവും. അവരുടെ കേൾവിശക്തി കുറഞ്ഞുവരും. കണ്ണുകളിൽ തിമിരം ബാധിക്കും. ജരാനരകൾ നെറ്റിയെപ്പോലും ബാധിക്കും. എന്റെ എല്ലാ അവയവങ്ങൾക്കും യാതൊരു കുഴപ്പവുമില്ല. എന്റെ നെറ്റിയിൽ ഒരു ചുളിവുപോലും നിങ്ങൾക്കു കണ്ടെത്താനാവില്ല. ഇപ്പോൾ മാത്രമല്ല. 80ാം വയസ്സിലോ 90ാം വയസ്സിലോ പോലും ഞാൻ ഇതുപോലെ തന്നെയായിരിക്കും."*

(നവംബർ 23, 2004 ന് പ്രശാന്തി നിലയത്തിൽ നടത്തിയ 79-ാം ജന്മദിന പ്രഭാഷണത്തിൽ നിന്ന്)

തന്റെ 79-ാം ജന്മദിനത്തിൽ 79 വയസ്സ് എന്ന് സ്വാമി പരാമർശിച്ചിട്ടുള്ളതുകൊണ്ട് കുറഞ്ഞത് ഈ ഒരു സമയത്തെങ്കിലും സ്വാമി സാധാരണ ഗ്രിഗോറിയൻ കലണ്ടർ ആയിരുന്നു ഉപയോഗിച്ചതെന്ന് വ്യക്തമാണ്. 90-ാം വയസ്സിൽ എന്ന് അതേ അവസരത്തിൽ സ്വാമി പറഞ്ഞിട്ടുള്ളതുകൊണ്ട് 90 സാധാരണ കലണ്ടർ വർഷത്തിനു ശേഷവും ഈ ശരീരത്തിലുണ്ടായിരിക്കുമെന്ന് സ്വാമി ഉദ്ദേശിച്ചിരുന്നതായി മനസ്സിലാക്കാം.

## സ്വാമിയുടെ ജീവചരിത്രകാരന്മാരുടെ വിശദീകരണം:

ഭഗവാനുമായി അടുത്തിടപഴകാൻ ഭാഗ്യം സിദ്ധിച്ച ഭക്തനായിരുന്ന ശ്രീ. ആർ. ഗണപതി വിവിധ ഭാഷകളിലെ ശാസ്ത്രങ്ങളിൽ അഗാധമായ പ്രാവീണ്യം സിദ്ധിച്ചയാളായിരുന്നു. ശ്രീ. സത്യസായിബാബയുടെ ജീവിതകഥ, 'ബാബ സത്യസായി' എന്ന പേരിൽ പല വാല്യങ്ങളായി അദ്ദേഹം പ്രസിദ്ധീകരിച്ചിട്ടുണ്ട്. താഴെപ്പറയുന്ന സംഭവം അത്തരമൊരു വാല്യത്തിൽ നിന്ന് എടുത്തിട്ടുള്ളതാണ്.

*"സ്വാമിയുടെ കോളേജിലെ കുട്ടികൾക്ക് ജൂൺ 1976 ഊട്ടകമണ്ട്*

*സമ്മർകോഴ്സിൽ മറ്റൊരു ദിവ്യമായ സൃഷ്ടിക്ക് സാക്ഷികളാവാൻ ഭാഗ്യം സിദ്ധിച്ചു. 96 വർഷം ഈ ശരീരത്തിൽ ഉണ്ടായിരിക്കുമെന്ന് പ്രഖ്യാപിച്ച സ്വാമി, ഇനി വരുന്ന 46 വർഷങ്ങളിൽ 18 സുപ്രധാന ഇൻസ്റ്റിറ്റ്യൂഷനുകൾ ഇന്ത്യയെമ്പാടും സ്ഥാപിക്കുമെന്നും പറഞ്ഞു."*

ബാബ: സത്യസായി ഭാഗം 2. ആർ. ഗണപതി. പേജ്.85

ഇവിടെ ശ്രദ്ധിക്കപ്പെടേണ്ട വസ്തുത, സ്വാമി 96 വരെ ജീവിച്ചിരിക്കുമെന്നു പറഞ്ഞതുമാത്രമല്ല 1976നു ശേഷമുള്ള **46 വർഷങ്ങൾ** അദ്ദേഹം ജീവിച്ചിരിക്കും എന്നു പറഞ്ഞതുകൂടിയാണ്. ഇത് പ്രസ്താവിക്കുന്ന 1976ൽ സ്വാമിക്ക് 50 വയസ്സാണ്. അതിനുശേഷം ഇനിവരുന്ന 46 വർഷങ്ങൾ കൂടിയായാൽ 96 വർഷങ്ങളായി. അതിനാൽ 96 എന്നതും 46 എന്നതും സാധാരണ കലണ്ടർ വർഷങ്ങളാണെന്നു മനസ്സിലാക്കാം. ഒരേ സമയത്ത് അദ്ദേഹം 2 കലണ്ടറുകളെ അടിസ്ഥാനപ്പെടുത്തി സംസാരിക്കുകയില്ലല്ലോ. അതിലുമുപരി, 1976 നുശേഷം (2011 വരെ) വെറും 35 വർഷം മാത്രമേ സ്വാമി ശരീരത്തിലുണ്ടായിട്ടുള്ളൂ. 35 സാധാരണ വർഷം ഒരു തരത്തിലും 46 വർഷവുമായി ഒരു കലണ്ടറിലും തുലനം ചെയ്യുക സാദ്ധ്യമല്ല. ഇക്കാര്യത്തിൽ ഒരുപക്ഷെ ഏറ്റവും വിശ്വസനീയമായ തെളിവു തന്റെ പുസ്തകത്തിലൂടെ നമുക്കു നൽകുന്നത്, ദിവ്യചരിത്രം രചിക്കുന്നതിന് ഭഗവാനാൽ തെരഞ്ഞെടുക്കപ്പെട്ട മഹാനായ ശ്രീ. പ്രൊഫ. കസ്തൂരി ആയിരിക്കണം.

*"2020 എന്ന വർഷത്തിനു ശേഷവും മാനവരൂപത്തിൽ താനുണ്ടായിരിക്കുമെന്ന് ബാബ നമുക്ക് ഉറപ്പു തന്നിട്ടുണ്ട്."*

ദി ലൈഫ് ഓഫ് ഭഗവാൻ ശ്രീ സത്യസായിബാബ.
കസ്തൂരി. എൻ. 1971. പേജ്.235.

ഇപ്രകാരം, പ്രായത്തിനു പകരം വർഷം തന്നെ പറഞ്ഞതുകൊണ്ട് ഇത്തരത്തിലുള്ള വിവാദങ്ങളിൽ കഴമ്പില്ലെന്ന് പൂർണ്ണമായി വെളിവാകുന്നു.

# അദ്ധ്യായം 2

# എന്താണ് ദിവ്യപദ്ധതി?

**ക**ഴിഞ്ഞ ഒരു അദ്ധ്യായത്തിൽ സ്വാമി ചാന്ദ്രവർഷപ്രകാരമല്ല സംസാരിച്ചിരുന്നതെന്ന് നമ്മൾ കണ്ടുകഴിഞ്ഞു.

## സ്വാമിയുടെ ദിവ്യപദ്ധതിയ്ക്കു മാറ്റമോ?

എന്താണ് സംഭവിച്ചിരിക്കുന്നത്? ഈ അസന്തുലനത്തിനു കാരണമെന്ത്? പ്രവചിക്കപ്പെട്ട പദ്ധതിക്കു വിരുദ്ധമായി നേരത്തെ ശരീരം വെടിയാൻ സ്വാമി തീരുമാനിച്ചുവോ?

ഇതിനെക്കുറിച്ച് ആരാഞ്ഞപ്പോൾ 'സ്വാമിക്ക് എപ്പോൾ വേണമെങ്കിലും തന്റെ പദ്ധതിക്ക് മാറ്റം വരുത്താം' എന്ന രീതിയിലാണ് പല സായിഭക്തരും പ്രതികരിച്ചത്. സ്വാമിക്ക് തീർച്ചയായും അതു ചെയ്യാം. അവിടുന്ന് പൂർണ്ണാവതാരമാണ്. സർവ്വേശ്വരനാണ്. തന്റെ കേവലം ഒരിച്ഛകൊണ്ട് എന്തും സാധ്യമാക്കാൻ അവിടുത്തേക്ക് നിമിഷനേരം വേണ്ട. പക്ഷെ അവതാരത്തിന്റെ പദ്ധതിയിൽ വന്നേക്കാവുന്ന മാറ്റത്തെ മുൻകൂട്ടി കാണാൻ അവതാരത്തിനു കഴിഞ്ഞില്ല എന്ന് മറ്റൊരുതരത്തിൽ പറയുകയാണവർ. അതും അവതാരം ദൃഢമായ ഉറപ്പുനൽകി പ്രഖ്യാപിച്ചിട്ടുള്ള താഴെ പറയുന്ന തരം അനേകം പ്രസ്താവനകൾക്കു ശേഷം.

*"എന്റെ വചനങ്ങൾ ഒരിക്കലും ഫലിക്കാതിരിക്കില്ല. ഞാൻ ഇച്ഛിക്കുമ്പോൾ അത് സംഭവിക്കും".*

സത്യസായി സ്പീക്സ്. വാല്യം 1. അദ്ധ്യായം 31.

*"എന്റെ ഇച്ഛയെന്തോ, അത് സംഭവിച്ചിരിക്കും. എന്റെ പദ്ധതി യെന്തോ അത് വിജയിച്ചിരിക്കും".*

സത്യസായി സ്പീക്സ്. വാല്യം 12. അദ്ധ്യായം 38.

*"ഒരിക്കൽ എന്നിൽ നിന്ന് പുറപ്പെട്ട വാക്ക് എന്തായാലും അപ്ര കാരം തന്നെ സംഭവിച്ചിരിക്കും. സംശയം അരുത്".*

സത്യസായി സ്പീക്സ്. വാല്യം 1. അദ്ധ്യായം 16.

*"എന്റെ സങ്കല്പത്തെയോ എന്റെ പ്രകൃതത്തേയോ അണു വിടപോലും സ്വാധീനിക്കാൻ കഴിവുള്ള ആരും തന്നെയില്ല. ഞാനാണ് എല്ലാത്തിനും അധിപൻ".*

സത്യസായി സ്പീക്സ്. വാല്യം 1. അദ്ധ്യായം 30.

*"ഈ അവതാരത്തിന്റെ കർമ്മപഥത്തിലെ ഓരോ ഘട്ടവും മുൻകൂട്ടി നിശ്ചയിക്കപ്പെട്ടതാണ്".*

ദിവ്യവാണി. നവംബർ 23. 1968.

*"ഈശ്വരൻ തന്റെ വചനത്തിൽ നിന്ന് ഒരിക്കലും വ്യതിചലിക്കു കയില്ല".*

സത്യസായി സ്പീക്സ്. വാല്യം 2. അദ്ധ്യായം 22.

*"ആരുതന്നെ എന്തൊക്കെപ്പറഞ്ഞാലും എന്റെ പ്രവർത്തന ങ്ങളോ സംരംഭങ്ങളോ ഒരിക്കലും മാറ്റപ്പെടുകയില്ല".*

സത്യസായി സ്പീക്സ്. വാല്യം 5. അദ്ധ്യായം 42.

*"സാഹചര്യങ്ങളുടെ സമ്മർദ്ദത്തിനനുസൃതമായി ചില ഭേദഗതി കൾ വേണ്ടിവന്നേക്കാം. പക്ഷേ അവ സുസ്ഥിരമല്ല. അപ്രകാരമുള്ള ഭേദഗതികൾക്കായി ഞാൻ എന്റെ കർമ്മ പദ്ധതിക്ക് മാറ്റം വരുത്തു ന്നതല്ല".*

സത്യസായി സ്പീക്സ്. വാല്യം 17. അദ്ധ്യായം 14.

മുകളിൽ പറഞ്ഞ എല്ലാ വാക്യങ്ങളും വിശദീകരണം ഒട്ടും ആവ ശ്യമില്ലാത്തതാണ്. എന്നെ സംബന്ധിച്ചിടത്തോളം *''ഒരിക്കൽ എന്നിൽ നിന്നു പുറപ്പെട്ട വാക്കെന്തായാലും അപ്രകാരം തന്നെ സംഭവിച്ചിരിക്കും"* എന്ന പ്രസ്താവനയാണ് ഏറ്റവും പ്രത്യേകത യുള്ളത്. സംഭവിക്കാനുള്ളതെന്തെന്ന് എനിക്കറിയാം എന്ന് പ്രസ്താ

വിക്കുകമാത്രമല്ല അവിടുന്ന് ചെയ്തത്. അതിനുമപ്പുറം എന്നിൽനിന്ന് പുറപ്പെട്ട വാക്ക് എന്തായാലും അപ്രകാരം തന്നെ സംഭവിക്കും എന്ന് പ്രഖ്യാപിക്കുക കൂടിയാണ്.

## ദിവ്യസങ്കൽപ്പം എന്ത്?

*"ഈശ്വരനു മാത്രമേ തന്റെ സങ്കൽപ്പത്തെപ്പറ്റി പൂർണ്ണമായി അറിയാൻ സാധിക്കൂ. ദിവ്യനാടകത്തിന്റെ വളരെ ചെറിയ ഭാഗം മാത്രമേ നിങ്ങൾ കാണുന്നുള്ളൂ. അതിനാലാണ് അത് നിങ്ങളെ ആശയക്കുഴപ്പത്തിലാക്കുന്നത്. മുഴുവൻ കഥയുടേയും ചുരുളഴിക്കുമ്പോൾ മാത്രമേ നിങ്ങൾക്ക് ഈശ്വരന്റെ ദിവ്യപദ്ധതിയുടെ മഹത്വം അറിയുവാനാകൂ".*

സത്യസായി സ്പീക്സ്. വാല്യം 1. അദ്ധ്യായം 30.

ഈശ്വരസങ്കൽപ്പത്തെ പ്രവചിക്കാനോ, അതിനെ അറിയുവാനോ നമുക്കാവില്ല. സ്വാമി തന്നെ പല അവസരങ്ങളിൽ അവിടുത്തെ അനിശ്ചിതത്വത്തെ അംഗീകരിക്കാൻ പറയുന്നുണ്ട്. നിശ്ചിതമായ ഒരേ ഒരു കാര്യം സ്വാമിയുടെ വാക്കുകൾ എന്തു തന്നെയായാലും അതു സംഭവിക്കും എന്നതു മാത്രമാണ്. എപ്പോൾ? എങ്ങനെ? എവിടെ? എന്നതെല്ലാം നമ്മുടെ പരിധിക്ക് അതീതമാണ്. ഈ നിഗൂഢതയുടെ ചുരുളഴിക്കാൻ കാലത്തിനു മാത്രമേ സാധിക്കൂ.

*"എന്റെ അനിശ്ചിതത്വത്തെ സ്നേഹിക്കൂ. അതൊരു ദൗർബല്യമല്ല. എന്റെ തന്നെ ഉദ്ദേശ്യത്തോടെ സംഭവിച്ചതാണത്. എന്റെ ഇച്ഛയില്ലാതെ യാതൊന്നും സംഭവിക്കുകയില്ല. ശാന്തരായിരിക്കൂ. മനസ്സിലാക്കാൻ ശ്രമിക്കരുത്. മനസ്സിലാകണമെന്ന് ആഗ്രഹിക്കരുത്".*

സത്യം ശിവം സുന്ദരം. ഭാഗം-3.

## അദ്ധ്യായം 3

# സ്വാമി ഭൂമിയിലെ തന്റെ ജീവിതകാലത്തെക്കുറിച്ച് പറയുന്നു

**സ്വാ**മി ഭൂമിയിലെ തന്റെ ആയുർദൈർഘ്യത്തെക്കുറിച്ച് പല അവസരങ്ങളിലും പറയുന്നുണ്ട്. അതു ചിലപ്പോൾ പൊതു പ്രസ്താവനകളിലൂടെയോ അതുമല്ലെങ്കിൽ സ്വകാര്യസംഭാഷണങ്ങളിൽ പറഞ്ഞത് കേൾക്കാനിടയാവരിലൂടെയോ, പുസ്തകരൂപത്തിലോ ആകാം. താഴെപ്പറയുന്ന പ്രസ്താവനകൾ സ്വാമിയുടെ പ്രഭാഷണങ്ങളിലോ, പുസ്തകങ്ങളിലോ നിന്ന് ചേർത്തിരിക്കുന്നു.

1. *"നശ്വരമായ ഈ മാനവരൂപത്തിൽ 59 വർഷം കൂടി ഞാൻ ഉണ്ടായിരിക്കും. ഈ അവതാരലക്ഷ്യം തീർച്ചയായും സാധിക്കുകയും ചെയ്യും. അതിൽ സംശയമരുത്."*

ദിവ്യവാണി. പ്രശാന്തിനിലയം. സെപ്തംബർ 29. 1960.

(മുകളിലെ പ്രസ്താവനപ്രകാരം സ്വാമി 93, 94 വയസ്സുവരെ ജീവിക്കുമെന്ന് മനസ്സിലാക്കാം).

2. *"ഈ ശരീരത്തിൽ ഞാൻ 58 വർഷം കൂടി ഉണ്ടായിരിക്കും. ഇതിനകം തന്നെ നിങ്ങൾക്ക് ഞാൻ ഉറപ്പുതന്നിട്ടുണ്ട്. (മുകളിലെ പ്രസ്താവനയിലെ അതേ വയസ്സു തന്നെ)."*

ദിവ്യവാണി. പ്രശാന്തിനിലയം. ഒക്ടോബർ 21. 1961.

3. *"ഇന്നുമാത്രമല്ല, 96-ാം വയസ്സുവരെയും ഞാൻ ഇതേ പോലെയുണ്ടാകും."*

സത്യസായി സ്പീക്സ്. വാല്യം 36. അദ്ധ്യായം 14.

4. പ്രൊഫ. കസ്തൂരി: *"മാനവസ്വരൂപത്തിൽ തന്നെ 2020 നുശേഷവും ഉണ്ടാവുമെന്ന് ബാബ നമുക്ക് ഉറപ്പു തന്നിരിക്കുന്നു."*

ദി ലൈഫ് ഓഫ് ഭഗവാൻ ശ്രീ സത്യസായിബാബ. എൻ. കസ്തൂരി. പേജ് 235 (2020ൽ സ്വാമിക്ക് 94 വയസ്സുണ്ടായിരിക്കും).

5. അതിഥി: *"എന്നാൽ പ്രേമസായിക്ക് അധികം ജോലി ചെയ്യേണ്ടതില്ല. അതിനകം തന്നെ ലോകം പ്രശാന്തമായിരിക്കും.*

സായി: *അതിനിനിയും 40-ഓളം വർഷങ്ങൾ കഴിയണം. ആ സമയം ലോകം ശാന്തി നിറഞ്ഞതായിരിക്കും. അതിനാലാണ് പ്രേമസായി എന്നനാമം. എല്ലാം പ്രേമമയം. പ്രേമം, പ്രേമം, പ്രേമം തന്നെ എല്ലായിടത്തും."*

മൈ ബാബ ആൻഡ് ഐ. ജെ. എസ്. ഹിസ്‌ലോപ്പ്. പേജ്.189.

(മുകളിൽ പറഞ്ഞ സംഭാഷണം പ്രേമസായി അവതാരം 2018 ന് ശേഷമെന്നും അതിനു മുൻപു തന്നെ സത്യസായി അവതാരം ശാന്തമായ ലോകം നിർമ്മിക്കും എന്നും വെളിപ്പെടുത്തുന്നു).

6. *"ഈ അഭിമുഖത്തിൽ ഒരു അസാധാരണ കാര്യം ഉരുത്തിരിഞ്ഞിരിക്കുന്നു. 94 വർഷങ്ങൾ ജീവനോടിരിക്കുമെന്ന് ബാബ ഞങ്ങളോട് പറഞ്ഞിരിക്കുന്നു."*

മോഡേൺ മിറക്കിൾസ്. എർലെൻഡുർ ഹരാൾഡ്സൺ. പേജ്.46.

7. *"കാലങ്ങൾക്കു ശേഷം പരിശോധിക്കാനായി ബാബയുടെ ഒരു പ്രവചനം ഞാൻ വായനക്കാരുമായി പങ്കുവെക്കുകയാണ്. 94 വർഷം ശരീരത്തിലുണ്ടായിരിക്കുമെന്ന് സ്വാമി ആവർത്താവർത്തിച്ച് പ്രഖ്യാപിച്ചിരിക്കുന്നു."*

മോഡേൺ മിറക്കിൾസ്. എർലെൻഡുർ ഹരാൾഡ്സൺ. പേജ്.294.

8. *"ഈ ശരീരം 96 വർഷം വരേയും നിലനിൽക്കും. അന്നും ചെറുപ്പമായി ഇരിക്കുകയും ചെയ്യും."*

കോൺവർസേഷൻ വിത്ത് സത്യസായിബാബ.
ഡോ.ജോൺ ഹിസ്‌ലോപ്പ്. പേജ് 83.
ബെർത്ത് ഡേ പബ്ലിഷിംഗ് കമ്പനി. സാൻഡിയാഗോ.

9. *"സ്വാമിയുടെ കോളേജിലെ കുട്ടികൾക്ക് ജൂൺ 1976 ഊട്ടക മണ്ട് സമ്മർകോഴ്സിൽ മറ്റൊരു ദിവ്യമായ സൃഷ്ടിക്ക് സാക്ഷിക ളാവാൻ ഭാഗ്യം സിദ്ധിച്ചു. 96 വർഷം ഈ ശരീരത്തിൽ ഉണ്ടായിരി ക്കുമെന്ന് പ്രഖ്യാപിച്ച സ്വാമി, ഇനി വരുന്ന 46 വർഷങ്ങളിൽ 18 സുപ്രധാന ഇൻസ്റ്റിറ്റ്യൂഷനുകൾ ഇന്ത്യയെമ്പാടും സ്ഥാപിക്കു മെന്നും പറഞ്ഞു".*

ബാബ: സത്യസായി. ഭാഗം 2. ആർ. ഗണപതി. പേജ്.85.

മുകളിലെ ചില ഉദ്ധരണികൾ സ്വാമിയുടെ വയസ്സ് 94 എന്ന സൂചന തരുമ്പോൾ മറ്റു ചില അവസരങ്ങൾ സ്വാമിയുടെ ഭൂമിയിൽ നിന്നുള്ള തിരോധാനത്തിന് 96 വർഷങ്ങൾ എന്നാണ് പറയുന്നത്.

സ്വാമിയുടെ ഭൂമിയിൽ നിന്നുള്ള തിരോധാന സമയത്തെ വയ സ്സിനുവേണ്ടി മേൽപ്പറഞ്ഞ ഉദ്ധരണികളെ നമുക്കൊന്നു വിശകലനം ചെയ്യാം.

(a) പ്രസ്താവന 1 ഉം 2 ഉം ചൂണ്ടിക്കാണിക്കുന്ന കാലയളവ് ഒക്ടോബർ 2019 നും ആഗ്സ്ത് 2020 നും ഇടക്കാണ്.

(b) പ്രസ്താവന 3 ഉം 8 ഉം പറയുന്നത് സ്വാമി ഡിസംബർ 2021 നും നവംബർ 2022 നും ഇടയിൽ എപ്പോൾ വേണമെങ്കിലും തന്റെ ശരീരം ഉപേക്ഷിച്ചേക്കാം എന്നതാണ്.

(c) 4 ഉം 5 ഉം പ്രസ്താവനകൾ 3 ഉം 8 ഉം പ്രസ്താവനകളോട് യോജിക്കുന്നു.

(d) പ്രസ്താവനകൾ 6 ഉം 7 ഉം ഡിസംബർ 2019 നും നവംബർ 2020 ഇടയിലേക്കുള്ള സമയത്തെ കാണിക്കുന്നു.

(e) 9-ാം പ്രസ്താവന 2022 ലേയോ 2021 ലേയോ ഒരു ദിവ സത്തെ കാണിക്കുന്നു.

മുകളിൽ പറഞ്ഞ (a) (d) എന്നീ വസ്തുതകളിൽ ലഭിച്ച 94 വർഷം, ഡിസംബർ 2019നും ആഗസ്ത് 2020 നും ഇടയിൽ വരും. 96 വയസ്സിനെ പരാമർശിക്കുന്ന വസ്തുത (b) യുമായി (c) യും (e) യും യോജിക്കുന്നു. ഇതിനെ താരതമ്യം ചെയ്യുമ്പോൾ 15 മാസം മുതൽ 36 മാസം വരെയുള്ള വ്യത്യാസം കാണുവാനാകും. ചുരു ക്കിപ്പറഞ്ഞാൽ, സ്വാമിയുടെ വയസ്സിനെപ്പറ്റിയുള്ള 2 വാദഗതികൾക്കി ടയിൽ (94 വയസ്സ് എന്നും 96 വയസ്സ് എന്നും പറയുന്ന) കുറഞ്ഞത് 15 മാസമെങ്കിലും വ്യത്യാസമുള്ളതായി കാണാം.

(ആഗസ്ത് 2020 നും ഡിസംബർ 2021 നും ഇടയ്ക്കുള്ള ചുരുങ്ങിയ കാലയളവ് 15 മാസവും ഡിസംബർ 2019 നും നവംബർ 2022 നും ഇടയ്ക്കുള്ള കൂടിയ കാലയളവ് 36 മാസവുമാണ്).

## ഒരു വിശദീകരണം

*"പ്രാധാന്യമില്ലാത്ത ഒരു വാക്കുപോലും ഞാൻ ഉരിയാടിയിട്ടില്ല."*

ദി ലൈഫ് ഓഫ് ഭഗവാൻ ശ്രീ സത്യസായിബാബ.
എൻ.കസ്തൂരി. പേജ്.196.

വയസ്സിനെ സംബന്ധിച്ച് മേൽപ്പറഞ്ഞ രീതിയിലുള്ള വൈരുദ്ധ്യാത്മകമായ നിലപാടുകൾക്ക് കാരണമെന്താവാം? വെറുതെ ഊഹിക്കാൻ മാത്രമേ നമുക്കാവൂ. അവിടുന്ന് ഉദ്ദേശിച്ചതെന്താണെന്ന് അവിടുത്തേക്കു മാത്രമേ അറിയാൻ സാധിക്കൂ. എനിക്കു തീർച്ചയുള്ള ഒരേയൊരു കാര്യം സ്വാമി പറഞ്ഞതെന്തായാലും അത് സംഭവിച്ചിരിക്കും എന്നതു മാത്രമാണ്. ആ ഒരു കോണിൽ നിന്നു വീക്ഷിക്കുമ്പോൾ ഇപ്രകാരമുള്ള ഒരു നിഗമനത്തിലേക്കാണ് നാം എത്തിച്ചേരുന്നത്.

തന്റെ ശരീരത്തിൽ 94 വയസ്സുവരെയുണ്ടാവും എന്ന പ്രസ്താവന ഒരു വശത്ത്, 96 വർഷം വരെ ഞാൻ സന്നിഹിതനായിരിക്കും എന്ന പ്രസ്താവന മറുഭാഗത്ത്. എന്താണിതുകൊണ്ടുദ്ദേശിക്കുന്നത്. *"2 വർഷത്തോളം ഞാൻ ശരീരത്തിൽ ഉണ്ടായിരിക്കില്ല"* എന്ന സൂചനയല്ലേ അത്? അത് ഒരു വലിയ സാദ്ധ്യത തന്നെയാണ്. എന്തു തന്നെയായാലും അവിടുന്ന് ഇപ്പോൾ തന്റെ ശരീരത്തിനു പുറത്തു തന്നെയാണല്ലോ?

നേരത്തെ നാം ചെയ്ത വിശകലനങ്ങളിലെ 'കാലവൈരുദ്ധ്യം' സൂചിപ്പിക്കുന്നത് ശരീരം ഉപേക്ഷിച്ച ശേഷം 15 മാസത്തിനുള്ളിൽ 36 മാസത്തിനു മുൻപ് സ്വാമി ശരീരത്തിൽ തിരിച്ചുവരാം എന്നതാവാം. അതുപ്രകാരം, ഏപ്രിൽ 24 2011ൽ സ്വാമി ശരീരം ഉപേക്ഷിച്ചതുകൊണ്ട് തിരിച്ചുവന്നേക്കാവുന്ന സമയം ജൂലൈ 2012നും ഏപ്രിൽ 2014നും ഇടയ്ക്ക് എപ്പോൾ വേണമെങ്കിലുമാവാം എന്ന് അനുമാനിക്കാം.

## അദ്ധ്യായം 4

# ഭാവിയെക്കുറിച്ചുള്ള സായി പ്രവചനങ്ങൾ

**സ്വാ**മി തന്നെക്കുറിച്ചും തന്റെ അവതാരോദ്ദേശ്യത്തെക്കുറിച്ചും ഒരുപാടു കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. സ്വാമിയുടെ ചില പ്രവചനങ്ങളെങ്കിലും ഇനിയും നടക്കേണ്ടതായിട്ടുണ്ട്. ചില പ്രവചനങ്ങൾ സമീപഭാവിയിൽ നടക്കേണ്ടിയിരിക്കുന്നതും മറ്റുചിലവ ഇതിനകം ഭാഗികമായി നടന്നിട്ടുള്ളതുമാണ്. അവയെ ശേഖരിക്കാനായി ഞാൻ ഒരു എളിയ ശ്രമം നടത്തിനോക്കി. താഴെ പറയുന്നവ സത്യസായി അവതാരത്തിൽ ഇനിയും വരാനിരിക്കുന്ന അത്ഭുതകരമായ കാര്യങ്ങളെക്കുറിച്ച് പ്രതിപാദിക്കാനായി ചേർത്തിരിക്കുകയാണ്.

*"ദർശനത്തിനുള്ള അതിവിപുലമായ ജനക്കൂട്ടം കാരണം ഒരു സ്ഥലത്തുനിന്നും മറ്റൊരു സ്ഥലത്തേത്താൻ കാറോ വിമാനമോ ഞാൻ ത്യജിക്കേണ്ടതായി വരും. ഞാൻ ആകാശത്തിനു കുറുകെ സഞ്ചരിക്കേണ്ടതായും വരും. അതേ! അപ്രകാരം സംഭവിക്കും. എന്നെ വിശ്വസിക്കൂ".*

സത്യസായി സ്പീക്സ്. വാല്യം 2. അദ്ധ്യായം 18.

*"വളരെ അകലെനിന്ന്, അതിയായ പരിശ്രമങ്ങൾക്കു ശേഷം എന്റെ ചുവന്ന അങ്കിയുടെ വളരെ ചെറിയ ഒരു പൊട്ടു മാത്രം നിങ്ങൾക്ക് കാണാൻ സാധിക്കുന്ന ഒരു ദിവസം വന്നെത്തും. എന്നെ വിശ്വസിക്കൂ. ആകാശത്തിനു കുറുകെ, ഒരറ്റത്തുനിന്ന് മറ്റേ അറ്റത്തേക്ക് ഞാൻ നടക്കുമ്പോൾ സ്വാമിയുടെ മഹത്വം നിങ്ങൾക്ക്*

*ബോദ്ധ്യപ്പെടും".*

തപോവനം ശ്രീ സത്യസായി സത്ചരിത്ര..
ജാന്ദ്യാല വെങ്കിടേശ്വരശാസ്ത്രി. അദ്ധ്യായം 11..

*"പണ്ട് ഒരു കൊച്ചുബാലൻ ഗോവർദ്ധനഗിരി ഉയർത്തിയപ്പോഴാണ്, ഗോപികമാർക്കും ഗോപാലന്മാർക്കും കൃഷ്ണൻ ഈശ്വരനാണെന്നു ബോദ്ധ്യമായത്. ഇപ്പോഴാകട്ടെ ഗോവർദ്ധനഗിരി മാത്രമല്ല, ഒരു ഗിരിനിര തന്നെ ഉയർത്തപ്പെടും. അത് നിങ്ങൾ കാണും. ക്ഷമയോടെ കാത്തിരിക്കൂ. വിശ്വസിക്കൂ".*

സത്യസായി സ്പീക്സ്. വാല്യം 3. അദ്ധ്യായം 15..

(ഇവിടെ തന്റെ ദൗത്യത്തിന്റെ കാഠിന്യത്തെക്കുറിച്ച് സ്വാമി ഉപമിച്ചതാകാം).

*"ഭാരതത്തിന് പ്രണാമം അർപ്പിക്കുന്നതിനായി ലോകരാജ്യങ്ങൾ വന്നെത്തുന്നതിന് നിങ്ങൾ സാക്ഷികളാവും. ഞാനുള്ളപ്പോൾ തന്നെ സത്യസായിയുടെ നാമം ലോകം മുഴുവൻ ഭക്തിസാന്ദ്രമായി അലയടിക്കുന്നത് നിങ്ങൾ കേൾക്കും. ലോകനന്മക്കായി, വേദങ്ങളിലെ സനാതനധർമ്മം അതിന്റെ തനതായ രൂപത്തിൽ സുസ്ഥിരമായ പ്രതിഷ്ഠ നേടുന്നതിന് നിങ്ങൾ സാക്ഷികളായിരിക്കും".*

ദിവ്യവാണി. മെയ്-17. 1968..

*"ഈ അവതാരശരീരം ഒരു ദൗത്യത്തിനായാണ് വന്നിരിക്കുന്നത്. ആ ദൗത്യം ധർമ്മത്തിന്റെ സംസ്ഥാപനവും ധർമ്മത്തിന്റെ പരിപാലനവുമാണ്. ആ ദൗത്യം പൂർത്തിയായാൽ ഈ ശരീരം കുമിള എപ്രകാരമോ വെള്ളത്തിൽ ലയിക്കുന്നത് അതുപോലെ അപ്രത്യക്ഷമായിത്തീരും".*

സത്യസായി സ്പീക്സ്. വാല്യം 10. അദ്ധ്യായം 39.

മുകളിൽപ്പറഞ്ഞ വിവിധ ഉദ്ധരണികൾ പരിശോധിച്ചാൽ വരാനിരിക്കുന്ന മഹാത്ഭുതങ്ങൾ സ്വാമി ഇതേ അവതാരശരീരത്തിലുള്ളപ്പോൾ തന്നെയാണെന്നതിന് വ്യക്തമായ തെളിവ് തരുന്നു. എല്ലാ രാജ്യങ്ങളും ഭാരതത്തിന് പ്രണാമം അർപ്പിക്കുമ്പോൾ തന്റെ ശരീരം അപ്പോഴും ഉണ്ടായിരിക്കും എന്നും, പൂർണ്ണധർമ്മസംസ്ഥാപനം തന്റെ തിരോധാനത്തിന് മുൻപു നടക്കുമെന്നും പറയുന്നു.

സത്യസായി അവതാരകാലത്ത് ഇനിയുമൊരുപാട് മഹാത്ഭുത

ങ്ങൾ സംഭവിക്കാനിരിക്കുന്നു എന്നതിനുള്ള വ്യക്തമായ സൂചന കൾ ആണിവ. സ്വാമിയുടെ പ്രഭാഷണങ്ങളിൽ നിന്നും എഴുത പ്പെട്ട അഭിമുഖങ്ങളിൽ നിന്നും തെരഞ്ഞെടുത്ത ചില വചനങ്ങൾ താഴെച്ചേർക്കുന്നു.

❖പ്രേമസായിയുടെ അവതാരത്തിന് മുമ്പുതന്നെ ഈ ലോകം പ്രശാന്തസുന്ദരമായിരിക്കും.

❖എല്ലാവരും പ്രതീക്ഷിക്കുന്നതിനു മുമ്പുതന്നെ സ്വാമി പറയുന്ന സുവർണയുഗം എത്തിച്ചേരും. അതിന്റെ മനോഹാരിത ആർക്കും ചിന്തിക്കാൻ പോലും കഴിയുകയില്ല. സകല സങ്കൽപങ്ങൾക്കും അതീതമായിരിക്കും ആ കാലം.

❖സാർവ്വലൗകികമായ ഒരു മാറ്റം വരാൻ പോകുന്നു. എല്ലാ പ്രദേ ശങ്ങളിലും അതു സംഭവിക്കും.

❖സായിരാഷ്ട്രസംസ്ഥാപനം സംഭവിക്കും. സ്വർഗ്ഗതുല്യമായ ആ കാലം അനുഭവിക്കാനിടയാകുന്ന എല്ലാവരും അനുഗ്രഹിക്കപ്പെടും.

❖ഭൂമുഖത്തുനിന്ന് സകല അസ്വാരസ്യങ്ങളും തുടച്ചുനീക്കപ്പെ ടും. എല്ലാവരിലും ശുദ്ധചിന്തകൾ നിറയും. അവർ സച്ചിദാനന്ദ ത്തിലാറാടും. ലോകം മുഴുവൻ ശാന്തിയുടേയും സമാധാനത്തി ന്റേയും വിളനിലമായിരിക്കും. യാതൊരു തരത്തിലുള്ള സഹനമോ ബുദ്ധിമുട്ടോ ഉണ്ടായിരിക്കുകയില്ല.

❖എല്ലാ രാജ്യങ്ങളിലേയും ആളുകൾ ഒന്നിച്ചു ചേരും.

❖സായിയുടെ നാമവും രൂപവും ലോകമെമ്പാടും പരക്കും. സകല മുക്കിലും മൂലയിലും അതെത്തിച്ചേരും.

❖സായി സമ്മേളനങ്ങളിൽ ആളുകൾക്ക് കാലുകുത്താൻ പോലും സ്ഥലം ഉണ്ടാവുകയില്ല.

❖സായി സംഘടനയിലെ അംഗത്വം ഭാവിയിൽ ഒരു വലിയ മുതൽക്കൂട്ടായി മാറും. സായിസമ്മേളനങ്ങൾ പൊതുജനത്തെ കൂട്ട മായി അകർഷിക്കുമെങ്കിലും സംഘടനയിൽ അംഗങ്ങളല്ലാത്ത പൊതുജനങ്ങളെ സംബന്ധിപ്പിക്കുവാൻ സാദ്ധ്യമാവുകയില്ല.

❖ലോകം മുഴുവനും സത്യസായി സംഘടനയായി മാറും. ഓരോ രുത്തരുടെ ഹൃദയത്തിലും സായി ചിരപ്രതിഷ്ഠ നേടും.

❖ലോകത്തിലെ സകല രാജ്യങ്ങളും ഭാരതത്തെ ആദരിക്കും. എല്ലാ മേഖലകളിലും ഭാരതം മറ്റു രാജ്യങ്ങളെ നയിക്കും. ഭാരതം ആത്മീയ, സാംസ്കാരിക, സാമൂഹ്യ, രാഷ്ട്രീയ, സാമ്പത്തിക മേഖലകളിൽ മറ്റു രാജ്യങ്ങൾക്ക് മാതൃകയായിത്തീരും.

❖ഇനിയുള്ള ദിവസങ്ങളിൽ ലോകം മുഴുവൻ പ്രശാന്തിനിലയത്തിൽ എത്തിച്ചേരും.

❖മധുരാനഗരമായി (ശ്രീകൃഷ്ണന്റെ ജന്മസ്ഥലം) പുട്ടപർത്തി മാറുന്നതുകാണാൻ നാമെല്ലാവരും സന്നിഹിതരായിരിക്കും. ലോകമെമ്പാടുമുള്ള ഭൂപടങ്ങളിലെല്ലാം ഒരു സുപ്രധാന ഇടമായി പുട്ടപർത്തിയെ അടയാളപ്പെടുത്തും.

## നമുക്കു സംശയത്തിനു അവകാശമില്ല

'ശിലായുഗത്തിൽ നിന്ന് വെറും അഞ്ചുമിനിറ്റു മാത്രം ദൂരെക്കിടക്കുന്നു'വെന്ന് അർണോൾഡ് ഷൂൾമാൻ ഒരിക്കൽ പറഞ്ഞ പുട്ടപർത്തി, ഈശ്വരനിശ്ചയമൊന്നുകൊണ്ടുമാത്രം അതിമനോഹരമായ ആത്മീയ സ്വർഗ്ഗമായി മാറിയതെങ്ങനെയെന്ന് തന്റെ സത്യം ശിവം സുന്ദരം 4-ാം ഭാഗം പുസ്തകത്തിൽ പ്രൊഫ. കസ്തൂരി വിവരിക്കുന്നുണ്ട്. വെറും പതിനേഴു വയസ്സുമാത്രം പ്രായമുള്ളപ്പോൾ സ്വാമി, ലക്ഷ്മണയ്യ എന്ന പുരോഹിതനോട് തന്റെ ദർശനത്തിനായി ആളുകൾ കൂട്ടമായി പുട്ടപർത്തിയിലേക്ക് വരുമെന്ന് പ്രവചിച്ചു. അക്കാലത്ത് ചിന്തിക്കാൻ പോലും കഴിയാത്ത ഒരു വസ്തുതയായതുകൊണ്ട് താനപ്പോൾ ശ്രവിച്ച അക്കാര്യത്തിൽ ലക്ഷ്മണയ്യക്ക് ഒട്ടും വിശ്വാസം തോന്നിയില്ല. വർഷങ്ങൾക്കു ശേഷം ആളുകൾ കൂട്ടമായി പുട്ടപർത്തിയിലെത്താൻ തുടങ്ങിയപ്പോൾ ഇതേ ലക്ഷ്മണയ്യക്ക് സ്വാമിയെ ദൂരെ നിന്ന് കണ്ട് തൃപ്തിപ്പെടേണ്ടി വന്നു.

തന്റെ 65ാം ജന്മദിനസന്ദേശത്തിൽ ശില്പചാതുരിയോടുകൂടിയ ഒരു സൂപ്പർസ്പെഷ്യാലിറ്റി ആശുപത്രി സൗജന്യ വൈദ്യസഹായം നൽകുന്നതിനായി താൻ നിർമ്മിക്കുമെന്നും അന്നേക്ക് ഒരു വർഷത്തിനകം ആദ്യ ഹൃദയശസ്ത്രക്രിയക്കായി അത് സജ്ജമായിരിക്കും എന്നും ഭഗവാൻ പ്രഖ്യാപിച്ചു. അത് നടപ്പാക്കാനാവില്ലെന്ന് വിദഗ്ദർ അടക്കം പറഞ്ഞു. ഈ ഭീമമായ സംരംഭത്തിനുള്ള പണം എവിടെ നിന്ന് വരുമെന്ന് സ്വാമിയുടെ സ്വന്തം സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്നവർ പോലും പരസ്പരം ചോദിച്ചു. ആശുപത്രി

വിഭാവനം ചെയ്ത ആർക്കിടെക്റ്റായ ഡോ. കിത്ത് ക്രിറ്റ്ച്ച്ലോവിനുപോലും അക്കാര്യത്തിൽ സംശയമുണ്ടായിരുന്നു. സാങ്കേതികമായി ഔന്നത്യം പ്രാപിച്ച യു. എസ്. എ തുടങ്ങിയ രാജ്യങ്ങളിൽ പോലും ഇത്തരമൊരു ആശുപത്രി നിർമ്മിക്കുന്നതിന് ചുരുങ്ങിയത് ഏഴു വർഷങ്ങളെങ്കിലും വേണ്ടിവരും. ഈ ആറുമാസം കൊണ്ട് സ്വാമി ഇതെങ്ങനെ പൂർത്തിയാക്കും എന്നതായിരുന്നു അദ്ദേഹത്തിന്റെ സംശയം. ഈശ്വരേച്ഛക്കനുസൃതമായി സകല സംശയങ്ങളേയും കാറ്റിൽപ്പറത്തി അവിടുത്തെ 66ാം ജന്മദിനത്തിൽ തന്നെ ഒന്നിനുപകരം നാല് ഹൃദയശസ്ത്രക്രിയകൾ ചെയ്തുകൊണ്ട് ആശുപത്രി ഉദ്ഘാടനം ചെയ്യപ്പെട്ടു. ഇത്തരം ഒരുപാട് അത്ഭുതകരമായ കഥകൾ കേട്ടതിനു ശേഷവും നമ്മൾ ഇപ്പോഴും സംശയത്തിനു ഇടം കൊടുക്കുന്നു.

*"ദിവ്യപ്രേമസ്വരൂപരേ, ഞാൻ പറയുവാനുദ്ദേശിക്കുന്നത് അതിശയോക്തിയാണെന്ന് കരുതരുത്. സ്വതാൽപ്പര്യത്തിന്റെ ഒരു കണികപോലും എന്നിലില്ല".*

സത്യസായി സ്പീക്സ്. വാല്യം 23. അദ്ധ്യായം 34.

സായിചരിതം നമുക്കു വെളിവാക്കിത്തരുന്നതെന്തെന്നാൽ, ഭഗവാന്റെ ദിവ്യസങ്കൽപ്പം എന്തുതന്നെയായാലും അത്ഭുതകരമായി അത് നിലവിൽ വരും എന്നു തന്നെയാണ്. ഒരിക്കൽ സംശയിച്ചവരെല്ലാവരും തന്നെ ഭഗവാന്റെ പദ്ധതിയുടെ ഭാഗമായി പിന്നീട് ഇതേ കാര്യങ്ങൾ നിറവേറുന്നതുകാണുമ്പോൾ സായിയുടെ മഹത്വത്തെ വാഴ്ത്തി. കൂടുതൽ പേരും ഒരിക്കൽ തങ്ങളുടേതായ രീതിയിൽ ഇത്തരം കാര്യങ്ങളുടെ സാദ്ധ്യതയെ സംശയിച്ചിരുന്നുവെന്നത് മറക്കുകയാണുണ്ടായത്. അങ്ങനെ മറക്കാത്തവരാകട്ടെ, അവതാരോദ്ദേശ്യത്തെ സംശയിക്കാൻ മുതിർന്നതിൽ ലജ്ജിക്കുകയും അതിൽ പശ്ചാത്തപിക്കുകയും ചെയ്തു.

സ്വാമി പ്രവചിച്ചത് എന്തുതന്നെയായാലും അത് സംഭവിക്കാനുള്ളതാണ്. അതിൽ സംശയത്തിനിടമില്ല. സത്യസായി അവതാരത്തിന്റെ, നിശ്ചയമായും പ്രകടമാക്കാൻ നിയുക്തമായ സാർവ്വശക്തിത്വത്തെ സ്വാംശീകരിക്കാനുള്ള വിവേകവും വിജ്ഞാനവും നമുക്കു നൽകേണമേ എന്ന് അവിടുത്തെ മഹത്വത്തെ വാഴ്ത്തിക്കൊണ്ട് നമുക്ക് ഭഗവാനോടു തന്നെ പ്രാർത്ഥിക്കാം.

# ഭാഗം 2

## നവാഗമനം

## അദ്ധ്യായം 5

# പുനരാഗമന സൂചനകൾ

**ത**ന്റെ ജീവിതകാലത്തു തന്നെ വിശ്വപ്രേമവും പ്രശാന്തിയും നിറഞ്ഞ ഒരു നൂതന സുവർണ്ണയുഗം ഈ ഭൂമിയിൽ തിരിച്ചെത്തുമെന്ന് സ്വാമി പ്രഖ്യാപിച്ചിട്ടുണ്ട്.

*"ജീവിതം കൂടുതൽ ആനന്ദപൂർണ്ണമാവുമെന്നും ആ സുവർണ്ണയുഗം വന്നെത്തുമെന്നും വിശ്വസിക്കുവാൻ, കാര്യങ്ങൾ കൂടുതൽ മെച്ചപ്പെടുമെന്ന് വിശ്വസിക്കുവാൻ ആളുകൾ മടിക്കുന്നു. ഈ ദിവ്യശരീരം, ഈ ധർമ്മസ്വരൂപം അവതരിച്ചത് വൃഥാവിലല്ലെന്ന് ഞാൻ നിങ്ങൾക്ക് ഉറപ്പുതരുന്നു. മാനവരാശിയുടെ മേലെയുള്ള പ്രതിസന്ധികളെ തരണം ചെയ്യുന്നതിൽ തീർച്ചയായും ഞാൻ വിജയിച്ചിരിക്കും".*

ബാബ 1968-ൽ - സായിബാബ. ദ ഹോളിമാൻ ആൻഡ് ദ സൈക്യാട്രിസ്റ്റ്, പേജ്.91.

(സ്വാമി സുവർണ്ണയുഗത്തെക്കുറിച്ച് കൂടുതൽ പറയുന്നത് 'സത്യസായി സുവർണ്ണയുഗത്തിന്റെ ഉദയം' എന്ന അദ്ധ്യായത്തിൽ ചേർത്തിട്ടുണ്ട്).

തന്റെ പല പ്രഭാഷണങ്ങളിലും അഭിമുഖങ്ങളിലും സുവർണ്ണയുഗത്തെക്കുറിച്ച് സ്വാമി വളരെ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. അടുത്ത ഭക്തരോട് സുവർണ്ണയുഗത്തെക്കുറിച്ചുള്ള കോരിത്തരിപ്പിക്കുന്ന, അത്ഭുതകരമായ വസ്തുതകൾ സ്വാമി വെളിപ്പെടുത്തിയിട്ടുണ്ട്. സ്വാമിയുടെ ഇത്തരം സന്ദേശങ്ങൾ ലൂക്കസ് റാലി

എന്ന ബ്രിട്ടീഷ് സായി ഭക്തൻ സായി മെസ്സേജസ് ഫോർ യൂ ആൻഡ് മീ എന്ന പേരിൽ നാലു വാല്യങ്ങളുള്ള പുസ്തകത്തിൽ ചേർത്തിട്ടുണ്ട്.

*"സുവർണ്ണയുഗത്തിന്റെ വരവിനു മുന്നോടിയായി ഇന്ന് സമൂഹത്തിൽ വ്യാപിച്ചിരിക്കുന്ന സകല തിന്മകളെയും വേരോടെ പിഴുതെറിയാനായി പുതിയ ഒരു ആഗമനം സംഭവിക്കും".*

സായി മെസ്സേജസ് ഫോർ യൂ ആൻഡ് മീ. വാല്യം 2.
ലൂക്കസ്. റാലി. പേജ്. 70.

ഇതുവരെയും മുകളിൽ പറയുന്ന 'പുതിയ ആഗമനം' പ്രേമസായിയുടെ വരവായാണ് പല പുസ്തകങ്ങളും വ്യാഖ്യാനിച്ചിരിക്കുന്നത്. പക്ഷെ പ്രവചിച്ചിരിക്കുന്നതിലും നേരത്തെ തന്നെ സ്വാമി തന്റെ ശരീരം ഉപേക്ഷിച്ചതിനാൽ 'പുതിയ ആഗമനത്തിന്' ഒരു പുതിയ അർത്ഥം തന്നെ കൈവന്നിരിക്കുന്നു. സത്യസായി രൂപത്തിലുള്ള തന്റെ തന്നെ പുനരാഗമനത്തെക്കുറിച്ചുള്ള സൂചനയാണോ സ്വാമി നൽകിയിരിക്കുന്നത്? പ്രത്യേകിച്ച് സത്യസായി അവതാരകാലത്തു തന്നെ സുവർണ്ണയുഗം ആരംഭിക്കുമെന്ന് സ്വാമി പ്രവചിച്ച അവസരത്തിൽ? എന്റെ അഭിപ്രായത്തിൽ എല്ലാത്തരം വൈരുദ്ധ്യങ്ങളുടേയും സകല തിന്മകളുടേയും കൊടുമുടിയിൽ എത്തിച്ചേർന്നിരിക്കുന്ന ഒരു കാലഘട്ടമാണിത്. അതിശ്രേഷ്ഠവും അഭൂതപൂർവ്വവുമായ ഒരു മഹാത്ഭുതത്തിനു മാത്രമേ ഈ തിന്മകളുടെ വേരറുക്കാനും ജനങ്ങളുടെ ശ്രദ്ധ പിടിച്ചു പറ്റി അവരെ ഈശ്വരോന്മുഖരാക്കാനും സാധിക്കൂ.

ശ്രീ. സത്യസായി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹയർ ലേണിംഗിലെ ആദ്യ വൈസ് ചാൻസലറും പ്രമുഖ ഇന്ത്യൻ കവിയുമായ ശ്രീ. പ്രൊഫ. വി. കെ. ഗോഖഖിന് സ്വാമിയുമായി നീണ്ട സംഭാഷണങ്ങൾ നടത്താൻ ഭാഗ്യം ലഭിച്ചിട്ടുണ്ട്. സ്വാമിയെക്കുറിച്ച് അദ്ദേഹം നിരവധി പുസ്തകങ്ങളും രചിച്ചിട്ടുണ്ട്. 'ഭഗവാൻ ശ്രീ സത്യസായിബാബ' എന്ന തന്റെ പുസ്തകത്തിൽ സായി അവതാരകാലത്ത് 'ദിവ്യമുഹൂർത്തം' എന്നു വിളിക്കാവുന്ന വളരെ അപൂർവ്വമായ ഒരു സമയത്തെപ്പറ്റി അദ്ദേഹം പറയുന്നുണ്ട്. ആ പ്രത്യേക സംഭവം ഭഗവാന്റെ തിരിച്ചുവരവിനെക്കുറിച്ചാണോ ഉദ്ദേശിക്കുന്നത്? സ്വാമിയുടെ ദിവ്യത്വത്തിലേക്ക് ലോകശ്രദ്ധ ആകർഷിക്കുന്ന ഒരു പ്രത്യേക സംഭവത്തിനോ സംഭവ പരമ്പരകൾക്കോ ശേഷമായിരിക്കും

സുവർണ്ണയുഗം ആരംഭിക്കുന്നത് എന്ന് സ്വാമി തന്നെ സൂചിപ്പിക്കുന്നുമുണ്ട്.

*"ഉയിർന്നെഴുന്നേല്പിന്റെ ദിവസം ഒരുപാട് അകലെയല്ല. അതു വന്നെത്തുമ്പോൾ ഈശ്വരന്റെ യഥാർത്ഥ ശക്തി വെളിപ്പെടുകയും അവിടുത്തെ സാന്നിദ്ധ്യം തെളിയിക്കപ്പെടുകയും ചെയ്യും".*

ശ്രീ സത്യസായിബാബ ആൻഡ് ഫ്യൂച്ചർ ഓഫ് മാൻകൈൻഡ്.
സത്യപാൽ റുബേല. പേജ്. 33.

## വരാനിരിക്കുന്ന അത്ഭുതം

24 ഏപ്രിൽ 2011ന് തന്റെ ദിവ്യശരീരം വെടിയുന്നതിന് മുമ്പ് കാന്റൻ, ഒഹയോ, യു.എസ്.എ യിൽ താമസിക്കുന്ന സീമ ധവാൻ എന്ന തന്റെ ഭക്തയ്ക്ക് ഭഗവാൻ മൂന്ന് പ്രചോദന സന്ദേശങ്ങൾ നൽകുകയുണ്ടായി. പല സായിഭക്തർക്കും സുപരിചിതമായ നാമമാണ് അവരുടേത്. അവരുടെ പല പുസ്തകങ്ങളും സായി കുടുംബത്തിൽ പ്രസിദ്ധവുമാണ്. താനുമായുള്ള എല്ലാ ആന്തരികസംഭാഷണങ്ങളും എഴുതിസൂക്ഷിക്കണമെന്നും ഒരിക്കൽ അവ മാനവരാശിക്ക് പ്രയോജനപ്പെടുമെന്നും 1990 ആഗസ്റ്റിൽ ഭഗവാൻ സീമ ധവാനോട് അരുളിച്ചെയ്തിരുന്നു. അങ്ങനെയാണ് തന്റെ ആദ്യപുസ്തകമായ 'സായി ദർശന്റെ' രചന സീമ ആരംഭിക്കുന്നത്. സെപ്തംബർ 1997ൽ ഈ പുസ്തകത്തിന്റെ കയ്യെഴുത്തുപ്രതി സ്വാമി 11 പ്രാവശ്യം ആശീർവദിക്കുകയും അതിൽ 2 തവണ വിഭൂതി സൃഷ്ടിച്ച് വിതറുകയും ചെയ്തു. ആ പുസ്തകം പോലെത്തന്നെ, ദർശനങ്ങളിലൂടെയും ആന്തരിക സംഭാഷണങ്ങളിലൂടെയും സ്വാമി അവർക്കു സമ്മാനിച്ച ഈ സന്ദേശങ്ങളും ലോകമെമ്പാടുമുള്ള സായിഭക്തർക്ക് ആശ്വാസവും പ്രചോദനവുമായിത്തീർന്നു. അവരുടെ തന്നെ വാക്കുകളിൽ:

*"സ്വാമി ഈ മൂന്ന് സന്ദേശങ്ങളും 'നിങ്ങൾക്കു വേണ്ടി മാത്രം', 'എന്തും സാദ്ധ്യമാണ്', 'വരാനിരിക്കുന്ന മഹാത്ഭുതം' എന്നിവ അദ്ദേഹത്തിന്റെ ഭക്തരുടെ ഏറ്റവും വലിയ സമാശ്വാസത്തിനുള്ള ഉപാധിയായിരിക്കും എന്ന് ചൂണ്ടിക്കാണിച്ചു. തന്റെ മൂന്നാമത്തെ സന്ദേശം ഒരു വീഡിയോ രൂപത്തിലാക്കണമെന്ന്, മാധ്യമപ്രവർത്തകനായ ടെഡ് ഹെന്റിയോടും അദ്ദേഹത്തിന്റെ ഭാര്യ ജോഡിയോടും പറയാൻ അവിടുന്ന് ആവശ്യപ്പെട്ടു".*

സ്വാമി ശരീരം ഉപേക്ഷിക്കുന്നതിന് ഒരു ദിവസം മുൻപ് 23 ഏപ്രിൽ 2011ന് ആണ് 'വരാനിരിക്കുന്ന മഹാത്ഭുതം' എന്ന ദിവ്യ സന്ദേശം സീമ ധവാന് ലഭിക്കുന്നത്. ആ സന്ദേശത്തിൽ സ്വാമി പറയുന്നത് ഇപ്രകാരമാണ്.

*"പ്രിയരേ... ഒരു മഹാത്ഭുതം വരാനിരിക്കുന്നു. ഏറ്റവും നല്ലതെന്തെന്ന് എനിക്കു മാത്രമേ അറിയൂ. വരാനിരിക്കുന്ന ദിവസങ്ങൾ കടന്നുപോകുന്നതിനായി നിങ്ങൾക്കു കാത്തിരിക്കാനായാൽ തന്നെത്തന്നെ ശക്തരാക്കി നിങ്ങൾക്കു പിടിച്ചുനിൽക്കാനായാൽ... നിങ്ങൾക്ക് കഴിയുമെന്ന് നിങ്ങൾ കരുതുന്നതിലും ഇത്തിരി കൂടി... അങ്ങനെയെങ്കിൽ... പ്രിയപ്പെട്ടവരേ നിങ്ങൾ കാണാൻ പോകുന്നത് ഞാൻ നിങ്ങൾക്കു മുന്നിൽ, നിങ്ങളെ സാക്ഷികളാക്കികൊണ്ട് വെളിപ്പെടുത്തും. നിങ്ങളുടെ ജീവിതസാക്ഷാത്ക്കാരത്തിനായി, ഒരു മഹാത്ഭുതം വരാനിരിക്കുന്നു, അതിനായി നിങ്ങൾ പ്രാർത്ഥിച്ചിട്ടുണ്ട്."*

തനിക്കായി ലഭിച്ച ഈ സന്ദേശത്തെക്കുറിച്ച് സീമ പറയുന്നത് ഇപ്രകാരമാണ്.

"ശനിയാഴ്ച കാലത്ത് 'വരാനിരിക്കുന്ന മഹാത്ഭുതം' എന്ന സന്ദേശവുമായി അവിടുന്ന് എന്റെ അരികിൽ വന്നു. പുലർകാലത്തു തന്നെ എനിക്കത് സമ്മാനിച്ചുവെങ്കിലും കാലത്ത് 9 മണി ആകുന്നതുവരേയും ആരുമായും അത് പങ്കുവെക്കാൻ അവിടുന്ന് അനുവദിച്ചില്ല. ഒരു സുവർണയുഗം വരാനിരിക്കുന്നുണ്ടെന്ന് അദ്ദേഹം എനിക്ക് ഉറപ്പുതന്നു. തീർച്ചയായും അദ്ദേഹം തിരിച്ച് ശരീരത്തിൽ പ്രവേശിക്കുമെന്നാണ് ആ സമയത്ത് ഞാൻ വിശ്വസിച്ചത്. തന്റെ ദൗത്യം നടക്കുമെന്നുറപ്പാക്കും എന്നല്ലാതെ എപ്രകാരം നടക്കും എന്ന് സ്വാമി ഒരിക്കലും വെളിവാക്കാറില്ല".

ആ സമയത്ത് സ്വാമി സുഖം പ്രാപിച്ച് തിരിച്ചുവരുമെന്നാണ് താൻ പ്രതീക്ഷിച്ചതെന്ന് സീമ തന്നെ പ്രസ്താവിക്കുന്നുണ്ട്. അന്നേരം ആ സന്ദേശം വായിച്ച ലോകമെമ്പാടുമുള്ള ഭക്തർ വരാനിരിക്കുന്ന മഹാത്ഭുതമായി പ്രതീക്ഷിച്ചത് സ്വാമിയുടെ തിരിച്ചുവരവാണ്. എന്നാലും പിറ്റേന്നു തന്നെ അവിടുന്ന് സ്വന്തം ശരീരം ഉപേക്ഷിച്ചു. അപ്പോൾ പിന്നെ സ്വാമി സൂചിപ്പിച്ച മഹാത്ഭുതം എന്തായിരിക്കും?

തൊട്ടടുത്ത ദിവസം 25 ഏപ്രിൽ 2011ന് സ്വാമി സീമക്ക് മറ്റൊരു സന്ദേശം നൽകി. 'ഞാൻ ഒരിടത്തേക്കും പോയിട്ടില്ല.'

*.....“ശുദ്ധമനസ്കരായ ഭക്തഹൃദയങ്ങളും പ്രേമം നിറഞ്ഞ ഹൃദയങ്ങളും കാലങ്ങളോളം എന്നെ വിളിച്ചുകൊണ്ടിരിക്കും. അവരുടെ വിശുദ്ധിയുടെ ശക്തി ഒന്നുകൊണ്ടുമാത്രം ഒരിക്കൽകൂടി ഞാൻ ദൃശ്യനാകുകയും നിറഞ്ഞകൈകളോടെ ഞാൻ ഒരിക്കൽക്കൂടി വന്നെത്തുകയും ചെയ്യും. ഞാനെന്തു പറഞ്ഞാലും അത് വൃഥാവിലാവില്ലെന്ന എന്റെ വാക്കുകളെ നിങ്ങൾ വിശ്വസിക്കണം. എന്റെ വാക്കുകൾ സത്യമായിത്തീരും. എല്ലായ്പ്പോഴും എന്നെക്കുറിച്ചു മാത്രം ചിന്തിക്കൂ, നിങ്ങൾക്കുമുന്നിൽ ഞാനുണ്ടെന്ന് മനസ്സിലാക്കൂ. വികാരങ്ങളിൽ നിന്ന് അകന്നുമാറി എന്റെ തിരിച്ചുവരവിനായി കാത്തിരിക്കൂ”.*

ഈ ഒരു സന്ദേശത്തിൽ വീണ്ടും ലോകത്തിനു മുന്നിൽ താൻ ദൃശ്യനാകുമെന്ന് സ്വാമി പ്രസ്താവിക്കുന്നു. അത് പ്രേമസായിയുടെ വരവായി വ്യാഖ്യാനിക്കപ്പെട്ടേക്കാം. അങ്ങനെയെങ്കിൽ തന്റെ 'തിരിച്ചുവരവിനെ'ക്കുറിച്ച് ലോകത്തിന് 'ദൃശ്യമാകും' എന്ന് സ്വാമി പറയാൻ കാരണമെന്ത്? ഈ സന്ദേശത്തെ 'വരാനുള്ള മഹാത്ഭുതം' എന്ന സന്ദേശവുമായി കൂട്ടിവെച്ച് വായിക്കുമ്പോൾ നമുക്കൊരു സൂചന ലഭിക്കുന്നുണ്ടോ? പ്രേമസായിയുടെ വരവ് നേരത്തേ പ്രവചിച്ചതിനാലും നാമത് പ്രതീക്ഷിക്കുന്നതിനാലും ഇവിടെ സ്വാമി പറയുന്ന വരാനിരിക്കുന്ന മഹാത്ഭുതം പ്രേമസായിയുടെ വരവല്ല, പ്രതീക്ഷിച്ചതിലും നേരത്തേ ശരീരം ത്യജിച്ച സത്യസായി അവതാരത്തിന്റെ തിരിച്ചുവരവാണെന്ന് വിശ്വസിക്കേണ്ടിയിരിക്കുന്നു.

## ഭക്തരുടെ സ്വപ്നങ്ങളിലൂടെ

സ്വാമിയുടെ ഇച്ഛയുണ്ടെങ്കിൽ മാത്രമേ സ്വാമിയുടെ സ്വപ്നം ലഭിക്കൂ. ആ സ്വപ്നം സുവ്യക്തവും അത് കാണുന്ന ഭക്തനുമായി സംവദിക്കുന്നതുമായിരിക്കും.

*“സ്വാമി സ്വപ്നങ്ങളിൽ പ്രത്യക്ഷപ്പെടുക എന്നത് വളരെ വിശേഷപ്പെട്ടതാണ്. പൊതുവായി സ്വപ്നങ്ങൾ തന്റെ തന്നെ ഉള്ളിലെ പ്രതികരണങ്ങളെയും പ്രവർത്തനങ്ങളെയും പ്രതിഫലനങ്ങളെയും ആശ്രയിച്ചിരിക്കുന്നു. സ്വാമിയുടെ സ്വപ്നങ്ങൾ ഇത്തരത്തിൽ വരികയില്ല. സ്വാമി ഇച്ഛിക്കുമ്പോൾ മാത്രമാണ് ഒരാൾ സ്വാമിയെ സ്വപ്ന*

*ത്തിൽ ദർശിക്കുന്നത്. അല്ലാതെ സ്വാമിയെ ദർശിക്കണമെന്ന് ഒരാൾ ആഗ്രഹിക്കുമ്പോഴല്ല."*

സത്യസായി സ്പീക്സ്. വാല്യം 31. അദ്ധ്യായം 44.

*"എന്റെ ഇച്ഛയാൽ നൽകപ്പെടുന്ന സ്വപ്നങ്ങൾ സുവ്യക്തവും യാതൊരുവിധ സംശയത്തിനും ഇടം നൽകാത്തതുമാണ്. ഞാൻ നിങ്ങൾക്കരികിൽ വന്ന് എന്താണ് വേണ്ടതെന്ന് നിങ്ങളോട് നിർദ്ദേശിക്കുകയാണപ്പോൾ".*

സത്യസായി സ്പീക്സ്. വാല്യം 31. അദ്ധ്യായം 44.

സ്വാമി ശരീരം വെടിഞ്ഞതിന് മാസങ്ങൾക്കു ശേഷം, ശ്രീ നരസിംഹമൂർത്തിയ്ക്കു താൻ വാർഡനായി സേവനമനുഷ്ഠിക്കുന്ന മുദ്ദനഹള്ളികാംപസിനെ സംബന്ധിച്ച് വിശദമായ നിർദ്ദേശങ്ങൾ സ്വാമി സ്വപ്നത്തിലൂടെ നൽകുകയുണ്ടായി.

സ്വാമി സ്വപ്നത്തിൽ ഇപ്രകാരം പറയുന്നു. *"ഈ ഗുരുപൂർണ്ണിമ ദിവസത്തിനുമുമ്പ് (15 ജൂലൈ 2011) കുന്നിൻമുകളിലെ ബിൽഡിംഗ് എനിക്കായി തയ്യാറാക്കൂ. ഗുരുപൂർണ്ണിമ ദിവസത്തിൽ ഞാനതിൽ പ്രവേശിക്കുകയും സ്ഥിരമായി താമസിക്കുകയും ചെയ്യും. വിവിധ സ്ഥലങ്ങളിലേക്ക് ഞാൻ ഇവിടെ നിന്ന് പോയിവരും. പക്ഷെ ഞാൻ ഇവിടെ സ്ഥിരമായി വസിക്കും."*

വസിക്കുക മാത്രമല്ല. താനിവിടെ ദൃശ്യനാകുമെന്നും സ്വാമി പറയുന്നുണ്ട്. 'ഞാനിവിടെ വരും, ഞാനിവിടെ ദൃശ്യനാകും'. മുകളിൽപറഞ്ഞ സ്വപ്നത്തെ, ശ്രീ. നരസിംഹമൂർത്തി വിവരിക്കുന്നത് ഇപ്രകാരമാണ്.

*"ആർക്കു ദർശനം നൽകണമെന്നും ആർക്ക് ദർശനം നൽകില്ല എന്നതും സ്വാമിയുടെ മധുരസങ്കൽപ്പത്തെ ആശ്രയിച്ചിരിക്കുന്നു. അർഹതപ്പെട്ടവർക്കും അല്ലാത്തവർക്കും വേണ്ടി അവിടുന്ന് മൊത്തത്തിൽ ദർശനം നൽകിയിരുന്നു. ആ അവസരസൗഭാഗ്യം 24 ഏപ്രിൽ 2011 ന് പര്യവസാനിച്ചു. ഇനി നമ്മളിൽ അർഹതയുള്ളവർക്ക് അദ്ദേഹത്തിന്റെ ദർശനം ലഭിക്കും. അവിടുന്ന് ഇച്ഛിച്ചാൽ സ്വാമിയെ സശരീരനായി കാണാനുമാവും. കാരണം സ്വാമിയുമായി കഴിഞ്ഞ 46 വർഷമായുള്ള എന്റെ ബന്ധത്തിൽ, സ്വാമിയുടെ ഒരു വാക്കുപോലും സത്യമാവാതെ ഇരുന്നിട്ടില്ല. നമ്മൾ സ്വാമിയെ ഒരു ദിവസം അല്ലെങ്കിൽ മറ്റൊരു ദിവസം കാണുമെന്നതിൽ എനിക്കുറപ്പുണ്ട്".*

ശ്രീ സത്യസായി യൂണിവേഴ്സിറ്റിയുടെ മുൻ വൈസ്ചാൻസലർ ആയിരുന്ന ഡോ. കെ. ഹനുമന്തപ്പ തന്റെ 'ശ്രീ സത്യസായി ബാബ - ഒരു യുഗാവതാരം' എന്ന പുസ്തകത്തിൽ പുട്ടപ്പർത്തിയുടെ ഭാവിയെക്കുറിച്ച് സ്വാമി നൽകിയ ഒരു സ്വപ്നത്തെപ്പറ്റി വിശദമായി വിവരിക്കുന്നുണ്ട്. 'പുട്ടപ്പർത്തിയുടെ ഭാവിദർശനം' എന്ന അദ്ധ്യായത്തിൽ (പേജ്. 165-167) അദ്ദേഹം ഇപ്രകാരം പറയുന്നു.

*"പുട്ടപ്പർത്തി ഭാവിയിൽ എപ്രകാരം കാണപ്പെടും എന്ന് സ്വപ്നത്തിൽ സ്വാമി വിവരിക്കാൻ ആരംഭിച്ചു. ഉയർന്ന ഒരു പ്രതലത്തിലേക്ക് സ്വാമി എന്നെ നയിച്ചു. അവിടെ നിന്നുകൊണ്ട് വിവിധ സ്ഥലങ്ങൾ ചൂണ്ടിക്കാണിച്ച് ഓരോരോ സുപ്രധാന വളർച്ചാഘട്ടങ്ങളും അവിടുന്ന് വിവരിച്ചുതന്നു. പ്രധാനമായ മാറ്റം സ്വാമി തന്റെ വാസസ്ഥലം ചിത്രാവതി നദിയ്ക്കക്കരെയുള്ള പർവ്വതത്തിലെ ഒരു കെട്ടിടത്തിലേക്ക് മാറ്റി എന്നതായിരുന്നു. ആ കുന്നിനു ചുറ്റുമായി ഒരു വലിയ മതിൽ നിർമ്മിക്കപ്പെട്ടിരുന്നു. മുഴുവൻ സ്ഥലവും സായുധ സൈനികരാൽ വലയം ചെയ്യപ്പെട്ടിരുന്നു".*

ആ സ്വപ്നത്തിലെ മററു ചില പ്രസക്ത ഭാഗങ്ങൾ

❖ വിവിധ രാജ്യങ്ങളിലെ ഭക്തർ പുട്ടപ്പർത്തിയിൽ കോളനികൾ നിർമ്മിച്ച് താമസിച്ചിരുന്നു. സ്വാമി കുന്നിൻമുകളിൽനിന്ന് താഴേക്ക് ഇറങ്ങിവന്ന് സ്വയം അനവധി സായിരൂപങ്ങളായി വിഭജിച്ച് ഒരേ സമയം വിവിധ കോളനികളിലേക്ക് ദർശനം നൽകുന്നതിനായി പോയി.

❖ സ്വാമി ഒരേസമയം നൂറുകണക്കിന് ബാബമാരായി സ്വയം വിഭജിച്ച് വിവിധ രാജ്യങ്ങളിലെ അനേകം സായിസെന്ററുകളിലേക്ക് ദർശനം നൽകുന്നതിനായി പുറപ്പെട്ടു.

❖ ന്യൂയോർക്ക് നഗരത്തെപ്പോലെ സകലവിധ അത്യാധുനിക സൗകര്യങ്ങളോടുംകൂടി വളരെ പരിഷ്കരിക്കപ്പെട്ട ഒരു നഗരമായി പുട്ടപ്പർത്തി വളർന്നിരിക്കുന്നു.

❖ കുറച്ച് തെരഞ്ഞെടുക്കപ്പെട്ട ഭക്തർക്കുമാത്രമേ സ്വാമിയുടെ അരികിൽ ചെല്ലാൻ അനുവാദമുണ്ടായിരിക്കുകയുള്ളൂ.

സുപ്രസിദ്ധ പണ്ഡിതനായ ഡോ. ഹനുമന്തപ്പയ്ക്കു സ്വാമി വളരെയധികം അത്ഭുതകരങ്ങളായ അനുഭവങ്ങൾ നൽകിയിട്ടുണ്ട്. 'ശ്രീ സത്യസായിബാബ - ഒരു യുഗാവതാരം' എന്ന പുസ്തകത്തിൽ

വിവിധ ജീവിത സന്ദർഭങ്ങളിൽ എപ്രകാരമാണ് സ്വാമി തന്നെ നയിച്ചത് എന്നു അദ്ദേഹം വിവരിക്കുന്നുണ്ട്. സത്യത്തിൽ സ്വാമി തന്നെ ഈ സ്വപ്നങ്ങളുടെ ആധികാരികതയെ ശരിവെച്ചിട്ടുണ്ട്. 2008 മാർച്ച് 7-ന് സ്വാമി തന്നെയാണ് ഈ പുസ്തകം പ്രകാശനം ചെയ്തത്. സ്വാമി തിരിച്ചുവരുന്ന അവസരത്തിൽ ഈ ഭാവിദർശനം വളരെ ഭംഗിയായി നടപ്പിൽവരും. സ്വാമിയുടെ ദേഹവിയോഗത്തിനുമുമ്പ് ഇവ നടപ്പിൽവരുമെന്ന് ഭക്തർക്കു ചിന്തിക്കാനാകുമായിരുന്നു. പക്ഷേ, ഇപ്പോൾ ആ ഭാവിദർശനം വെറുമൊരു മിഥ്യയായി മാറിയോ? സ്വാമിയുടെ സ്വപ്നങ്ങൾ ഭക്തരുടെ ചിന്തകളുടെ സാക്ഷാത്ക്കാരമല്ല എന്ന് സ്വാമിതന്നെ പ്രസ്താവിച്ചിട്ടുണ്ട്.

*"ഞാൻ സ്വപ്നത്തിൽ പ്രത്യക്ഷമാകുന്നത് ആ വ്യക്തിയോട് എന്തെങ്കിലും സംവദിക്കാനായിരിക്കും. സാധാരണ സ്വപ്നംപോലെ വെറുമൊരു സ്വപ്നമല്ലത്. നിങ്ങൾ സ്വപ്നത്തിൽ കാണുന്ന വസ്തുതകൾ നിങ്ങളുടെ ഭാവനയിൽ നിന്നുരുത്തിരിഞ്ഞതാണെന്ന് കരുതരുത്. സ്വപ്നത്തിലൂടെ ഞാൻ നിങ്ങളുടെ സംശയങ്ങൾക്കെല്ലാം മറുപടി തരുന്നു".*

സത്യം ശിവം സുന്ദരം. ഭാഗം 4. പേജ് 100.

സ്വാമിയുടെ അനുഗ്രഹത്താൽ, എന്നെപ്പോലെത്തന്നെ സ്വാമി തിരിച്ചുവരുമെന്ന് വിശ്വസിക്കുന്ന അനേകം സായി സഹോദരങ്ങളുടെ അനുഭവങ്ങളിലൂടെ ഞാൻ കടന്നുപോയി. അവരിൽ ചിലരെങ്കിലും സ്വാമി നേരത്തെപ്പോലെ പ്രശാന്തിനിലയത്തിൽ വസിക്കുമെന്ന് വിശ്വസിക്കുന്നില്ലെങ്കിലും, വലിയ തോതിൽ സായി ദർശനങ്ങളും അത്ഭുതങ്ങളും ലോകത്തിന്റെ വിവിധഭാഗങ്ങളിൽ നടക്കുമെന്നു വിശ്വസിക്കുന്നുണ്ട്. 1988 മുതലുള്ള സായിഭക്തനായ വെനിസ്വെലയിലെ ശ്രീ ജയ്റോ ബോർജസ്സിന് സ്വാമിയുടെ തിരിച്ചുവരവിനെ സംബന്ധിച്ചുള്ള ഒരു സ്വപ്നം ലഭിച്ചു. നിരവധി തവണ ശ്രീ ജയ്റോ പുട്ടപ്പർത്തിയിലേക്ക് യാത്ര ചെയ്തിട്ടുണ്ട്. 1997-1998 ൽ ലഭിച്ച ഇന്റർവ്യൂവിൽ സ്വാമി നിർദ്ദേശിച്ചപ്രകാരം ഒരു വർഷത്തോളം അദ്ദേഹം പ്രശാന്തിനിലയത്തിൽ താമസിക്കുകയും ചെയ്തിട്ടുണ്ട്. ഇപ്പോൾ കൊളംബിയയിലെ ബോഗാട്ടയിലാണ് അദ്ദേഹത്തിന്റെ താമസം.

2012 ഏപ്രിൽ 29ന് മാനവരാശിയുടെചരിത്രത്തിൽ തന്നെ സമാഗതമായിക്കൊണ്ടിരിക്കുന്ന സുപ്രധാന മുഹൂർത്തത്തെ വര

വേൽക്കാനായി തയ്യാറെടുക്കാൻ ലോകം മുഴുവനുമുള്ള സായി സഹോദരങ്ങളോട് സ്വാമി ആഹ്വാനം ചെയ്യുന്ന തരത്തിലുള്ള ഒരു സ്വപ്നം ജയ്റോവിന് ലഭിച്ചു.

സ്വാമി എന്നോടു പറഞ്ഞു: *"എന്റെ ഭക്തർ സ്വപ്നത്തിൽനിന്ന് ഉണരേണ്ടതായിട്ടുണ്ട്. ഞാൻ ഈ ശരീരമല്ല. ഏതെങ്കിലും ഒരു ദൈവത്തിന്റെ മാത്രം രൂപവുമല്ല. പക്ഷേ, എല്ലാ നാമങ്ങളും എല്ലാ രൂപങ്ങളും എന്റേതാണ്. അനശ്വരനും അനന്തനുമായ ആ സർവ്വേശ്വരനെ എങ്ങനെയാണ് ഒരു രൂപത്തിൽമാത്രം ഒതുക്കിനിർത്താൻ സാധിക്കുന്നത്?"*

*"ഓ! ഭക്തരേ, ഉണരൂ ഉണരൂ ഉണരൂ. മഹർഷികളും സിദ്ധരും യുഗങ്ങളോളം കാത്തിരുന്ന ആ ദിവ്യ മുഹൂർത്തം വളരെ വേഗം സമാഗതമായിക്കൊണ്ടിരിക്കുന്നു. ഞാനാരെന്നും എന്റെ സർവ്വവ്യാപിത്വവും അതിന്റെ മഹത്വവും തിരിച്ചറിയൂ. കൺമുന്നിൽ വെളിപ്പെടാനിരിക്കുന്ന അത്ഭുതകരമായ ആ മഹാസംഭവത്തിന് സാക്ഷ്യം വഹിക്കാനായി തയ്യാറെടുക്കൂ. നിങ്ങൾക്ക് സങ്കൽപ്പിക്കാൻ പോലുമാകാത്ത തരത്തിൽ ഞാൻ തിരിച്ചെത്തും. പൂർണ്ണവിശ്വാസവും പൂർണ്ണസമർപ്പണവും ഉള്ളവരായിരിക്കൂ. വേഗം തന്നെ എന്റെ മഹത്വം നിങ്ങൾക്ക് വെളിപ്പെടും. ലോകം മുഴുവനും എന്റെ ഈ സന്ദേശം പ്രചരിപ്പിക്കൂ. എല്ലാവരോടും തയ്യാറായിരിക്കുവാൻ പറയുക. ഇത് വളരെ വലിയ അവസരമാണ്. അത് പാഴാക്കരുത്. മാനവചരിത്രത്തിൽത്തന്നെ അസാധാരണമായ ഒന്ന് സംഭവിക്കാനിരിക്കുന്നു."*

ജയ്റോ ബോർജസ്സിന് ലഭിച്ച ഈ സ്വപ്നം അത്ഭുതകരമായ ഒരു മഹാസംഭവം നടക്കാനിരിക്കുന്നു എന്നതിന്റെ വ്യക്തമായ സൂചനയാണ്. സ്വാമി തിരിച്ചെത്തുമെന്ന് വ്യക്തമായി സൂചിപ്പിക്കുന്ന സ്വപ്നങ്ങൾ ലഭിച്ച ചില ഭക്തർ അതിനെകുറിച്ചുള്ള വിശദാംശങ്ങൾ എന്നോട് പങ്കുവെക്കുകയുണ്ടായി. എന്നിരുന്നാലും ഇത്തരം സ്വപ്നങ്ങൾ അവരുടെ വ്യക്തിപരമോ, സ്വാമി ആ ഭക്തർക്കു പ്രത്യേകമായി നൽകിയതോ ആയതിനാൽ അവയെക്കുറിച്ചുള്ള വിശദാംശങ്ങൾ ഇവിടെ പ്രതിപാദിക്കുന്നില്ല. അത്തരം ചില സ്വപ്നങ്ങളുടെ രത്നച്ചുരുക്കം ഇപ്രകാരമാണ്. ആ ഭക്തർക്ക് സ്വാമി നൽകിയ വ്യക്തമായ സൂചന, ഇതേ രൂപം സ്വീകരിച്ച് സ്വാമി തിരികെ വരുമെന്നു തന്നെയാണ്.

സ്വാമി വിവിധ സ്ഥലങ്ങളിൽ ഒരേസമയം ജനങ്ങൾക്കു നടുവിൽ പ്രത്യക്ഷപ്പെടുമെന്ന് സൂചിപ്പിച്ച് ചില ഭക്തർക്കു നൽകിയ സ്വപ്നങ്ങളിൽ അത്ഭുതകരമായ സാദൃശ്യം ദർശിക്കാനാകും. ഇതേ തരത്തിലുള്ള ചില പ്രവചനങ്ങൾ പല ഗ്രന്ഥങ്ങളിലും ഞാൻ കാണുകയുണ്ടായി. അവയെക്കുറിച്ച് ഇനി വരും അദ്ധ്യായങ്ങളിൽ വായിക്കാം.

സ്വാമി നമുക്കായി എന്താണ് കാത്തുവെച്ചിരിക്കുന്നതെന്ന് കാലത്തിനുമാത്രമേ വെളിപ്പെടുത്താനാവൂ. പല സായീഭക്തരുടേയും സ്വപ്നദർശനങ്ങളും അനുഭവങ്ങളും ബോധിപ്പിക്കുന്നത് മഹത്തരമായതൊന്ന് വരാനുണ്ട് എന്നു തന്നെയാണ്.

അദ്ധ്യായം 6

# അതിശയപ്പിക്കുന്ന നാഡികൾ

**ആ**യിരക്കണക്കിനു വർഷങ്ങൾക്കു മുമ്പ് ഭാരതത്തിലെ മഹർഷിമാരാൽ വിരചിതമായ ദിവ്യമായ കയ്യെഴുത്തോലഗ്രന്ഥങ്ങളാണ് നാഡികൾ. അവയിൽ കൂടുതലും പുരാതന തമിഴ്ലിപികളിൽ പദ്യരൂപേണ രചിക്കപ്പെട്ടവയാണ്. മാനവരാശിയുടെ ഉന്നമനത്തിനും ധർമ്മസംരക്ഷണത്തിനുമായി ഭാവിയിൽ ജനിക്കാനിരിക്കുന്ന ഓരോ വ്യക്തിയെക്കുറിച്ചുമുള്ള പ്രവചനങ്ങൾ ഇത്തരത്തിൽ ഋഷികൾ രേഖപ്പെടുത്തി വെച്ചു. വൈയക്തികമായ പ്രത്യേകതകൾ, കുടുംബപശ്ചാത്തലം, ആത്മീയ ജീവിതം അതുപോലെത്തന്നെ ഉദ്യോഗസംബന്ധമായ കാര്യങ്ങൾ അങ്ങനെയങ്ങനെ പലതും. തമിഴ്ഭാഷയിൽ 'നാഡി' എന്നു പറഞ്ഞാൽ 'അന്വേഷണത്തിൽ' എന്നാണ് അർത്ഥം. അതിനു കാരണം ഒരു ജീവിതത്തിലെ ഒരു പ്രത്യേക കാലഘട്ടത്തിൽ അതന്വേഷിച്ചുവരുന്ന ആളെക്കുറിച്ചുള്ള പ്രവചനങ്ങൾ ഋഷിമാർ മുൻകൂട്ടി പറഞ്ഞുവെച്ചിരിക്കുന്നതിനാലാണ്. ഇപ്രകാരം മുഴുവൻ മാനവരാശിയുടേയും ഭാവി കൃത്യമായി പ്രവചിച്ച അതിപ്രവീണരായ ആ മഹർഷിമാർ അപാര ഉൾക്കാഴ്ച ഉള്ളവരായിരുന്നു. ആ ഗ്രന്ഥങ്ങളെല്ലാം തന്നെ ഭാരതത്തിലങ്ങോളമിങ്ങോളമുള്ള പല പണ്ഡിതകുടുംബങ്ങളിൽ ഭദ്രമായി പരിരക്ഷിക്കപ്പെട്ടിരിക്കുന്നു. ഇത്തരത്തിലുള്ള പല നാഡിഗ്രന്ഥങ്ങളും ദക്ഷിണഭാരതത്തിലെ തമിഴ്നാട്ടിൽ ലഭ്യമാണ്. ഉദ്ദേശം 1000 വർഷങ്ങൾക്കു മുമ്പ് ചോളഭരണകാലത്ത് നാഡികളെ ഏകോപിപ്പിച്ച് ക്രോഡീകരിക്കുകയുണ്ടായി. അഗസ്ത്യനാഡി, ശുകനാഡി, ബ്രഹ്മ

നാഡി, കൗശികനാഡി എന്നിങ്ങനെ അത് വിരചിച്ച ഋഷിമാരുടെ പേരുചേർത്ത് ഒരുപാടു നാഡികളുണ്ട്. ഇക്കാലത്ത് അത്തരം പദ്യ രൂപത്തിലുള്ള പുരാതന തമിഴ് ലിപി വ്യാഖ്യാനിക്കാൻ കഴിവുള്ള നാഡിവായനക്കാർക്കാണ് ദൗർലഭ്യം.

## സത്യസായി അവതാരത്തെക്കുറിച്ചുള്ള നാഡിപ്രവചനങ്ങൾ

'ഭഗവാൻ സത്യസായിബാബയുടെ 500 വർഷം പഴക്കമുള്ള ജാതകം' എന്ന തലക്കെട്ടിൽ സനാതനസാരഥിയിൽ 1961-ൽ ഒരു ലേഖനം പ്രസിദ്ധീകരിക്കപ്പെട്ടു. ന്യൂഡൽഹിയിലെ ഇന്ത്യൻ അസ്ട്രോ-ഒക്കൽറ്റ് റിസർച്ച് അസോസിയേഷനിലെ പ്രമുഖ അംഗവും പ്രസിദ്ധനുമായ ഡോ. ഇ. വി. ശാസ്ത്രികൾ നൂറുകണക്കിനു വർഷങ്ങൾക്കു മുമ്പ് ഭഗവാൻ സത്യസായി ബാബയെക്കുറിച്ചും അദ്ദേഹത്തിന്റെ ജീവിതത്തെക്കുറിച്ചും നാഡിയിൽ രേഖപ്പെടുത്തിയത് കണ്ടെടുത്തതിനെക്കുറിച്ചായിരുന്നു ആ ലേഖനം ബാംഗ്ലൂരിലെ പ്രമുഖ ജ്യോതിഷ പണ്ഡിതനായ ശ്രീ. ഗജ്ജൂർ നാരായണ ശാസ്ത്രികളിൽ നിന്നു ലഭിച്ച സത്യസായിബാബയെക്കുറിച്ചുള്ള ശുകനാഡി പ്രവചനങ്ങൾ ശ്രീമതി ശകുന്തളബാലു തന്റെ 'ലിവിങ്ങ് ഡിവിനിറ്റി' എന്ന പുസ്തകത്തിൽ ചേർത്തിട്ടുണ്ട്. ഈ രണ്ടു നാഡിവായനകളും ഒരേപോലെത്തന്നെ വിശദമായും കിറുകൃത്യമായും സത്യസായിബാബയുടെ വംശവൃക്ഷത്തേയും അദ്ദേഹത്തെക്കുറിച്ചുള്ള ഒട്ടനവധി വസ്തുതകളേയും വരച്ചുകാട്ടുന്നുണ്ട്.

### നാഡിയിൽ പ്രതിപാദിച്ചിരിക്കുന്ന സത്യസായി അവതാരത്തിന്റെ പ്രത്യേകതകൾ:

### ബ്രഹ്മനാഡി

❖ ജാതകൻ സത്യ നാരായണനെന്ന നാമത്തിൽ, ശിവ-ശക്തിയുടെ പുനരവതാരമായി, ഷിർദ്ദിസായിയുടെ പുനർജന്മമായി ശാന്തിസ്വരൂപനായി, ചിത്രാവതി നദിയുടെ തീരത്ത് പ്രശാന്തമായ പർത്തിയിൽ മാനുഷ രൂപത്തിൽ ജീവിക്കും.

❖ ജാതകൻ ശ്രീകൃഷ്ണന്റേയും ശ്രീലിംഗന്റേയും ശ്രീഭദ്രകാളിയുടേയും ശ്രീശക്തിയുടേയും ശ്രീവിഷ്ണുവിന്റേയും അവതാരമാണ്.

❖എളിയ ജീവിതം നയിച്ചിരുന്നവനും ദരിദ്രചിഹ്നമായ കീറത്തുണി ഉപയോഗിച്ചിരുന്നവനുമായ മഹാരാഷ്ട്രയിലെ ഷിർദ്ദിബാബ തന്നെ സത്യസ്വരൂപമായി സർപ്പതൽപ്പത്തിലിരിക്കുന്ന സത്യനാരായണനായി മാനവരൂപം ധരിച്ചു.

❖ദത്താത്രേയനെ പോലെത്തന്നെ, ബ്രഹ്മാവിഷ്ണുമഹേശ്വരന്മാരുടെ സംഗമമായ അവതാരമാണ് ജാതകൻ.

❖നിയന്താവ് ശക്തിയുടെ രൂപവും സ്വീകരിച്ചെത്തും. പ്രേമസായിയെന്ന മറ്റൊരു അവതാരരൂപവും സത്യസായി സ്വീകരിക്കും.

❖വ്യാഴാഴ്ചയെന്ന ദിനം സത്യസായി എന്ന ബാലനാൽ പവിത്രമാക്കപ്പെടും.

## അഗസ്ത്യനാഡി

❖ദിവ്യകാരുണ്യസ്വരൂപനായവനും ജഗത്തിന് ഈശ്വരനുമാണ് ജാതകൻ.

❖മിന്നൽപ്പിണർ വേഗതയിൽ രോഗവിമുക്തി വരുത്തുവാൻ കഴിവുള്ളവൻ.

❖വിവിധ വിദ്യാഭ്യാസസ്ഥാപനങ്ങൾ സ്ഥാപിക്കും. ധർമ്മസംരക്ഷണാർത്ഥം ഗ്രന്ഥങ്ങൾ രചിക്കും. ജീവിതകാലം മുഴുവൻ ആത്മീയതയെക്കുറിച്ച് ഉദ്ബോധനം നടത്തും.

❖ജാതകൻ തന്റെ ബാല്യത്തിൽ തന്നെ സ്വഭവനം ത്യജിക്കും. ധർമ്മസംസ്ഥാപനം എന്ന കർത്തവ്യത്തിൽ സദാ മുഴുകി ജീവിക്കും. കഴിഞ്ഞ ജന്മത്തിൽ ഷിർദ്ദിയിലെ സായിബാബയായിരുന്നു.

## ശുകനാഡി

❖ജാതകൻ തന്റെ കൃപയാലും പ്രേമത്താലും ജ്ഞാനത്താലും എന്നെന്നും നിലനിൽക്കുന്ന, നിത്യാനന്ദത്തെ, ഈ ലോകത്തിനു നൽകും.

❖ അദ്ദേഹം ഇരിക്കുന്ന സ്ഥലം മാനസാന്തരപ്പെടുന്നവർക്ക് പുണ്യഭൂമിയായി മാറും.

❖അവതാരങ്ങളുടെ അവതാരമായിരിക്കും ജാതകൻ.

❖ഭൗതിക സമ്പത്തിലോ കീർത്തിയിലോ വിരക്തനായ ജാത

കൻ സങ്കൽപ്പസിദ്ധനായിരിക്കും.

❖ഇച്ഛാമരണ പ്രാപ്തി സ്വായത്തമാക്കിയവനും നിർവികൽപ്പ സമാധിയിൽ കഴിയുന്നവനുമായ അദ്ദേഹം സദാധർമ്മസംരക്ഷണത്തിൽ മുഴുകിയിരിക്കും.

❖അസ്വസ്ഥർക്ക് ആലംബമേകുന്നവനായിരിക്കും.

❖ധർമ്മ സംസ്ഥാപനത്തിനായി ജന്മമെടുത്ത ജാതകന്റെ വാസസ്ഥലം ഒരു പുണ്യഭൂമിയായി മാറും.

❖വിവിധ രൂപങ്ങൾ പ്രാപിക്കാൻ പ്രാപ്തിയുള്ളവനും വിവിധ സ്ഥലങ്ങളിൽ ഒരേസമയം പ്രത്യക്ഷപ്പെടാൻ കഴിവുള്ളവനും സകല ബുദ്ധിമുട്ടുകളേയും ആപത്തുകളേയും തരണം ചെയ്യുന്നവനുമായിരിക്കും.

❖ബഹുചക്രവാഹനങ്ങളുള്ള സ്ഥലത്തിനടുത്ത് ആശ്രമം സ്ഥാപിക്കും. (വൈറ്റ് ഫീൽഡ് ആശ്രമം ട്രെയിൻസ്റ്റേഷന് അടുത്താണ്).

❖ആത്മീയശക്തി പകരുന്ന വിദ്യാഭ്യാസ സമ്പ്രദായം പുന:സ്ഥാപിക്കും (ഗുരുകുല സമ്പ്രദായം)

❖പരിപൂർണവിശ്വാസത്തോടെ അഭയം പ്രാപിക്കുന്ന ഏതൊരു ഭക്തനും തന്റെ സർവ്വവ്യാപിത്വം വെളിപ്പെടുത്തുകയും പാപങ്ങൾ കഴുകി നന്മയും സമാധാനവും കണ്ടെത്താൻ അവർക്ക് അവസരം നൽകുകയും ചെയ്യും.

❖അദ്ദേഹത്തിന്റെ കീർത്തി ലോകമെമ്പാടും പരക്കുകയും അദ്ദേഹത്തിന്റെ സവിധത്തിലേക്ക് ബഹുജനം പ്രവഹിക്കുകയും ചെയ്യും. പൂർവ്വകർമ്മങ്ങൾ കാരണം ചിലർക്കെങ്കിലും അവിടുത്തെ കൃപ ലഭിക്കുകയില്ല.

❖ബ്രഹ്മചാരിയായ അദ്ദേഹം ധർമ്മസംസ്ഥാപനത്തിന് മറ്റുള്ളവരെ സഹായിക്കും. സ്ത്രീകളോടും പുരുഷന്മാരോടുമുള്ള വിവേചനരഹിതമായ സമീപനം തുല്യതയെ വെളിവാക്കുന്നു. സ്ത്രീകൾക്ക് അവിടുന്ന് മാതാവായിരിക്കും.

❖പ്രേമസ്വരൂപനും ജ്ഞാനസ്വരൂപനും സച്ചിദാനന്ദ സ്വരൂപനുമാണ് അദ്ദേഹം. പക്ഷേ ജ്ഞാനോദയം സിദ്ധിച്ചവർക്കു മാത്രമേ അവിടുത്തെ ആനന്ദസ്വരൂപനായി കാണുവാൻ സാധിക്കൂ.

❖മൂകന് ആഹരിക്കുവാനാകും പക്ഷേ സംസാരിക്കുവാൻ സാധിക്കില്ല. അതുപോലെ അവിടുത്തെ പ്രകൃതത്തെ വിവരിക്കാനാവില്ല. പക്ഷേ അനുഭവിച്ചറിയാൻ സാധിക്കും. അവിടുന്ന് പൊതുജനാഭിപ്രായം അനുസരിച്ചാവണമെന്നില്ല, ശരിയായതെന്തോ അതു മാത്രമേ പ്രവർത്തിക്കുകയുള്ളൂ.

❖ജാതകൻ ഷിർദ്ദിസായിയുടെ പ്രതിനിധിയായിരിക്കും. ഷിർദ്ദി ബാബയോട് നടത്തിയ ഒരുപാടു പ്രാർത്ഥനകൾക്ക് ഉത്തരമരുളാനായി ജനിച്ചവൻ ആണ് ജാതകൻ.

❖ഷിർദ്ദിസായി തന്റെ ഭക്തർക്ക് സമാധിദർശനം നൽകിയ പോലെത്തന്നെ ശരീരത്തിൽ നിന്ന് പറന്നകന്നതിനു ശേഷം സത്യസായിയും തന്റെ ഭക്തർക്ക് സമാധിദർശനം നടത്തും. ആ സ്ഥലം പുണ്യഭൂമിയായി മാറും.

❖ശ്രീകൃഷ്ണൻ ഭഗവദ്ഗീതയിൽ വിവരിച്ച പ്രകാരം തന്നെയുള്ള ആ ജീവിതം മാനവരാശിയുടെ നന്മമാത്രം ഉദ്ദേശിച്ചുള്ളതായിരിക്കും.

❖അദ്ദേഹം ബാംഗ്ളൂരിലുള്ള വൃന്ദാവനത്തിൽ ഒരു വൃക്ഷം നട്ടുപിടിപ്പിക്കും. ആ വൃക്ഷം കൽപ്പതരുവായി മാറുകയും സ്ഥലം സിദ്ധിക്ഷേത്രമായി പരിണമിക്കുകയും ചെയ്യും.

❖സത്യസായിബാബയെ ഒരിക്കലെങ്കിലും കാണുന്ന ഒരാൾക്ക് നന്മവരും. അവിടുത്തെ കൃപ പ്രശ്നങ്ങളെ തരണം ചെയ്യാൻ അവരെ സഹായിക്കുകയും അഭിവൃദ്ധിയിലേക്ക് അവരെ നയിക്കുകയും ചെയ്യും.

❖അവിടുന്ന് യഥാർത്ഥത്തിൽ ഒരു സ്ഥലത്ത് മാത്രമായിരുന്നാലും വിവിധ സ്ഥലങ്ങളിൽ പ്രത്യക്ഷപ്പെടും. ദിവ്യമായ പല സൃഷ്ടികളും പ്രവർത്തികളും നടത്തും.

❖സഹിഷ്ണുതയുടേയും സഹാനുഭൂതിയുടേയും നിറകുടമായ അവിടുന്ന് വിവേചനമില്ലാതെ എല്ലാവരേയും സ്വീകരിക്കും. മറ്റുള്ളവരുടെ വികാരങ്ങളെ വൃണപ്പെടുത്തുകയോ അറിവില്ലായ്മ കൊണ്ട് തെറ്റ് ചെയ്യുന്നവരോട് ദേഷ്യം പ്രകടിപ്പിക്കുകയോ ചെയ്യുകയില്ല.

❖ഈ അവതാരത്തിന് രോഗ വിമോചക സിദ്ധിയും വെള്ളം തളിക്കുക വഴി തന്റെ തന്നെ രോഗത്തിൽ നിന്ന് സുഖം പ്രാപിക്കു

ന്നതിനുള്ള ശക്തിയും ഉണ്ടായിരിക്കും. തന്റെ ഈ സിദ്ധി ഭൂലോകത്തു മാത്രമല്ല വിവിധതല ലോകവാസികളേയും സുഖപ്പെടുത്തുവാൻ അദ്ദേഹം ഉപയോഗിക്കും.

❖തന്റെ പദ്ധതിപ്രകാരമേ സായിനാഥൻ എല്ലാം പ്രവർത്തിക്കുകയുള്ളൂ.

❖നിർമ്മലീകരണ ശക്തികൊണ്ട്, വെറുമൊരു നോട്ടത്താലോ വാക്കിനാലോ ഒരുവനെ ശുദ്ധീകരിക്കാൻ അദ്ദേഹത്തിന് സാധിക്കും. ആയുസ്സ് നീട്ടിക്കൊടുക്കുവാനും അദ്ദേഹത്തിന് കഴിയും.

❖മഹാവിഷ്ണുസ്വരൂപനാണ് സായിനാഥൻ.

❖യുവത്വം തുളുമ്പുന്ന രൂപം എല്ലായ്പ്പോഴും കാത്തു സൂക്ഷിക്കും. ജരാനരകൾ ബാധിക്കുകയില്ല.

വിവിധ ദേവതാസ്വരൂപങ്ങളുടെ പുനരവതാരമായ ഈശ്വരനാണ് സായിനാഥനെന്ന് ഈ നാഡികൾ സമർത്ഥിച്ചിരിക്കുന്നു. അവിടുത്തെക്കുറിച്ച് ഇന്നു നമ്മൾ കാണുന്നതും കേൾക്കുന്നതുമായ എല്ലാം വളരെ സൂക്ഷ്മമായി, വിശദാംശങ്ങളോടെ വളരെ മുൻപേ രേഖപ്പെടുത്തപ്പെട്ടിരിക്കുന്നു. വളരെ വിശേഷപ്പെട്ട ഒരു സുദിനത്തിൽ സത്യസായി അവതാരം സുവർണ ആദിത്യരഥത്തിലേറുമെന്ന ശുകനാഡിയിലെ പ്രവചനവും സംഭവിച്ചു കഴിഞ്ഞു. ആ വിശേഷ ദിനം ഈശ്വരവർഷത്തിലെ (60 വർഷങ്ങളിൽ ഒരിക്കൽ വരുന്ന വർഷം) ഭാദ്രപദമാസത്തിൽ (ഭാരതീയ കലണ്ടർ പ്രകാരം 6ാം മാസം) കൃഷ്ണപക്ഷത്തിലെ ഷഷ്ഠതിഥിയിൽ, തിങ്കളാഴ്ചയാണ്. പ്രവചിക്കപ്പെട്ട മൂഹൂർത്തസമയം കാലത്ത് 7 മണിയോട് അനുബന്ധിച്ചും.

ശ്രീ സത്യസായി പാദുകട്രസ്റ്റിന്റെ പ്രസിഡന്റായ ശ്രീ സുബ്രഹ്മണ്യൻ ചെട്ടിയാരുടെ നേതൃത്വത്തിൽ മധുരയിലെ സായിഭക്തർ 1997ലെ പാദുക മഹോത്സവത്തിന് ഒരു സുവർണരഥം സ്വാമിക്ക് സമർപ്പിച്ചു. രഥത്തിൽ ഒരു സുവർണസിംഹാസനവും അതിനുമുകളിൽ സുവർണഛത്രവും സൂര്യദേവന്റെ രൂപവും ഉണ്ടായിരുന്നു. ശിവ-ശക്തി അവതാരമായ സായിയുടെ ആ രഥത്തിൽ ശിവ-പാർവ്വതിമാരുടെ ഒരു സുവർണവിഗ്രഹം നിലകൊണ്ടു. അതിമനോഹരമായ ആ സുവർണരഥത്തിന്റെ സാരഥി നാലുമുഖമുള്ള ബ്രഹ്മാവ് അതായത് സൃഷ്ടാവ് തന്നെയായിരുന്നു. നാഡിയിൽ പറഞ്ഞ സമയത്തു തന്നെ, 1997 സെപ്തംബർ 22, തിങ്കളാഴ്ച ആ ചരിത്രമു

ഹൂർത്തത്തിന് ലോകം സാക്ഷ്യം വഹിച്ചു. തന്റെ വിദ്യാർത്ഥിക ളാലും വേദപണ്ഡിതരാലും ആയിരക്കണക്കിന് ഭക്തരാലും അക മ്പടി സേവിക്കപ്പെട്ട് പരമ്പരാഗത വാദ്യഘോഷങ്ങളോടും വേദമ ന്ത്രോച്ചാരണങ്ങളോടും കൂടി 7.05ന് പ്രഭാതസൂര്യന്റെ പൊൻകിര ണങ്ങളാൽ അലംകൃതമായ ആ ദിവ്യസിംഹാസനത്തിൽ ഭഗവാൻ ഉപവിഷ്ഠനായി. സത്യസായി അവതാരത്തിന്റെ മഹിമയെക്കുറിച്ചും കീർത്തിയെക്കുറിച്ചും ആയിരക്കണക്കിനു വർഷങ്ങൾക്കു മുമ്പു തന്നെ ഈ നാഡികളിൽ പ്രവചിക്കപ്പെട്ടിരുന്നു. ചില നാഡികളിൽ ഭഗവാൻ അനതിവിദൂരഭാവിയിൽ തന്നെ ലോകത്തിനു മുന്നിൽ തന്റെ ശക്തികൾ വെളിപ്പെടുത്തുമെന്നും ലോകചക്രവർത്തിയായി ആദരിക്കപ്പെടുമെന്നും പറയുന്നുണ്ട്.

❖കലിയുഗത്തിന്റെ പ്രഭാവം വർദ്ധിക്കുന്തോറും ആളുകൾ അവിടുത്തെ യാഥാർത്ഥ്യം അറിയുകയും മഹാശക്തിയായി അംഗീ കരിക്കുകയും ചെയ്യും. മാനവരാശിയൊന്നാകെ ആ വിശ്വചക്ര വർത്തിയുടെ മുന്നിൽ തലകുനിക്കും.

❖ഇന്ധനം തീർന്നതിനുശേഷവും ഒരു വിമാനത്തെ ആകാശത്ത് പറത്താൻ അവിടുത്തെ ഇച്ഛാശക്തിക്ക് സാധിക്കും.

❖സ്വാമി ധർമ്മസ്തംഭം സ്ഥാപിക്കും, അതിനുശേഷം ലോക ത്തിൽ ധർമ്മം ഗണ്യമായി വർദ്ധിക്കും.

❖തന്റെ സ്വത്വത്തിന്റെ പത്തിലൊരംശം മാത്രമേ അവിടുന്ന് ഇപ്പോൾ പ്രകടമാക്കിയിട്ടുള്ളൂ. കുറച്ചുകാലത്തിനു ശേഷം ലോക സംരക്ഷണത്തിനു ശ്രമം പത്തുമടങ്ങ് വർദ്ധിക്കും. പ്രകൃതിവിക്ഷോ ഭങ്ങളെ ഒറ്റക്കെതിരിടാൻ തനിക്കു കഴിയുമെന്ന് അവിടുന്ന് തെളി യിക്കും.

❖ഇപ്പോൾ മുക്കാൽ ഭാഗവും അധർമ്മം വളർന്നിരിക്കുന്നു. കാൽഭാഗം കൂടി അധർമ്മം വർദ്ധിക്കുമ്പോൾ സത്യസായിബാബ യുടെ പൂർണ്ണശക്തിയും ലോകത്തിന് വെളിപ്പെടും. ഈശ്വരശക്തി പുറത്തുവരുന്നതിനു മുമ്പ് അധർമ്മം അതിന്റെ പാരമ്യത്തിൽ എത്തിച്ചേരേണ്ടതുണ്ട്.

❖കുറഞ്ഞ കാലയളവിൽ തന്നെ സ്വാമിയുടെ മഹത്വം ലോക മെമ്പാടും പരക്കുകയും സാർവ്വലൗകികമായിത്തന്നെ സത്യസായി ആരാധിക്കപ്പെടുകയും ചെയ്യും.

## നാഡി എന്റെ അനുഭവത്തിൽ

എന്റെ സ്വന്തം അനുഭവത്തിൽ, പരിചയസമ്പന്നനും യോഗ്യനുമായ ഒരു ജ്യോതിഷിയാൽ വായിക്കപ്പെടുന്ന നാഡി വളരെ കൃത്യവും വിശ്വസനീയവുമാണ്. 1997-98 കാലത്ത് എന്നെ സംബന്ധിച്ചുള്ള നാഡി ദക്ഷിണ കേരളത്തിലെ ഒരു പ്രശസ്ത നാഡി കേന്ദ്രത്തിൽ നിന്ന് വായിക്കപ്പെട്ടു. സപ്തർഷിമാരിൽ ഒരാളായ അഗസ്ത്യമുനി രചിച്ച അഗസ്ത്യനാഡിയാണ് ഞാൻ വായിപ്പിച്ചത്. എന്റെ മാതാപിതാക്കളുടെ നാമങ്ങൾ, അവരുടെ ഉദ്യോഗം, എന്റെ കുട്ടിക്കാലത്തെയും ആ ഒരു സമയത്തെ ചുറ്റുപാടുകളെക്കുറിച്ചും മറ്റും അതിൽ വിവരിച്ചിരുന്നതിലെ കൃത്യത എന്നെ അത്ഭുതപരതന്ത്രനാക്കി. എന്റെ ഭാവിയെക്കുറിച്ചും വിവിധ കാര്യങ്ങൾ നടക്കാനിടയുള്ള സമയത്തെക്കുറിച്ചും മറ്റും അതിൽ പറഞ്ഞിരുന്നു. പക്ഷേ ഏറ്റവും പ്രധാനമായതും ഇവിടെ പരാമർശിക്കാൻ ഞാനാഗ്രഹിക്കുന്നതുമായ ഭാഗം എന്റെ ഗുരു ശ്രീ സത്യസായിബാബയെക്കുറിച്ചുള്ളതാണ്. നാഡി ഇപ്രകാരം പറയുന്നു.

“നിങ്ങൾക്കു ഒരു ഗുരു ഉണ്ട്. അദ്ദേഹത്തിന് മൂന്ന് അവതാര ജന്മങ്ങളുണ്ട്. ഇപ്പോൾ അദ്ദേഹം തന്റെ രണ്ടാമത്തെ അവതാരശരീരത്തിൽ ആന്ധ്രപ്രദേശത്തിലാണുള്ളത്. ഈ ജന്മത്തിൽ അദ്ദേഹം ശിവ-ശക്തി സ്വരൂപനായി നിലകൊള്ളുന്നു. സത്യസായിബാബയെന്നതാണ് അദ്ദേഹത്തിന്റെ നാമധേയം. അദ്ദേഹത്തിന്റെ മൂന്നാമത്തെ അവതാരം കർണ്ണാടക സംസ്ഥാനത്തിലായിരിക്കും. അത് പ്രേമസായി എന്ന നാമത്തിലായിരിക്കും. നിങ്ങൾക്ക് നിങ്ങളുടെ ഗുരു സ്വപ്നത്തിൽ പ്രത്യക്ഷപ്പെട്ട് ഉപദേശങ്ങൾ നൽകും.”

ആ ജ്യോതിഷി ഒരു വിധത്തിലും ഞാൻ സായിഭക്തനാണെന്ന് അറിഞ്ഞിരുന്നില്ല എന്ന വസ്തുത ഞാൻ അടിവരയിട്ടു പറയട്ടെ. അതിനുശേഷം എനിക്കറിയാവുന്ന ഒരുപാടു സായിഭക്തർ അവിടെ നാഡിവായനക്കായി ചെല്ലുകയും അവരുടെ വായന കൃത്യമാണെന്ന് എന്നോട് സാക്ഷ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇന്നുവരെ എന്റെ ജീവിതത്തിൽ പ്രവചിക്കപ്പെട്ട എല്ലാ കാര്യങ്ങളും, വിവാഹം, കുട്ടികൾ, ഉദ്യോഗം, യാത്രകൾ, ആത്മീയ ജീവിതം എന്നിങ്ങനെയെല്ലാം തന്നെ കൃത്യമായി, പറഞ്ഞപ്രകാരം സംഭവിച്ചിട്ടുണ്ട്.

സ്വാമിയുടെ തിരോധാനത്തെക്കുറിച്ചും ഇനിയുള്ള തിരിച്ചുവരവിനെക്കുറിച്ചും നാഡികൾക്ക് എന്തെങ്കിലും പറയുവാനുണ്ടോ? ദയവായി തുടർന്നു വായിക്കൂ!

## സ്വാമിയുടെ തിരിച്ചുവരവ് നാഡിപ്രവചിക്കുന്നു

സ്വാമി സ്വശരീരം ത്യജിച്ചതിന് ഒരു മാസത്തിനുശേഷം മധുരയിലുള്ള ശ്രീമതി വസന്തസായി എന്ന സായിഭക്തയ്ക്ക് സ്വാമിയുടെ നേരത്തെയുള്ള തിരോധാനത്തെക്കുറിച്ച് നാഡി എന്തു പറയുന്നു എന്നറിയാൻ താൽപ്പര്യം ജനിച്ചു. വൈത്തീശ്വരൻ കോവിലിലേക്ക് തന്റെ കൂടെയുള്ള ഒരാളെ ഈ ഉദ്ദേശ്യവുമായി അവർ അയച്ചു. തികച്ചും അസാധാരണമായ കണ്ടെത്തലുകളായിരുന്നു അവരെ കാത്തിരുന്നത്.

ശ്രീമതി വസന്തസായിയുടെ വാക്കുകളിൽ: "എസ്.വി. (ശ്രീ വെങ്കിട്ടരമണൻ. ശ്രീമതി കെ. എസ് വസന്തസായിയുടെ പ്രതിനിധി) വേഗം തന്നെ നാഡികൾ കണ്ടെടുക്കുകയും എന്നെ വിളിക്കുകയും ചെയ്തു. എല്ലാ നാഡികളും സ്വാമി വീണ്ടും തിരിച്ചുവരുമെന്ന് പ്രവചിച്ചതായി അദ്ദേഹം എന്നെ അറിയിച്ചു. സ്വാമി എന്നോട് ധ്യാനത്തിൽ പറഞ്ഞപോലെ 'അവിടുന്ന് തിരിച്ചുവരുമെന്നത്' ശരിവെയ്ക്കുന്ന വിവിധ നാഡികൾ എസ്. വി. കണ്ടെത്തി. ജൂലൈയിലും, സ്വാമിയുടെ നാഡികൾ കണ്ടെടുക്കാനായി എസ്. വി. തിരിച്ചുപോയി. എല്ലാ നാഡികളും ശരിവെയ്ക്കുന്നത് ഒന്നുതന്നെ. 'സ്വാമി വരുന്നു'."

ആത്മാന്വേഷണത്തിൽ വളരെ മുന്നിലെത്തിയ സായിഭക്തയായ ശ്രീമതി വസന്തസായിക്ക് എണ്ണമറ്റ സ്വപ്നങ്ങളും ദർശനങ്ങളും അത്ഭുതാനുഭവങ്ങളും ഭഗവാൻ ശ്രീ സത്യസായി ബാബയിൽ നിന്ന് ലഭിച്ചിട്ടുണ്ട്. ശ്രീമതി വസന്തസായിയുടെ ഭക്തിയും പ്രേമവും അത്രയേറെ നിസ്വാർത്ഥമായതിനാൽ അവർ 'രാധാഭാവ'ത്തിലാണ് ഭഗവാനെ ആരാധിക്കുന്നത്.

ആത്മീയതയുടെ വിവിധതലങ്ങളിൽ നിന്നുകൊണ്ട് സ്വാമിയെക്കുറിച്ച് ശ്രീമതി വസന്തസായി ഒരുപാട് പുസ്തകങ്ങൾ രചിച്ചിട്ടുണ്ട്. ആദ്യപുസ്തകം 'ലിബറേഷൻ നൗ ഹിയർ' പുറത്തിറങ്ങിയത് 1997ൽ ആണ്. നേരത്തെത്തന്നെ നാഡികളിൽ പ്രവചിച്ച സ്വാമിയുടെ സുവർണ്ണരഥാരോഹണം എങ്ങനെയാണ് സത്യസായി പാദുക ട്രസ്റ്റിന്റെ പ്രസിഡന്റായിരുന്ന ശ്രീ. സുബ്രഹ്മണ്യൻചെട്ടിയാരുടെ നേതൃത്വത്തിൽ നടന്നതെന്ന് നാം കണ്ടു. അതേ ശ്രീ. സുബ്രഹ്മണ്യൻചെട്ടിയാരുടെ ഭവനത്തിൽ വെച്ച് മെയ് 7 1997ന് സ്വാമി തന്നെ അവരുടെ പുസ്തകത്തിന്റെ കയ്യെഴുത്തുപ്രതി കയ്യൊ

പ്പിട്ട് ആശീർവദിച്ചിട്ടുണ്ട്. അതുതന്നെ ഈ ദർശനാനുഭവങ്ങളുടെ വിശ്വാസ്യതയാണ് കാണിക്കുന്നത്. ശ്രീമതി വസന്തസായി ഇപ്പോൾ മധുരയ്ക്കടുത്തുള്ള 'മുക്തിനിലയം' എന്ന തന്റെ ആശ്രമത്തിൽ വസിക്കുന്നു. ആത്മീയാനന്ദത്തിന്റെ ഉറവിടമായ ആ ആശ്രമം ഭക്ഷണവും വസ്ത്രവും വിദ്യാഭ്യാസവും മരുന്നും ആവശ്യക്കാരന് എത്തിക്കുന്ന കർത്തവ്യത്തിൽ ഏർപ്പെട്ടിരിക്കുന്നു.

സ്വാമിയുടെ പുനരാഗമനത്തെകുറിച്ചുള്ള നാഡി ലിഖിതം 'സേക്രഡ് നാഡി റീഡിംഗ്സ്' എന്ന പുസ്തകത്തിൽ തർജ്ജമപ്പെടുത്തി സംഗ്രഹിച്ചിരിക്കുന്നു. പുസ്തകത്തിൽ ശ്രീമതി വസന്തസായി ഇപ്രകാരം പറയുന്നു. "ഭഗവാൻ ശ്രീ സത്യസായിബാബ ഒരു സാധാരണ അവതാരമല്ല. അദ്ദേഹം ശരീരം ഉപേക്ഷിച്ചു കഴിഞ്ഞു എന്ന് എല്ലാവരും വിശ്വസിക്കുന്നു. സാധാരണക്കാർ മാത്രമല്ല, സ്വാമിയോട് വളരെ അടുപ്പമുള്ളവരും ഇപ്രകാരമാണ് ചിന്തിക്കുന്നത്. അദ്ദേഹം 'ശരീരം ഉപേക്ഷിച്ചു' എന്നതു സത്യമാണ്. എന്നിരുന്നാലും അദ്ദേഹം ഇതേ രൂപത്തിൽ ഇനിയും ശരീരം സ്വീകരിച്ചു തിരിച്ചു വരും എന്നതും സത്യം തന്നെയാണ്." 'സേക്രഡ് നാഡി റീഡിംഗ്സ്' എന്ന അവരുടെ പുസ്തകത്തിൽ നിന്നും ചില ഭാഗങ്ങൾ താഴെ പറയുന്നു.

*"ഈ നാഡി പരിശോധിക്കുന്ന സമയത്ത് അദ്ദേഹത്തിന്റെ ശരീരം ഭൂമിയിലില്ല. എന്നിരുന്നാലും ചില ആശയക്കുഴപ്പങ്ങൾ നിലനിൽക്കുന്നു. ശരീരം ഇവിടെയില്ല എന്നാലും ശരീരം നിലനിൽക്കുന്നു. അദ്ദേഹം ഒരിക്കൽക്കൂടി തിരിച്ചുവരികയും, ശരീരം വിടുന്നതിനു മുമ്പേ തയ്യാറാക്കിയ മറ്റൊരു ശരീരത്തോടു ചേരുകയും ചെയ്യും".*

രാജഋഷി വിശ്വാമിത്ര നാഡി - പരിശോധിച്ചത്. മെയ് 25. 2011
പേജ് 8.

*"മഹാകർമ്മങ്ങളെല്ലാം നിർവഹിച്ചതും ഇതുവരെ എല്ലാവരും കണ്ടതുമായ അദ്ദേഹത്തിന്റെ ശരീരം, യഥാർത്ഥ ശരീരമല്ല. അത് മായാശരീരമാണ്. പൗർണ്ണമി നാളിൽ ശനി തുലാരാശിയിൽ പ്രവേശിച്ചതിനുശേഷം ഈശ്വരൻ തന്റെ തന്നെ ഇപ്പോഴത്തെ രൂപത്തിലുള്ള ദർശനം നൽകും. അത് അദ്ദേഹത്തിന്റെ യഥാർത്ഥ ശരീരത്തിന്റെ ദർശനമായിരിക്കും. ആശ്ചര്യാത്ഭുതങ്ങളോടെ ഒരുപാടു പേർ ആ ദിവ്യശരീരം ദർശിക്കും".*

അഗസ്ത്യനാഡി. മെയ് 27-2011. പരിശോധിച്ചത്. പേജ്. 20.

*"അദ്ദേഹത്തിന്റെ ഭൗതികശരീരം ഉപേക്ഷിച്ച് ആത്മാവ് പറന്ന കന്നുവെന്നാലും, അതേ ആത്മാവ് തിരിച്ചുവന്ന് ഇതേ രൂപത്തിലെ ശരീരം സ്വീകരിക്കും. ഇത് നിയതിയാണ്. അദ്ദേഹം ഇനി വൃദ്ധശ രീരമോ യുവശരീരമോ അല്ല മദ്ധ്യവയസ്സുള്ള ശരീരമാണ് സ്വീകരി ക്കുക".*

രാജഋഷി വിശ്വാമിത്രനാഡി. മേയ് 31. 2011ന് പരിശോധിപ്പിച്ചത്, പേജ് 86.

*"ഇപ്പോൾ ഈ സമയത്ത് അവരുടെ ഈശ്വരൻ ഭൗതികശരീര ത്തിൽ ഇല്ല. ഒരു പുതിയ ശരീരവുമായി ആ ഈശ്വരൻ തിരിച്ചു വരും".*

ഭൃഗുനാഡി. മേയ് 31– 2011ന് പരിശോധിച്ചത്. പേജ് 96.

*"ഈ നാഡി എടുക്കുന്ന സമയത്ത്, അദ്ദേഹം ആത്മതലത്തി ലാണ് സ്ഥിതി ചെയ്യുന്നത്. ഭൗതികമായ ശരീരം അദ്ദേഹത്തിന് ഭൂമിയിൽ ഇല്ല. അദ്ദേഹം ഭൂമിയിലേക്ക് തിരിച്ചു വരും. അതാണ് അദ്ദേഹത്തിന്റെ നിയതി. തന്റെ 88 ാമത്തെ വയസ്സിൽ ഭൂമിയിലെ മനുഷ്യർ അദ്ദേഹത്തെ സർവ്വാത്മനാ സ്വീകരിക്കും. അതിനുശേഷം ഏഴു വർഷം കൂടി അവിടുന്ന് ജീവിച്ചിരിക്കും".*

ഗോരഖ നാഡി, ജൂൺ 14 2011 ൽ പരിശോധിച്ചത്, പേജ് 26.

*"അദ്ദേഹം ഭൂമിയിലേക്ക് ഇറങ്ങിവരും. അദ്ദേഹത്തിന്റെ ശരീരം 58, 60 വയസ്സു ചെന്നതായി കാണപ്പെടും. അതിനുശേഷം അദ്ദേഹം തന്റെ സ്വത്വം വെളിപ്പെടുത്തുകയും ലോകം സത്യമറിയുകയും ചെയ്യും".*

മക്ഛരമുനി നാഡി. പരിശോധിച്ചത്. 5 ആഗസ്ത് 2011 പേജ് 102.

'സേക്രഡ് നാഡി റീഡിംഗ്സ്' എന്ന പുസ്തകത്തിൽ നാഡി പരിശോധനയെക്കുറിച്ചുള്ള ഇനിയുമൊരുപാട് അത്ഭുതകരമായ വിവരണങ്ങൾ ചേർത്തിട്ടുണ്ട്. എന്നിരുന്നാലും ഓരോ ഋഷിയും സ്വാമിയുടെ തിരോധാനത്തെക്കുറിച്ച് വ്യത്യസ്തമായ കാഴ്ചപ്പാ ടുകളാണ് സ്വീകരിച്ചിരിക്കുന്നത്. സ്വാമി എന്ന് തിരിച്ചുവരുമെന്നുള്ള കാലപ്രമാണത്തിനും ഒരു കൃത്യതയില്ല. നാഡികൾ കവിതാരൂപ ത്തിലായതിനാൽ കൃത്യമായി വ്യാഖ്യാനിച്ച് സ്വാമിയുടെ തിരിച്ചു വരവ് കൃത്യമായി മനസ്സിലാക്കാനും ബുദ്ധിമുട്ടുണ്ട്. ശുകനാഡിയും

വിശ്വാമിത്രനാഡിയും അദ്ദേഹത്തിന്റെ തിരിച്ചുവരവ് 86ാം വയസ്സിൽ സംഭവിക്കുമെന്ന് പറയുമ്പോൾ ഗോരഖനാഡി 88-ാം വയസ്സിലായിരിക്കും സ്വാമി തിരിച്ചുവരുന്നത് എന്ന് പറയുന്നു എന്തുതന്നെയായാലും 86-ഉം 88-ഉം 'സ്വാമി ഭൂമിയിലെ തന്റെ ജീവിതകാലത്തെക്കുറിച്ച് പറയുന്നു' എന്ന അദ്ധ്യായത്തിൽ പ്രതിപാദിക്കുന്ന കാലഘട്ടവുമായി പൊരുത്തപ്പെടുന്നുണ്ട്. (അത് ജൂലായ് 2012 നും ഏപ്രിൽ 2014 നും ഇടയ്ക്ക് എപ്പോൾ വേണമെങ്കിലും ആകാം എന്ന്).

## നോസ്ട്രഡാമസിന്റെ പ്രവചനങ്ങൾ

സത്യസായി അവതാരത്തെക്കുറിച്ചുള്ള നോസ്ട്രഡാമസിന്റെ പ്രവചനങ്ങളെക്കുറിച്ച് വലിയ ഒരു ഭാഗം സായി ഭക്തരും ബോധവാന്മാരാണ്. രണ്ടു പ്രധാന പ്രവചനങ്ങൾ ഇവയാണ്.

*"മൂന്നു ജലാശയങ്ങൾ ചേരുമിടം ഒരു മഹാപുരുഷന് ജന്മം നൽകും. അദ്ദേഹം വ്യാഴാഴ്ച തന്റെ ദിനമായി തെരഞ്ഞെടുക്കും. അദ്ദേഹത്തിന്റെ ശബ്ദവും ശക്തിയും ഉയർന്ന് കിഴക്കൻ കാറ്റുകണക്കെ കരയും കടലും കടക്കും."*

Quatrain 1:50.

*"ഭൂമിയിലും വായുവിലും ഘനീഭവിച്ച ജലം നിറയുമ്പോൾ ആരാധിക്കാനായി വ്യാഴാഴ്ചകളിൽ എല്ലാവരും വന്നെത്തും. മുമ്പൊന്നുമില്ലാത്തത്ര സുന്ദരമായിരിക്കും ഇനിയുള്ളവ. ലോകത്തിന്റെ നാനാഭാഗങ്ങളിൽ നിന്ന് അവനെ ആദരിക്കാനായി ജനം ഒഴുകിയെത്തും."*

Quatrain 10:71.

ഈ രണ്ടുപ്രവചനങ്ങളും ഭഗവാൻ സത്യസായിയെക്കുറിച്ചുള്ളതാണെന്ന് വ്യക്തമാണ്.

മൂന്നു ജലാശയങ്ങൾ ചേരുന്നിടം എന്നത്, ഇന്ത്യൻ ഉപഭൂഖണ്ഡത്തിന്റെ തെക്കുഭാഗത്തെ ബംഗാൾ ഉൾക്കടലും അറബിക്കടലും ഇന്ത്യൻ മഹാസമുദ്രവും ഒത്തുചേരുന്ന പ്രദേശമാണെന്ന് അനുമാനിക്കാം.

വ്യാഴാഴ്ച തന്റെ പ്രിയപ്പെട്ട ദിനമായി ഭഗവാൻ തെരെഞ്ഞെടുത്തിട്ടുമുണ്ട്. വിവിധ രാജ്യങ്ങളിൽ നിന്ന് സ്വാമിയെ ദർശിക്കാനായി ആളുകൾ എത്തിച്ചേരുന്നത് പ്രവചിക്കപ്പെട്ട പോലെത്തന്നെയാണ്.

'സായിയുടെ ആഗമനം' ഒരു വിഷയമായിട്ടുള്ള വിവിധ സായി സാഹിത്യങ്ങളിലും ഈ നാലുവരി പ്രവചനങ്ങൾ കാണാറുണ്ട്. പല തവണ ഈ പ്രവചനങ്ങൾ ഞാൻ വായിച്ചിട്ടുണ്ട്. എന്നിരുന്നാലും അവയിലെ ഒരുവരി എനിക്ക് സായി അവതാരത്തിലെ യാതൊരു പ്രധാന സംഭവവുമായും താരതമ്യപ്പെടുത്താൻ സാധിച്ചിട്ടില്ല. എന്റെ കൗതുകം പിടിച്ചെടുത്ത ആ പ്രത്യേക വാക്യം "ഭൂമിയിലും വായുവിലും ഒരുപാട് ജലം ഖനീഭവിക്കുമ്പോൾ ആരാധിക്കാനായി എല്ലാവരും വ്യാഴാഴ്ചകളിൽ വന്നെത്തും." എന്ന പ്രവചനമാണ്. നോസ്ട്രഡാമസിന്റെ ഒരേ പ്രവചന ശകലത്തിൽ തന്നെ പ്രവചിക്കുന്ന വസ്തുവിനെ സംബന്ധിച്ചുള്ള ഒന്നിലധികം സംഭവങ്ങളും അടയാളങ്ങളും മറ്റും സാധാരണയായി കാണാറുണ്ട്. ഈ ഒരു വരി ഭാവിയിലെ ,ജലം ഉൾപ്പെടുന്ന ഏതോ ഒരു പ്രത്യേക സംഭവത്തെ പരാമർശിക്കുന്നതായി ഞാൻ സംശയിച്ചിരുന്നു. എന്നിരുന്നാലും ഒരു നിഗൂഢ രഹസ്യമായി ഈ ഭാഗം നിലകൊണ്ടു. പിന്നീട് സ്വാമിയുടെ തിരിച്ചുവരവിനെക്കുറിച്ചുള്ള നാഡി പ്രവചനത്തിൽ ഞാൻ ഇപ്രകാരം വായിച്ചു.

*"ആ ദിവസം നിങ്ങൾ എവിടെ നോക്കിയാലും മഴയും കൊടുങ്കാറ്റും വരുന്നതുകാണാം. അതിനുശേഷം സ്വാമി, ആന്ധ്ര പ്രദേശിലെ പ്രശാന്തിനിലയത്തിൽ ഉണ്ടായിരുന്ന അതേ രൂപത്തിൽ വരും".*

കജഭുജങ്കർ നാഡി. പരിശോധിച്ചത് 24 മേയ് 2011. പേജ് 7.

ആശ്ചര്യകരം തന്നെ!! ഒരു തലത്തിനപ്പുറം ഈ പ്രവചനങ്ങൾക്കെല്ലാം പ്രസക്തി നഷ്ടപ്പെടുന്നു. കാര്യങ്ങൾ എങ്ങനെയൊക്കെ ഉരുത്തിരിഞ്ഞുവരുമെന്ന് സ്വാമിക്കു മാത്രമേ അറിയാൻ സാധിക്കൂ. ഇവിടെ ശ്രദ്ധേയമായ ഒരു വസ്തുത നാഡികളെല്ലാം ഒരേ സ്വരത്തിൽ ശ്രീ സത്യസായി ബാബയെന്ന രൂപത്തിൽ തന്നെ സ്വാമി ഭൂമിയിൽ തിരിച്ചെത്തുമെന്ന് പ്രവചിക്കുന്നു. ചില നാഡികളിൽ സ്വാമി സ്വീകരിക്കുന്ന പുതുശരീരം യുവത്വമാർന്നതോ മദ്ധ്യവയസ്സിലുള്ളതോ ആണെന്ന് എടുത്തുപറയുന്നു. ആ ഒരു നിർണ്ണായക മുഹൂർത്തത്തിനുവേണ്ടി നമുക്കെല്ലാവർക്കും പ്രാർത്ഥനയോടെ കാത്തിരിക്കാം; മാനവചരിത്രത്തിൽ ഇതുവരെ സംഭവിച്ച ഏറ്റവും വലിയ അത്ഭുതത്തിനായി!!! നാം ഇന്നുകാണുന്ന ലോകത്തെ മുഴുവൻ മാറ്റിമറിക്കാൻ കെൽപ്പുള്ള മഹാത്ഭുതത്തിനായി!!!

**പിൻകുറിപ്പ്:**

ചില വായനക്കാരെങ്കിലും എന്റെ താഴെ പരാമർശിക്കുന്ന അഗസ്ത്യനാഡി പ്രവചനത്തിൽ (1997-1998) തൽപ്പരരായേക്കാം. "നിങ്ങൾ നിങ്ങളുടെ ഗുരുവിനെ (ശ്രീ സത്യസായിബാബ)ക്കുറിച്ച് പുസ്തകങ്ങൾ രചിക്കും. അവ പുറംനാടുകളിൽ (ഇന്ത്യക്കു പുറത്ത്) വിതരണം ചെയ്യും." തീർച്ചയായും എന്റെ പ്രഥമ പുസ്തകമാണ് ഇത്. പ്രവചിക്കപ്പെടുന്ന സമയത്ത് എന്റെ പരിമിതമായ സർഗ്ഗശേഷിക്കുമതീതമായ ഒരു കാര്യമായാണ് ഇതിനെ ഞാൻ കരുതിയിരുന്നത്. വേറൊരു പ്രവചനം, ഞാൻ നാഡികളുടെ മഹത്വത്തെക്കുറിച്ച് പുസ്തകത്തിൽ വിവരിക്കുമെന്നതായിരുന്നു. ഈ പുസ്തകത്തി ലൂടെ ആ പ്രവചനവും സത്യമായിത്തീർന്നു. തീർച്ചയായും നാഡികൾ അതിശയകരം തന്നെ!!!

അദ്ധ്യായം 7

# മെഹദിയുടെ തിരോധാനം

## ആരാണ് മെഹദി?

മെഹദിക്ക് ഇസ്ലാമിക പാരമ്പര്യത്തിൽ മിശിഹായുടെ സ്ഥാന മാണ് ഉള്ളത്. പ്രവചിക്കപ്പെട്ട 'അന്ത്യവിധിനാളിന്' മുൻപ് ഈ ലോകത്ത് 'മെഹദി' പ്രത്യക്ഷപ്പെടുമെന്ന് വിശ്വസിക്കപ്പെടുന്നു. തന്റെ ദൂതനായ മെഹദിയെ മാനവരാശിയുടെ ദുർഘട ഘട്ടങ്ങ ളിൽ ലോകത്തിൽ വിശ്വാസം ഊട്ടിയുറപ്പിക്കാനും സമാധാനം പുന:സ്ഥാപിക്കാനുമായി സാക്ഷാൽ അല്ലാഹ് തന്നെ പറഞ്ഞയ ക്കുമെന്ന് ഇസ്ലാം സഹോദരങ്ങൾ വിശ്വസിക്കുന്നുണ്ട്. 'മെഹദി' എന്ന പേരിന് വിവിധങ്ങളായ അർത്ഥം കൽപ്പിക്കുന്നതായി കാണാൻ സാധിക്കും. 'നയിക്കേണ്ടവൻ', 'ഉയർത്തുന്നവൻ', 'പ്രവ ചിക്കപ്പെട്ട ഗുരു' എന്നിങ്ങനെ. ഖയീം, അൽ-ഖയീം എന്നീ പേരു കളിൽ സത്യത്തിനായി ഉയരുന്നവൻ എന്ന അർത്ഥത്തിൽ ഷിയാ സമൂഹത്തിലും മെഹദിയെ കാണാം. മെഹദിയുടെ മറ്റുനാമങ്ങൾ 'അൽ-മെഹദി,' 'ഹസ്രത്ത് മെഹദി', 'മെഹദി മൗദ്' എന്നിവയൊ ക്കെയാണ്.

## മെഹദിയെ അറിയാനുള്ള അടയാളങ്ങൾ

സത്യസായി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹയർലേർണിങ്ങിലെ ശ്രീമതി സേബാ ബഷീറുദ്ദീൻ 'ഹസ്രത്ത് മെഹദി ആൻഡ് ബാബ- ട്രൂത്ത് ഓഫ് എ പ്രൊഫസി' എന്ന പേരിൽ സനാതനസാരഥിയിൽ (നവംബർ 1991) ഒരു ലേഖനം പ്രസിദ്ധീകരിച്ചു. ലേഖനത്തിൽ പറയുന്നത് 'ഹസ്രത്ത് മെഹദി' യെ കുറിച്ചുള്ള എല്ലാ പ്രവചന

ങ്ങളും പൂർണ്ണമായും ബാബക്ക് അനുയോജ്യമാണെന്നാണ്. അവരുടെ ലേഖനത്തിൽ നിന്ന്: "ലോകമെമ്പാടുമുള്ള മുസ്ലീമുകൾ ഒരു മഹാനായ നേതാവിന്റേയും വഴികാട്ടിയുടേയും വരവിൽ വിശ്വസിക്കുന്നുണ്ട്. മെഹദി എന്ന പേരിൽ എല്ലാവർക്കും അവനെ അറിയാം." പ്രവാചകനായ മുഹമ്മദ് സൂചിപ്പിച്ചിരിക്കുന്നത് 14-ാം ശതകമായ ഹിജ്റിയുടെ അവസാന ദശകങ്ങളിൽ മുസ്ലീമുകളുടെ ഉന്നമനത്തിനായി ഹസ്രത്മെഹദി പ്രത്യക്ഷപ്പെടുമെന്നാണ്. അത് സകലകുഴപ്പങ്ങളുടേയും ലൗകികതയുടേയും ഒരു കാലമായിരിക്കും. ഖുറാന്റെ പാരായണവും പരിപാലനവും അവഗണിക്കപ്പെടുകയും മനുഷ്യഹൃദയങ്ങൾ ലോകത്തെ സുഖസൗകര്യങ്ങളാകുന്ന 'ഇതരദൈവ'ങ്ങളെ ആരാധിക്കാൻ തുടങ്ങുകയും ചെയ്യും. പ്രവാചകൻ പറയുന്നത് ഹസ്രദ് മെഹദി 'സത്യ'ത്തെ പുന:സ്ഥാപിക്കുമെന്നും 'ഇസ്ലാം' മുഴുവൻ ലോകത്തിന്റെയും മതമായി മാറുമെന്നുമാണ്. 'ഇസ്ലാം' എന്നതിന്റെ വാച്യാർത്ഥം 'സമാധാനം' എന്നാണ്. ഇസ്ലാമിക സംസ്കാരത്തിൽ പ്രവാചകൻ മുഹമ്മദിന്റേതായി വരാനിരിക്കുന്ന മെഹദിയെക്കുറിച്ച് വിവിധങ്ങളായ 'ഹദീസു'കൾ നിലവിലുണ്ട്. പ്രവാചകൻ മെഹദിയെക്കുറിച്ചും അവൻ വരുന്ന സമയത്തെക്കുറിച്ചും 150ലേറെ വിവിധ അടയാളങ്ങൾ നാലാമത്തെ ഖലീഫയും സൂഫിരഹസ്യങ്ങളുടെ സൂക്ഷിപ്പുകാരനുമായ ഹസ്രത് അലിയുമായി ബന്ധപ്പെടുത്തിയിട്ടുണ്ട്. ഈ അടയാളങ്ങൾ ഹസ്രത് അലിയുടെ പിൻതുടർച്ചക്കാരായ ഇമാമുകളുടെ സംരക്ഷണത്തിൽ നിധിപോലെ സൂക്ഷിക്കുന്നു. 17-ാം (A.D) ശതകത്തിൽ പ്രമുഖ പണ്ഡിതനായ മദ് ബാകിർ ബിൻ മദ് താകി അൽ മജലിസി അൽ ഇസ്ഫഹാനി (1627-1698) ഈ അടയാളങ്ങൾ ശേഖരിച്ച് അറബിയിൽ 'ബിഹാർ-ഉൽ-അൻവർ' എന്ന പേരിൽ ഒരു ഗ്രന്ഥം രചിച്ചു. ബിഹാർ-ഉൽ-അൻവറിന്റെ പേർഷ്യൻ പരിഭാഷയിൽ നിന്ന് ഇസ്ലാമിന്റെ പ്രവാചകനെക്കുറിച്ച് പറയുന്ന ചിലവരികൾ താഴെ ചേർക്കുന്നു.

മിക്ക മുഹമ്മദീയർക്കും നിരവധിക്കാലം അദ്ദേഹത്തിന്റെ വരവ് അജ്ഞാതമായിരിക്കും. ആ ദിവ്യാത്മാവ് അകത്തും പുറത്തുമായി രണ്ടുവസ്ത്രങ്ങൾ ധരിക്കും. (p.239) അദ്ദേഹത്തിന്റെ പുറംഭാഗത്തിന്റെ വടിവ് വെളിവാക്കുന്ന തരത്തിൽ ഓറഞ്ച് നിറത്തിലുള്ള നീണ്ട അങ്കി ധരിക്കും. (p.291, 777) ഓറഞ്ചു നിറത്തിലുള്ള അദ്ദേഹത്തിന്റെ വസ്ത്രം മനുഷ്യർക്കിടയിൽ പ്രകാശം പരത്തും. (p.245)

അദ്ദേഹത്തിന്റെ മുടി കറുത്തിരുണ്ടു കനത്തതും തോളൊപ്പമുള്ളതും ആയിരിക്കും. (p.25) പുരികങ്ങൾ മദ്ധ്യത്തിൽ കൂടിച്ചേരും. (p.242) അദ്ദേഹത്തിന്റെ മറ്റു പ്രത്യേകതകൾ: പരന്ന, വിശാലമായ നെറ്റിത്തടം (p.263). നീണ്ട നാസികാഗ്രത്തിലെ കുഴി, കവിളത്തെ മറുക്, ഹസ്രത് മൂസയെ ഓർമ്മിപ്പിക്കും, അദ്ദേഹം നക്ഷത്രം പോലെ തിളങ്ങും, മദ്ധ്യത്തിലെ പല്ലുകൾക്കിടയിലെ വിടവ്, (p.243). കറുത്ത കണ്ണുകൾ (p.777), ജൂതന്മാരുടെ ഉയരവുമായി താരതമ്യപ്പെടുത്താവുന്ന, ശരാശരി ഉയരം (p.239). മുഖത്തിന്റെ നിറം വ്യത്യസ്തമായി കാണപ്പെടും, മുഖം ചെമ്പ് അല്ലെങ്കിൽ സുവർണ്ണ നാണയം പോലെ തിളങ്ങും; യഥാർത്ഥ നിറം തിരിച്ചറിയുക അസാദ്ധ്യം. (p.263-293) പൊതുവായ ഭാവം സഹാനുഭൂതി നിറഞ്ഞ് ആരാധ്യനും ശ്രേഷ്ഠനുമായി കാണപ്പെടും (p.239). എല്ലാവരേയും നന്നായി തിരിച്ചറിയുന്ന പോലെ, സൗഹൃദത്തോടെ പെരുമാറും(p.314). പ്രവാചകരേയും പുരോഹിതരേയും സ്നേഹിക്കും. അദ്ദേഹത്തിനു വേണ്ടത് എന്തും നടന്നിരിക്കും. അദ്ദേഹം എല്ലാ പ്രതിബന്ധങ്ങളേയും തരണം ചെയ്യും. (p.242). അനുയായികൾ അദ്ദേഹത്തിൽ സുരക്ഷിതത്വം കണ്ടെത്തും (p.342). സ്വർഗ്ഗീയാനന്ദം മാനവരൂപം ധരിച്ച പോലെ അദ്ദേഹം കാണപ്പെടും (p.341). അസഹായർക്കും അശരണർക്കും അഭയമേകും (p.235). അദ്ദേഹം കാലത്തും വൈകീട്ടും 'അബെ-ഇ-തുഹുർ കസൂർ' (ആത്മീയത) ജനങ്ങൾക്കു വിതരണം ചെയ്യും. (ബാബയുടെ ദൈനംദിന ദർശനങ്ങളെ പരാമർശിക്കുന്നു). ദിവ്യവെളിച്ചം അദ്ദേഹത്തിൽ നിന്നു പുറപ്പെടും (p.252). പുതുതായി ഒരു മതവും സൃഷ്ടിക്കില്ല (p.6). (പുതിയ ഒരു മതത്തെക്കുറിച്ചല്ല പറയുന്നതെന്ന് ബാബ ഊന്നിപ്പറഞ്ഞിട്ടുണ്ട്). എല്ലാ അറിവും എല്ലാ മതസാരങ്ങളും അദ്ദേഹത്തിന്റെ ഹൃദയത്തിൽ പുഷ്പിക്കും (p.938). അദ്ദേഹം ഭൂമിയിൽ സമാധാനം നിറക്കും. ജനങ്ങൾക്ക് സുഹൃത്തും വഴികാട്ടിയും ആയി അദ്ദേഹം പ്രവൃത്തിക്കും (p.287) നേർവഴി കാണിച്ചു തരും (p.352). ഓ മുസ്ലീമുകളേ - നിങ്ങളിൽനിന്നും ആരുടെ ജനനം മറയ്ക്കപ്പെടുന്നുവോ അവനാണ് മെഹദി (p.292).

## ബിഹാർ-ഉൽ-അൻവറിൽ പറഞ്ഞിരിക്കുന്ന മറ്റ് അടയാളങ്ങൾ:

ജനങ്ങൾക്ക് ഭാരമില്ലാത്ത സമ്മാനങ്ങൾ നൽകും. വിശ്വാസികൾക്കിടയിലൂടെ നടന്ന് തന്റെ കരത്താൽ അവരുടെ ശിരസ്സിനെ സ്പർശിക്കും. അദ്ദേഹത്തെ കാണുന്ന ഓരോ കണ്ണും സന്തോഷി

ക്കും. മനുഷ്യർ മാത്രമല്ല ശരീരമില്ലാത്ത ആത്മാക്കളും. അദ്ദേഹം 95 വർഷങ്ങൾ ജീവിക്കും. അതിലെ അവസാന 20 വർഷക്കാലം അദ്ദേഹം സകലലോകത്തിന്റെയും സാമ്രാട്ടാകും. പക്ഷേ ആ സമയത്ത് മൂന്നിൽ രണ്ടുഭാഗം ജനങ്ങളേ അദ്ദേഹത്തെ വിശ്വസിക്കുകയുള്ളൂ.

ഇഹലോകം വെടിയുന്നതിന് വെറും 9 വർഷം മുമ്പു മാത്രമേ അദ്ദേഹത്തെ മുസ്ലീമുകൾ തിരിച്ചറിയുകയുള്ളൂ. ലോകത്തെ പ്രകാശപൂർണ്ണവും സമാധാനപൂർണ്ണവുമാക്കി മാറ്റും. ലോകഗുരു തന്റെ ശരീരത്തിൽ നിന്നും സാധനങ്ങൾ വായിലൂടെ പുറത്തെടുക്കും. (ശിവരാത്രിയിൽ ബാബ ശിവലിംഗം വായിലൂടെ പുറത്തെടുക്കുന്നതുമായി താരതമ്യം ചെയ്യാം).

ആർ. ലോവൻബർഗ്, 'ദി ഹാർട്ട് ഓഫ് സായി' എന്ന തന്റെ പുസ്തകത്തിൽ 'ഇറാനിമാ' എന്നറിയപ്പെടുന്ന ഒരു ഇറാനിയൻ സായിഭക്ത വരാനിരിക്കുന്ന ആ മഹാഗുരുവിനെ സംബന്ധിച്ചുള്ള പ്രവാചകൻ മുഹമ്മദിന്റെ പ്രവചനങ്ങൾ കണ്ടെത്തിയതായി പറയുന്നു. ശ്രീ സത്യസായി ബാബയുടെ പ്രത്യേകതകളുമായി പൊരുത്തപ്പെടുന്ന ഒരുപാട് അടയാളങ്ങൾ ഇറാനിമാ ലോവൻ ബർഗിനു വിവരിച്ചുകൊടുത്തു. സ്വാമി മഹേശ്വരാനന്ദ തന്റെ പുസ്തകമായ 'സായിബാബ ആൻഡ് നരനാരായണഗുഹ ആശ്രമം' എന്ന തന്റെ പുസ്തകത്തിൽ പറയുന്നത് ഇറാനിമായ്ക്ക് മുഹമ്മദ് നബിയുടെ ഈ പ്രവചനങ്ങൾ പ്രസിദ്ധീകരിക്കണമെന്ന് അതിയായ ആഗ്രഹമുണ്ടായിരുന്നെങ്കിലും അതിന് സ്വാമി അനുവാദം നൽകിയില്ല എന്നാണ്.

ബീഹാർ-ഉൽ അൻവറിലെ പ്രവചനങ്ങളിലുള്ള അടയാളങ്ങൾ എല്ലാം തന്നെ സത്യസായിബാബയുടെ പ്രത്യേകതകളിലും സ്വാമിയുടെ പദ്ധതികളിലും കേന്ദ്രീകരിച്ചിരിക്കുന്നു എന്നതിന്റെ ഏറ്റവും വലിയ തെളിവ് പ്രശാന്തിനിലയത്തിൽ കൂട്ടം കൂട്ടമായി എത്തിച്ചേർന്നുകൊണ്ടിരിക്കുന്ന ഇറാനിയൻ സായിഭക്തർ തന്നെയാണ്. പ്രവാചകൻ മുഹമ്മദ് നൽകിയ മെഹദിയെ തിരിച്ചറിയാനുള്ള സകല അടയാളങ്ങളും സ്വാമിയുടെ ശാരീരികമായ പ്രത്യേകതകളുമായി സാമ്യപ്പെട്ടിരിക്കുന്നു. നാഡിപ്രവചനത്തിലെ 'മാനവരാശി ആ മഹാനായ ചക്രവർത്തിയുടെ മുന്നിൽ തലകുനിക്കും' എന്ന പ്രവചനം പോലെ മെഹദിയെക്കുറിച്ചും 'അദ്ദേഹം ലോകത്തിന്റെ സാമ്രാട്ടാകും' എന്ന് പ്രവചിക്കുന്നുണ്ട്.

## മെഹദിയുടെ ഭൂമിയിലെ കാലഘട്ടം

ബിഹാർ-ഉൽ-അൻവറിൽ പറയുന്ന രണ്ട് പ്രവചനങ്ങളിൽ ഒന്ന് മെഹദി 95 വയസ്സുവരെ ജീവിക്കും എന്നതും മറ്റൊന്ന് ഇഹലോകം വെടിയുന്നതിന് 9 വർഷം മുൻപ് മാത്രമേ ലോകത്തെ മുസ്ലീങ്ങൾ മെഹദിയെ തിരിച്ചറിയൂ എന്നതുമാണ്. ഇസ്ലാമിക് കലണ്ടറിലെ 95 വർഷം 93–94 സാധാരണ കലണ്ടർ വർഷങ്ങളാണ്. അത് സ്വാമി യുടെ തന്റെ ആയുസ്സിനെക്കുറിച്ചുള്ള പ്രസ്താവനകളുമായി യോജി ക്കുന്നു. രണ്ടാമത്തെ പ്രവചന പ്രകാരം മഹത്തായ എന്തോ സംഭവം മൂലം ലോകമെമ്പാടുമുള്ള മുസ്ലീങ്ങൾ അദ്ദേഹത്തിന്റെ വിടവാങ്ങലിന് 9 വർഷം മുമ്പ് മെഹദിയിൽ വിശ്വസിക്കാൻ തുടങ്ങും എന്നതാണ്. സ്വാമി തന്റെ 85–ാം വയസ്സിൽ ശരീരം വെടിഞ്ഞു. 9 വർഷം അതിനോട് ചേർത്താൽ 94 വർഷം ആകും. സ്വാമി തന്റെ ആയുസ്സിനെപ്പറ്റി പറയുന്നു എന്ന അദ്ധ്യായത്തിൽ സ്വാമി 94, 96 എന്നിങ്ങനെ വിവിധ സന്ദർഭങ്ങളിൽ പ്രസ്താവിച്ചതിനാൽ വരുന്ന രണ്ടുവർഷത്തെ വ്യത്യാസം സൂചിപ്പിക്കുന്നത് ആ രണ്ടുവർഷങ്ങ ളിൽ സ്വാമി 'ശരീരത്തിനു പുറത്ത്' ആയിരിക്കാം എന്നാണ്. ഈ വസ്തുതകൾ കണക്കിലെടുത്താൽ, സ്വാമി തിരിച്ചുവരുമെന്നും, അക്കാരണത്താൽ തന്നെ കൂടുതൽ പേരും സായിയിൽ വിശ്വസി ക്കാൻ തുടങ്ങുമെന്നും ചിന്തിക്കാം. അതിനുശേഷം അദ്ദേഹം 9 വർഷത്തോളം ഭൂമിയിൽ ഉണ്ടാകാം. ചില ഹദീസുകളിൽ മെഹദി 7, 8 വർഷത്തോളം ലോകം ഭരിക്കുമെന്ന് (ഒൻപതിനു പകരം) പറ യുന്നുണ്ട്.

*"നമ്മളുടെ മെഹദിക്ക് വിശാലമായ നെറ്റിത്തടവും ഉയർന്ന നാസികയുമുണ്ട്. ഭൂമിയിൽ അനീതിയും അസമത്വവും നിറയു മ്പോൾ, അദ്ദേഹം ഭൂമിയെ നീതിയാൽ നിറയ്ക്കും. ഏഴുവർഷം അദ്ദേഹം ഭരിക്കും".*

ബിഹാർ-ഉൽ-അൻവർ. വാല്യം 13. ഭാഗം 1.
ഇംഗ്ലീഷ് പരിഭാഷ. പേജ്. 143.

*"അദ്ദേഹത്തിന്റെ ഭരണം ഏഴുവർഷമായിരിക്കും. അതല്ലെങ്കിൽ എട്ട് അതുമല്ലെങ്കിൽ ഒൻപത്".*

ബിഹാർ-ഉൽ-അൻവർ. വാല്യം 13. ഭാഗം 1.
ഇംഗ്ലീഷ് പരിഭാഷ, പേജ്. 68.

*"ഭൂമിയിൽ അനീതിയും അസമാധാനവും നിറയുമ്പോൾ മെഹദി ഭൂമിയിൽ നീതിയും സമാധാനവും നിറക്കും. ഭൂമിയിലും സ്വർഗ്ഗത്തിലുമുള്ളവരെ ആനന്ദിപ്പിക്കും. 7, 8, 9 വർഷം ഈ നിലയിൽ ജീവിക്കും".*

ബിഹാർ-ഉൽ-അൻവർ. വാല്യം 13. ഭാഗം 1.
ഇംഗ്ലീഷ് പരിഭാഷ. പേജ്. 91.

നാഡി പ്രവചനങ്ങളിലെ സ്വാമിയുടെ തിരിച്ചുവരവുമായി ഈ പ്രവചനങ്ങൾക്കു അതിയായ സാമ്യമുണ്ട്.

*"88-ാം വയസ്സിൽ ഭൂമിയിലെ ആളുകൾ സംശയമേതുമില്ലാതെ അദ്ദേഹത്തെ സ്വീകരിക്കും. അദ്ദേഹം ഏഴുവർഷം കൂടി ജീവിക്കും".*

ഗോരഖനാഡി. വായിച്ചത് ജൂൺ 14, 2011. സേക്രഡ് നാഡി റീഡിംഗ്സ്. ശ്രീ. വസന്തസായി. പേജ്. 26.

*"അദ്ദേഹം തിരിച്ചുവന്ന് 7 വർഷം കൂടി ജീവിക്കും. ഈ ഏഴു വർഷക്കാലം ഭൂമിയിൽ ഒരുപാട് മാറ്റങ്ങൾ സംഭവിക്കും".*

ഭോഗർനാഡി. വായിച്ചത് 25 മേയ് 2011ന്. സേക്രഡ് നാഡി റീഡിംഗ്സ്. വസന്തസായി പേജ് 18.

ഒരുപാട് ക്രിസ്ത്യൻ സഹോദരരും ഏഴുവർഷക്കാലത്തെ ആനന്ദഭരിതമായ കാലഘട്ടത്തിൽ വിശ്വസിക്കുന്നുണ്ട്. ക്രിസ്തുവിന്റെ രണ്ടാം വരവിനുശേഷം 1000 വർഷക്കാലം സമാധാനസാമ്രാജ്യമായി ലോകം നിലനിൽക്കുമെന്ന് വിശ്വസിക്കപ്പെടുന്നു.

## മെഹദിയുടെ തിരോധാനം

ഞാൻ സായിഭക്തനായ ആദ്യകാലങ്ങളിൽ വായിച്ചിരുന്ന വിവിധങ്ങളായ സായിസാഹിത്യങ്ങളിൽ മെഹദിപ്രവചനങ്ങൾ പരാമർശിച്ചിരുന്നതായി കണ്ടിരുന്നു. ഈ പ്രവചനങ്ങൾ സത്യസായി അവതാരത്തെക്കുറിച്ചുള്ളതാണെന്ന് അന്നുതന്നെ ഞാൻ മനസ്സിലാക്കിയിരുന്നു.

അതുകൊണ്ടുതന്നെ ഈ പുസ്തകം എഴുതാൻ തുടങ്ങിയപ്പോൾ മെഹദി പ്രവചനങ്ങൾ സ്വാമിയെക്കുറിച്ചുള്ളതാണെങ്കിൽ മെഹദി പ്രവചനങ്ങളിൽ സ്വാമിയുടെ 'നേരത്തെയുള്ള തിരോധാനത്തെ'ക്കുറിച്ചും പറയാൻ സാധ്യതയുണ്ടെന്ന ചിന്ത എന്നിൽ സംജാതമായി.

വിവിധങ്ങളായ ഹദീസുകളിൽ ഇതിനെക്കുറിച്ച് എന്തു പറയുന്നു എന്നറിയാൻ ഞാൻ ഉത്സുകനായി. ബിഹാർ ഉൽ അൻവറിന്റെ ഇംഗ്ലീഷ് പരിഭാഷയുടെ ചില വാല്യങ്ങൾ കൈക്കലാക്കി ഞാൻ വായിക്കുവാനാരംഭിച്ചു. അവിശ്വസനീയമായ ചില കാര്യങ്ങളാണ് എനിക്ക് ആ വാല്യങ്ങളിൽ കണ്ടെത്താനായത്. എനിക്ക് എന്റെ കണ്ണുകളെ വിശ്വസിക്കാനായില്ല.

മെഹദിയുടെ തിരോധാനത്തെക്കുറിച്ചും പിന്നീട് ഉള്ള തിരിച്ചു വരവിനെക്കുറിച്ചും ഹദീസുകളിൽ വ്യക്തമായി പ്രതിപാദിക്കുന്നു ണ്ട്. ഹദീസുകൾ പറയുന്നത് മെഹദി രണ്ടുപ്രാവശ്യം ഭൂമിയിൽ നിന്ന് അപ്രത്യക്ഷനാകും എന്നാണ്. ആദ്യം കുറച്ചുകാലങ്ങളോ ളവും രണ്ടാമത് എന്നെന്നേക്കുമായും.

*"ഹസ്രത്ത് മെഹദി കൺകൾക്കു മുന്നിൽ നിന്ന് കാലങ്ങളോളം അപ്രത്യക്ഷനാകും".*

ബിഹാർ ഉൽ അൻവർ. വാല്യം 13. ഭാഗം 1.
ഇംഗ്ലീഷ് പരിഭാഷ. പേജ് 133.

*"അദ്ദേഹം രണ്ടുതവണ അപ്രത്യക്ഷനാകും. ആദ്യം കുറേക്കാ ലത്തേക്ക് അപ്രത്യക്ഷനാകുമ്പോൾ അദ്ദേഹം മരണപ്പെട്ടുവെന്ന് ചിലർ പറയും. അദ്ദേഹം മറഞ്ഞുപോയിയെന്നു മറ്റുചിലർ പറയും. അദ്ദേഹത്തെ സ്നേഹിക്കുന്നവർക്കോ അല്ലാത്തവർക്കോ അദ്ദേഹം എവിടെയുണ്ടെന്ന് അറിയുകയില്ല".*

അൽ-മുത്ത്വാകി-അൽ-ഹിന്ദി. അൽ-ബുർഹൻ ഫി
അലാമത്ത് അൽ-മഹദി.

*"അല്ലാഹുവിന്റെ നാമത്തിൽ, മെഹദി വർഷങ്ങളോളം അപ്രത്യ ക്ഷനാകും. മരിച്ചു മണ്ണടിഞ്ഞു എന്നോ ഏതോ താഴ്വരയിലേക്ക് പോയി എന്നോ പറയും വരെ അദ്ദേഹം മറ്റുള്ളവരിൽ നിന്ന് മറയ് ക്കപ്പെടും. വിശ്വാസികൾ അദ്ദേഹത്തിനുമേൽ കണ്ണുനീർ ചൊരി യും. കടൽത്തിരയിൽപ്പെട്ട് കപ്പൽ ഉഴലുമ്പോലെ അവർ ഉഴലും".*

ബിഹാർ-ഉൽ-അൻവർ. 13 ഭാഗം 1.
ഇംഗ്ലീഷ് പരിഭാഷ. പേജ് 180.

ഖയീം അഥവാ അൽ-ഖയീം എന്ന പേര് മെഹദിയെ ഉദ്ദേശിച്ച് ഉപയോഗിക്കാറുണ്ട്. 'സത്യത്തിന്റെ ഉയർച്ച' എന്നാണ് അറബിഭാ ഷയിൽ ആ വാക്കിന്റെ അർത്ഥം. സത്യം എന്ന വാക്ക് സ്വാമിയുടെ

ആദ്യനാമവും (സത്യസായിബാബ) ഉയർച്ച എന്നത് ഉയിർത്തെഴുന്നേൽക്കൽ എന്ന അർത്ഥത്തിലും ഉപയോഗിക്കാം.

ബിഹാർ-ഉൽ-അൻവറിൽ മെഹദിയുടെ തിരോധാനകാലത്തെ 'ഗ്രഹണകാലം' എന്നാണ് പറയുന്നത്. ഗ്രഹങ്ങൾ (ആകാശഗോളങ്ങൾ) മറ്റുവലിയ ഗ്രഹങ്ങളാൽ താൽക്കാലികമായി മറയ്ക്കപ്പെടുന്നതിനെ പരാമർശിക്കുമ്പോഴാണ് സാധാരണയായി ആ വാക്ക് ഉപയോഗിക്കുന്നത്. ഇവിടെ മെഹദിയുടെ അജ്ഞാതലോകത്തേക്കുള്ള താൽക്കാലിക നിഷ്ക്രമണത്തെ സൂചിപ്പിക്കാൻ അതേ പദം ഉപയോഗിക്കപ്പെട്ടിരിക്കുന്നു. വിവിധ പണ്ഡിതന്മാർ ഈ കാലഘട്ടത്തെ വിശദീകരിക്കുന്നതെങ്ങനെയാണെന്നറിയാൻ ഞാൻ ശ്രമിച്ചു. മാനവരാശിയിൽ നിന്ന് നൂറുകണക്കിന് വർഷങ്ങൾ മറഞ്ഞു നിന്ന് 'അവസാന നാളുകൾ'ക്കു മുൻപ് മെഹദി പ്രത്യക്ഷപ്പെടും എന്ന് ചിലർ പറയുന്നു. പക്ഷേ ബിഹാർ-ഉൽ-അൻവർ തീർത്തും വ്യത്യസ്തമായ ഒരു ചിത്രമാണ് വരച്ചുകാട്ടുന്നത്. ബിഹാർ-ഉൽ-അൻവറിലെ ശ്രദ്ധേയമായ ഒരു പ്രവചനം ഇപ്രകാരമാണ്. "ഖയീം ഉയരുമ്പോൾ ആളുകൾ അത്ഭുതപരതന്ത്രനായി നിൽക്കും. എപ്രകാരം ഇതു സംഭവിച്ചെന്നും അദ്ദേഹത്തിന്റെ ശരീരം മണ്ണോട് ചേർന്നുവല്ലോ എന്നും അവർ ചിന്തിക്കും" ഇത് കാണിച്ചുതരുന്നത് 'ഗ്രഹണകാലം' അഥവാ 'മറവിന്റെ കാലം' (Act of occultation) തുടങ്ങുന്നത് മെഹദിയുടെ ശരീരം മരണത്താൽ മറയ്ക്കപ്പെട്ടതു മുതലാണെന്നാണ്. ഈ അദ്ധ്യായത്തിൽ ഉപയോഗിച്ചിട്ടുള്ള, ഇനിയുള്ള വരികൾ എടുത്തിരിക്കുന്നത് ബിഹാർ-ഉൽ-അൻവറിന്റെ ഇംഗ്ലീഷ് പരിഭാഷയിൽ നിന്നുമാണ്.

*"ഖയീം ഉയരുമ്പോൾ ആളുകൾ പറയും. ഇതെങ്ങനെ സംഭവിക്കും? അദ്ദേഹത്തിന്റെ അസ്ഥികൾ പോലും ദ്രവിച്ചുപോയിരിക്കുമല്ലോ?"*

(പേജ് 181)

"ഞാൻ ചോദിച്ചു: *'ഓ! അല്ലാഹുവിന്റെ ദൂതന്റെ മകനേ! എന്തുകൊണ്ട് അദ്ദേഹം ഖയീം എന്നു വിളിക്കപ്പെടുന്നു?"*

അവൻ പറഞ്ഞു. *'എന്തെന്നാൽ അദ്ദേഹത്തിന്റെ ഓർമ്മയുടെയും മരണത്തിനുശേഷം അദ്ദേഹം ഉയർത്തെഴുന്നേല്ക്കും.'* (പേജ്. 193)

*"നിൽക്കൂ. ഖയീം മറയുന്ന നേരം അജ്ഞരായ ആളുകൾ പരിഭ്രാന്തരാകുകയും വിമർശകർ നശിക്കുകയും സമയം നിർണയിക്കുന്നവർ അസത്യം പറയുകയും ചെയ്യും. അതിനുശേഷം അദ്ദേഹം ഉയരും".* (പേജ് 193)

"ഞാൻ ചോദിച്ചു: *'കാത്തിരിക്കപ്പെടുന്നവൻ' എന്നെന്തുകൊണ്ട് അദ്ദേഹത്തെ വിളിക്കുന്നു?"*

അവൻ പറഞ്ഞു: *'അദ്ദേഹം മറയുന്ന കാലം ദിവസങ്ങളേറെയുണ്ടാവുകയും അതിന്റെ ദൈർഘ്യം നീളുകയും ചെയ്യും. വിശ്വസ്തർ അദ്ദേഹത്തിന്റെ വരവ് കാത്തിരിക്കുകയും സംശയാലുക്കൾ അദ്ദേഹത്തെ ത്യജിക്കുകയും പരിത്യജിച്ചവർ അദ്ദേഹത്തെ അപഹസിക്കുകയും ചെയ്യും'.* (പേജ് 193)

മുകളിലെ വരികൾ വ്യക്തമായി പറയുന്നത് 'മറവിന്റെ കാലം' നീണ്ടതായിരിക്കുമെന്നും അത് ഏറെ ദിവസങ്ങളോളം തുടരുമെന്നുമാണ്. പണ്ഡിതർ പറയും പോലെ നൂറുകണക്കിനു വർഷങ്ങൾ നീണ്ടുനിൽക്കുമെന്ന് ഇവിടെ പറയുന്നുമില്ല. അതുപോലെ 'പരിത്യജിച്ചവർ അവനെ അപഹസിക്കും' എന്ന വാക്യം പോലെ തന്നെ, സ്വാമിയുടെ അവിശ്വാസികൾ സ്വാമി നേരത്തെ ശരീരം വെടിഞ്ഞപ്പോൾ അദ്ദേഹത്തിന്റെ പ്രവചനങ്ങളെ പരിഹസിച്ചിരുന്നു എന്നത് നമുക്കറിയാവുന്ന വസ്തുതയാണല്ലോ.

## മെഹദിയുടെ തിരിച്ചുവരവ് എപ്പോൾ?

സ്നേഹവും സമാധാനവും നിറഞ്ഞ പുതിയ ഒരു കാലഘട്ടമാണ് മെഹദിയുടെ തിരിച്ചുവരവിനു ശേഷം പ്രതീക്ഷിക്കുന്നത്. സ്വാമി തന്റെ പ്രഭാഷണങ്ങളിൽ പറയാറുള്ള സുവർണ്ണയുഗം പോലെത്തന്നെ. ഇസ്ലാമിക ഗ്രന്ഥങ്ങളിൽ ആ ദിവസത്തെ 'ഉയിർത്തെഴുന്നേല്പിന്റെ ദിവസം' എന്ന അർത്ഥത്തിൽ 'യോം അൽ ഖിയാമം' എന്നു പറയുന്നുണ്ട്. ഈശ്വരനല്ലാതെ മറ്റൊരാൾക്കും ആ ദിനം എന്നു വരുമെന്ന് അറിയില്ലെന്നും പറയുന്നുണ്ട്.

*"ഓ! അല്ലാഹുവിന്റെ ദൂതാ! നിന്റെ സന്താനമായ ഖയീം എപ്പോഴാണ് ഉയരാൻ പോകുന്നത്?*

അവൻ പറഞ്ഞു: *അദ്ദേഹത്തിന്റെ ഉദാഹരണം ഒരു മുഹൂർത്തത്തിന്റെ ഉദാഹരണം പോലെയാണ്. അദ്ദേഹത്തിനല്ലാതെ മറ്റാർക്കും അതറിയുകയില്ല. സ്വർഗത്തിലും ഭൂമിയിലും അതൊരു മഹാസംഭവമായിരിക്കും. ഞൊടിയിടയിലല്ലാതെ അത് നിന്നിലേക്ക് എത്തിച്ചേരുകയുമില്ല"* (പേജ് 189).

മെഹദിയുടെ തിരിച്ചുവരവ് "പെട്ടെന്നുള്ള" അപ്രതീക്ഷിത നിമിഷത്തിലാണെന്നും അതിന്റെ മുഹൂർത്തം അദ്ദേഹത്തിനു മാത്രമേ

അറിയുകയുള്ളൂ എന്നും പറയുന്നു. 'മനുഷ്യപുത്രന്റെ വരവിനെ' കുറിച്ച് പറയുന്ന പുതിയ നിയമത്തിലെ താഴെപ്പറയുന്ന വാക്യങ്ങളുമായി ഇതിന് സാമ്യമുണ്ട്.

*"ജാഗരൂകരായിരിക്കുവിൻ! ആ ദിവസമോ മുഹൂർത്തമോ നിങ്ങൾ അറിയുന്നില്ല".*

മാത്യു. 25:6–13.

*"സദാ ജാഗരൂകരായിരിക്കുവിൻ. ആ ദിവസത്തെക്കുറിച്ചോ ആ മുഹൂർത്തത്തെക്കുറിച്ചോ പിതാവിനല്ലാതെ മറ്റാർക്കും, സ്വർഗ്ഗത്തിലുള്ള ദൂതന്മാർക്കോ പുത്രനുപോലുമോ അറിഞ്ഞുകൂടാ."*

മാർക്ക്. 13:32.

## മെഹദിയുടെ തിരിച്ചുവരവ് യുവശരീരത്തിലോ?

'അതിശയിപ്പിക്കുന്ന നാഡികൾ' എന്ന അദ്ധ്യായത്തിൽ സ്വാമിയുടെ തിരിച്ചുവരവിനെക്കുറിച്ച് നാഡിയിൽ പ്രതിപാദിച്ചിരിക്കുന്നതായി പറഞ്ഞിരുന്നു. ചില നാഡികളിൽ സ്വാമി തിരിച്ചുവരുമ്പോൾ യുവാവിന്റേയോ മദ്ധ്യവയസ്ക്കന്റേയോ ശരീരമാണ് സ്വീകരിക്കുക എന്നും പറയുന്നു.

*"അദ്ദേഹം പുറത്തുവന്നതിനുശേഷം ശാന്തിയും സമാധാനവുമുണ്ടാകും. കഴിഞ്ഞ 85 വർഷങ്ങളായി ചെയ്യുന്ന കർത്തവ്യം അദ്ദേഹം തുടർന്നും ചെയ്യും. ശരീരം യുവത്വമാർന്നിരുന്നാലും അതിന് 85 വർഷത്തെ പക്വതയും പരിചയവും ഉണ്ടായിരിക്കും. അദ്ദേഹം വീണ്ടും വരികയും 7 വർഷത്തോളം കൂടി ഉണ്ടായിരിക്കുകയും ചെയ്യും".*

ഭോഗർ നാഡി വായിച്ചത് മെയ് 25. 2011 ന്. സേക്രഡ് നാഡി റീഡിംഗ്സ്. വസന്തസായി. പേജ് 18.

ബിഹാർ-ഉൽ-അൻവറും ആശ്ചര്യകരമായി ഇതേ തരത്തിൽ ഉള്ള തെളിവുകൾ തരുന്നു.

*"നിങ്ങളുടെ ഖയീം വീണ്ടും പ്രത്യക്ഷപ്പെടുമ്പോൾ അറിയാനുള്ള അടയാളങ്ങളെന്തെല്ലാമാണ്?"*

അവൻ മറുപടി പറഞ്ഞു: *"അദ്ദേഹം പ്രായം കൂടിയവനായിരിക്കും എന്നിരുന്നാലും ചെറുപ്പമായി കാണപ്പെടും. മെഹദിയെ കാണുന്നവരെല്ലാം നാൽപ്പതിൽ താഴെയാണ് പ്രായം എന്നു*

*പറയും. ദിനരാത്രങ്ങളുടെ കറക്കം അദ്ദേഹത്തെ അവസാനം വരെ ബാധിക്കുകയില്ല".*

വാല്യം 13. ഭാഗം 2. പേജ് 178.

സ്വാമിയുമായുള്ള അഭിമുഖത്തിൽ സ്വാമി ഇപ്രകാരം പറയുന്ന തായി ഡോ. ജോൺ ഹിസ്ലോപ് രേഖപ്പെടുത്തുന്നു. *"ഈ ശരീരം 96 വർഷം ജീവിക്കുകയും ചെറുപ്പമായി കാണപ്പെടുകയും ചെയ്യും."* 'ലിവിംഗ് ഡിവിനിറ്റി' എന്ന ശകുന്തളബാലുവിന്റെ പുസ്തകത്തിൽ അവർ സ്വാമിയുടെ വാക്കുകൾ സൂചിപ്പിക്കുന്നത് ഇപ്രകാരമാണ്. *"എന്റെ ഈ ശരീരത്തിൽ പഴയശരീരം (ഷിർദ്ദി) പോലെ പ്രായം ചെല്ലുകയില്ല."*

ഈ പ്രസ്താവനകൾ സൂചിപ്പിക്കുന്നത് സ്വാമി തിരിച്ചു വരു മ്പോൾ ചെറുപ്പമായി കാണപ്പെടുമെന്നാണോ?

ബിഹാർ-ഉൽ-അൻവറിൽ മെഹദിയുടെ തിരിച്ചുവരവിനുശേഷം 7 വർഷങ്ങളോളം ഭൂമിയിൽ അദ്ദേഹം ഉണ്ടാവുമെന്ന് വിശദീക രിച്ചു കഴിഞ്ഞു. മെഹദിയുടെ ഭൂമിയിൽ നിന്നുള്ള തിരോധാനത്തെ ക്കുറിച്ചുള്ള പ്രവചനം ഇപ്രകാരമാണ്.

*"മെഹദി ഏഴുവർഷത്തോളം ശേഷിക്കും (വീണ്ടും പ്രത്യക്ഷ പ്പെട്ടതിനുശേഷം) അതിനുശേഷം മരണപ്പെടുകയും മുസ്ലീമുകൾ അദ്ദേഹത്തിനോട് പ്രാർത്ഥന നടത്തുകയും ചെയ്യും".* (പേജ് 91)

## മെഹദിയുടെ സുവർണ്ണകാലം

മെഹദിയുടെ ആഗമനം ഭൂമിയിൽ സമാധാനവും നീതിയും പര ത്തുന്ന സുവർണ്ണയുഗത്തിന്റെ മുന്നോടിയാണ്. അതിന്റെ പ്രഭാവത്തെ വളരെ മനോഹരമായി ബിഹാർ-ഉൽ-അൻവറിൽ രേഖ പ്പെടുത്തിയിരിക്കുന്നു.

*"അല്ലാഹുവിന്റെ നാമത്തിൽ ഭൂമിയിൽ നീതിയും സമത്വവും നിറ യ്ക്കാതെ അദ്ദേഹം പോകുകയില്ല. ഭൂമി അനീതിയാലും അസന്തു ഷ്ടിയാലും പൂരിതമാകുമ്പോൾ അവൻ പ്രത്യക്ഷപ്പെടുകയും ചെയ്യും".*

(പേജ്. 197)

*"അദ്ദേഹത്തിന്റെ കാലം കാണാൻ കഴിഞ്ഞാൽ നീ അനുഗ്രഹീ തനാണ്! അദ്ദേഹത്തിന്റെ കാലം കാണുന്ന ആരും അനുഗ്രഹീത*

*രാണ്".* (പേജ്.170)

*"ഈശ്വരന്റെ പ്രഭയിൽ ഭൂമി വെട്ടിത്തിളങ്ങും അദ്ദേഹത്തിന്റെ സാമ്രാജ്യം കിഴക്കുനിന്ന് പടിഞ്ഞാറോട്ട് വ്യാപിക്കും".*

(പേജ് 113)

*"നിങ്ങളിൽ നിന്ന് ദുഷ്ടരായ ന്യായാധിപരെ അവൻ പിച്ചിച്ചീന്തും. നിങ്ങളുടെ ആപത്തുക്കളെ വെട്ടിമാറ്റും. അന്യായക്കാരായ ഭരണാധികാരികളെ പുറത്താക്കും. ഭൂമിയിൽ നിന്ന് അസത്യത്തെ തുടച്ചുനീക്കും. അദ്ദേഹത്തിന്റെ ചെയ്തികൾ സമഭാവത്തോടെയായിരിക്കും. നിങ്ങൾക്കിടയിൽ അദ്ദേഹം നീതി പുന:സ്ഥാപിക്കും. ഒരിക്കൽ കൂടി ഭൂമിയിൽ ജനിക്കാൻ നിങ്ങളുടെ പൂർവ്വികർ കൊതിക്കും. ഇത് സംഭവിക്കും. അല്ലാഹുവിന്റെ കൃപയാൽ നിങ്ങൾ നിങ്ങളുടെ സ്വപ്നങ്ങളിലാണ്. അധർമ്മം നിങ്ങളെത്തേടി വരുമ്പോൾ നാക്കിനെ നിയന്ത്രിക്കുകയും നല്ല ജീവിതം നയിക്കുകയും ചെയ്യുക. നിങ്ങൾ കാത്തിരിക്കുകയെങ്കിൽ നിങ്ങൾക്കു ഫലം ലഭിക്കും. മെഹദി നിങ്ങൾക്കു വേണ്ടി പകരം ചോദിക്കുമെന്നും നിങ്ങളുടെ അവകാശങ്ങൾ വീണ്ടെടുത്തുതരുമെന്നും തീർച്ചയായും നിങ്ങൾ അറിയും. അല്ലാഹുവിന്റെ നാമത്തിൽ സത്യമായി ഞാൻ പറയുന്നു, ധർമ്മിഷ്ഠരുടേയും നല്ല പ്രവൃത്തി ചെയ്യുന്നവരുടേയും കൂടെയാണ് അല്ലാഹു".*

(പേജ് 155-156)

*"ആ സമയത്ത് ഭൂമി തന്റെ നിധികളെ വെളിപ്പെടുത്തുകയും തന്റെ അനുഗ്രഹങ്ങളെ കാട്ടിത്തരുകയും ചെയ്യും. ദാനധർമ്മങ്ങൾക്ക് പറ്റിയൊരിടം കണ്ടെത്താൻ ജനങ്ങൾക്കു കഴിയുകയില്ല. ദ്രവ്യങ്ങളുടെ സമൃദ്ധിയാൽ എല്ലാ വിശ്വാസികളും പൂരിതമാക്കപ്പെടും".*

(പേജ്.233)

മുകളിലെ വാക്യങ്ങൾ വാഗ്ദാനം ചെയ്യപ്പെട്ട സുവർണയുഗത്തിന്റെ സൗന്ദര്യം വിളിച്ചറിയിക്കുന്നു. ലോകത്തിന്റെ ഇപ്പോഴത്തെ അവസ്ഥ വെച്ചുനോക്കുമ്പോൾ തീരെ ഉൾക്കൊള്ളാൻ സാധിക്കാത്ത ഒരു പ്രതിഭാസം തന്നെ ആണ് അത്. ആ കാലം വന്നെത്തുമ്പോൾ എല്ലാ സ്വപ്നങ്ങൾക്കും സങ്കൽപ്പങ്ങൾക്കും അതീതമായ സൗന്ദര്യമായിരിക്കും അതിന്.

*"എല്ലാ മനുഷ്യരും സഹവർത്തിത്വത്തോടെ വസിക്കുന്ന കാലം വന്നെത്തുന്നു. നിങ്ങൾ പ്രതീക്ഷിക്കുന്നതിലും വളരെ മുൻപേ അത് വന്നെത്തും. ജീവിച്ചിരിക്കുന്ന ഒരുത്തർക്കും അത് സങ്കൽപ്പിക്കാൻ സാധിക്കുന്നതല്ല. എല്ലാ വിവരണങ്ങൾക്കുമതീതമാണ് അത്. അതിന്റെ മനോഹാരിത എല്ലാ സ്വപ്നങ്ങൾക്കുമപ്പുറം മഹത്തര മെന്നുമാത്രം ഞാൻ പറയുന്നു."*

ശ്രീ. സത്യസായി ബാലവികാസ്. വാല്യം XV. No.9
സെപ്തംബർ 1996.

## മെഹദിയുടെ തിരിച്ചുവരവെന്തിന്?

*"രേഖപ്പെടുത്തപ്പെട്ട പ്രവചനപ്രകാരം അദ്ദേഹം ഭൂമിയിൽ സമ ത്വവും നീതിയും സ്ഥാപിച്ചില്ല; അവസാന കാലത്ത് അത് നടത്ത ണം. ഇക്കാരണങ്ങളെല്ലാം ചേർത്തുവെച്ച് പ്രഖ്യാപിക്കപ്പെട്ട വിധി നടപ്പിൽവരുത്താൻ അദ്ദേഹം തിരികെ വരും".*

(പേജ് 141)

മുകളിൽ പറഞ്ഞ വാക്യങ്ങൾക്ക് ഈ പുസ്തകത്തിന്റെ പൂർണ്ണ സാരവുമായി അഭേദ്യമായ ബന്ധമാണുള്ളത്. മെഹദിയുടെ പ്രവ ചിക്കപ്പെട്ട ധർമ്മമായ, ഭൂമിയിൽ സമത്വവും നീതിയും നിറയ്ക്കൽ നിറവേറിയിട്ടില്ല. ആ ധർമ്മം പൂർത്തിയാക്കാൻ അവൻ നിയോഗി ക്കപ്പെട്ടിരിക്കുന്നു. ഈ പുസ്തകം പറയാനുദ്ദേശിക്കുന്ന കാര്യവും ഇതുതന്നെയാണ്. സ്വാമി പ്രഖ്യാപിച്ച പല കാര്യങ്ങളും ഇനിയും സംഭവിക്കാനിരിക്കെ, ഗ്രന്ഥങ്ങളിൽ പറഞ്ഞ പല പ്രവചനങ്ങളും ഇനിയും ഫലവത്താവാനിരിക്കെ, അതു നിറവേറ്റാൻ സ്വാമി തിരി ച്ചുവരുമെന്നത് തീർച്ചയാണ്!!!

*''സ്വർല്ലോകവാസികളുടെ സുരക്ഷക്ക് നക്ഷത്രങ്ങളെന്നപോലെ ഭൂമുഖത്തെ മനുഷ്യരുടെ സുരക്ഷ എന്റെ കൈകളിലാണ്. വീണ്ടും എത്രയും വേഗം പ്രത്യക്ഷപ്പെടുന്നതിനായി കൂടുതൽ പ്രാർത്ഥി ക്കുന്നതിലാണ് നിന്റെ വിജയം കുടികൊള്ളുന്നത്."*

(പേജ് 498)

## അദ്ധ്യായം 8

# ആകാശത്തിലെ ദർശനം

**ലോ**കമെമ്പാടുമുള്ള വിവിധ മതഗ്രന്ഥങ്ങൾ ഭൂമിയിലേക്കുള്ള ഈശ്വരന്റെ വരവിനെ മുൻപേതന്നെ വിളംബരം ചെയ്യുന്നുണ്ട്. വളരെ പ്രസിദ്ധവും വളരെ ചർച്ച ചെയ്യപ്പെട്ടതുമായത് ബൈബിളിലെ പുതിയ നിയമത്തിലെ മനുഷ്യപുത്രന്റെ വരവിനെക്കുറിച്ചാണ്. ബൈബിളിലെ വിവിധവാക്യങ്ങൾ അപ്രതീക്ഷിത സമയത്ത് ആകാശത്ത് ദൈവം പ്രത്യക്ഷപ്പെടുമെന്നും തൽഫലമായി മായികമായി മാനവരാശി ഉയർത്തപ്പെടുമെന്നും പറയുന്നുണ്ട്.

*"അപ്പോൾ ആകാശത്തിൽ മനുഷ്യപുത്രന്റെ അടയാളം പ്രത്യക്ഷപ്പെടും. ഭൂമിയിലെ സർവ്വഗോത്രങ്ങളും വിലപിക്കുകയും മനുഷ്യപുത്രൻ വാനമേഘങ്ങളിൽ ശക്തിയോടും മഹത്വത്തോടും കൂടെ വരുന്നത് കാണുകയും ചെയ്യും. വലിയ കാഹള ധ്വനിയോടുകൂടി തന്റെ ദൂതന്മാരെ അവൻ അയയ്ക്കും. അവർ ആകാശത്തിന്റെ ഒരറ്റം മുതൽ മറ്റേയറ്റം വരെ നാലു ദിക്കുകളിലും നിന്ന് അവന്റെ തെരഞ്ഞെടുക്കപ്പെട്ടവരെ ഒരുമിച്ചുകൂട്ടും."*

മാത്യു. 24: 30–31.

*"അധികാരപൂർണ്ണമായ ആജ്ഞാവചനം കേൾക്കുകയും പ്രധാന ദൂതന്റെ ശബ്ദം ഉയരുകയും ദൈവത്തിന്റെ കാഹളധ്വനി മുഴുങ്ങുകയും ചെയ്യുമ്പോൾ കർത്താവ് സ്വർഗ്ഗത്തിൽനിന്ന് ഇറങ്ങിവരും."*

1-തെസ്സലംണിയൻസ് – 4: 16–77.

മുകളിലെ വിശുദ്ധ ബൈബിൾ വാക്യങ്ങൾ സൂചിപ്പിക്കുന്നത് 'മനുഷ്യപുത്രന്റെ വരവ്' വിളിച്ചറിയിക്കുന്ന ഒരു ആകാശദർശനത്തിന് മാനവരാശിയൊന്നാകെ ദൃക്സാക്ഷ്യപ്പെടുമെന്നാണ്. ക്രിസ്തുവിന്റെ 'രണ്ടാംവരവായി' ഇതിനെ ഒരുപാടുപേർ വിശ്വസിക്കുന്നുണ്ട്.

എന്നിരുന്നാലും സ്വാമി പറഞ്ഞതനുസരിച്ച്, തന്റെ സ്വന്തം തിരിച്ചുവരവിനെക്കുറിച്ച് ജീസസ് ഒരിക്കലും പ്രവചിച്ചിരുന്നില്ല. ജീസസ് പ്രവചിച്ചത് ബാബയുടെ വരവാണ്.

*"ക്രിസ്തുവിന്റെ പ്രസ്താവന ലളിതമാണ്. "നിങ്ങൾക്കിടയിലേക്ക് എന്നെ അയച്ചവൻ ഇനിയും വരും." അതിനുശേഷം യേശു ഒരു കുഞ്ഞാടിനെ ചൂണ്ടിക്കാണിച്ചു. ആട് ഒരു പ്രതീകമാണ്. ഒരടയാളം. അത് ബാ... ബാ... എന്ന ശബ്ദത്തെ കാണിക്കുന്നു; അത് വിളംബരം ചെയ്യുന്നത് ബാബയുടെ ആഗമനത്തേയും. താൻ തിരിച്ചുവരുമെന്ന് ക്രിസ്തു പ്രസ്താവിച്ചിട്ടില്ല. യേശു പറഞ്ഞത് എന്നെ അയച്ചവൻ വീണ്ടും വരുമെന്നാണ്. ആ ബാ...ബയാണ് ഈ ബാബ".*

സത്യസായി സ്പീക്സ്. വാല്യം 11, അദ്ധ്യായം 54.

വിശുദ്ധബൈബിളിലെ മനുഷ്യപുത്രന്റെ രണ്ടാംവരവ് എന്നുദ്ദേശിക്കുന്നത് ശ്രീ. സത്യസായിബാബയുടെ തന്നെ രണ്ടാംവരവാണോ? ലോകം ഉടൻ തന്നെ സത്യസായി രൂപത്തിലെ ആകാശദർശനത്തിനു സാക്ഷ്യം വഹിക്കുമോ?

*"ഇതാ! അവൻ മേഘങ്ങളുടെ അകമ്പടിയോടെ ആഗതനാകുന്നു. ഓരോ മിഴിയും അവിടുത്തെ കാണും. അവനെ കുത്തിമുറിവേല്പിച്ചവരും അവനെ പ്രതി മാറത്തടിച്ചു വിലപിക്കുന്ന ഭൂമിയിലെ സകല ഗോത്രങ്ങളും അവനെ ദർശിക്കും. ആമേൻ."*

വെളിപാട് 1:7

ബൈബിൾ പറയുന്ന 'സർവ്വമിഴികളും അവനെ കാണും' എന്നത് സൂചിപ്പിക്കുന്നത് ആഗോളതലത്തിലുള്ള ഒന്നു സംഭവിക്കുമെന്നാണ്. 'സേക്രഡ് നാഡി റീഡിംഗ്സ്' എന്ന പുസ്തകത്തിൽ അഗസ്ത്യനാഡിയിലെ കൗതുകകരമായ ഒരു പ്രവചനം ചേർത്തിട്ടുണ്ട്.

*"തന്റെ ഇതേരൂപത്തിൽ തന്നെ ഈശ്വരൻ ദർശനം നൽകും. അദ്ദേഹത്തിന്റെ യഥാർത്ഥ ശരീരത്തിന്റെ ദർശനമായിരിക്കും അത്. അത് കാണുന്നവരെല്ലാം തന്നെ അത്ഭുതപരതന്ത്രരാകും. ശിവഭഗ*

*വാൻ പറയുന്നത് ഭാരതത്തിൽ മാത്രമല്ല ലോകം മുഴുവനും ഈ ദർശനം ലഭിക്കും എന്നാണ്. അത് ഒരേ രൂപം തന്നെയായിരിക്കും. വിവിധ സ്ഥലങ്ങളിൽ ആണെന്നു മാത്രം. അത്ഭുതപരതന്ത്രരായി പല ആളുകളും ഇവിടെയും അവിടേയും അദ്ദേഹത്തെ കണ്ടതായി അവകാശപ്പെടും. സത്യത്തിൽ ഒരേ സമയം തന്നെ വിവിധ സ്ഥല ങ്ങളിലുള്ള ഒരുപാടുപേർ അദ്ദേഹത്തെ ദർശിക്കും".*

സേക്രഡ് നാഡി റീഡിംഗ്സ് - ശ്രീ വസന്തസായി പേജ് 18

നേരത്തെ പറഞ്ഞ ബൈബിൾ പ്രവചനങ്ങളുടെ പ്രതിധ്വനി യാണ് ഈ നാഡിപ്രവചനവും. ആർക്കും അറിയാത്ത അപ്രതീ ക്ഷിത മുഹൂർത്തത്തിലായിരിക്കും അവന്റെ രണ്ടാംവരവ് എന്നു ബൈബിളിൽ പറയുന്നു.

*"അതിനാൽ നിങ്ങളും തയ്യാറായിരിക്കണം. നിങ്ങൾ പ്രതീ ക്ഷിക്കാത്ത മൂഹൂർത്തത്തിൽ മനുഷ്യപുത്രൻ വരും."*

മാത്യു 24:44

*"ആ ദിവസത്തെക്കുറിച്ചോ മണിക്കൂറിനെക്കുറിച്ചോ പിതാവിന ല്ലാതെ മറ്റാർക്കും, സ്വർഗ്ഗത്തിലുള്ള ദൂതന്മാർക്കോ പുത്രനുപോ ലുമോ അറിഞ്ഞുകൂടാ".*

മാർക്ക് 13:32

ബിഹാർ-ഉൽ-അൻവറിലെ, വരാനിരിക്കുന്ന മെഹദി അഥവാ ഖയീമിന്റേയും ബൈബിളിലെ മനുഷ്യപുത്രന്റേയും സാമ്യതകൾ നമ്മൾ പരിശോധിച്ചു കഴിഞ്ഞു. തന്റെ തിരോധാനത്തിനു ശേഷം വീണ്ടും ഖയീം വരുന്നത് അപ്രതീക്ഷിത മുഹൂർത്തത്തിലായിരി ക്കുമെന്ന് ബീഹാർ-ഉൽ-അൻവറും പറയുന്നുണ്ട്. ബിഹാർ-ഉൽ-അൻവറിലെ പല വരികൾക്കും ബൈബിളിലെ വരികളോട് സാമ്യ മുണ്ട്.

*"ശ്രദ്ധിക്കൂ! അല്ലാഹുവിന്റെ നാമത്തിൽ, മെഹദി നിങ്ങളിൽ നിന്ന് അപ്രത്യക്ഷനാകും. പിന്നെ ജ്വലിക്കുന്ന ഒരു കൊള്ളിമീൻ കണക്കെ അദ്ദേഹം വന്നുചേരും. ഭൂമിയിൽ അനീതിയും അക്രമവും നിറഞ്ഞു കവിയുമ്പോൾ അവൻ സമത്വവും നീതിയും പുന:സ്ഥാപിക്കും".*

ബിഹാർ-ഉൽ-അൻവർ. വാല്യം 13. ഭാഗം 1.
ഇംഗ്ലീഷ് തർജ്ജമ, പേജ് 178

വരാനിരിക്കുന്ന മനുഷ്യപുത്രൻ മേഘത്തിനിടയിലൂടെ കൊള്ളിയാൻ പോലെ കിഴക്കുനിന്ന് പടിഞ്ഞാറോട്ടു പോകുന്നത് ബൈബിളിൽ പറയുന്നുണ്ട്.

*“കിഴക്കുനിന്നും പടിഞ്ഞാറോട്ടു പായുന്ന മിന്നൽപ്പിണർ പോലെയായിരിക്കും മനുഷ്യപുത്രന്റെ ആഗമനം”.*

മാത്യു 24:27

*“അപ്പോൾ മനുഷ്യപുത്രൻ വലിയ ശക്തിയോടും മഹത്വത്തോടുംകൂടെ മേഘങ്ങളിൽ വരുന്നത് അവർ കാണും.”*

മാർക്ക് 13:26

പുതിയ നിയമത്തിലേയും ബിഹാർ-ഉൽ-അൻവറിലേയും ഇത്തരം വാക്യങ്ങൾ സത്യസായി സ്വരൂപത്തിന്റെ ആകാശദർശനങ്ങൾ പ്രത്യക്ഷപ്പെടുന്നതിന് ലോകം സാക്ഷ്യം വഹിക്കും എന്ന എന്റെ വിശ്വാസത്തെ ഊട്ടിയുറപ്പിച്ചു. ‘പുനരാഗമനത്തിനുള്ള സൂചനകൾ’ എന്ന കഴിഞ്ഞ അധ്യായത്തിൽ സ്വാമി വിവിധ സ്ഥലങ്ങളിൽ പ്രത്യക്ഷപ്പെടുന്നതായും ലോകമെമ്പാടുമുള്ള ജനങ്ങൾ സ്വാമിയെ കണ്ടതായി ഒരേസമയം അവകാശപ്പെടുന്നു എന്നൊക്കെയുള്ള സ്വപ്നങ്ങൾ ഭക്തർക്ക് ലഭിച്ചിട്ടുള്ളതായി പരാമർശിക്കപ്പെടുന്നു. അതേ അധ്യായത്തിൽ തന്നെ, തന്റെ ശരീരത്തിൽ വസിച്ച അന്ത്യനിമിഷങ്ങളിൽ സ്വാമി സീമധവാന് നൽകിയ സന്ദേശങ്ങളും നമ്മൾ പരിശോധിച്ചു കഴിഞ്ഞു.

“ഞാൻ ഒരിടത്തേക്കും പോയിട്ടില്ല.” എന്ന സന്ദേശം ഒരിക്കൽക്കൂടി പരിശോധിച്ചാൽ ‘ആകാശദർശന’ പ്രവചനങ്ങൾക്ക് കുറച്ചുകൂടി വ്യക്തത കൈവരുന്നുണ്ടോ?

*“ശുദ്ധമനസ്കരായ ഭക്തഹൃദയങ്ങളും പ്രേമം നിറഞ്ഞ ഹൃദയങ്ങളും കാലങ്ങളോളം എന്നെ വിളിച്ചുകൊണ്ടിരിക്കും. അവരുടെ വിശുദ്ധിയുടെ ശക്തി ഒന്നുകൊണ്ടുമാത്രം ഒരിക്കൽകൂടി ഞാൻ ദൃശ്യനാകുകയും നിറഞ്ഞകൈകളോടെ ഞാൻ ഒരിക്കൽ കൂടി വന്നെത്തുകയും ചെയ്യും. ഞാനെന്തു പറഞ്ഞാലും അത് വൃഥാവിലാവില്ലെന്ന എന്റെ വാക്കുകളെ നിങ്ങൾ വിശ്വസിക്കണം. എന്റെ വാക്കുകൾ സത്യമായിത്തീരും. എല്ലായ്പ്പോഴും എന്നെക്കുറിച്ചു മാത്രം ചിന്തിക്കൂ, നിങ്ങൾക്കുമുന്നിൽ ഞാനുണ്ടെന്ന് മനസ്സിലാക്കൂ. വികാരങ്ങളിൽ നിന്ന് അകന്നുമാറി എന്റെ തിരിച്ചുവരവിനായി*

*കാത്തിരിക്കൂ". താൻ ലോകത്തിന് 'ദൃശ്യനാകും' (Visible) എന്ന് സ്വാമി പറയുന്നു. ദൃശ്യം എന്നത് ദർശനവുമായി (കാഴ്ച) ബന്ധപ്പെട്ടതാണ്. ലോകം മുഴുവൻ സാക്ഷ്യം വഹിക്കാൻ പോകുന്ന ഒരു 'മഹനീയ ദർശന'ത്തിന്റെ സൂചന നൽകുകയാണോ സ്വാമി? അദ്ദേഹത്തിന്റെ പ്രത്യക്ഷപ്പെടൽ ആകാശത്തെ ഒരു മഹനീയ ദർശനമായിട്ടായിരിക്കുമോ? അതാണോ സ്വാമി പറഞ്ഞ ഉയിർത്തെഴുന്നേല്പ്പിന്റെ ദിനം?*

*"ഉയർത്തെഴുന്നേൽക്കുന്ന ദിനം' അധികം അകലെയല്ല. അതെത്തുമ്പോൾ ഈശ്വരന്റെ യഥാർത്ഥ ശക്തിയുടെ വെളിപ്പെടുത്തൽ ഈശ്വരന്റെ സർവ്വവ്യാപിത്വം പ്രകടമാക്കപ്പെടും."*

ശ്രീ സത്യസായിബാബ ആൻഡ് ഫ്യൂച്ചർ ഓഫ് മാൻകൈൻഡ്.

സത്യപാൽ റുബേല. പേജ് 223.

## മാറ്റിവെക്കപ്പെട്ട വിശ്വരൂപദർശനം

*"ഞാൻ ഒരിക്കൽപ്പോലും പ്രാധാന്യമൊന്നുമില്ലാത്ത ഒരു വാക്ക് ഉരിയാടുകയോ ഗുണപരമായ ഫലങ്ങളില്ലാത്ത ഒന്നും തന്നെ ചെയ്യുകയോ ഇല്ല".*

ലൈഫ് ഓഫ് ഭഗവാൻ ശ്രീ സത്യസായി ബാബ,
എൻ. കസ്തൂരി. പേജ് 196.

ഒക്ടോബർ 4, 2007 വ്യാഴാഴ്ച സ്വാമിയുടെ നിർദ്ദേശപ്രകാരം പ്രശാന്തിനിലയത്തിൽ നിന്ന് ഒരു പ്രഖ്യാപനം പുറത്തുവന്നു. പുട്ടപർത്തി വിമാനത്താവളത്തിന്റെ വടക്കുകിഴക്കു ദിശയിൽ വൈകീട്ട് ഏകദേശം 7 മണിയോടുകൂടി സ്വാമി വിശ്വരൂപദർശനം നൽകും എന്നതായിരുന്നു അത്. ഈ വാർത്ത പ്രഖ്യാപിക്കപ്പെട്ടതോടു കൂടി സ്വാമിയുടെ നാമം ഉരുവിട്ടു കൊണ്ട് ആളുകൾ കൂട്ടമായി വിമാനത്താവളത്തിലേക്ക് ഓടാൻ തുടങ്ങി. ഈ വാർത്ത ടെലിവിഷൻ ചാനലുകളും പ്രക്ഷേപണം ചെയ്തിരുന്നു. അതിനാൽ പുട്ടപ്പർത്തിയിലുള്ള വീട്ടുകാരും തങ്ങളുടെ വീടും പൂട്ടി എയർപോർട്ടിൽ എത്തിച്ചേർന്നു. പരിസരഗ്രാമങ്ങളിൽ നിന്നും ആയിരക്കണക്കിന് ആളുകൾ അവിടെ എത്തിച്ചേർന്നു. എല്ലാവരും ആകാശത്തിന്റെ വടക്കുകിഴക്കു ഭാഗത്തേക്ക് ശ്രദ്ധിച്ചുകൊണ്ട് അവിടെ തടിച്ചുകൂടി. സ്വാമിയുടെ കാറിനെ പൊതിഞ്ഞു ജനങ്ങൾ നിറഞ്ഞതു കൊണ്ട് അവിടുത്തേക്ക് പുറത്തേക്കിറങ്ങാൻ പോലും സാധിച്ചില്ല.

കാറിനു മുൻപിൽ വിശ്വരൂപദർശനത്തിനായി ഒരു ചെറിയ സ്റ്റേജ് ഒരുക്കിയിരുന്നെങ്കിലും ആവേശം നിറഞ്ഞ ഭക്തരെ മാറ്റി സ്വാമിക്ക് അതിനടുത്തേക്ക് എത്തിച്ചേരാനായില്ല. ഏകദേശം ഒരു മണിക്കൂർ സമയത്തോളം കാറിൽ ഇരിക്കാൻ സ്വാമി നിർബന്ധിതനായി. കുറച്ചുനേരത്തിനു ശേഷം സത്യസായി ട്രസ്റ്റിന്റെ ഭാരവാഹികൾ മേഘാവൃതമായ ആകാശം മൂലവും, ഭക്തരുടെ നിസ്സഹകരണം കൊണ്ടും വിശ്വരൂപദർശനം മാറ്റി വെച്ചിരിക്കുന്നു എന്നറിയിച്ചു. സ്വാമി അതിനുശേഷം തന്റെ ആശ്രമത്തിലേക്ക് തിരിച്ചുപോയി. അതിന്റെ പ്രത്യേക സ്വഭാവം കൊണ്ടുതന്നെ സത്യസായി അവതാരചരിത്രത്തിലെ വ്യത്യസ്തമായ ഒരു ഭാഗമാണിത്. സ്വാമി ഒരു പൊതുദർശനം നടത്തുമെന്ന് പ്രഖ്യാപിക്കുകയും എന്തുതന്നെ കാരണം കൊണ്ടായാലും അത് നാടകീയമായി നീട്ടിവെച്ചതും സ്വാമി സാധാരണ ചെയ്യാത്ത പ്രവൃത്തിയാണ്. പക്ഷെ സ്വാമി ഒന്നുംതന്നെ അകാരണമായി ചെയ്യില്ല എന്നും നമുക്കറിയാം.

ഒരുപാട് ഭക്തർക്ക് സ്വാമി തന്റെ ആകാശദർശനം നൽകിയിട്ടുണ്ട്. ചില ഭക്തരുടെ കൂട്ടത്തിനും ഒറ്റപ്പെട്ട വ്യക്തികൾക്കുമാണ് അതിനുള്ള ഭാഗ്യം കൈവന്നത്. 'അന്യഥാ ശരണം നാസ്തി' എന്ന ശ്രീ വിജയകുമാരിയുടെ പുസ്തകത്തിൽ അത്തരമൊരു അത്ഭുത സംഭവം വിവരിക്കുന്നുണ്ട്. തനിക്കും മറ്റു ചില ഭക്തർക്കുമായി ലഭിച്ച അനിർവചനീയമായ ഒരാകാശദർശനത്തെക്കുറിച്ചാണ് എഴുത്തുകാരി ഓർമ്മിക്കുന്നത്.

"ഒരു ദിവസം ഞങ്ങളെല്ലാവരും ചിത്രാവതിക്കരയിലേക്ക് നടക്കുമ്പോൾ പെട്ടെന്ന് സ്വാമി അപ്രത്യക്ഷനായി. സ്വാമി എവിടെയെന്ന് ഞങ്ങൾ ചുറ്റും നോക്കുമ്പോൾ ഒരു കയ്യടി ശബ്ദം കേട്ട ഞങ്ങൾ മുകളിലേക്ക് നോക്കി. 'ഞാൻ കുന്നിൻമുകളിലാണെന്ന്' സ്വാമി പറഞ്ഞു. അപ്പോൾ വൈകുന്നേരം ഏകദേശം ആറുമണി ആയിരുന്നു. കാഠിന്യം കുറഞ്ഞ രശ്മികളോടു കൂടി സൂര്യൻ പടിഞ്ഞാറോട്ട് ചാഞ്ഞുതുടങ്ങിയിരുന്നു. ആകാശം ഒരു കറുത്ത പുതപ്പ് പുതച്ചപോലെ കരിമേഘങ്ങളാൽ നിറഞ്ഞിരുന്നു. സ്വാമി പറഞ്ഞു. 'നിങ്ങൾ എന്നെ നോക്കൂ. ഞാൻ സൂര്യനെ കാണിച്ചുതരാം.'

'അസ്തമിച്ചു കഴിഞ്ഞ സൂര്യൻ എങ്ങനെ തിരിച്ചുവരും' എന്ന് ഞങ്ങൾ ചിന്തിക്കുമ്പോൾ തന്നെ സ്വാമിയുടെ ശിരസ്സിനു പിറകിൽ നവങ്ങളായ സൂര്യകിരണങ്ങൾ ഞങ്ങൾ കണ്ടു. ആകാശമൊന്നാകെ ഇളംനീല മേഘങ്ങളെക്കൊണ്ടു നിറഞ്ഞു. കിരണങ്ങൾ ചൂടുനി

റഞ്ഞ ചുവന്ന കിരണങ്ങളായി ജ്വലിക്കാൻ തുടങ്ങുമ്പോൾ ഞങ്ങൾ എല്ലാവരും വിയർത്തുകുളിക്കാൻ തുടങ്ങി. ആ സൂര്യകിരണങ്ങൾ മദ്ധ്യാഹ്നസൂര്യന്റെ കിരണങ്ങൾ പോലെ അതിശക്തമായ ചൂടുള്ള വയായിരുന്നു.

സൂര്യന്റെ താപം സഹിക്കാനാവാതെ ഞങ്ങൾ ഉറക്കെ പറഞ്ഞു. 'സ്വാമീ! ചൂടു സഹിക്കാനാവുന്നില്ല!' ഉഷ്ണം പതുക്കെ കുറയാൻ തുടങ്ങി. ഞങ്ങൾ സ്വസ്ഥരായിരിക്കാൻ തുടങ്ങുമ്പോൾ വീണ്ടും കുന്നിൻ മുകളിൽ നിന്ന് സ്വാമിയുടെ സ്വരം ഉയർന്നു. 'ഇനി നിങ്ങൾക്ക് ചന്ദ്രനെ കാണിച്ചുതരാം.' സ്വാമിയുടെ ശിരസ്സിനു പിറകെ പാതിമറഞ്ഞ, തേൻനിറമുള്ള രശ്മിയോടെ ചന്ദ്രൻ ഉദിച്ചു. ഉടനെ രശ്മികളുടെ ധവളിമ കൂടിക്കൂടി വന്നു. അതോടെ ഞങ്ങൾ തണുത്തു വിറക്കാൻ തുടങ്ങി. ഞങ്ങളുടെ ശരീരം കോച്ചിവിറച്ചു. തണുപ്പുകൊണ്ട് പല്ലുകൾ തമ്മിൽ കൂട്ടിയിടിക്കാൻ തുടങ്ങി. 'സ്വാമി തണുപ്പ്! വളരെ തണുപ്പ് സ്വാമി' ഇപ്രകാരം ഞങ്ങൾ പറയുമ്പോൾ തന്നെ തണുപ്പ് പതുക്കെ കുറഞ്ഞുവന്നു.

എന്തത്ഭുതമാണ് ഇനി അവിടുന്ന് പ്രവർത്തിക്കാൻ പോകുന്ന തെന്ന് ഞങ്ങൾ ഉറ്റുനോക്കുമ്പോൾ അവിടുന്ന് അരുളിച്ചെയ്തു. 'ഞാൻ നിങ്ങൾക്ക് തൃനേത്രം കാണിച്ചുതരാം. ശ്രദ്ധയോടെ അത് വീക്ഷിക്കൂ.'

'എങ്ങനെയായിരിക്കും തൃനേത്രം?' ഞങ്ങൾ വിസ്മയിച്ചു. അപ്പോൾ സ്വാമിയുടെ ശരീരം കാണാനുണ്ടായിരുന്നില്ല. അവി ടുത്തെ ശിരസ്സ് വളരെ വലുതായി കാണപ്പെട്ടു. അത് ആകാശത്തിനു കുറുകെ വലിച്ചു നീട്ടിയപോലെ തോന്നി. ഞെട്ടലോടെ, മനസ്സിൽ ഉയർന്ന അമ്പരപ്പോടെ ഞങ്ങൾ ആകാശത്തേക്കു തുറിച്ചുനോക്കി. സ്വാമിയുടെ നെറ്റിത്തടത്തിൽ ഭ്രൂമദ്ധ്യത്തിൽ ജ്വലിക്കുന്ന ഒരു രന്ധ്രം പ്രത്യക്ഷപ്പെട്ടു. ആ ദ്വാരത്തിൽ കൂടി ധൂമത്തോടു കൂടിയ അഗ്നി സ്ഫുലിംഗങ്ങൾ നിർഗ്ഗളിക്കാൻ തുടങ്ങി. ആ അഗ്നിജ്വാലയുടെ പ്രഭ യിൽ ഞങ്ങളുടെ കണ്ണഞ്ചിപ്പോയി. ഞങ്ങൾ ഭയചകിതരായി. ഞങ്ങ ളേക്കാളുപരി, സ്വാമിക്ക് എന്താണു സംഭവിക്കുന്നതെന്നോർത്ത് ഞങ്ങൾ ആകുലരായി. ശക്തമായ അഗ്നിജ്വാലകൾ പുറത്തേക്ക് പ്രവഹിക്കാൻ തുടങ്ങി. പിൻതിരിഞ്ഞുനോക്കിയപ്പോൾ കൂടെയു ണ്ടായിരുന്ന പലരും ബോധരഹിതരായി വീണു കിടക്കുന്നതു കണ്ടു.

എന്തുകൊണ്ടവർ ബോധരഹിതരായി എന്ന് ഞങ്ങൾക്ക് മനസ്സി ലായില്ല. അതു ഞങ്ങളെ കൂടുതൽ ഭയപ്പെടുത്തി. മുകളിലേക്കു

നോക്കിയപ്പോൾ സ്വാമിയെ എവിടേയും കാണുകയുണ്ടായില്ല. സ്തബ്ധരായി എന്തുചെയ്യണമെന്നറിയാതെ, ഞങ്ങൾ തേങ്ങിക്കരയാൻ തുടങ്ങി. പെട്ടെന്ന് സ്വാമി ഞങ്ങളുടെ മദ്ധ്യത്തിൽ നിൽക്കുന്നതായി ഞങ്ങൾ കണ്ടു.

'എന്തു സംഭവിച്ചു.' ഞങ്ങളുടെ തോളിൽ തട്ടിക്കൊണ്ട് അദ്ദേഹം ഞങ്ങളോട് ചോദിച്ചു എന്തിനാണ് നിങ്ങൾ കരയുന്നത്? ഈ കുട്ടികൾ എന്താണ് വീണുകിടക്കുന്നത്? എന്തുപറയണമെന്നറിയാതെ അവിടുത്തെ ആലിംഗനം ചെയ്തുകൊണ്ട് ഞങ്ങൾ വീണ്ടും തേങ്ങിക്കരയാൻ തുടങ്ങി.

ബോധരഹിതരായിക്കിടന്ന ആളുകൾ ഓരോരുത്തരായി അബോധാവസ്ഥയിൽ നിന്ന് ഉണർന്നെണീക്കാൻ തുടങ്ങി. വളരെ വ്യത്യസ്തമായ ഒരനുഭവമായിരുന്നു അത്. നടക്കുമ്പോൾ ഞങ്ങളുടെ ശരീരം ഒരു നിയന്ത്രണവുമില്ലാതെ അങ്ങോട്ടുമിങ്ങോട്ടും ആടി. വായുവിൽ ഒഴുകി നടക്കുന്നതായി ഞങ്ങൾക്ക് അനുഭവപ്പെട്ടു. ഞങ്ങളുടെ ശരീരത്തിലെ ഓരോ അണുവിലും അനിർവ്വചനീയമായ ഒരാനന്ദം വ്യാപിക്കുന്നതായി അനുഭവപ്പെട്ടു. അന്ന് ഭജനപാടാൻ ഞങ്ങൾക്കു കഴിഞ്ഞില്ല. ഞങ്ങൾക്ക് മയക്കം തോന്നി. ആ വൈകുന്നേരം മുഴുവനും അതേ അവസ്ഥയിൽ കഴിഞ്ഞുപോയി. പിറ്റേന്നും ആ അവസ്ഥ തുടർന്നപ്പോൾ ഞങ്ങൾ സ്വാമിയോട് അതിനെപ്പറ്റി ചോദിച്ചു. അവിടുന്ന് പുഞ്ചിരിച്ചുകൊണ്ട് അരുളിച്ചെയ്തു. നിങ്ങൾ കഴിഞ്ഞ കുറേ ജന്മങ്ങളായി തൃനേത്രത്തെ ഒരു നിമിഷത്തേക്കെങ്കിലും കാണാനായി പ്രാർത്ഥിക്കുന്നു. ആ പ്രാർത്ഥനക്ക് ഉത്തരമായി അതിന്റെ ദർശനം ഇന്ന് നിങ്ങൾക്ക് ലഭിച്ചു. അതിന്റെ ആലക്തിക ശോഭയുടെ ആയിരത്തിലൊരംശം പോലും ഞാൻ വെളിപ്പെടുത്തിയിട്ടില്ല. എങ്കിൽ നിങ്ങൾക്ക് അത് താങ്ങാൻ കഴിയുമായിരുന്നില്ല. ആ ദർശനത്തിന്റെ അനന്തരഫലമാണ് നിങ്ങളുടെ ഈ ആനന്ദാവസ്ഥ. ഈ വെളിപ്പെടുത്തലിൽ വിവശരായിക്കൊണ്ട് ഞങ്ങൾ പൊട്ടിക്കരഞ്ഞുപോയി. അവിടുത്തെ പാദപത്മങ്ങൾ ഞങ്ങൾ ഞങ്ങളുടെ കണ്ണുനീരാൽ കഴുകി".

അന്യഥാ ശരണം നാസ്തി. ശ്രീ വിജയകുമാരി പേജ്. 58-61.

മുകളിൽ പറഞ്ഞ സംഭവത്തിൽ തൃക്കണ്ണിന്റെ പ്രഭയുടെ ആയിരത്തിലൊരംശം പോലും ഭക്തർക്ക് സ്വാമി കാണിച്ചുകൊടുത്തില്ല. എന്നിട്ടുപോലും അവർ ഭയന്ന് ബോധരഹിതരായി. സ്വാമിയുടെ പ്രഭ സങ്കല്പങ്ങൾക്കും അതീതമാണ്. ഇക്കാരണങ്ങൾ കൊണ്ടു

തന്നെ വിശ്വരൂപദർശനത്തിന്റെ പ്രഖ്യാപനവും പിന്നീടുള്ള നീട്ടിവെക്കലും സ്വാമിയുടെ രഹസ്യപദ്ധതിയിൽപ്പെടുന്നതായി തോന്നുന്നു. ആർക്കും തന്നെ സ്വാമിയുടെ മാർഗ്ഗങ്ങൾ അറിയാൻ സാധിക്കുകയില്ല. പക്ഷേ ഈ അവതാരത്തെക്കുറിച്ച് തീർച്ചയായും ചില കാര്യങ്ങൾ നമുക്കറിയാം. തക്കതായ കാരണമില്ലാതെ അവിടുന്ന് ഒന്നുംതന്നെ പ്രവർത്തിക്കുകയില്ല. അവിടുന്ന് എന്തുചെയ്താലും അത് മാനവരാശിയുടെ നന്മക്ക് വേണ്ടിയുള്ളതായിരിക്കും. സ്വാമിക്ക് പരിമിതികൾ ഒന്നും തന്നെ ഇല്ല. ഇപ്രകാരമുള്ള സുവിദിതമായ വസ്തുതകൾ വെച്ചുനോക്കിയാൽ സ്വാമിയുടെ പ്രവൃത്തി വളരെ അർത്ഥഗർഭമാണെന്ന് മനസ്സിലാക്കാൻ സാധിക്കും. സ്വാമി എന്തെങ്കിലും പ്രവർത്തിക്കുമെന്ന് പറഞ്ഞിട്ടുണ്ടെങ്കിൽ, എങ്ങനെ, എപ്രകാരം എന്നു ചിന്തിച്ച് ,മറ്റുള്ളവർക്ക് എത്രതന്നെ അപ്രായോഗികമായി തോന്നിയാലും, സ്വാമി തീർച്ചയായും ആ പ്രവർത്തി നിറവേറ്റുക തന്നെ ചെയ്യും. അതുകൊണ്ടാണ് സ്വാമി ഇപ്രകാരം നമ്മോട് ആവശ്യപ്പെടുന്നത്. *"ക്ഷമയോടിരിക്കൂ! സമയം വരുമ്പോൾ നിങ്ങൾക്ക് സർവ്വവും നൽകപ്പെടും" എന്ന്. ഇതേ കാരണം കൊണ്ടു തന്നെ വിശ്വരൂപദർശന പ്രഖ്യാപനത്തിനു സാക്ഷിയായ സായിസഹോദരൻ എന്നോടിപ്രകാരം സൂചിപ്പിച്ചത്. "ആ നാടകം ഇനി വരാനിരിക്കുന്ന ബ്രഹ്മാണ്ഡദർശനത്തിന്റെ ഒരു സൂചനയായിരിക്കും".* ശ്രദ്ധിക്കേണ്ട മറ്റൊരു കാര്യം സത്യസായിട്രസ്റ്റ് പ്രഖ്യാപിച്ചത് വിശ്വരൂപദർശനം 'നീട്ടിവെച്ചു' എന്നാണ്. മറിച്ച് അത് 'റദ്ദു ചെയ്തു' എന്നല്ല.

## ശാന്തതയ്ക്കു മുമ്പിലുള്ള കൊടുങ്കാറ്റ്

ഈശ്വരന്റെ ആഗമനത്തിനു മുന്നോടിയായി ഒരു വലിയ കൊടുങ്കാറ്റ് ആഞ്ഞടിക്കുമെന്ന് അഗസ്ത്യനാഡി പ്രവചിക്കുന്നതായി 'സേക്രഡ് നാഡി റീഡിംഗ്സിൽ' രേഖപ്പെടുത്തിയിട്ടുണ്ട്.

*"ഈശ്വരന്റെ ആഗമനത്തിനു മുമ്പായി ഭയാനകമായ ഒരു കൊടുങ്കാറ്റ് വരാനിരിക്കുന്നു. അത് വളരെയധികം ഭയം ജനിപ്പിക്കുമെങ്കിലും പെട്ടെന്നുതന്നെ ശാന്തമാവുകയും തൽസ്ഥാനത്ത് ഈശ്വരദർശനം സാദ്ധ്യമാവുകയും ചെയ്യും. ഈ ദിവസത്തിനുശേഷം മഹാത്ഭുതങ്ങൾ അധികരിക്കും."*

സേക്രഡ് നാഡി റീഡിംഗ്സ്. ശ്രീ വസന്തസായി. പേജ്. 21–22

ലൂക്കസ് റാലിയുടെ 'സായി മെസ്സേജസ് ഫോർ യൂ ആൻഡ് മീ' എന്ന പുസ്തകത്തിൽ സ്വാമി ഒരു കൊടുങ്കാറ്റിനെ കുറിച്ച് പരാമർശിക്കുന്നതായി സൂചിപ്പിക്കുന്നുണ്ട്. അതിനുശേഷം തീർത്തും നൂതനമായ ഒരന്തരീക്ഷം സംജാതമാകുകയും ലോകമെമ്പാടും ശാന്തിയും സമാധാനവും വ്യാപിക്കുകയും ചെയ്യും.

*"കൊടുങ്കാറ്റിനുശേഷം വളരെ വ്യത്യസ്തമായ ഒരു നവാന്തരീക്ഷം സംജാതമാകും."*

'സായി മെസ്സേജസ് ഫോർ യൂ ആൻഡ് മീ.
ലൂക്കസ്. റാലി. 1985.

## ആകാശത്തിനു കുറകെയുള്ള നടത്തം

സ്വാമി തന്റെ അടുത്ത ഭക്തരോട് താൻ ആകാശത്തുകൂടെ നടക്കുന്ന ഒരു സമയം ആഗതമാകുമെന്നും തന്റെ മഹത്വം ജനങ്ങൾ തിരിച്ചറിയുമെന്നും പറഞ്ഞിട്ടുണ്ട്. തന്റെ പൊതുപ്രഭാഷണത്തിലും അദ്ദേഹം ഇക്കാര്യം പ്രഖ്യാപിച്ചിട്ടുണ്ട്.

*"എനിക്ക് ആകാശത്തിനു കുറുകെ സഞ്ചരിക്കേണ്ടതായി വരും. അതെ! അതു സംഭവിക്കും. എന്നെ വിശ്വസിക്കൂ."*

സത്യസായി സ്പീക്സ്. വാല്യം 2. അദ്ധ്യായം 18.

*"ആകാശത്തിനു കുറുകെ ഒരറ്റം മുതൽ മറ്റേ അറ്റം വരെ ഞാൻ നടക്കുമ്പോൾ നിങ്ങൾ സ്വാമിയുടെ മഹത്വം തിരിച്ചറിയും."*

തപോവനം ശ്രീ സത്യസായി സദ് ചരിത്ര. അദ്ധ്യായം 1.1
ജാന്ദ്യാലം വെങ്കടേശ്വര ശാസ്ത്രി.

മുകളിൽ പറഞ്ഞ സംഭവങ്ങൾ സൂചിപ്പിക്കുന്നത് 'ആകാശദർശനം' സ്വാമി മനസ്സിൽ എപ്പോഴും സൂക്ഷിച്ചിരുന്ന ഒന്നാണ് എന്നതാണ്. ആ ദൃശ്യം എത്ര മനോഹരമായിരിക്കും? അതിനു സാക്ഷ്യം വഹിക്കുവാൻ സാധിക്കുന്ന ഭാഗ്യവാന്മാർ എത്ര അനുഗൃഹീതർ!

# ഭാഗം 3

# അവിടുത്തെ രാജ്യം വരേണമേ

## അദ്ധ്യായം 9

# സത്യസായി സുവർണ്ണയുഗത്തിന്റെ ഉദയം

*"എത്രയധികം മഹദ് സംഭവങ്ങൾ നടക്കാനിരിക്കുന്നു എന്ന് നിങ്ങൾക്ക് അറിഞ്ഞുകൂടാ. നിങ്ങൾ ദർശിക്കുന്നതും ശ്രവിക്കുന്നതും അനുഭവിക്കുന്നതും എല്ലാം പവിത്രവും അത്യപൂർവ്വവും ആയിത്തീരും. നിങ്ങൾക്കു ലഭിച്ച ഈ അസുലഭാവസരം നഷ്ടപ്പെടുത്തുകയോ പാഴാക്കുകയോ അരുത്. ഒരിക്കൽ നഷ്ടപ്പെട്ടാൽ നിങ്ങൾക്ക് അതൊരിക്കലും വീണ്ടെടുക്കാനാവില്ല. അതൊരിക്കൽ ലഭിച്ചാൽ നിങ്ങൾക്കത് നഷ്ടപ്പെടുകയുമില്ല."*

ദിവ്യവാണി. പ്രശാന്തിനിലയം. ഒക്ടോബർ 14, 1999.

മാനവകുലത്തിന്റെ ചരിത്രത്തിൽ തന്നെ ഒരു സുവർണ്ണ അദ്ധ്യായം എഴുതിച്ചേർക്കാനാണ് താൻ വന്നിരിക്കുന്നതെന്ന് സ്വാമി പലപ്പോഴും പറഞ്ഞിട്ടുണ്ട്. 'സുവർണ്ണയുഗം' – ശാന്തിയും പ്രേമവും സത്യവും ധർമ്മവും മാത്രമുള്ള ഒരു പുതുയുഗം. സമൃദ്ധിയുടേയും സമാധാനത്തിന്റേയും നെറുകയിൽ മാനവകുലം എത്തിച്ചേരുകയും സായി അവതാരത്തിന്റെ രൂപനാമങ്ങൾ ലോകമെമ്പാടും സ്ഥാപിതമാകുകയും സാർവ്വലൗകികമായി ഭഗവാനെ സ്വീകരിക്കുകയും ചെയ്യുമെന്ന് ഭഗവാൻ പലപ്പോഴായി സൂചിപ്പിച്ചിട്ടുണ്ട്.

ഭഗവാന്റെ നിരവധി പ്രഭാഷണങ്ങളിൽ വരാനിരിക്കുന്ന ഈ മനോഹരകാലത്തെക്കുറിച്ചുള്ള ചിത്രം ചിതറിക്കിടക്കുന്നുണ്ട്. ചില സംഭവങ്ങൾ ഇതിനകം ഭാഗികമായി സംഭവിച്ചു കഴിഞ്ഞു. ചില പ്രസ്താവനകളെങ്കിലും പ്രേമസായി അവതാരകാലത്തെക്കുറിച്ചാണോ സ്വാമി ഉദ്ദേശിച്ചിരുന്നതെന്ന സംശയം അപ്പോൾ നമ്മുടെ

മനസ്സിൽ ഉയർന്നേക്കാം. സാധാരണയായി സ്വാമി 'ഈ ശരീരം', 'ഈ രൂപം' എന്നൊക്കെ പറയുമ്പോൾ അവിടുന്ന് വ്യക്തമാക്കുന്നത് ഇപ്പോഴത്തെ അവതാരമായ സത്യസായി ബാബയെത്തന്നെയാണെന്ന് നമുക്കറിയാം. അതിലുമുപരിയായി സ്വാമി നേരിട്ടും അല്ലാതെയും പ്രേമസായി വരുന്നതിനു മുമ്പേ ലോകം പ്രശാന്തസുന്ദരമായിരിക്കും എന്ന് പലപ്പോഴും സൂചിപ്പിച്ചിട്ടുണ്ട്. സ്വാമിയുമായി ജോൺഹിസ്‌ലോപ്പ് നടത്തിയ ഒരു അഭിമുഖത്തിലെ ചില സംഭാഷണശകലങ്ങൾ നമുക്കു നോക്കാം.

| | | |
|---|---|---|
| ജോൺ ഹിസ്‌ലോപ്പ് | : | വളരെ അടുത്തുതന്നെ നാം മഹാവിപത്തു നിറഞ്ഞ ഒരു കാലത്തിലൂടെ കടന്നുപോകാൻ തുടങ്ങുന്നു എന്ന് ആളുകൾ പറയുന്നുണ്ടല്ലോ? |
| സായി | : | ഞാൻ സൂചിപ്പിച്ച പ്രകാരം, വിപത്തുക്കളുടെ വലിയ തിരമാലകൾ ഉയർന്നേക്കാം. പക്ഷേ ലോകത്ത് ശാന്തിയും സമാധാനവും സന്തോഷവും നിറയും. |
| അതിഥി | : | ലോകമഹായുദ്ധം വരില്ലേ? |
| സായി | : | ഇല്ല. ലോകമഹായുദ്ധം ഇല്ല. |
| ജോൺഹിസ്‌ലോപ് | : | പ്രശാന്തസുന്ദരലോകം കാണാൻ നമുക്കു ഭാഗ്യമുണ്ടാവട്ടെ! |
| സായി | : | നിങ്ങൾ അതുകാണും. വൃദ്ധർ പോലും അതു കാണാനായി ജീവിക്കും. |
| അതിഥി | : | അതിനാൽ പ്രേമസായിക്ക് അധികം ജോലി ചെയ്യേണ്ടതില്ല. അതിനകം തന്നെ ലോകം പ്രശാന്തമാക്കിയിരിക്കും. |
| സായി | : | അതിനിനിയും 40-ഓളം വർഷങ്ങൾ കഴിയണം. ആ സമയം ലോകം ശാന്തിനിറഞ്ഞതായിരിക്കും. പ്രേമസായി എന്നാണ് ആ നാമം. എല്ലാ പ്രേമമയം. പ്രേമം, പ്രേമം, പ്രേമം തന്നെ എല്ലായിടത്തും. |

– മൈ ബാബ ആൻഡ് ഐ. ഡോ. ജെ. എസ്. ഹിസ്‌ലോപ്പ്. പേജ് 189.

പ്രമുഖ പത്രപ്രവർത്തകനായ ആർ. കെ. കരഞ്ചിയയുമായുള്ള അഭിമുഖത്തിൽ പ്രേമസായിയുടെ കർത്തവ്യം 'നമ്മൾ തന്നെയാണ് ഈശ്വരൻ' എന്ന് ജനങ്ങളെ മനസ്സിലാക്കിക്കുകയെന്നതാണ് എന്നു സ്വാമി പറയുന്നുണ്ട്.

*"ഇപ്പോഴത്തെ അവതാരത്തിന്റെ ദൗത്യം എല്ലാവരിലും കുടികൊള്ളുന്നതും എല്ലായിടത്തും നിറഞ്ഞുനിൽക്കുന്നതും ഒരേ ഈശ്വരനാണ് എന്ന് ജനങ്ങളെ ബോധ്യപ്പെടുത്തുക എന്നതാണ്. ഗോത്രങ്ങൾക്കും വർണ്ണങ്ങൾക്കും മതങ്ങൾക്കും അതീതമായി മനുഷ്യർ സഹവർത്തിത്വത്തോടെയും സ്നേഹത്തോടെയും ജീവിക്കണം. അപ്രകാരമായാൽ ഏതു അദ്ധ്വാനവും ആരാധനയായി മാറും. അവസാനമായി, പ്രേമസായിയെന്ന മൂന്നാമത്തെ അവതാരം ഈശ്വരൻ എല്ലാവരിലും കുടികൊള്ളുന്നു എന്നുമാത്രമല്ല എല്ലാവരും ഈശ്വരൻ തന്നെയാണ് എന്ന സ്വർഗീയ സന്ദേശം പ്രചരിപ്പിക്കും. അതായിരിക്കും ഏതൊരാൾക്കും ഈശ്വരനിലെത്താനായി, അവശേഷിച്ച അന്തിമ ജ്ഞാനം".*

ദി ബ്ലിറ്റ്സ് ഇന്റർവ്യൂ. സെപ്തംബർ 1976.

പ്രേമസായി മാനവരാശിക്കു പകർന്നു നൽകേണ്ട ഈ വിജ്ഞാനം, ഭഗവാൻ 'അവസാനജ്ഞാനം' എന്നു വിശേഷിപ്പിക്കത്തക്കവണ്ണം ആത്മീയതലത്തിൽ ഉന്നതശ്രേണിയിലാണ്. ആ സമയത്ത് മാനവരാശി അതുൾക്കൊളളാൻ തക്കവണ്ണം ആത്മീയൗന്നത്യം പ്രാപിച്ചിരിക്കും എന്നു ചിന്തിക്കുന്നതിൽ തെറ്റില്ല. അതിനുള്ള ആത്മബോധം ഉണർത്താൻ സത്യസായി അവതാരത്തിനല്ലാതെ മറ്റാർക്ക് കഴിയും?

## വരാനിരിക്കുന്ന സുവർണ്ണയുഗം

*"ഈശ്വരന്റെ ഇച്ഛയെ തടുക്കുവാനാവില്ല. ഭഗവദ്സങ്കൽപ്പം എന്തുതന്നെയായാലും അതു നടന്നേ മതിയാവൂ. സന്തോഷകരമായ ഒരു സുവർണ്ണയുഗം വന്നെത്തും".*

ഈസ്റ്റേൺ വ്യൂ ഓഫ് ജീസസ് ക്രൈസ്റ്റ്. പേജ് 12.

*"കാര്യങ്ങൾ മെച്ചപ്പെടുമെന്നും എല്ലാവർക്കും ജീവിതം സന്തോഷപ്രദമാകുമെന്നും അതുപോലെ, സുവർണ്ണയുഗം വന്നെത്തുമെ*

*ന്നും വിശ്വസിക്കാൻ ആളുകൾ മടിക്കുന്നു. ഈ ധർമ്മസ്വരൂപം, ഈ ദിവ്യശരീരം അവതരിച്ചത് വൃഥാവിലാവില്ലെന്ന് ഞാൻ നിങ്ങൾക്ക് ഉറപ്പുതരുന്നു. മാനവരാശിക്കു മുകളിൽ വരുന്ന സകല പ്രതിബന്ധങ്ങളേയും ഒഴിവാക്കുന്നതിൽ അത് വിജയം വരിക്കും".*

സായിബാബ- ദ ഹോളിമാൻ ആൻഡ് ദ സൈക്യാട്രിസ്റ്റ്.
പേജ് 91.

## സുവർണ്ണയുഗം പ്രതീക്ഷിച്ചതിലും നേരത്തേ

*"ഭയമരുത്! എന്റെ കുഞ്ഞുങ്ങളേ! എല്ലാം ശുഭമായി പരിണമിക്കും. പ്രേമവും വെളിച്ചവും അന്ധകാരത്തെ തുരത്തും. വളരെവേഗം പുതുയുഗം ആഗതമാവും".*

ശ്രീ സത്യസായി ബാബ ആൻഡ് ഫ്യൂച്ചർ ഓഫ്
മാൻകൈൻഡ്. പേജ് 110.

*"മുഴുവൻ മാനവരാശിയും സൗഹാർദ്ദത്തോടെ കഴിയുന്ന കാലം ആഗതമാവുന്നു. നിങ്ങൾ കരുതുന്നതിലും നേരത്തേ അത് സമാഗതമാകും. അത് വന്നെത്തുന്നതിനും മുമ്പേ ഓരോ ജീവന്റേയും അസ്തിത്വത്തിന്റെ യഥാർത്ഥ ഉദ്ദേശ്യം വെളിവാക്കുന്നതിനായി തയ്യാറായിരിക്കൂ. ജീവനുള്ള ഏതൊരുവന്റേയും സങ്കൽപ്പങ്ങൾക്കതീതമാണത്. വിശദീകരിക്കാനാകാത്തതായ അതിന്റെ ബൃഹത്തായ സൗന്ദര്യം സകല സ്വപ്നങ്ങൾക്കുമതീതമാണ്. നിങ്ങളോരോരുത്തരും നിങ്ങളുടെ കർത്തവ്യം നിശബ്ദരായി നടത്തുമ്പോൾ നിങ്ങളെ ഞാൻ എന്റെ ഹൃദയത്തോട് ചേർത്തുവെയ്ക്കുകയും അതിനാൽ നിങ്ങളുടെ ആത്മാക്കൾ ഉയർത്തപ്പെടുകയും നിങ്ങളുടെതന്നെ കണ്ണുകൾ നിങ്ങളിലുള്ള എന്റെ സാന്നിദ്ധ്യം വെളിപ്പെടുത്തുകയും ചെയ്യും".*

ശ്രീ. സത്യസായി ബാലവികാസ്. വാല്യം XV.
സെപ്തംബർ 96.

*"മാനവസാഹോദര്യവും ഈശ്വരന്റെ പിതൃത്വവും അതിസുന്ദരമായി വിളങ്ങുന്ന ചിത്രം അടുത്തുതന്നെ ഉദിക്കാൻ തുടങ്ങും".*

സത്യസായി സ്പീക്സ്. വാല്യം 13. അദ്ധ്യായം 18..

*"ഇന്നത്തെ ലോകം മുഴുവനും ആകാംക്ഷയുടെയും ഭയത്തിന്റേയും കഠിനയാതന അനുഭവിക്കുന്നു. അടുത്തുതന്നെ ആ കാർമേ*

*ഘങ്ങൾ ചിതറിപ്പോകുമെന്നും സന്തോഷം നിറഞ്ഞ പുതുയുഗത്തിന് ലോകം സാക്ഷ്യം വഹിക്കുമെന്നും ഞാൻ നിങ്ങൾക്ക് ഉറപ്പുനൽകുന്നു".*

സത്യസായി സ്പീക്സ്. വാല്യം 11. അദ്ധ്യായം 28.

*"ഒരു അരാജകത്വത്തിന്റെ നെറുകയിൽ ലോകം എത്തിച്ചേരുമ്പോൾ മാനവഹൃദയങ്ങളിലെ പ്രക്ഷോഭം ശമിപ്പിക്കാനായി അവതാരം വന്നെത്തുന്നു. വളരെ വേഗം പ്രശാന്തി സ്ഥാപിക്കപ്പെടുകയും ഈശ്വരീയ മാർഗ്ഗത്തിൽ നിന്നുള്ള പൈശാചികമായ ഗതിഭ്രംശം തിരുത്തപ്പെടുകയും ചെയ്യും. ഓരോ മാനവസമൂഹത്തിലും നിർണ്ണായകമായ ധർമ്മം പുനർജ്ജനിക്കും".*

സത്യസായി സ്പീക്സ്. വാല്യം 11. അദ്ധ്യായം 31.

## സുവർണ്ണയുഗത്തിന്റെ പ്രകൃതം

*"സുവർണ്ണയുഗം ഉദയം ചെയ്യുമ്പോൾ വിശ്വം മുഴുവൻ സൗഹാർദ്ദം നിറയുകയും എല്ലായിടവും പ്രേമം പരന്നൊഴുകുകയും ചെയ്യും. വിദ്വേഷത്തിന്റെ ചിന്തകൾ പോലുമപ്രത്യക്ഷമാകും. സംഘട്ടനങ്ങൾ, വെറുപ്പ്, വിദ്വേഷം ,ദുഷ്ടത തുടങ്ങിയ അരാജകത്വങ്ങൾ എവിടേയും നിറഞ്ഞതിനാൽ അത്തരം ഒരു നൂതന അവസ്ഥയെ നിങ്ങൾക്കിപ്പോൾ സങ്കല്പിക്കാൻ പോലും കഴിയുകയില്ല. എല്ലാ അശുഭചിന്തകളും അതിന്റെ ആരോഹണത്തിലാണ് ഉള്ളത്. പക്ഷേ, ക്രമേണ ഈ അവസ്ഥയ്ക്ക് മാറ്റം സംഭവിക്കും".*

സായി മെസ്സേജസ് ഫോർ യു ആൻഡ് മീ. ലൂക്കസ് റാലി
വാല്യം 2. പേജ് 70

*"ഒരു മാറ്റമുണ്ടെങ്കിൽ അത് സാർവ്വലൗകികമായിരിക്കും. പ്രാദേശികമല്ല. അത് എല്ലായിടത്തും സംഭവിക്കും".*

മൈ ബാബ ആൻഡ് ഐ, ഡോ. ജെ. എസ്. ഹിസ്‌ലോപ്പ്,
പേജ് 189.

*"ആ ദിനം വന്നെത്തുമ്പോൾ മുഴുവൻ മാനവരാശിയും ഒറ്റക്കെട്ടായി ഒരു വലിയ കുടുംബം പോലെ സത്യം, ധർമ്മം, ശാന്തി, പ്രേമം, അഹിംസ എന്നീ വ്രതങ്ങൾ കൃത്യമായി പാലിക്കും. സായി രാഷ്ട്രത്തിന്റെ സ്ഥാപനം അടയാളപ്പെടുത്തപ്പെടും. ഭൂമിയിലെ ആ സ്വർഗ്ഗം അനുഭവിക്കാനായവർ അനുഗ്രഹിക്കപ്പെടുകയും ചെയ്യും".*

സായി വന്ദന. 25. 1990.

*"പ്രേമത്തിന്റെയും സൗഹാർദ്ദത്തിന്റെയും ഏകത്വത്തിന്റെയും ആ പുതുയുഗം യുദ്ധം, വിദ്വേഷം, ആർത്തി, അസൂയ എന്നിങ്ങനെ ജീവിതത്തിന്റെ സകല നാശാത്മക സ്വരൂപങ്ങളുടേയും പകരമായി വന്നുചേരും".*

ശ്രീ സത്യസായി ബാബ ആൻഡ് ഫ്യൂച്ചർ ഓഫ്
മാൻകൈൻഡ്. പേജ് 223.

*"പ്രേമവും ശാന്തിയും ഇന്നത്തെ അന്തരീക്ഷത്തെ ദുഷിപ്പിച്ചിരിക്കുന്ന സകലഭയങ്ങളേയും കറുത്തയുഗത്തിന്റെ അവശിഷ്ടങ്ങളേയും കഴുകി പവിത്രമാക്കും".*

ശ്രീ സത്യസായി ബാബ ആൻഡ് ഫ്യൂച്ചർ ഓഫ്
മാൻകൈൻഡ്. പേജ് 10.

*"ജീവിതത്തിന് മാററമുണ്ടാകും. അത് മെച്ചപ്പെടുകയും ഭൂതകാലത്തിൽ നിങ്ങൾക്ക് ലഭിക്കാതെ പോയ സമൃദ്ധിയും ഗുണപരമായ ജീവിതവും നിങ്ങൾ അനുഭവിക്കുകയും ചെയ്യും".*

ശ്രീ സത്യസായി ബാബ ആൻഡ് ഫ്യൂച്ചർ ഓഫ്
മാൻകൈൻഡ്. പേജ് 221.

*"ഇക്കാലത്ത് നാം എല്ലായിടത്തും അക്രമപ്രവർത്തനങ്ങൾ കാണുന്നു. ഒരർത്ഥത്തിൽ, സംഭവിക്കുന്നതൊക്കെ നിങ്ങൾക്ക് നല്ലതായി വരും.എല്ലാവരും വിശുദ്ധചിന്തകൾ വളർത്തിയെടുക്കും. എല്ലാവരും ആ സ്വർഗ്ഗീയാനന്ദം നുകരും. അടുത്തുതന്നെ എല്ലാവരും ശാന്തിയും സമാധാനവും ആസ്വദിക്കും. ഒരു തരത്തിലുമുള്ള ബുദ്ധിമുട്ടോ സഹനമോ ഉണ്ടായിരിക്കുകയില്ല".*

ദിവ്യവാണി ബ്രിന്ദാവൻ 16, മാർച്ച് 2003.

*"അവതാരങ്ങൾ വിജയിക്കുകയോ പരാജയപ്പെടുകയോ ചെയ്യുന്നില്ല. അവരുടെ സങ്കൽപ്പം നിശ്ചയമായും സംഭവിക്കും. അവരുടെ പദ്ധതി തീർച്ചയായും നടപ്പിൽ വന്നിരിക്കും. മാനവചരിത്രത്തിൽ ഒരു സുവർണ്ണഅദ്ധ്യായം രചിക്കാനാണ് ഞാൻ വന്നെത്തിയത്. അവിടെ അസത്യം പരാജയപ്പെടുകയും സത്യം വിജയിക്കുകയും ധർമ്മം പാലിക്കപ്പെടുകയും ചെയ്യും. സ്വഭാവപ്രകൃതിയാണ് ശക്തിപ്രദാനം ചെയ്യുക, വിജ്ഞാനമോ, കഴിവോ, ധനമോ അല്ല".*

സത്യസായി ബാബ. പ്രേമസ്വരൂപൻ. പേജ് 174

## സത്യസായി അവതാരത്തിന്റെ സാർവ്വലൗകിക സ്വീകാര്യത

*"എന്റെ നാമവും രൂപവും എല്ലായിടത്തും സ്ഥാപിക്കപ്പെടും. ലോകത്തിന്റെ ഓരോ ഇഞ്ചു സ്ഥലത്തും അവ വ്യാപിക്കും".*

ഗോഡ് ഡിസെന്റ്സ് ഓൺ എർത്ത്. പേജ് 37.

*"വരാനിരിക്കുന്ന ദിനങ്ങളിൽ സ്വാമിയുടെ ദിവ്യമഹത്വം വെളിവാക്കപ്പെടുന്നതിന് നിങ്ങൾ സാക്ഷ്യം വഹിക്കാൻ പോകുന്നു. ലോകത്തെ മുഴുവനും അദ്ദേഹം തന്നിലേക്കാകർഷിക്കും. ആളുകൾക്ക് നിൽക്കാൻ പോലും അവിടെ സ്ഥലം മതിയാകുകയില്ല".*

ദിവ്യവാണി വൃന്ദാവൻ 16. മാർച്ച് 2003.

*"അഞ്ചടി രണ്ടിഞ്ച് ഉയരമുള്ള വെറുമൊരു ശരീരമായി നിങ്ങൾ സായിബാബയെ കാണരുത്. ലോകം മുഴുവനും എന്റെ സാന്നിധ്യം അറിയാൻ പോകുന്നു. കാത്തിരുന്നു കാണുക. കുറച്ചുനാളുകൾക്കകം ലോകം മുഴുവനും ഇവിടെ വന്നെത്തും".*

സത്യസായി സ്പീക്സ്. വാല്യം 28. അദ്ധ്യായം 19.

*"അമേരിക്ക മാത്രമല്ല സകല വികസിത ലോകരാജ്യങ്ങളും, ജപ്പാൻ, ജർമ്മനി, ഇറ്റലി, ഫ്രാൻസ് എന്നിവയെല്ലാം പുട്ടപർത്തിയെ ഒരു പ്രധാന നഗരമായി അംഗീകരിക്കും. എല്ലായിടത്തേയും ലോക ഭൂപടങ്ങളിൽ പുട്ടപർത്തിയെ ഒരു പ്രധാനസ്ഥാനമായി അടയാളപ്പെടുത്തും".*

ദിവ്യവാണി. പ്രശാന്തിനിലയം 19. ഒക്ടോബർ 1949.

*"സുവർണ്ണയുഗം ഉദയം ചെയ്തതിന്റെ അടയാളം എന്തെന്ന ചോദ്യത്തിന് സ്വാമിയുടെ ഉത്തരം സായിയുടെ മഹിമ ലോകം മുഴുവനും വ്യാപിക്കും എന്നതായിരുന്നു. അത് ഇപ്പോഴുള്ളതിന്റെ സഹസ്രസഗുണമായി ഭവിക്കും".*

സനാതന സാരഥി 36. ഡിസംബർ 93. പേജ് 333.

*"കുറച്ചു ദിവസങ്ങൾക്കകം നിങ്ങൾക്കറിയാൻ സാധിക്കും. ആനന്ദം പ്രദാനം ചെയ്തുകൊണ്ട് ദിനംപ്രതി ആ ദിവ്യമഹത്വം അധികരിക്കും. ഭൂമുഖത്തു നിന്ന് സകല അശാന്തിയും തുടച്ചുനീക്കപ്പെടും".*

ദിവ്യവാണി. വൃന്ദാവൻ മാർച്ച് 16. 2003.

*"അവതാരത്തിന്റെ അനുഗ്രഹത്തിനായി ദശലക്ഷങ്ങൾ സമ്മേളിക്കുന്ന ദിനം അടുത്തുവരുന്നു. നിങ്ങൾക്കു ലഭിക്കുന്ന കൃപയും ആനന്ദവും അനുഭവിക്കുവാനും അത് കാത്തു സൂക്ഷിക്കുവാനും ഞാൻ ഉപദേശിക്കുന്നു".*

സത്യസായി സ്പീക്സ്. വാല്യം 11. അദ്ധ്യായം 41.

## സായിസംഘടനയുടെ പ്രാധാന്യം

*"സായിസംഘടനയിലെ അംഗസംഖ്യ ഇപ്പോൾ പരിമിതമായിരിക്കാം. എന്നിരുന്നാലും കാലക്രമേണ സംഘടന വളരെയധികം ജനങ്ങളെ ആകർഷിക്കുകയും സായിസംഗമങ്ങളിൽ സംഘടനാംഗമല്ലാത്ത സാധാരണ പൊതുജനത്തെ ഉൾക്കൊള്ളിക്കാൻ അസാദ്ധ്യമാകുകയും ചെയ്യും. ലഭ്യമായ എല്ലാ സ്ഥാനങ്ങളും സംഘടനാംഗങ്ങൾക്കു മാത്രമേ തികയൂ. അതിനാൽ സായി സംഘടനാംഗത്വം വളരെ വിലപ്പെട്ടതാണ്".*

മൈ ബാബ ആൻഡ് ഐ, ഡോ. ജെ. എസ്. ഹിസ്‌ലോപ്,
പേജ് 109.

*"വിശ്വമൊന്നാകെ സത്യസായി സംഘടനയായി പരിവർത്തനം ചെയ്യപ്പെടുകയും ഓരോ ഹൃദയത്തിലും സത്യസായി ചിരപ്രതിഷ്ഠ നേടുകയും ചെയ്യും".*

സനാതന സാരഥി – ജനുവരി 1999 പേജ് 16

## ഭാരതത്തിന്റെ മഹത്വം

*"ലോകത്തിലെ സകല രാജ്യങ്ങളും ഭാരതത്തിനെ പ്രണമിക്കാനെത്തുന്നതിന് സാക്ഷ്യം വഹിക്കാനായ നിങ്ങൾ എത്ര ഭാഗ്യവാന്മാരാണ്. ഈ ശരീരം നിലനിൽക്കുമ്പോൾ തന്നെ, സത്യസായിയുടെ നാമം ലോകം മുഴുവൻ അലയടിക്കുന്നത് നിങ്ങൾക്ക് ശ്രവിക്കാനാകും. ഭാവിയിലെ ഏതോ കാലത്തല്ല, നിങ്ങളോടൊപ്പം നിങ്ങൾക്കു മുമ്പേ... വേദകാലത്തെ സനാതന ധർമ്മം അതിന്റെ സ്വാഭാവിക മൗലികതയിൽ പുനരുദ്ധരിക്കപ്പെടുന്നതിനും വേദങ്ങളിൽ പറഞ്ഞിരിക്കുന്ന തരത്തിൽ ലോകഹിതത്തിനായുള്ള ധർമ്മം സ്ഥാപിക്കപ്പെടുന്നതിനും നിങ്ങൾ അടുത്തുതന്നെ ദൃക്സാക്ഷ്യം വഹിക്കും. സായിയുടെ ശക്തിയും സാമർത്ഥ്യവും ഉപയോഗിച്ച്*

*ജനങ്ങളെ സായിയിലേക്ക് ആകർഷിക്കുക മാത്രമല്ല, വേദങ്ങളിലെ ധർമ്മത്തിന്റെ പുനരുദ്ധാരണവും സായിസങ്കൽപ്പം തന്നെയാണ്".*

ദിവ്യവാണി. മെയ് 17, 1968.

*"എല്ലാ അർത്ഥത്തിലും ഭാരതം ലോകത്തിന്റെ മുഴുവൻ നായകത്വം വഹിക്കും. ആത്മീയമായും സാംസ്കാരികമായും സാമൂഹ്യപരമായും രാഷ്ട്രീയപരമായും സാമ്പത്തികമായും അവളുടെ ഗതകാലപ്രതാപത്തിലെ പാരമ്പര്യ സംസ്കാരങ്ങൾ പുനരുദ്ധരിപ്പിക്കപ്പെടുകയും, ഒരിക്കൽകൂടി ലോകത്തിലെ മുൻനിരരാജ്യമായി മാറുകയും ചെയ്യും. യുഗങ്ങൾക്കുമുമ്പേ അപ്രകാരമായിരുന്നു. ഇനിയും ഒരിക്കൽകൂടി അതു സംഭവിക്കും".*

സത്യസായി അമൃത വർഷിണി. പേജ് 34.

*"ഇന്ന് ശ്രീകൃഷ്ണ ജന്മാഷ്ടമി, ഭഗവാൻ ശ്രീകൃഷ്ണന്റെ ജന്മദിനം. ഞാൻ നിങ്ങൾക്ക് ഉറപ്പ് തരുന്നു. സകല രാജ്യങ്ങളിലേയും ജനങ്ങൾ, അതായത് പാക്കിസ്ഥാൻ, ചൈന, ജർമ്മനി, റഷ്യ എന്നിവിടങ്ങളിലെ ജനങ്ങൾ ഒന്നിക്കും. ഭാരതത്തിന്റെ നന്മ ഈ ഏകത്വത്തിലേക്ക് അവരെ നയിക്കും".*

സനാതന സാരഥി. സെപ്തംബർ 2002.

സ്വാമിയുടെ വാക്കുകളിൽ 'സ്വപ്നങ്ങൾക്കതീതമായി വിസ്മയകരമായ' എന്നു വിശേഷിപ്പിക്കപ്പെട്ട , വരാനിരിക്കുന്ന ആ സുവർണ്ണയുഗത്തിന്റെ മനോഹാരിത സംഗ്രഹിക്കാൻ ശ്രമിക്കുവാനും അതിനെ സങ്കൽപ്പിക്കാനും മാത്രമേ നമുക്കു സാധിക്കൂ. നമുക്കു ചുറ്റുമുള്ള അസ്വാരസ്യങ്ങളെക്കൊണ്ടുതന്നെയാണ് ആ സുവർണ്ണയുഗം തിരികെയെത്തുമെന്ന് വിശ്വസിക്കാൻ നമുക്കു സാധിക്കാത്തത്. പക്ഷേ സ്വാമി ആ യുഗം തിരിച്ചെത്തുമെന്ന് ഉറപ്പു തരുന്നുണ്ട്.

പ്രൊഫ. കസ്തൂരി: *"മനുഷ്യമനസ്സിന് ഉൾക്കൊള്ളാനാവുന്നതിലും വളരെ നേരത്തേ തന്നെ പരിപൂർണ്ണമായി സായി വ്യവസ്ഥയിലധിഷ്ഠിതമായ ഒരു നവ വിശ്വഘടന ജീവിതത്തിലെ എല്ലാ തുറകളിലുമുള്ള വർത്തമാനകാല സംഭവങ്ങളെ ഉറ്റുനോക്കിക്കൊണ്ട് നിലവിൽ വരും"*

സനാതന സാരഥി. ആഗസ്ത് 1991.

## 2012 എന്ന സംവത്സരത്തിന്റെ പ്രസക്തി

ലോകം മുഴുവൻ തന്നെ 2012 എന്ന വർഷം ലോകാവസാനകാലഘട്ടമാണെന്ന ശ്രുതിയിൽ മുഖരിതമായിട്ടുണ്ട്. വാർത്താവിനിമയ മാധ്യമങ്ങളെല്ലാം തന്നെ ഊഹാപോഹപ്രസ്താവനകൾ നടത്തി ജനക്കൂട്ടത്തിന്റെ മനസ്സിൽ ഭയം ആളിക്കത്തിക്കാനും വിവിധ പ്രചാരണങ്ങൾ നടത്തി പണം വാരിക്കൂട്ടാനും ശ്രമിക്കുന്നു. ഈ 2012 ൽ ലോകാവസാനം എന്ന അപവാദത്തിനു കാരണമായ രഹസ്യം, 2012 ഡിസംബർ 21 നുശേഷം മായൻ കലണ്ടർ അവസാനിക്കുന്നു എന്നതാണ്. ചില ജ്യോതിശാസ്ത്രജ്ഞർ 2012 ന്റെ അവസാനകാലത്ത് ആകാശഗംഗയുടെ സംതുലനം (ഗാലക്റ്റിക് അലൈൻമെന്റ്) സംഭവിക്കുമെന്ന് പ്രവചിച്ചിരിക്കുന്നു. അതായത് നമ്മുടെ സൗരയൂഥം ആകാശഗംഗയുടെ മദ്ധ്യരേഖയിൽ കൂടി കടന്നുപോകുന്നുവെന്നാണ്. ചിലരുടെ അഭിപ്രായത്തിൽ ഈ ലക്ഷണങ്ങൾ ലോകാവസാനത്തിന്റേതാണ്.

ലോകാവസാനസിദ്ധാന്തത്തിൽ വിശ്വസിക്കുന്നില്ലെങ്കിലും ഈ പ്രചാരണത്തിനു എന്തെങ്കിലും പ്രത്യേകത ഉണ്ടാകാം എന്നു ഞാൻ കരുതുന്നു. എന്തു പ്രതീക്ഷിക്കണം എന്ന വ്യക്തമായ അറിവ് ഇല്ലെങ്കിൽ കൂടി ലോകമെമ്പാടുമുള്ള ഒരു വലിയ വിഭാഗം ജനങ്ങളും 2012 എന്ന വർഷത്തിൽ എന്തോ ഒന്ന് സംഭവിക്കാനിരിക്കുന്നുവെന്ന് വിശ്വസിക്കുന്നവരാണ്. അത് ഗുണപരമോ അല്ലാത്തതോ എന്നു പോലും ആളുകൾക്ക് അറിയില്ല. നമുക്കായി അന്ത്യപ്രളയം പോലെ അതിവിനാശകരമായ യാതൊന്നും കാത്തിരിക്കുന്നില്ലാ എന്ന് ഭഗവാൻ തന്നെ നമുക്കു വാഗ്ദാനം ചെയ്തിട്ടുണ്ട്.

*"ലോകാവസാനത്തിനു പര്യാപ്തമായ യാതൊരു വിപത്തും ഉണ്ടാവുകയില്ല. ഭൂഗോളത്തിൽ കാലാനുസൃതമായി ചില വ്യത്യാസം സംഭവിക്കാമെന്നുമാത്രം."*

സത്യസായി സ്പീക്സ്. വാല്യം 24. അദ്ധ്യായം 4.

മറ്റൊരു വശത്ത്, ഭൂഗോളത്തിൽ വരാനിരിക്കുന്ന ആത്മീയ പുനഃരുത്ഥാനത്തിന്റെ (പുനർജ്ജീവനത്തിന്റെ) തുടക്കം 2012ൽ ആയിരിക്കും എന്ന് ഒരുപാടുപേർ വിശ്വസിക്കുന്നുണ്ട്. സാർവ്വലൗകികബോധത്തിന്റെ ബൃഹദ് പരിണാമത്തിന്റെ മുന്നോടിയായി ഈ അടയാളങ്ങളെ അവർ സ്വീകരിക്കുന്നു.

മുകളിൽ പറഞ്ഞ എന്തുവിഭാഗം തന്നെയായാലും ആഗോളതല ത്തിലുള്ള പ്രതീക്ഷാനിർഭരമായ ചിന്തകൾ നിസ്സാരമെന്നു തള്ളി ക്കളയാനാവില്ല.

ശ്രീ സത്യസായി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹയർ മെഡിക്കൽ സയൻസിൽ സേവനമനുഷ്ഠിക്കുന്ന, അന്തർദേശീയ തലത്തിലെ വിഖ്യാത ഹൃദ്രോഗവിദഗ്ദനായ ഡോ. ശ്രീകാന്ത് സോള ഒരു റേഡിയോ സായി ഇൻറർവ്യൂവിൽ 2012 നെക്കുറിച്ച് വളരെ ശ്രദ്ധേയമായ ഒരു വസ്തുത പരാമർശിക്കുന്നത് ഇപ്രകാരമാണ്.

2007 ൽ സ്വാമി കൊടൈക്കനാലിൽ ആയിരുന്നപ്പോൾ അവിടുത്തെ ചില വിദ്യാർത്ഥികൾ എന്നോടുപറഞ്ഞതാണീ വിവരം. *"സത്യയുഗം 2012 ൽ തുടങ്ങുന്നുവെന്ന് സ്വാമി വളരെ സാന്ദർഭികമായി അറിയിച്ചു. വർഷക്കാലത്തു മഴ പെയ്യുമെന്ന് പറയും പോലെ, ഒരു യുഗത്തിനുശേഷം അടുത്ത യുഗമാരംഭിക്കു മെന്ന് വളരെ സ്വാഭാവികമായാണ് അവിടുന്നറിയച്ചത്."*

മേൽപ്പറയുന്ന പ്രസ്താവന 2012 എന്ന വർഷത്തിന്റെ പ്രാധാന്യത്തെപ്പറ്റി വ്യക്തമായ ഒരു സൂചന നമുക്കു നൽകുന്നു.

ലോകം മുഴുവൻ ഒരു മഹാത്ഭുതം സംഭവിക്കുമെന്ന പ്രത്യാശ യിൽ കാത്തിരിക്കുമ്പോൾ, സ്വാമിയുടെ എന്തു അത്ഭുതവും ലോക ശ്രദ്ധ ആകർഷിക്കുമെന്നത് ഉറപ്പാണ്. ആ വീക്ഷണകോണിൽ നിന്നു നോക്കുമ്പോൾ '2012 വർഷം ജനിപ്പിക്കുന്ന അകാരണഭയം' ഈശ്വര സങ്കൽപ്പത്തിന്റെ ഒരു സാക്ഷാത്കാരം മാത്രമാണെന്ന് വിശ്വസിക്കാൻ ഞാൻ നിർബന്ധിതനാകുകയാണ്. ഒരു പക്ഷെ 2012 എന്ന വർഷം ഒരു അവസാനത്തെത്തന്നെയായിരിക്കാം സൂചിപ്പി ക്കുന്നത്; നാമറിയുന്ന സകല ദുഷ്ടതയും അസമത്വവും അവസാ നിപ്പിച്ചു കൊണ്ട് വിവിധ വേദഗ്രന്ഥങ്ങളിൽ പ്രവചിക്കപ്പെട്ട പ്രകാ രമുള്ള സുവർണ്ണയുഗത്തിന്റെ ഉദയം വിളംബരപ്പെടുത്തുകയാവാം.

## വേദഗ്രന്ഥങ്ങളിലെ സുവർണ്ണയുഗം

ബ്രഹ്മവൈവർത്ത പുരാണത്തിലെ നാലാം ഭാഗമായ കൃഷ്ണ- ജന്മകാണ്ഡത്തിലെ 129-ാം അദ്ധ്യായം അറിയപ്പെടുന്നത് ഗോലോ കാരോഹണം എന്നാണ്. എപ്രകാരമാണ് ദ്വാപരയുഗാന്ത്യത്തിൽ കൃഷ്ണൻ തന്റെ ഗോലോകം അഥവാ വൈകുണ്ഠത്തിലേക്ക് പ്രവേ ശിക്കുന്നതെന്നാണ് ആ അദ്ധ്യായം വിവരിക്കുന്നത്. അവിടെ

കൃഷ്ണനനും ഗംഗാമാതാവും തമ്മിലുള്ള സംഭാഷണം ചേർത്തിരിക്കുന്നു. താഴെ അവർ തമ്മിലുള്ള സംഭാഷണത്തിന്റെ വിവർത്തനമാണ് ചേർത്തിരിക്കുന്നത്.

49-ാം വാക്യം: ഗംഗ പറയുന്നു. ഓ പരിപാലകനേ! പരമോന്നതമായ ആനന്ദം നുകരുന്നവനേ! പരംധാമമായ ഗോലോകത്തേക്കുള്ള നിന്റെ ആരോഹണത്തിനു ശേഷം, കലിയുഗത്തിൽ എന്റെ ഗതി എന്തായിത്തീരും?

50-ാം വാക്യം: പരമശ്രേഷ്ഠനായ പരമേശ്വരൻ (ഭഗവാൻ ശ്രീകൃഷ്ണൻ) പറഞ്ഞു. ഭൂമിയിൽ 5,000 വർഷങ്ങളോളം കലി പാപം നിറഞ്ഞതാകയും പാപികൾ തങ്ങളുടെ ദുഷ്കർമ്മങ്ങൾ ഗംഗയിൽ നിക്ഷേപിക്കുകയും ചെയ്യും.

കലിയുഗത്തിന്റെ ആദ്യത്തെ 5,000 വർഷത്തിൽ വളരെയധികം ദുഷ്കർമ്മികൾ ഉണ്ടായിരിക്കുകയും വളരെയധികം യാതനാപൂർണ്ണമായിരിക്കുകയും ചെയ്യും. ആ 5,000 വർഷങ്ങൾക്കു ശേഷമുള്ള കാലം എപ്രകാരമായിരിക്കും എന്ന് ഗംഗാമാതാവ് കൃഷ്ണനോട് ആരായുന്നുണ്ട്.

55-ാം വാക്യം: ഓ ഗംഗേ! ഭൂഗോളമൊട്ടാകെ വൈഷ്ണവരുടെ സാന്നിദ്ധ്യം കൊണ്ട് ഒരു പുണ്യക്ഷേത്രമായി മാറും.

56-ാം വാക്യം: എന്റെ ഭക്തരുടെ ശരീരങ്ങളിൽ ഞാൻ ചിരകാലം നിലനിൽക്കും. ഭൂമാതാവ് എന്റെ ഭക്തരുടെ പാദധൂളികളേറ്റ് പവിത്രയായിത്തീരും.

57ാം വാക്യം: സമസ്തലോകവും പുണ്യക്ഷേത്രങ്ങളും ഒരുപോലെ കണക്കാക്കപ്പെടും. ധിഷണാശാലികളായ, എന്റെ മന്ത്രോപാസകർ എന്റെ അവശേഷിപ്പിൽ, ഭാഗഭാക്കാകുകയും സർവ്വവും പവിത്രമാക്കുകയും ചെയ്യും.

കലിയുഗത്തിന്റെ 5000മാണ്ടിനു ശേഷം വൈഷ്ണവരുടെ സാന്നിദ്ധ്യം കൊണ്ട് വിശ്വമൊന്നാകെ ഒരു പുണ്യസ്ഥലമായി പരിവർത്തനം ചെയ്യപ്പെടുമെന്ന് ഭഗവാൻ ശ്രീകൃഷ്ണൻ പറയുന്നു. വൈഷ്ണവർ എന്നാൽ വിഷ്ണുവിനെ ആരാധിക്കുന്നവർ എന്നാണ് വാച്യാർത്ഥമെങ്കിലും ആത്മാന്വേഷികൾ, അഥവാ ലോകം മുഴുവനുമുള്ള ഈശ്വരവിശ്വാസികൾ എന്നു കരുതാം. ഈ കാലഘട്ടം ആയിരക്കണക്കിന് വർഷങ്ങൾ നീണ്ടുനിൽക്കുമെന്നും

കൃഷ്ണൻ പറയുന്നുണ്ട്.

*'11000' വർഷങ്ങളാണ് കലിയുഗത്തിന്റെ ദൈർഘ്യം എന്നും കലിയുഗം അവസാനിക്കുന്നതിന് ഇനിയും 5,320 വർഷങ്ങൾ അവശേഷിക്കുന്നുണ്ടെന്നും സ്വാമി അരുളിച്ചെയ്യുന്നുണ്ട്."*

കോൺവെർസേഷസൻസ് വിത്ത് ഭഗവാൻ
ശ്രീ. സത്യസായിബാബ. പേജ് 27-28.

കലിയുഗത്തിലെ 5000 ലേറെ വർഷങ്ങൾ കടന്നുപോയി എന്നതിനർത്ഥം ഇപ്പോൾ ഭഗവാൻ കൃഷ്ണൻ പരാമർശിച്ച ആ മഹനീയ കാലഘട്ടമാണ് എന്നതാണ്. ഹവാർഡ് മർഫറ്റ്, 'സായിബാബ അവതാർ' എന്ന തന്റെ പുസ്തകത്തിലെ ഒരു ഖണ്ഡികയായി മഹാഭാരത ഇതിഹാസത്തിലെ പാണ്ഡവർ തന്റെ വനവാസക്കാലത്ത് മാർക്കണ്ഡേയ മഹർഷിയെ കണ്ടുമുട്ടുന്നത് ചേർത്തിരിക്കുന്നു. അവിടെ മാർക്കണ്ഡേയമഹർഷി മഹാവിഷ്ണുമായി അന്ധകാരമയമായ കലികാലത്തെക്കുറിച്ച് നടത്തിയ സംഭാഷണമാണ് പ്രതിപാദ്യവിഷയം.

കലിയുഗത്തിൽ മാനുഷികമൂല്യങ്ങൾ അധ:പതിക്കുകയും വ്യാപകമായി അധർമ്മം വ്യാപിക്കുകയും സത്യത്തിനു മുകളിൽ അസത്യം വിജയം വരിക്കുകയും അത്യാചാരങ്ങളും അക്രമങ്ങളും വ്യാപിക്കുകയും ചെയ്യും. മഹാവിഷ്ണു, മാനവരൂപത്തിൽ ഈ കലിയുഗത്തിൽ അവതരിക്കുമെന്നും ലോകത്തെ ഒരു പുതിയ പന്ഥാവിലൂടെ നയിക്കുമെന്നും 'സത്യയുഗം' സ്ഥാപിക്കുമെന്നും മാർക്കണ്ഡേയ മഹർഷിക്ക് വാഗ്ദാനം നടത്തുന്നുണ്ട്.

*"ഈ ഭൂമിയിൽ അധർമ്മം അനിയന്ത്രിതമാവുമ്പോൾ ഒരു സാത്വിക കുടുംബത്തിൽ ഞാൻ മാനവരൂപത്തിൽ അവതരിക്കുകയും എല്ലാ അധർമ്മത്തേയും സംഹരിച്ച് ശാന്തി പുന:സ്ഥാപിക്കുകയും ചെയ്യും. സത്യനിഷ്ഠയുടേയും ധർമ്മനിഷ്ഠയുടേയും സംരക്ഷണത്തിനായി പ്രവർത്തിക്കാനുള്ള കാലം വരുമ്പോൾ മാനവരൂപം കൈക്കൊണ്ട് അധർമ്മം ഉച്ഛസ്ഥായിയിൽ എത്തിച്ചേർന്ന കലിയുഗത്തിൽ ഇരുണ്ട നിറമുള്ള അവതാരശരീരം പ്രാപിക്കും. ദക്ഷിണഭാരതത്തിലെ ഒരു കുടുംബത്തിൽ ഞാൻ ഭൂജാതനാകും. ഈ അവതാരത്തിന് മഹത്തായ ഇച്ഛാശക്തിയും ജ്ഞാനശക്തിയും ക്രിയാശക്തിയും ഉണ്ടായിരിക്കും. അവതാരനിയോഗത്തിനു വേണ്ടുന്ന സകല പദാർത്ഥങ്ങളും ഇച്ഛാനുസരണം സൃഷ്ടിക്കാൻ സാധിക്കും. ധർമ്മത്തിന്റെ ശക്തികൊണ്ട് വിജയം വരിക്കും. സമാ*

*ധാനവും ശാന്തിയും പുന:സ്ഥാപിക്കും. ഈ അവതാരം പുതിയ ഒരു സത്യയുഗത്തിന് നാന്ദികുറിക്കുകയും അദ്ധ്യാത്മിക അവബോധമുള്ള ജനങ്ങളാൽ വലയം ചെയ്യപ്പെടുകയും ചെയ്യും. ആത്മജ്ഞാനികളാൽ ആരാധ്യനായി ഞാൻ ഭൂമിയിൽ വിരാജിക്കും. ഈ അവതാരത്തിന്റെ പ്രകൃതം ആളുകൾ അനുകരിക്കുകയും തദ്വാരാ സമാധാനവും ഐശ്വര്യവും വർദ്ധിക്കുകയും ചെയ്യും. ഒരിക്കൽ കൂടി ജനങ്ങൾ വൈദിക ആചരണങ്ങൾ പാലിക്കും. ബ്രഹ്മവിദ്യ പരിപോഷിപ്പിക്കുന്നതിനായി വിദ്യാഭ്യാസസ്ഥാപനങ്ങൾ ആരംഭിക്കും. ആരാധനാലയങ്ങൾ പുന:സ്ഥാപിക്കപ്പെടും. സജ്ജനങ്ങളാൽ ആശ്രമം നിറയ്ക്കപ്പെടും. ഭൂമിയിലെ ഭരണാധികാരികൾ ധർമ്മിഷ്ഠരായി ഭവിക്കും. അവതാരത്തിന് വിശിഷ്ടമായ കീർത്തി ലഭിക്കും".*

മാർക്കണ്ഡേയ മഹർഷി പുനഃസ്മരിക്കുന്ന മഹാവിഷ്ണുവിന്റെ ഈ വാക്കുകളിൽ സത്യസായി അവതാരത്തിന്റെ പ്രത്യേകതകളെല്ലാം ഉൾക്കൊള്ളുന്നുണ്ട്. എപ്രകാരമാണ് ഈ അവതാരം ധർമ്മം പുനഃസ്ഥാപിക്കുന്നതെന്നും ആത്മവിദ്യ പ്രദാനം ചെയ്യുന്ന വിദ്യാഭ്യാസസ്ഥാപനങ്ങളും ആരാധനാലയങ്ങളും സ്ഥാപിക്കുന്നതെന്നും പറയുന്നുണ്ട്. എല്ലാ രാജ്യങ്ങളിലും ധർമ്മിഷ്ഠരായ ഭരണാധികാരികളുടെ ഭരണം ആരംഭിക്കുമെന്നും പറയുന്നു.

നേരത്തെ സൂചിപ്പിച്ച ബ്രഹ്മ-വൈവർത്തപുരാണത്തിൽ വിശ്വം മുഴുവൻ തന്റെ ഭക്തർ നിറഞ്ഞുകവിയുമെന്നും അവരുടെ സാന്നിദ്ധ്യം കൊണ്ടു മാത്രം ഭൂമി ഒരു പുണ്യകേന്ദ്രമായി മാറുമെന്നും സൂചിപ്പിക്കുന്നുണ്ട്. ഇത് വിശ്വത്തിൽ നടക്കാൻ പോകുന്ന ബൃഹത്തായ തോതിലുള്ള ആത്മീയ അവബോധത്തിന്റെ വ്യാപനവും അതിന്റെ ഫലമായി ഈശ്വരോന്മുഖരായിത്തീരുന്ന വിശ്വജനതയെയുമാണ് കാണിക്കുന്നത്. സുവർണയുഗപ്പിറവിക്ക് തുടക്കം കുറിക്കുന്നത് ഭഗവാൻ സായികൃഷ്ണൻ തന്നെയാണ്. തന്റെ നിസ്സീമപ്രേമത്താലും ദിവ്യകൃപയാലും ഈ വിശ്വജനതയെത്തന്നെ ഒരു വലിയ സായി സംഘടനയായി പരിവർത്തനപ്പെടുത്തുന്നതെന്നുമാണെന്നു സ്പഷ്ടം.

*"ഈ ലോകമൊന്നാകെ സത്യസായി സംഘടനയായി പരിണമിക്കുകയും ഓരോരോ ഹൃദയങ്ങളിലും സായി ചിരപ്രതിഷ്ഠ നേടുകയും ചെയ്യും."*

സനാതന സാരഥി. ജനുവരി 1999. പേജ് 16.

## മനുഷ്യപുത്രന്റെ വരവ്

*"ഇനിയും വളരെ കാര്യങ്ങൾ എനിക്ക് നിങ്ങളോടു പറയുവാനുണ്ട്. എന്നാൽ, അവയെ ഉൾക്കൊള്ളുവാൻ ഇപ്പോൾ നിങ്ങൾക്കു കഴിയുകയില്ല. സത്യാത്മാവു വരുമ്പോൾ അവൻ നിങ്ങളെ സത്യത്തിന്റെ പൂർണ്ണതയിലേക്കു നയിക്കും."*

ജോൺ–16:1213

''സത്യാത്മാവ്''? ശ്രീ സത്യസായിബാബയെ അല്ലാതെ ആരെയായിരിക്കും യേശുക്രിസ്തു സൂചിപ്പിച്ചിരിക്കുക? 1972ലെ ക്രിസ്തുമസ് രാവിൽ സ്വാമി വെളിവാക്കിയ ഞെട്ടിക്കുന്ന ഒരു ദിവ്യ രഹസ്യം ലോകമെമ്പാടുമുള്ള ക്രൈസ്തവജനതയെ അമ്പരപ്പിച്ചു. അവിടുന്നാണ് ക്രിസ്തുവിനെ ഭൂമിയിലേക്കയച്ചത് എന്നതായിരുന്നു ആ ദിവ്യരഹസ്യം.

*"ഈ പ്രത്യേക സാഹചര്യത്തിൽ നിങ്ങളുടെ ശ്രദ്ധയെ ക്ഷണിക്കാതെ തരമില്ല. ക്രിസ്തു പരിപൂർണ്ണ ദിവ്യാവബോധത്തിലേക്ക് ലയിക്കുന്ന ആ മുഹൂർത്തത്തിൽ തന്റെ ശിഷ്യരോട് വെളിപ്പെടുത്തിയ വിജ്ഞാനം പല തരത്തിൽ, ദുർഗ്രഹമായ രീതിയിൽ വ്യാഖ്യാനിക്കപ്പെട്ടിട്ടുണ്ട്. ക്രിസ്തുവിന്റെ പ്രസ്താവന അപ്പാടെ തന്നെ ദുർവ്യാഖ്യാനം ചെയ്യപ്പെടുകയും ഒരു കടംകഥപോലെയായി മാറുകയും ചെയ്തു. ക്രിസ്തുവിന്റെ പ്രസ്താവന വളരെ ലളിതമാണ്. എന്നെ നിങ്ങൾക്കിടയിലേക്ക് പറഞ്ഞയച്ചവൻ വീണ്ടും വരും. അതിനുശേഷം അവിടുന്ന് ഒരു ആടിനു നേരെ വിരൽ ചൂണ്ടി. ആട് വെറുമൊരു പ്രതീകമാണ്. ഒരു അടയാളം. അത് ബാ... ബാ... എന്ന ശബ്ദത്തെ പ്രതിനിധീകരിക്കുന്നു. ബാബയുടെ എഴുന്നള്ളത്തിനെക്കുറിച്ചുള്ള വിളംബരം. "അവന്റെ നാമം സത്യമാണ്." ക്രിസ്തു പ്രഖ്യാപിച്ചു. അവൻ ചുവന്ന, രക്തഅങ്കി ധരിക്കും. (ഇപ്പോൾ ബാബ താൻ ധരിച്ച അങ്കി ചൂണ്ടിക്കാണിച്ചു). അവൻ ഉയരം കുറഞ്ഞ്, കിരീടമുടി ധരിച്ചവനായിരിക്കും. ആട് സ്നേഹത്തിന്റെ പ്രതീകവും അടയാളവുമാണ്".*

*ക്രിസ്തു താൻ തിരിച്ചുവരുമെന്നു പ്രഖ്യാപിച്ചിട്ടില്ല. അവിടുന്നു പറഞ്ഞത്, "എന്നെ അയച്ചവൻ വീണ്ടും വരും" എന്നാണ്. ആ ബാ... ബാ... യാണ് ഈ ബാബ. ഉയരം കുറഞ്ഞ്, ചുരുണ്ട മുടിയാൽ കിരീടം ചൂടി, രക്തവർണ്ണ അങ്കിയോടുകൂടി സായി വന്നിരിക്കുന്നു. ഈ രൂപത്തിൽ മാത്രമല്ല, സായി നിങ്ങൾ ഓരോരുത്ത*

*രുടെ ഹൃദയത്തിലും കുടികൊള്ളുന്നു. അന്തര്യാമിയായി സായി അവിടെയുണ്ട്. അങ്കിയുടെ നിറം, ഹൃദയത്തിൽ നിറയുന്ന രക്ത ത്തിന്റെ നിറം തന്നെ.*

സത്യസായി സ്പീക്സ്. വാല്യം 2. അദ്ധ്യായം 54.

മുകളിൽ ചേർത്തിരിക്കുന്ന സ്വാമിയുടെ വാക്കുകൾ സെന്റ് ജോണിന്റെ ദർശനത്തോട് ചേർന്നു നിൽക്കുന്നു.

*"സ്വർഗ്ഗവാതിൽ തുറക്കുന്നതു ഞാൻ കണ്ടു. ഒരു വെളുത്ത കുതിര വന്നു നിൽക്കുന്നതും. കുതിരപ്പുറത്ത് അവൻ ആരൂഢ നായിരിക്കുന്നതും കണ്ടു. അവൻ വിശ്വസ്തനും സത്യവുമായ വൻ. ധർമ്മത്തിൽ അവൻ ന്യായം വിധിക്കുകയും പോരാടുകയും ചെയ്യും. അവന്റെ കണ്ണുകൾ അഗ്നിശിഖകൾ. ശിരസ്സിൽ അണി ഞ്ഞത് നിരവധി മുടിക്കിരീടങ്ങൾ. മാനവർക്കജ്ഞാതമായതും അവ നുമാത്രം അറിയുന്നതുമായ നാമം അവൻ അണിഞ്ഞു. അവൻ രക്ത ത്തിൽ മുക്കിയ വസ്ത്രം ധരിച്ചു. അവന്റെ നാമം ദൈവത്തിന്റെ വചനമായി അറിയപ്പെട്ടു. സ്വർഗത്തിലെ പടയാളികൾ വെള്ളക്കു തിരപ്പുറത്ത് അവനെ അനുഗമിച്ചു. വൃത്തിയുള്ള വെളുത്ത മൃദുവസ്ത്രങ്ങൾ അവർ അണിഞ്ഞു. അവന്റെ വായിൽ നിന്ന് മൂർച്ച യേറിയ വാൾ പുറപ്പെട്ടു. അതുകൊണ്ട് അവൻ രാജ്യങ്ങളെ അട ക്കി. ഉരുക്കുദണ്ഡുകൊണ്ട് അവൻ ഭരിച്ചു. സർവ്വേശ്വരനോടുള്ള ഭയഭക്തിബഹുമാനത്താൽ അവൻ ആദരിക്കപ്പെട്ടു. അവന്റെ അങ്കി യിലും തുടയിലും ഒരു നാമം മുദ്രണം ചെയ്പ്പെട്ടിരുന്നു. രാജാക്ക ന്മാരുടെ രാജാവ്, രക്ഷകന്മാരുടെ രക്ഷകൻ". വെളിപാട് 19:11–16.*

വിശുദ്ധ യോഹന്നാൻ പ്രതീകാത്മക ശ്വേതാശ്വരൂഢനെ വിശ്വ സ്തൻ എന്നും സത്യം എന്നും സംബോധന ചെയ്യുന്നു. വെളുത്ത കുതിര സമാധാനത്തിന്റേയും പ്രതാപത്തിന്റേയും പ്രതീകമാണ്. സ്വാമിയുടെ അർദ്ധനാമധേയത്തോട് പൊരുത്തപ്പെടുന്ന പേരാണ ത്. അഗ്നിശിഖ പോലുള്ള കണ്ണുകളും കിരീടം പോലുള്ള മുടിയും സ്വാമിയുടെ പ്രത്യക്ഷ അടയാളങ്ങളാണ്. "രക്തത്തിൽ മുക്കിയ വസ്ത്രം" സൂചിപ്പിക്കുന്നത് സ്വാമി സാധാരണ ധരിക്കാറുള്ള ഓറഞ്ചോ ചുവപ്പോ വസ്ത്രത്തെത്തന്നെ.

അവന്റെ നാമം ദൈവത്തിന്റെ വചനം എന്നാകുന്നു. ദൈവ ത്തിന്റെ വചനം സത്യമാണ്. അവന്റെ വായിൽ നിന്നു വന്ന വാൾ സ്വാമിയുടെ മൂർച്ചയേറിയ പ്രഭാഷണങ്ങളുടെ ശക്തിയെ സൂചിപ്പി

ക്കുന്നു. ഉരുക്കിന്റെ ദണ്ഡ് ഒരിക്കലും കീഴടങ്ങാത്ത സ്വാമിയുടെ ഇച്ഛാശക്തി തന്നെ. കുതിരപ്പുറത്തുള്ള വാളേന്തിയ വരവ് ഹിന്ദു പ്രവചനങ്ങളിലെ കൽക്കിയുടെ വരവിനോട് സദൃശമായി തോന്നുന്നുണ്ടോ? വിശുദ്ധയോഹന്നാൻ അവനെ വിളിക്കുന്നത് "രാജാക്കന്മാരുടെ രാജാവെന്നും രക്ഷകന്മാരുടെ രക്ഷകൻ എന്നുമാണ്." ഇതിന് നാഡിപ്രവചനങ്ങളിലെ "മാനവകുലം ചക്രവർത്തിക്കുമുന്നിലെന്നപോലെ അദ്ദേഹത്തിന്റെ മുന്നിൽ തലകുനിക്കും." എന്നതുമായും സാദൃശ്യം ഉണ്ട്.

വിശുദ്ധയോഹന്നാൻ ദശലക്ഷകണക്കിനു വരുന്ന ജനക്കൂട്ടം മനുഷ്യപുത്രന്റെ സിംഹാസനത്തിനു ചുറ്റും കൂടി നിൽക്കുന്നതായി കാണുന്നു.

*"പിന്നെ, ഞാൻ സിംഹാസനത്തിന്റെയും ജീവികളുടേയും ശ്രേഷ്ഠന്മാരുടേയും ചുറ്റും അനേകം ദൂതന്മാരെ കണ്ടു. അവരുടെ സ്വരവും ഞാൻ കേട്ടു. അവരുടെ എണ്ണം പതിനായിരങ്ങളുടെ പതിനായിരങ്ങളും ആയിരങ്ങളുടെ ആയിരങ്ങളും ആയിരുന്നു."*

വെളിപാട് 5:11.

ഇനി നമുക്കിതിനെ സ്വാമിയുടെ വാക്കുകളുമായി താരതമ്യം നടത്താം.

*"ദശലക്ഷങ്ങൾ കൂട്ടം ചേർന്ന് അവതാരത്തിന്റെ അനുഗ്രഹം തേടുന്ന ദിനം അടുത്തുവരുന്നു. നിങ്ങൾക്കു ലഭിക്കുന്ന കൃപയും ആനന്ദവും നിധിപോലെ കാത്തുസൂക്ഷിക്കാൻ ഞാൻ ഉപദേശിക്കുന്നു".*

സത്യസായി സ്പീക്സ്. വാല്യം 11. അദ്ധ്യായം 41.

പുതിയ നിയമത്തിലെ മനുഷ്യപുത്രന്റെ വരവിനെ സൂചിപ്പിക്കുന്ന പല വാക്യങ്ങളും 'ക്രിസ്തുവിന്റെ രണ്ടാം വരവിനെ' കുറിച്ചുള്ളതാണെന്ന് ക്രൈസ്തവ സഹോദരങ്ങൾ വിശ്വസിക്കുന്നു. സ്വാമിയുടെ വാക്കുകളിലൂടെ ജീസസ് ഒരിക്കലും തന്റെ രണ്ടാംവരവ് സൂചിപ്പിച്ചിരുന്നില്ലെന്ന് നേരത്തെ നമ്മൾ കണ്ടു. ബാബയുടെ വരവിനെയാണ് ജീസസ് സൂചിപ്പിച്ചത്. വിശുദ്ധ ബൈബിൾ പറയുന്ന 'മനുഷ്യപുത്രന്റെ രണ്ടാംവരവ്' ചൂണ്ടിപ്പറയുന്നത് ശ്രീ. സത്യസായിബാബയുടെ തന്നെ രണ്ടാംവരവിനെക്കുറിച്ചാണോ?

*"മനുഷ്യപുത്രൻ എല്ലാ ദൂതന്മാരോടും കൂടി മഹത്വത്തിൽ എഴുന്നെള്ളുമ്പോൾ അവൻ തന്റെ മഹിമയുടെ സിംഹാസനത്തിൽ ഉപവിഷ്ടനാകും. അവന്റെ മുന്നിൽ എല്ലാ ജനതകളും ഒരുമിച്ചുകൂടും."*

മാത്യു 25:31 – 34.

"മനുഷ്യപുത്രന്റെ" വരവ് സത്യവും പ്രേമവും ശാന്തിയും നിറഞ്ഞ ഒരു പുതുയുഗത്തിന്റെ മുന്നോടിയാണെന്ന് വിശ്വസിക്കപ്പെടുന്നു. ഇതിന് സ്വാമിയുടെ പ്രഭാഷണങ്ങളിലെ സുവർണയുഗത്തിനോട് സാമ്യമുള്ളതായി കാണാം.

*"മനുഷ്യപുത്രൻ തന്റെ ദൂതന്മാരെ അയക്കുകയും അവർ അവന്റെ രാജ്യത്തുനിന്ന് എല്ലാ പാപഹേതുക്കളേയും തിന്മ പ്രവർത്തിക്കുന്നവരേയും ഒരുമിച്ചുകൂട്ടി അഗ്നികുണ്ഠത്തിലേക്ക് എറിയുകയും ചെയ്യും."*

മാത്യു 13–40

മനുഷ്യപുത്രനും അവന്റെ സൈന്യവും സകല ദുഷ്ടതകളേയും തകർത്തെറിഞ്ഞ് അവന്റെ പുതിയ സാമ്രാജ്യത്തിൽ ധർമ്മവും ശാന്തിയും സ്ഥാപിക്കും.

ദുഷ്കർമ്മങ്ങൾ, അസത്യം, വിദ്വേഷം, അസമത്വം ഇവയെല്ലാം ഈ നവസുവർണ്ണകാലത്തിന് അന്യമായിരിക്കുകയും ഇത് 1000 വർഷത്തോളം ദീർഘിക്കുകയും ചെയ്യും.

*"ഞാൻ സ്വർഗ്ഗത്തിൽ നിന്ന് മാലാഖ ഇറങ്ങി വരുന്നതുകണ്ടു. അവന്റെ കരങ്ങളിൽ ഒരു വലിയ ചങ്ങലയും അന്തമില്ലാത്ത പാതാള ഗർത്തത്തിന്റെ താക്കോലും ഉണ്ടായിരുന്നു. അവൻ ആ ഭീകരസത്വത്തെ പിടിച്ചു. ആ പുരാതന സർപ്പത്തിനെ, സാത്താനും പിശാചുമായിരുന്നതിനെ. അതിനുശേഷം ആയിരം വർഷത്തേക്ക് അതിനെ ബന്ധനസ്ഥനാക്കി അന്തമില്ലാത്ത പാതാള ഗർത്തത്തിലേക്ക് തള്ളിവിടുകയും അത് അടച്ചുപൂട്ടി മുകളിൽ മുദ്രപതിപ്പിക്കുകയും ചെയ്തു. ഇതിനാൽ ആയിരം സംവത്സരക്കാലം ആ സാത്താൻ ഒരു രാജ്യത്തേയും വഞ്ചിക്കുകയില്ല".*

വെളിപാട് 20:1–3

വിശുദ്ധ യോഹന്നാന്റെ ദർശനത്തിൽ പിശാചിനെ മാലാഖ

ആയിരം വർഷം ബന്ധനസ്ഥനാക്കുന്നതായി കാണാം. ഇത് സകല അധർമ്മവും അസത്യവും അസമത്വവും ഭൂമുഖത്തു നിന്ന് തുര ത്തപ്പെടുന്നതിന്റെ പ്രതീകമാണ്. മറ്റൊരു ദർശനത്തിൽ വിശുദ്ധൻ വീക്ഷിക്കുന്നത് അതിമനോഹരമായ ഒരു പുതിയ നഗരം സ്വർഗ്ഗ ത്തിൽ നിന്ന് ഇറങ്ങി വന്ന് ഈ പ്രശാന്തസുന്ദര ലോകത്തിന്റെ കേന്ദ്രമായി മാറുന്നതാണ്.

*"എന്നിട്ട് ഞാൻ ജോൺ ഒരു പുണ്യ നഗരം, ജറുസലേം സ്വർഗ്ഗ ത്തിൽ നിന്ന് ഇറങ്ങിവരുന്നതും മണവാളനുവേണ്ടി ചമഞ്ഞൊരു ങ്ങിയ മണവാട്ടിയെപോലെയിരിക്കുന്നതും കണ്ടു .അതിനുശേഷം സ്വർഗത്തിൽ നിന്നൊരു ഗംഭീരശബ്ദം കേട്ടു. 'ശ്രദ്ധിക്കൂ! ഈശ്വ രന്റെ വാസസ്ഥലം മനുഷ്യരോടുകൂടെ. അവൻ അവരോടുകൂടി വസിക്കും. അവർ അവന്റെ ആളുകളായിത്തീരും. ദൈവം സ്വയം അവരോടുകൂടിച്ചേരും. അവരുടെ ദൈവമായിത്തീരും. അവരുടെ കണ്ണുനീർ ദൈവം തുടച്ചുമാറ്റും. അവിടെ ഇനിമേൽ മരണം ഉണ്ടാ വുകയില്ല. ദു:ഖമോ, വിലാപമോ, വേദനയോ ഉണ്ടായിരിക്കുകയി ല്ല. പഴയ കാര്യങ്ങൾ കഴിഞ്ഞുപോയിരിക്കുന്നു."*

വെളിപാട് 21:2-4

ദൈവം മനുഷ്യപുത്രനായി അവരോഹണം ചെയ്ത് അവന്റെ ജനതയുമായി ജീവിക്കുന്ന നഗരം സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങി വരു ന്നത് വിശുദ്ധ യോഹന്നാൻ ദർശിക്കുന്നു. ദൈവം ഈ ഭൂമുഖത്തു നിന്നും സകല ദു:ഖങ്ങളും തുടച്ചുമാറ്റുകയും അന്ത്യനിമിഷത്തെ ക്കുറിച്ചുള്ള മരണഭയം അകറ്റുകയും ചെയ്യും. വിശുദ്ധ യോഹന്നാൻ ഈ നഗരത്തെ 'ജറുസലേം' എന്നു അഭിസംബോധന ചെയ്യുന്നു. 'ജറുസലേം' എന്നാൽ ഹീബ്രുവിൽ 'ശാന്തി വിളയാടുന്ന ഇടം' എന്നാണ് വാച്യാർത്ഥം. 'പ്രശാന്തി നിലയത്തിനും' അതേ അർത്ഥ മാണല്ലോ ഉള്ളത്? പ്രശാന്തിനിലയത്തിന്റെ- പരമശാന്തിയുടെ വിള നിലത്തിന്റെ ഭാവിയാണോ വിശുദ്ധ യോഹന്നാന്റെ ദർശനം സംവ ദിക്കുന്നത്? സകലലോകവും വന്നുചേരാൻ ശ്രമിക്കുന്ന ഇടമായി സ്വാമി പറഞ്ഞ നഗരം.

*"വരാനിരിക്കുന്ന ദിനങ്ങളിൽ, വിശ്വജനതയെന്നൊക്കെ പ്രശാന്തി നിലയത്തിൽ എത്തിച്ചേരാൻ നിർബന്ധിതരാകും."*

സനാതന സാരഥി. ഡിസംബർ 1991.

*"പുട്ടപർത്തി ഒരു മധുരാനഗരമായി (കൃഷ്ണന്റെ ജന്മസ്ഥലം) പരിണമിക്കുന്നത് നിങ്ങൾ ദർശിക്കും. ആർക്കും തന്നെ അതിന്റെ പുരോഗതിയെ തടസ്സപ്പെടുത്താൻ സാദ്ധ്യമല്ല".*

ദിവ്യവാണി. പ്രശാന്തിനിലയം. 21 ഒക്ടോബർ 1961.

*"അടുത്തുതന്നെ പുട്ടപർത്തി ഒരു തിരുപ്പതിയായി മാറുമെന്ന് വിശ്വസിക്കൂ! സനാതനധർമ്മത്തിന്റെ പുന:സ്ഥാപനം ഇവിടെ നിന്ന് ആരംഭിക്കും".*

സത്യം ശിവം സുന്ദരം. ഭാഗം 1. അദ്ധ്യായം 16

മറ്റൊരു ശ്രദ്ധേയമായ വസ്തുത, ഹിന്ദുപ്രവചനപ്രകാരം കൽക്കി വരുമെന്ന് വിശ്വസിക്കപ്പെടുന്നത് 'ശംഭാല' എന്ന നഗരത്തിലാണ്; അതിന്റെ വാച്യാർത്ഥം. 'ശാന്തിയുടെയും സമാധാനത്തിന്റെയും ആനന്ദത്തിന്റെയും ഇടം' എന്നാണ്. സാക്ഷാൽ ജഗദീശ്വരൻ തന്നെ സ്വർഗീയ നഗരമായ പ്രശാന്തിനിലയത്തിൽ വസിക്കുമ്പോൾ ആ നഗരം ആത്മീയൗന്നത്യത്തിന്റെ സിരാകേന്ദ്രമാവുമല്ലോ. സത്യ സായി സുവർണയുഗത്തിന്റെ ഉദയം, മാനവചരിത്രത്തിന്റെ തന്നെ നാഴികക്കല്ലായി മാറുന്നത് നമുക്ക് കാത്തിരുന്നു കാണാം.

*"ക്ഷമയോടിരിക്കൂ! സമയം വരുമ്പോൾ സകലതും നിങ്ങൾക്ക് നൽകപ്പെടും. ആനന്ദത്തോടിരിക്കൂ. ഒന്നിനെക്കുറിച്ചും ആകുലപ്പെടേണ്ടതില്ല. നിങ്ങളെല്ലാവരും പവിത്രാത്മാക്കളാണ്. പ്രകാശിതമാകുന്ന, ആ നവസുവർണ്ണയുഗ നാടകത്തിൽ നിങ്ങളോരോരുത്തർക്കും നിങ്ങളുടെ ഭാഗം അരങ്ങിലെത്തിക്കേണ്ട സമയം ആഗതമായിരിക്കുന്നു".*

സനാതനസാരഥി. ഒകടോബർ 1996.

## അദ്ധ്യായം 10

# സ്വാമി ശരീരം ത്യജിച്ചതെന്തിന്?

*"ആർക്കും തന്നെ എന്റെ നിഗൂഢതയെ തിരിച്ചറിയാനാവില്ല. അതിൽ ലയിക്കുകയാണ് നിങ്ങൾക്കു ചെയ്യാനാവുന്ന ഏറ്റവും മികച്ച പ്രവൃത്തി". സത്യസായിബാബ, പ്രേമസ്വരൂപൻ, പേജ് 96*

പ്രവചിക്കപ്പെട്ടതിലും നേരത്തെ തന്നെ സ്വാമി ശരീരം ത്യജിച്ച തെന്തിനെന്ന് ആർക്കും ഗ്രഹിക്കാനാവില്ല. അവിടുത്തെ സങ്കൽപ്പ ത്തിന്റെ ഭാഗം തന്നെയാവണമത്. ഇതുവരെ കണ്ടതും കേട്ടതും മാത്രമേ നമുക്കറിയാനാവൂ. സ്വാമിയുടെ ശരീരം ദിനം പ്രതി ദുർബ ലമായിക്കൊണ്ടിരുന്നു. ആന്തരാവയവങ്ങളെല്ലാം ഓരോന്നായി പ്രവർത്തനരഹിതമായി, ശരീരത്തെ തന്നെ ഉപേക്ഷിക്കേണ്ടതായ അവസ്ഥ എത്തിച്ചേർന്നു. എന്തുകൊണ്ട് അവിടുന്ന് സ്വയം രോഗ ശാന്തി നേടിയില്ല എന്നതരം ചോദ്യങ്ങൾ ഉയർന്നുവന്നു. അത്തരം ചോദ്യങ്ങൾ നമ്മുടെ പരിധിക്കപ്പുറത്തുള്ളതും സ്വാമിയുടെ ദിവ്യ നിഗൂഢസങ്കൽപ്പത്തിന്റെ ഭാഗവുമാണ്. അതിന്റെ ഒരേയൊരുത്തരം 'അവിടുന്ന് ഇച്ഛിച്ചു; അതിനാൽ അപ്രകാരം സംഭവിച്ചു' എന്നതു മാത്രമാണ്. സകലതിനും അധിപൻ അവിടുന്നാണ്.

### ഭക്തരുടെ രക്ഷയ്ക്കായാണ് ഈ ശരീരം അവതരിച്ചത്

*"ഈ ശരീരത്തിൽ ഒരു അസുഖം സങ്കൽപ്പിക്കപ്പെടുന്നത്, ആ വ്യാധിയിൽ നിന്നു കരകയറാത്ത ഒരാളെയോ, അസ്വസ്ഥതകളുമായി ജന്മമെടുത്തൊരാളെയോ സഹായിക്കാനായി മാത്രം. അത് ഈ അവ താരത്തിന്റെ ദൗത്യങ്ങളിലൊന്നാണ്. എന്റെ ദിവ്യകൃപ ഭക്തരി ലേക്ക് ഒഴുക്കുന്നത് ഇതരശരീരങ്ങളെ വേദനയിൽ നിന്നും സഹന ത്തിൽ നിന്നും മുക്തരാക്കാനാണ്. അതിനാണ് ഈ ശരീരവുമായി ഞാൻ വന്നത്. ഈ ശരീരം എല്ലായ്പ്പോഴും വേദനയിൽ നിന്നും വ്യാധികളിൽ നിന്നും മുക്തമായിരിക്കും. അസുഖത്തിന് ഈ ശരീ രത്തെ സ്പർശിക്കാൻ സാദ്ധ്യമല്ല. അതാണ് സത്യമായ വസ്തുത".*

സത്യസായി സ്പീക്സ്. വാല്യം 10. അദ്ധ്യായം 37

സ്വാമിയുടെ മുകളിൽച്ചേർത്ത ദിവ്യവാണികൾ തെളിയിക്കുന്നത് അവിടുന്ന് കടന്നുപോയ രോഗദുരിതങ്ങളൊന്നും തന്നെ അവിടുത്തെ ശരീരത്തിൽ നിന്ന് ഉടലെടുത്തവയല്ല എന്നതാണ്. കർമ്മ നിയമങ്ങൾ വളരെ നിഗൂഢമായി പ്രവർത്തിക്കുന്നു. ഒരിക്കൽ സങ്കൽപ്പമോ പ്രവൃത്തിയോ അയക്കപ്പെട്ടാൽ അതിന്റെ 'ഫലം' അടുത്തുതന്നെ സംഭവിക്കുമെന്നതാണ് തീർച്ചയായുള്ള ഒരു കാര്യം. സങ്കൽപ്പപ്രകാരം 'കാർമ്മികകടങ്ങൾ' ഒരാളിൽ നിന്ന് മറ്റൊരാളിലേക്ക് കൈമാറ്റം ചെയ്യുവാൻ സാധിക്കുമെന്നതും മറ്റൊരു സത്യമാണ്. തങ്ങളുടെ തന്നെ കർമ്മത്തിന്റെ ഫലം താങ്ങാനാവാത്ത പല ഭക്തരുടേയും കർമ്മങ്ങൾ പലപ്പോഴും സ്വാമി തന്റെ തന്നെ ശരീരത്തിൽ ഏറ്റെടുത്തിട്ടുണ്ട്. തന്റെ വെറുമൊരു സങ്കൽപ്പം കൊണ്ടുതന്നെ കർമ്മഫലത്തെ നശിപ്പിക്കാൻ സ്വാമിക്കു കഴിയുമെന്നിരുന്നാലും സ്വാമി അപ്രകാരം ചെയ്യുന്നില്ല. പകരമായി തന്റെ ഭക്തരുടെ കർമ്മം തന്റെ തന്നെ ശരീരത്തിൽ ഏറ്റെടുക്കുന്നു. സ്വാമി മനുഷ്യശരീരം സ്വീകരിച്ചതിനാൽ ആ ശരീരം കർമ്മങ്ങൾക്ക് അതീതമെങ്കിലും കർമ്മനിയമങ്ങളെ മാനിച്ചുകൊണ്ട്, ശരീരം കർമ്മമേറ്റെടുക്കുന്നു.

*"ഏതൊരു നൈമിഷിക ഉപാധിയും പ്രകൃതിയുടെ മൗലിക ഗുണത്തിനെതിരായി വർത്തിക്കുകയും തദ്വാരാ കർമ്മനിയമങ്ങളുടെ കാര്യകാരണത്തെത്തന്നെ അസന്തുലിതമാക്കുകയും ചെയ്യും."*

ബ്ലിറ്റ്സ് ഇന്റർവ്യൂ. സെപ്തംബർ 1976.

മുൻപേ തന്നെ തന്റെ ഭക്തരുടെ കർമ്മം എപ്പോഴൊക്കെ സ്വാമി തന്റെ ശരീരത്തിൽ സ്വീകരിച്ചുവോ അപ്പോഴൊക്കെയും കുറഞ്ഞ കാലത്തിൽ ആ ശരീരം ചില ദുരിതങ്ങളിലൂടെ കടന്നുപോയി. പക്ഷേ ഇത്തവണ കരുണാസാഗരമായ നമ്മുടെ ഭഗവാൻ മാനവരാശിയുടെ തന്നെ കർമ്മത്തെ തന്റെ ശരീരത്തിലേറ്റെടുത്ത് അതിനുകത്തിയമരുവാൻ തന്റെ ഓരോ ശരീരകോശത്തിനേയും ഉപയോഗിക്കുകയായിരുന്നുവോ? തന്റെ ജീവിതകാലം മുഴുവനും മാനവരാശിയുടെ ഉത്ഥാനം എന്ന ഒറ്റ ലക്ഷ്യത്തിനായി വിനിയോഗിച്ച് അതേ ലക്ഷ്യത്തിനായിത്തന്നെ തന്റെ ശരീരത്തേയും ഉപയോഗിക്കുകയായിരുന്നുവോ?

ഒരിക്കൽ പ്രമുഖ പത്രപ്രവർത്തകനായിരുന്ന ആർ. കെ. കരഞ്ചിയക്കു നൽകിയ അഭിമുഖത്തിൽ പ്രകൃതിക്ഷോഭങ്ങൾ മനുഷ്യരുടെ കർമ്മസഞ്ചയത്തിന്റേയോ അധാർമ്മികപ്രവർത്തികളുടേയോ

പരിണിത ഫലമാണ് എന്ന് സ്വാമി എടുത്തുപറയുന്നുണ്ട്.

*"പ്രപഞ്ചനാടകത്തിലെ ഒഴിവാക്കാനാവാത്ത ഭാഗങ്ങളാണ് ദുരിതങ്ങളും വേദനകളും. ഈശ്വരൻ ഇത്തരം വിപത്തുകൾ വിധിക്കുന്നില്ല. പക്ഷേ മനുഷ്യർ തങ്ങളുടെ സ്വന്തം അധാർമ്മിക പ്രവൃത്തികളുടെ ഫലമായി ഇവയെ ക്ഷണിച്ചുവരുത്തുന്നു".*

ദി ബ്ലിറ്റ്സ് ഇന്റർവ്യൂ. സെപ്തംബർ 1976.

സ്വാമി ഇതേ വിഷയത്തെ മറ്റൊരവസരത്തിലും പ്രതിപാദിച്ചിട്ടുണ്ട്.

*"മനുഷ്യൻ പ്രകൃതിയോട് അളവറ്റ് കടപ്പെട്ടിരിക്കുന്നു. അവൻ വിവിധ വിധത്തിൽ പ്രകൃതിയുടെ അനുഗ്രഹങ്ങളെ ആവശ്യത്തിലധികം ഉപയോഗിക്കുന്നു. പക്ഷേ തിരിച്ച് പ്രകൃതിയോടുള്ള അവന്റെ മനോഭാവം എന്താണ്? എന്തു കൃതജ്ഞതയാണ് അവൻ പ്രകൃതിയോടു കാണിക്കുന്നത്? അവൻ ഈശ്വരനോട് കൃതജ്ഞനാണോ? തനിക്കു വേണ്ടതെല്ലാം ഒരുക്കിയ ഈശ്വരനെ അവൻ വിസ്മരിക്കുന്നു. അക്കാരണം കൊണ്ടു തന്നെ വിവിധ വിപത്തുക്കൾക്കും ദുർഘടങ്ങൾക്കും അവൻ ഇരയായിത്തീരുകയും ചെയ്യുന്നു".*

സത്യസായി സ്പീക്സ്. വാല്യം 21. അദ്ധ്യായം 19.

*"വിവിധ പ്രകൃതിവിക്ഷോഭങ്ങളുടെയും മൂലകാരണം മനുഷ്യരുടെ പ്രവൃത്തിയാണ്. ഭൂകമ്പങ്ങൾ, അഗ്നിപർവ്വത വിസ്ഫോടനങ്ങൾ, യുദ്ധങ്ങൾ, വെള്ളപ്പൊക്കം, ദാരിദ്ര്യം തുടങ്ങി വിവിധ വിപത്തുകൾ പ്രകൃതിയുടെ അസംതുലനത്തിന്റെ ഫലമായുണ്ടായതാണ്. ഈ അസന്തുലിതാവസ്ഥക്കു പിന്നിൽ മാനവന്റെ ദു:സ്വഭാവമാണുള്ളത്. ഇത്രയായിട്ടും മാനവരാശിയും പ്രകൃതിയും തമ്മിലുള്ള അഭേദ്യബന്ധത്തെ മനുഷ്യൻ തിരിച്ചറിഞ്ഞിട്ടില്ല."*

സത്യസായിസ്പീക്സ്. വാല്യം 25. അദ്ധ്യായം 37.

കർമ്മനിയമ സിദ്ധാന്തത്തിൽ ഇതിനെ 'സഞ്ചയകർമ്മം' (Collective Karma) എന്നു വിശേഷിപ്പിക്കുന്നു. ഇത്തരം ബൃഹദ് തോതിലുള്ള പ്രകൃതിക്ഷോഭങ്ങളേയും മാനവഹേതുവായുണ്ടായ വിപത്തുക്കളേയും (ഉദാ:അണുനിലയ വിസ്ഫോടനം) അകറ്റുകയെന്നത് തന്റെ കർത്തവ്യം തന്നെയാണ് എന്ന് ഭഗവാൻ പറഞ്ഞിട്ടുണ്ട്. ഇത്തരം വിപത്തുക്കൾ 'സഞ്ചയകർമ്മ'ത്തിന്റെ നേർഫലമാണെങ്കിൽ ഇത്തരം വിപത്ത് ഒഴിവാക്കുന്നത് അത്തരം കർമ്മങ്ങളുടെ

സഞ്ചയനം തന്നെയല്ലേ? ഏതോ വലിയൊരു അത്യാപത്തിനെ തട യാനായി സ്വാമി ബൃഹത്തായ ഒരു കർമ്മസഞ്ചയത്തെ തന്നിലേക്ക് ആഗിരണം ചെയ്തതായിക്കൂടേ? സ്വാമി ആശുപത്രിയിൽ പ്രവേ ശിക്കപ്പെട്ട സമയത്തെ വിവിധ ലോകസംഭവങ്ങളെ ശ്രദ്ധാപൂർവ്വം പരിശോധിക്കുകയാണെങ്കിൽ ഇത്തരം ബന്ധം മനസ്സിലാക്കാൻ യാതൊരു പ്രയാസവുമില്ല. ജപ്പാനിലെ ഭൂകമ്പം/സുനാമി/അണു നിലയ വിസ്ഫോടനവിപത്തിന് ദിവസങ്ങൾക്കു ശേഷമാണ് ഭഗ വാനെ ശ്വാസസംബന്ധിയായ തടസ്സം മൂലം ആശുപത്രിയിൽ പ്രവേ ശിപ്പിക്കേണ്ടി വന്നത്. മൂന്നു വിവിധ അത്യാപത്തുകളും അങ്ങേ യറ്റം നിർഭാഗ്യകരമായതും, അതിൻഫലമായി ആയിരങ്ങളുടെ ജീവൻ പൊലിയുവാൻ കാരണമാവുകയും (ആ ആത്മാക്കൾക്കു ശാന്തി ലഭിക്കട്ടെ) നിരവധിരോഗികളെയും ഭവനരഹിതരേയും സൃഷ്ടിക്കുകയും ചെയ്തു. ജപ്പാന്റെ ചരിത്രത്തിലെത്തന്നെ അതിഭയാനകമായൊരു ഭൂകമ്പത്തിന്റെ ഫലമായി അത്യുഗ്രമായ സുനാമി പൊട്ടിപ്പുറപ്പെട്ടു. അത് ഫുക്കുഷിമ അണുനിലയത്തിന്റെ ചില ഭാഗങ്ങൾക്ക് നാശം വരുത്തി. ഫുക്കുഷിമ അണുനിലയങ്ങൾ വിഭാവനം ചെയ്തിരിക്കുന്നത് പരമാവധി 8.2 റിച്ചർ തോത് വരെ അളവുവരുന്ന ഭൂകമ്പങ്ങളെ പ്രതിരോധിക്കാനുള്ള ശേഷിയിലാണ്. പക്ഷെ ഈ ഭൂകമ്പം (9.0 റിച്ചർ തോത്) നിലയത്തിന്റെ പ്രതിരോ ധപരിധിക്കും അപ്പുറമായിരുന്നു. ഈ ഭൂമികുലുക്കത്തെ റിയാക്ടർ അതിജീവിച്ചതും സംഭവിക്കാമായിരുന്ന റിയാക്ടറിന്റെ മുഴുവൻ നാശവും സംഭവിക്കാതിരുന്നതും ഒരു വലിയ അത്ഭുതമായിത്തന്നെ ചില വിദഗ്ദർ കരുതുന്നു. റിയാക്ടർ മുഴുവനായി നിലംപൊത്തി യിരുന്നെങ്കിൽ സംഭവിക്കാമായിരുന്ന അത്യാപത്ത് സങ്കൽപ്പിക്കാൻ കഴിയുന്നതിലുമപ്പുറമാണ്. മാനവരാശി ഇതേവരെ അഭിമുഖീക രിച്ചിട്ടില്ലാത്തത്ര ബൃഹദ്മാനങ്ങളുള്ള ഒരു മഹാദുരന്തം തന്നെയായിത്തന്നെ അതു മാറിയിരുന്നിരിക്കാം. ഇതു നമുക്കറിയാവുന്ന ദുരന്തത്തിനെക്കുറിച്ചായിരുന്നുവെന്നാൽ, മാറിപ്പോയ, വരുവാനിരുന്ന മഹാദുരന്തങ്ങളെക്കുറിച്ച് നമുക്കെ ങ്ങിനെ അറിയുവാൻ സാധിക്കും? ഇതുവരെ ഉണ്ടാവാത്തത്ര ഭയാ നകമായ വിപത്ത് എങ്ങനെയായിരിക്കും എന്നുപറയാൻ ആരെ ക്കൊണ്ടു സാധിക്കും? സ്വാമിക്കു മാത്രം അറിയാം!!! ഈ സമയത്ത് ശുകനാഡി പ്രവചനം ഞാൻ ഒന്നുകൂടി ഓർമ്മിപ്പിക്കുകയാണ്. 'തനിക്കു മാത്രമേ പ്രകൃതിയുടെ താണ്ഡവം നിയന്ത്രിക്കാനാവൂ എന്ന് അദ്ദേഹം കാണിച്ചുതരും'.

തന്റെ ശരീരത്തിന് എന്തു സംഭവിച്ചാലും അത് മാനവരാശിയുടെ നന്മക്കുവേണ്ടി മാത്രമാണെന്ന് സ്വാമി വ്യക്തമാക്കിയിട്ടുണ്ട്.

*"നരസിംഹമൂർത്തി സൂചിപ്പിച്ചതുപോലെ ഒരു ഭക്തനെ രക്ഷിക്കാനുള്ള തത്രപ്പാടിൽ എന്റെ ശരീരത്തെ അവഗണിക്കരുതെന്ന് കസ്തൂരി എന്നോട് അപേക്ഷിച്ചു. ഈ ശരീരം തന്നെ ഭക്തരുടെ രക്ഷയ്ക്കായാണ് എത്തിയിരിക്കുന്നതെന്നും അവരുടെ നന്മക്കായെന്തുതന്നെയും ചെയ്യുന്നതിന് ശരീരം പ്രയോജനപ്പെടുത്തുമെന്നും ഞാൻ പ്രതിവചിച്ചു. ശരീരത്തോടുള്ള മമതാബന്ധം മാനുഷികവും പൂർണ വിരക്തി (നിസംഗത) ദൈവികവുമാണ്. ശരീരത്തോടുള്ള മമതയാണ് എല്ലാ ദുരിതത്തിനും കാരണം. ഈശ്വരൻ തന്റെ ശരീരത്തോട് നിസംഗനായതുകൊണ്ട് ശരീരത്തിന്റെ സഹനങ്ങളോടും നിസംഗൻ തന്നെ. ഈശ്വരൻ ശരീരം ധരിക്കുമ്പോൾ, ആ ശരീരത്തിന് വിവിധതരം ക്ഷതങ്ങൾ സംഭവിക്കാം. അതിനെന്തു സംഭവിച്ചാലും സമസ്ത ലോകത്തിന്റേയും നന്മക്കായിട്ടായിരിക്കും".*

ദിവ്യവാണി. പ്രശാന്തിനിലയം. ജനുവരി 14, 1999

ഇതിലധികമായി എന്തുതെളിവാണ് നമുക്കാവശ്യം? അവിടുന്ന് തന്റെ ശരീരം 'സമസ്തലോകത്തിന്റേയും നന്മക്കായി' ത്യജിച്ചുവെന്നതു മാത്രമേ നമ്മൾ മനസ്സിലാക്കേണ്ടതുള്ളൂ. അവിടുത്തെ പ്രഭാഷണത്തിലെ പോലെ, സ്വശരീരത്തിന്റെ സഹനത്തിനോടും അവിടുന്ന് നിസംഗൻ ആയിരുന്നു. സ്വാമി തന്റെ ഭക്തനെ രക്ഷിക്കുന്നതിനായി ഏതറ്റം വരെയും ചെല്ലുമെന്ന് ഇതേ പ്രഭാഷണത്തിൽ അദ്ദേഹം വെളിപ്പെടുത്തുന്നു. (എന്റെ എളിയ അഭിപ്രായത്തിൽ സകല സായിഭക്തരും വായിച്ചിരിക്കേണ്ട, സ്വാമിയുടെ മുദ്ര പതിഞ്ഞ ചരിത്രപ്രധാനപ്രഭാഷണങ്ങളിലൊന്നായി ഇതിനെ കണക്കാക്കേണ്ടതാണ്).

"ബാംഗ്ലൂരിൽ നിന്നു തിരിച്ചുവരുമ്പോൾ (ഡിസംബർ മാസം) കുട്ടികളെ കായികമേളക്ക് കൊണ്ടുവരേണ്ടെന്ന് ഞാൻ വാർഡന് നിർദ്ദേശം നൽകി. എന്റെ വാക്കിന് മുന്നിൽ അവർ വിവിധ കാരണങ്ങൾ നിരത്തി. കുട്ടികൾ ലോലഹൃദയരാണെന്നും സ്വാമിയോട് വളരെ സ്നേഹവും ബഹുമാനവും ഉണ്ടെന്നും സ്വാമിയെ ആനന്ദിപ്പിക്കാനായി വിവിധ പരിപാടികൾക്കായി അവർ തയ്യാറെടുത്തുവെന്നുമൊക്കെ. ആസന്നമായ അനർത്ഥത്തെകുറിച്ച് ഞാൻ ബോധവാനായിരുന്നുവെങ്കിലും എന്റെ വിദ്യാർത്ഥികൾ എന്റെ

വാക്കുകൾ ഗൗനിച്ചില്ല. ആ സാഹചര്യത്തിൽ അവരെ ഉപദേശിക്കുന്നതിൽ അർത്ഥമില്ലെന്ന് എനിക്ക് മനസ്സിലായി. എന്റെ ആജ്ഞ അനുസരിക്കാത്തതിന്റെ അനന്തരഫലം അറിഞ്ഞാൽ മാത്രമേ എന്റെ വാക്കുകളുടെ വില അവർക്കു തിരിച്ചറിയുവാൻ സാധിക്കൂ. 11ന് കാലത്ത് എന്താണ് യഥാർത്ഥത്തിൽ സംഭവിച്ചതെന്ന് ഈ നിമിഷം വരെ ആർക്കും തന്നെ അറിയുകയില്ല. കായികമേള ഒരു വൻവിജയമായി എന്ന് അവർ പറയുന്നു. അവർ വിജയികളാവുന്നതിൽ ഞാനും സന്തോഷവാനാണ്. വിദ്യാർത്ഥികൾ വളരെ നല്ല പ്രകടനം കാഴ്ചവെച്ചു. താന്താങ്ങളുടെ സാമർത്ഥ്യത്തിനും കഴിവിനുമനുസരിച്ച് ഓരോരുത്തരും ഈ വിജയത്തിന് വേണ്ടുന്ന സംഭാവനകൾ ചെയ്തു. അന്നു പ്രഭാതത്തിൽ മൈതാനത്ത് എത്തിയപ്പോൾ തന്നെ ഞാൻ രണ്ടുലോറികൾ കണ്ടു. ഉടനെ തന്നെ പതിയിരിക്കുന്ന അപകടമെന്തെന്ന് ഞാൻ മനസ്സിലാക്കി. ലോറികൾക്കു മുകളിൽ വലിയ വലിയ തട്ടുകൾ വിതാനിക്കപ്പെട്ടിരുന്നു. കുട്ടികൾ അതിൻ മുകളിൽ കായിക പ്രകടനം കാഴ്ചവെയ്ക്കാനാണ് ഉദ്ദേശിച്ചിരുന്നത്. അതിലെ ഒരു ദണ്ഡ് ശരിയായി ഉറപ്പിച്ചിട്ടില്ലെന്ന് ഞാൻ മനസ്സിലാക്കി. അത് വീഴാൻ പാകത്തിൽ നിൽക്കുകയായിരുന്നു. അപ്രകാരം സംഭവിക്കുകയാണെങ്കിൽ ആ കുട്ടിക്ക് സാരമായ തോതിൽ ശിരസ്സിന് ക്ഷതമോ നട്ടെല്ലിന് ക്ഷതമോ സംഭവിക്കാം. ആ കുട്ടി സുരക്ഷിതനായിരിക്കണമെന്നും ആഘാതം ഈ ശരീരത്തിൽ സ്വീകരിക്കാമെന്നും ഞാൻ സങ്കൽപ്പിച്ചു. അതിന് ഒരു ദിവസം മുൻപു തന്നെ നാലുകുട്ടികളോട് രഥത്തിനു ചുറ്റും ശ്രദ്ധാപൂർവ്വം കാവൽനിൽക്കണമെന്ന് ഞാൻ നിർദ്ദേശിച്ചു. അവർക്ക് സ്വാമിയോട് വളരെ സ്നേഹവും അഗാധഭക്തിയും ഉണ്ട്. അവരാരും തന്നെ ആ സ്ഥാനത്ത് നിന്നിരുന്നില്ലെന്ന് ഞാൻ ശ്രദ്ധിച്ചു. ആരേയും പഴി ചാരേണ്ടതില്ല. ആരും ഇത് ബോധപൂർവ്വം ചെയ്യുന്നതല്ല. കുട്ടികൾക്ക് സ്വാമി അവരുടെ ജീവശ്വാസം തന്നെയാണ്.

രഥം നിർത്തണമെന്ന് ഞാൻ ആവശ്യപ്പെട്ടു. ഒരു വന്ദ്യവയോധികനായ ഭക്തനായിരുന്നു പൂർണ ആത്മാർത്ഥതയോടെയും ഭക്തിയോടെയും പ്രേമത്തോടെയും ആ രഥം നിയന്ത്രിച്ചിരുന്നത്. എന്റെ നിർദ്ദേശപ്രകാരം അദ്ദേഹം രഥം നിർത്തി. ഞാൻ വൈസ് ചാൻസലറോട് സംസാരിക്കാൻ തുനിയവേ അദ്ദേഹം അറിയാതെ ബ്രേക്കിനു പകരം ക്ലച്ചിൽ കാലമർത്തി. അതിനെത്തുടർന്നുണ്ടായ ഉലച്ചിലിൽ ഞാൻ ആ രഥത്തിൽ വീണുപോയി. അതിന്റെ ഫലമായി എന്റെ ശിരസ്സിനും കൈയ്ക്കും നട്ടെല്ലിനും വളരെ സാര

മായി പരിക്കേറ്റു. എന്റെ കുട്ടികൾ അഭിമുഖീകരിക്കേണ്ട എന്താപത്തിനേയും ഞാൻ എന്നിൽ ഏറ്റെടുക്കുന്നു. വളരെയധികം സ്ത്രീപുരുഷന്മാർ ആ സദസ്സിൽ ഉണ്ടായിരുന്നുവെങ്കിലും എന്റെ പരിക്ക് അവരുടെയാരുടെയും കണ്ണിൽപ്പെടാതെ ഞാൻ ശ്രദ്ധിച്ചു. യാതൊന്നും സംഭവിച്ചിട്ടില്ലാത്തപോലെ ഞാൻ നടിച്ചു. സ്വാമിക്ക് എഴുന്നേൽക്കാൻ സാധിക്കാത്തതിൽ വൈസ് ചാൻസലർ വ്യാകുലപ്പെട്ടു. ഇനിയും എഴുന്നേൽക്കാൻ വൈകിയാൽ ഭക്തർ ആശങ്കാകുലരാകുമെന്ന് എനിക്കറിയാമായിരുന്നു. അതുകൊണ്ട് ഞാൻ വേദന മറന്ന് വേഗം എഴുന്നേറ്റ് ഭക്തരെ കൈവീശിക്കാണിക്കുകയും അവരെ അനുഗ്രഹിക്കുകയും ചെയ്തു. ഒരു കത്തികൊണ്ട് ആഴത്തിൽ കുത്തിമുറിച്ച പോലെ എന്റെ കൈകൾക്ക് മുറിവേറ്റിരുന്നു. അതിന്റെ വേദന വളരെ ശക്തിയേറിയതുമായിരുന്നു. പക്ഷേ എന്റെ അങ്കിയുടെ നീണ്ട കൈയുറ എന്റെ മുറിവ് മറയ്ക്കാൻ പര്യാപ്തമായിരുന്നു. ഈ സംഭവം നിങ്ങൾക്ക് ഈശ്വരന്റെ അനന്തശക്തിയുടെ സൂചന തരുന്നു.

ഞാൻ വിചിത്രമായ ഒരു സാഹചര്യത്തിൽ അകപ്പെട്ടവനേപ്പോലെയായിരുന്നു. എന്റെ പരിക്കുകൾ പുറത്തു കാണിക്കാതെ എനിക്ക് വേദിയിലേക്ക് നടന്നെത്തണമായിരുന്നു. ആരും എന്റെ മുറിവുകൾ ശ്രദ്ധിക്കരുതെന്ന് ഞാൻ സങ്കൽപ്പിച്ചു. അല്ലെങ്കിൽ അവർ ആശങ്കാകുലരാകും. ഞാൻ വേദിയിലേക്ക് നടന്നുചെന്ന് എന്റെ ഇരിപ്പിടത്തിൽ ഇരുന്നു. ഈ സമയം അങ്കിക്കു താഴെയുള്ള ദോത്തി രക്തത്തിൽ കുതിർന്നിരുന്നു. ആരെങ്കിലും ഇതു കാണുമെന്നു മനസ്സിലാക്കി ഞാൻ ഉടൻ തന്നെ കുളിമുറിയിലേക്ക് പോയി. കുതിച്ചൊഴുകുന്ന രക്തം തുടയ്ക്കാൻ അവിടെ ഉണ്ടായിരുന്ന തുവർത്തുകൾ അപര്യാപ്തമായിരുന്നു. രക്തക്കറ പുരണ്ട തുവർത്ത് അവിടെ ഉപേക്ഷിച്ചാൽ ആരുടെയെങ്കിലും ശ്രദ്ധയിൽപ്പെടുമെന്നു കരുതി കുത്തിത്തുളക്കുന്ന വേദനയിലും ഞാൻ അത് സോപ്പുതേച്ച് കഴുകി. പിഴിഞ്ഞ് ഉണങ്ങാനിട്ടു. ഒരു സാഹചര്യത്തിലും ഞാൻ എന്റെ വേദനയോ ക്ഷീണമോ സഹനമോ പുറത്തുകാണിച്ചില്ല. എന്തുകൊണ്ടാണ് ഞാൻ ഇടക്കിടക്ക് കുളിമുറിയിൽ പോകുന്നതെന്നറിയാൻ ചില കുട്ടികൾ ഔത്സുക്യം കാണിച്ചു. "നിങ്ങളെന്തിന് അതറിയണം? അതെന്റെ കാര്യമാണ്" എന്നു ഞാൻ മറുപടി പറഞ്ഞു. സാധാരണയായി കാലത്തും വൈകീട്ടുമായി രണ്ടുതവണ മാത്രമേ ഞാൻ കുളിമുറിയിൽ പോകാറുള്ളൂ. ഇപ്പോൾ രക്തമൊഴുക്ക് ധാരാളം ഉള്ളതിനാൽ കുറഞ്ഞ സമയത്തിനകം തന്നെ

വീണ്ടും വീണ്ടും എനിക്ക് കുളിമുറിയിൽ പോകേണ്ടി വന്നു. ഇതി നിടക്ക് രണ്ടുവിദ്യാർത്ഥികൾ കടന്നുവന്ന് ഞാൻ പതാക ഉയർത്ത ണമെന്ന് പ്രാർത്ഥിച്ചു. ഇരിപ്പിടത്തിൽ നിന്ന് എഴുന്നേൽക്കാൻ നോക്കിയപ്പോൾ വൈദ്യുതാഘാതമേറ്റപോലെയുള്ള ഒരു അനുഭൂ തിക്ക് ഞാൻ വിധേയനായി. ആ അനുഭവം സ്മരിക്കുമ്പോൾ തന്നെ എനിക്കു തന്നെത്താൻ ചിരിവരുന്നു. എനിക്ക് നിലത്ത് ബലമായി നിൽക്കാൻ സാധിക്കുമായിരുന്നില്ല. ഞാൻ ശരീരത്തോടുള്ള സംഗ ത്തെ വെടിഞ്ഞ് മുന്നോട്ടു നടന്ന് പുഞ്ചിരിച്ച് ആ പതാക ഉയർത്തി. അതിനുശേഷം ദീപം കൊളുത്തി. സങ്കോചിപ്പിക്കുന്ന ഒരു സാഹ ചര്യത്തിലാണ് ഞാനെന്നു മനസ്സിലാക്കി. ഒരു രീതിയിലും സൗക ര്യപ്രദമായി എനിക്കിരിയ്ക്കാൻ സാദ്ധ്യമായിരുന്നില്ല. എല്ലാവ രോടും ശരീരത്തോടുള്ള മമത വെടിയണമെന്ന് ഞാൻ ആഹ്വാനം ചെയ്യുമ്പോൾ അതിനു ഞാൻ തന്നെ മാതൃക കാണിക്കണമെന്ന് നിശ്ചയിച്ചു. എന്നോടു തന്നെ ഇപ്രകാരം പറഞ്ഞു കൊണ്ട് ഞാൻ അതിനു തക്കവണ്ണം പെരുമാറി.

പ്രൈമറി സ്കൂൾ കുട്ടികൾ വളരെ നല്ല ഒരു പ്രകടനം കാഴ്ച വെക്കുകയും എന്നോടൊപ്പം ഒരു ചിത്രമെടുക്കണമെന്ന് വളരെയ ധികം ആഗ്രഹിക്കുകയും ചെയ്തു. എനിക്കവരെ നിരാശരാക്കാൻ സാധിക്കുമായിരുന്നില്ല. അവരുടെ പ്രാർത്ഥന കൈക്കൊണ്ട് ഞാൻ അവരുടെ അടുത്തുചെന്ന് ചിത്രങ്ങൾ എടുത്തു. അതിനു ശേഷം വിവിധ കുട്ടികളുടെ കൂടെ ചിത്രങ്ങളെടുക്കാൻ നാലോ അഞ്ചോ തവണ തുടർച്ചയായി എനിക്കു കളിസ്ഥലത്തേക്ക് നടക്കേണ്ടി വന്നു. ഇപ്രകാരം ഞാൻ എന്നെത്തന്നെ ശരീരത്തിൽ നിന്ന് വിമു ക്തനാക്കി. എന്റെ ശരീരം മരവിച്ചിരുന്നു. ഒരു തരത്തിലുള്ള ഇന്ദ്രി യജ്ഞാനവും എനിക്ക് ഉണ്ടായിരുന്നില്ല. എനിക്ക് തലകറങ്ങുന്നു ണ്ടായിരുന്നു. ശരീരത്തിന് എന്തുതന്നെ സംഭവിച്ചാലും അതു വക വെക്കാതെ അവരെ സന്തുഷ്ടരാക്കുന്നതിൽ ഞാൻ വ്യാപൃതനാ യി. ഈ വേദന എന്നിൽത്തന്നെ മറച്ചുവെയ്ക്കാൻ ഞാൻ തീരുമാ നിച്ചു. കളിസ്ഥലത്തു നിന്ന് തിരിച്ച് വേദിയിലേക്ക് നടക്കുമ്പോൾ രക്തക്കറ ആളുകളുടെ ശ്രദ്ധയിൽപ്പെടുമെന്ന് മനസ്സിലാക്കി ഞാൻ നേരെ എന്റെ കസേരയിലേക്ക് നടന്നു. ഒരു വലിയ ജനക്കൂട്ടത്തിനു നടുവിൽ അത്രയധികം സമയം വളരെ സാരമുള്ള ഒരു പരുക്ക് മറച്ചുപിടിക്കുന്നത് മനുഷ്യസാദ്ധ്യമാണോ? അല്ല. ഞാൻ ആ ഇരി പ്പിടത്തിൽ നീണ്ട 5 മണിക്കൂറുകൾ ഇരുന്നു. ഞാൻ ഇതെല്ലാം പറ യുന്നത് വിദ്യാർത്ഥികളോടും ഭക്തരോടും ഈശ്വരന്റെ ദിവ്യപ്രകൃ

തിയെപ്പറ്റി വിശദീകരിക്കാനാണ്. എന്റെ അപ്പോഴത്തെ അവസ്ഥ യിൽ ഒരാൾക്കും വെറുമൊരു സെക്കന്റുപോലും ഇരിക്കുവാൻ സാധ്യമല്ല. അപ്പോൾ ഒരടിയെങ്കിലും മുന്നോട്ടു വെയ്ക്കുന്നതും അസാദ്ധ്യം തന്നെ. ശരീരം മുഴുവൻ വൈദ്യുതാഘാതമേൽക്കുന്ന പോലെ അത്ര കഠിനമായിരുന്നു അവസ്ഥ. വൈദ്യുതിയാണ് ആഘാതം നൽകുന്നത്. ഞാൻ സ്വയം വൈദ്യുതിയാണെങ്കിൽ എങ്ങനെ എനിക്കുതന്നെ ആഘാതമേൽക്കും?

ആ ചിന്തയോടു കൂടി ഞാൻ മുഴുവൻ പരിപാടിയും കഴിയുന്ന തുവരെ അവിടെ ഇരുന്നു. അതിനുശേഷം മന്ദിരത്തിലേക്ക് തിരി ച്ചുപോയി. സെൻട്രൽട്രസ്റ്റിന്റെ അംഗങ്ങൾ എന്നെ അനുഗമിച്ചു. പക്ഷേ എന്താണ് സംഭവിച്ചതെന്ന് അവർക്ക് അറിവില്ലായിരുന്നു. ഇപ്രകാരം സംഭവിച്ചതിന് ആ മുതിർന്ന ഭക്തൻ എന്നോട് മാപ്പിര ന്നു.

“എന്തിനാണ് കഴിഞ്ഞതിനെക്കുറിച്ച് ദു:ഖിക്കുന്നത്? കഴിഞ്ഞതു കഴിഞ്ഞു. ഞാൻ സന്തോഷവാനാണ്. എന്നെക്കുറിച്ചോർത്ത് വേവ ലാതിപ്പെടേണ്ടതില്ല” എന്ന് ഞാൻ അയാളെ അറിയിച്ചു. അവർ എല്ലാവരും ഉച്ചഭക്ഷണം കഴിച്ചു. അതിനുശേഷം വീണ്ടും രക്തം വാർന്നൊഴുകാൻ തുടങ്ങി. വിദ്യാർത്ഥികളെല്ലാം തന്നെ പുറത്ത് ഫോട്ടോ എടുക്കാൻ വേണ്ടി കാത്തുനിൽക്കുന്നുണ്ടായിരുന്നു. ഞാൻ വീണ്ടും രക്തം തുടച്ചുകളയാനായി കുളിമുറിയിൽ കയറി. ഈ ഇന്ദുലാൽ ഷാ ഒരു കാര്യവുമില്ലാതെ അലറി വിളിച്ചു. “സ്വാമീ! എന്താണീ കാണുന്നത്” ഞാൻ അദ്ദേഹത്തോട് സ്നേഹപൂർവ്വം പറഞ്ഞു. “ഇന്ദുലാൽ ഷാ! ഈ ശരീരത്തിന് സംഭവിച്ചത് എന്തുത ന്നെയായാലും അത് സംഭവിച്ചു കഴിഞ്ഞു”. അപ്രകാരം പറഞ്ഞ് ഞാൻ എന്റെ മുറിവ് കാണിച്ചുകൊടുത്തു. സഹിക്കാനാവാത്ത മനോവേദനയാൽ അവരെല്ലാം കരയാൻ തുടങ്ങി. അവർ രക്തം പരന്നു ഒഴുകിക്കിടക്കുന്നതു കണ്ടു. ഇപ്രകാരം വിഷമിക്കുകയാ ണെങ്കിൽ ഭാവിയിൽ ഇത്തരം ഒരു കാര്യവും അവരെ അറിയിക്കു കയില്ലെന്ന് ഞാൻ പറഞ്ഞു. ഞാൻ മന്ദിരത്തിലെത്തിച്ചേരുന്നതു വരെ ആരും തന്നെ ഈ സംഭവം അറിഞ്ഞിരുന്നില്ല. ഇപ്രകാരം ഞാൻ പല സന്ദർഭങ്ങളിലായി എന്റെ വിദ്യാർത്ഥികളുടേയും ഭക്ത രുടേയും പറയാത്ത പല യാതനകളും അവരെ രക്ഷിക്കുന്നതിനായി ഏറ്റെടുക്കാറുണ്ട്. ഇതിന് ആരുംതന്നെ ഉത്തരവാദികളല്ല. നിങ്ങൾ ചിലരിൽ കുറ്റം ചുമത്തിയേക്കാം. പക്ഷേ ആരും ഇതിന് ഉത്തര വാദികളല്ല. സംഭവിക്കേണ്ടിയിരുന്നത് സംഭവിച്ചു അത്രമാത്രം. ഈ

സംഭവം ഞാൻ വിശദീകരിക്കുന്നത്, എന്റെ വാക്കുകൾ അനുസരിക്കുന്ന ഭക്തന്റെ പരിരക്ഷക്കായി ഞാൻ അങ്ങേയറ്റം വരെ പോകും എന്ന വസ്തുതയെ ഉറപ്പിക്കാനാണ്. ഞാൻ മന്ദിരത്തിൽ തിരിച്ചെത്തിയപ്പോൾ ആ നാലു കുട്ടികളേയും വിളിച്ചുവരുത്തി. എന്റെ പരിക്ക് സാരമുള്ളതാണെന്ന് അവർ മനസ്സിലാക്കി. എന്റെ നിർദ്ദേശം പാലിക്കാത്തതിന് ഞാൻ അവരെ ഗുണദോഷിച്ചു. 'ഞാനാവശ്യപ്പെട്ട സമയം നിങ്ങൾ അവിടെ ഉണ്ടാവാതിരുന്നതെന്തുകൊണ്ടാണ്? നിങ്ങൾ എന്റെ നിർദ്ദേശം അനുസരിച്ചിരുന്നുവെങ്കിൽ ഈ ഒരു സംഭവം തന്നെ നടക്കുകയില്ലായിരുന്നു'. ഞാൻ അവരോട് ഇതിനെ പ്രതി ഖേദിക്കരുതെന്നും പറഞ്ഞു".

ദിവ്യ വാണി. പ്രശാന്തിനിലയം. 14 ജനുവരി 1999.

സ്വാമി തന്റെ ഈ പ്രഭാഷണം അവസാനിപ്പിച്ചപ്പോൾ വികാരങ്ങൾ അണപൊട്ടിയൊഴുകി. ഭക്തർ തേങ്ങി, സ്വാമിയുടെ വിദ്യാർത്ഥികൾ വിതുമ്പി. സ്വാമി ഈ നിർഭാഗ്യകരമായ പരിക്ക് ഏറ്റെടുക്കുക മാത്രമല്ല, പരിപാടികൾ തടസ്സപ്പെടാതിരിക്കാനായി ഭക്തരിൽ നിന്ന് ഈ വേദന മറച്ചു പിടിക്കുകയും ചെയ്തു. തന്റെ കുട്ടികളേയും ഭക്തരേയും തൃപ്തിപ്പെടുത്താനായി മാത്രം തുളച്ചു കയറുന്ന ആ വേദന സഹിച്ചുകൊണ്ട് മുഴുവൻ പരിപാടിയും തീരുന്നതു വരെ സ്വാമി ഇരുന്നു. സ്വാമിയുടെ ഈ സ്നേഹം വർണ്ണിക്കാൻ ഏതു വാക്കുകൾക്കാണ് സാധിക്കുക? കുട്ടികൾ തന്റെ വാക്ക് വകവെച്ചില്ലെങ്കിലും അവിടുന്ന് അവരെ പരിരക്ഷിച്ചു. ആയിരം അമ്മമാരുടെ അനന്തസ്നേഹം നിറഞ്ഞ സ്വാമി, തന്റെ ഭക്തരുടെ സുരക്ഷയുടെ സമയം വരുമ്പോൾ യാതൊരു ഒത്തുതീർപ്പിനും തയ്യാറല്ല. അവിടുത്തെ സ്നേഹത്തിലാറാടാൻ സാധിച്ച നമ്മൾ എത്ര ഭാഗ്യവാന്മാരാണ്?

ഭഗവാന്റെ ശരീരം കൊണ്ടുള്ള 'അന്ത്യനാടക'ത്തിന്റെ മഹാനുഭാവത മനസ്സലാക്കുവാനായി നമുക്കു ആസ്തമയാൽ കഷ്ടപ്പെട്ടിരുന്ന ഒരു വിദ്യാർത്ഥിയെ ആ രോഗം തന്നിലേക്ക് വലിച്ചെടുത്ത് രോഗവിമുക്തനാക്കിയ കഥ ഒന്നു പരിശോധിച്ചു നോക്കാം. സ്വാമിയുടെ വൃന്ദാവനത്തിലെ ഒരു വിദ്യാർത്ഥി അങ്ങേയറ്റം തീവ്രമായ ആസ്തമ രോഗത്താൽ വളരെ വിഷമിച്ചിരുന്നു. ഈ ദുരിതത്തിൽ നിന്നുള്ള ശാന്തിക്കായി അയാൾ ഭഗവാനോട് വളരെയധികം പ്രാർത്ഥിക്കുകയും അവിടുത്തേക്ക് എഴുത്തുകൾ എഴുതുകയും ചെയ്തു. വൈകുന്നേരദർശനങ്ങളൊന്നിൽ സ്വാമി നേരെ ഈ കുട്ടിയെ സമീപിക്കുകയും അവന്റെ കരംഗ്രഹിക്കുകയും ചെയ്തു.

ഒരു നിമിഷത്തിനകം സ്വാമി വളരെ ബുദ്ധിമുട്ടി ശ്വസിക്കുന്നതാണ് കുട്ടികൾ കാണുന്നത്. തന്റെ രോഗം സ്വാമി സ്വന്തം ശരീരത്തിൽ ഏറ്റെടുക്കുകയാണെന്ന് മനസ്സിലാക്കിയ കുട്ടി "ബാബ! എന്റെ രോഗം മാറ്റിത്തരാനാണ് ഞാൻ പ്രാർത്ഥിച്ചത്. അല്ലാതെ അത് അവിടുന്ന് ഏറ്റെടുക്കാനല്ല. ദയവായി എനിക്കുവേണ്ടി സഹിക്കരുതേ" എന്നു കരഞ്ഞു പറഞ്ഞു കൊണ്ട് സ്വാമിയുടെ പിടി വിടുവിക്കാൻ ശ്രമിച്ചു. രണ്ടുമിനിറ്റു കഴിഞ്ഞ് സ്വാമി സ്വാഭാവികമായി ശ്വസിക്കാൻ തുടങ്ങി. പിന്നെ അവിടുന്ന് ആ കുട്ടിയെ അഗാധമായി നോക്കിക്കൊണ്ട് 'നിനക്കെന്താണ് സംഭവിക്കുന്നതെന്നറിയാൻ എനിക്ക് നിന്റെ എഴുത്തു വേണമെന്നാണോ നീ വിചാരിക്കുന്നത്? നിന്റെ ആസ്തമയെക്കുറിച്ച് എനിക്കറിയാം. നിന്റെ കർമ്മഫലം എന്നിലേക്ക് മാറ്റപ്പെട്ടിരിക്കുന്നു. നിന്റെ 20 വർഷക്കാലത്തെ സഹനം എനിക്ക് വെറും രണ്ടുനിമിഷത്തെ സഹനം മാത്രമാണ്.'

ഒരാളിന്റെ 20 വർഷക്കാലം നീണ്ടുനിൽക്കുന്ന സഹനം സ്വാമിക്ക് വെറും രണ്ടുമിനിറ്റു മാത്രം നീണ്ടുനിൽക്കുന്നതാണെങ്കിൽ, എങ്ങനെയാണ് നമ്മുടെ പ്രിയസ്വാമി ആശുപത്രിയിൽ ചെലവിട്ട ഇരുപത്തിയെട്ട് ദിവസങ്ങളിൽ ഏറ്റെടുത്ത കർമ്മമെത്രയാണെന്ന് നാം മനസ്സിലാക്കാൻ ശ്രമിക്കുക? ഇത് അതിനുമുമ്പ് സ്വാമി ആരോടും പറയാതെ സഹിച്ച ആഴ്ചകളും മാസങ്ങളും വർഷങ്ങളും കണക്കിലെടുത്തുമല്ലല്ലോ?

## പ്രാർത്ഥനയുടെ ശക്തി

*"ഈശ്വരന്റെ ദിവ്യനാമത്തേക്കാൾ രക്ഷ നൽകുന്ന യാതൊന്നും തന്നെ ഈ ലോകത്തിൽ ഇല്ല എന്നു എപ്പോഴും ഓർമ്മിക്കുക. ആയുധങ്ങളോ ബോംബുകളോ അല്ല ലോകത്തെ സംരക്ഷിച്ചു നിർത്തുന്നത് .ഈശ്വരന്റെ ദിവ്യകൃപക്കു മാത്രമേ ഈ ലോകത്തെ രക്ഷിക്കാനാവൂ. മനുഷ്യന്റെ ആത്യന്തികമായ ധർമ്മം ഈശ്വരകൃപക്കു വേണ്ടിയുള്ള പ്രാർത്ഥനയാണ്. പ്രാർത്ഥനയ്ക്ക് അളവറ്റ പ്രാധാന്യമുണ്ട്".*

സത്യസായി സ്പീക്സ്. വാല്യം 24. അദ്ധ്യായം 4.

*"യഥാർത്ഥ പ്രാർത്ഥനയിലൂടെ അധർമ്മത്തിന്റെ പർവ്വതത്തെ പോലും പൊടിച്ച് ഭസ്മമാക്കി നശിപ്പിക്കാനാവും".*

സത്യസായി സ്പീക്സ്, വാല്യം 13, അദ്ധ്യായം 26.

സ്വാമി ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ടപ്പോൾ ലോകമെമ്പാടുമുള്ള സകല ഭക്തരും ഉള്ളുരുകി, തപിച്ച് അവിടുന്ന് സ്വയം രോഗശാന്തി വരുത്തണേ എന്ന് പ്രാർത്ഥിച്ചിരുന്നു. പ്രാർത്ഥനകളും മന്ത്രോച്ചാരണങ്ങളും ലോകം മുഴുവൻ സംഘടിപ്പിക്കപ്പെട്ടു. ഓരോരോ സായിഭക്തന്റേയും ചിന്തയിൽ ഒരേയൊരു കാര്യം മാത്രം! സ്വാമിയുടെ ആരോഗ്യം. ഉദാഹരണത്തിന് എന്റെ കാര്യം പരിഗണിച്ചാൽ ജീവിതത്തിലൊരിക്കലും ഇത്രയും ഏകാഗ്രതയോടെയും ആകാംക്ഷയോടെയും ആ ഇരുപത്തിയെട്ട് ദിവസങ്ങളിലല്ലാതെ ഞാൻ പ്രാർത്ഥിച്ചിട്ടില്ല. അതുതന്നെയായിരിക്കണം ലോകം മുഴുവനുമുള്ള ഓരോ സായിഭക്തന്റേയും അവസ്ഥ. ആ ദിവസങ്ങളിൽ ലോകമെമ്പാടുമുള്ള സായിസഹോദരങ്ങളുടെ കൂട്ടായ പ്രാർത്ഥനയുടെ ഫലമായി വിശ്വം മുഴുവനുമുള്ള ശുഭചിന്തകൾ ഗണ്യമായി വർദ്ധിച്ചിരിക്കും. സീമധവാനു ലഭിച്ച സന്ദേശങ്ങളിലൊന്നിൽ "നിങ്ങൾക്കു വേണ്ടി മാത്രം" എന്ന പേരിൽ ഏപ്രിൽ 24, 2011 സ്വാമി ഒരു വലിയ വെളിപ്പെടുത്തൽ നടത്തുന്നുണ്ട്.

"ഈശ്വരനാമം നിരന്തരമായി ഉരുവിടുന്നത് ഇന്ന് ലോകത്തിനു ചുറ്റും വട്ടമിട്ടു കൊണ്ടിരിക്കുന്ന നാശാത്മക ഊർജ്ജത്തെ തുരത്തിയോടിക്കുന്നു. എന്റെ ശരീരത്തിൽ എന്തുകോലാഹലം നടന്നുവെന്നാലും ഞാൻ എല്ലായ്പ്പോഴും ആനന്ദത്തിലാണ്. എനിക്ക് വേദന അനുഭവപ്പെടുന്നില്ല. ഞാൻ നിന്നെ ഓർമ്മിക്കുന്നു. നിന്റെ സുരക്ഷയെക്കുറിച്ച്. പിന്നെ ഞാൻ ആനന്ദത്തിലമരുന്നു. നീ ദുർഘടത്തിലാണെന്നെ കൂടുതൽ സ്മരിക്കുന്നത്. പക്ഷേ എനിക്കങ്ങനെ നിനക്ക് ദുരവസ്ഥ നൽകാനാകും? നിന്റെ മാതാവാണ് ഞാൻ. നിന്റെ യോഗക്ഷേമത്തിലേക്കാണ് ഞാൻ ഉറ്റുനോക്കുന്നത്. നിന്റെ കണ്ണിൽ നിന്ന് ഒരശ്രു പൊടിയുമ്പോഴേക്കും ഞാൻ നിന്റെ സമീപം ഓടിയെത്തുന്നു. എല്ലായ്പ്പോഴും ഞാൻ നിന്റെ സമീപമുണ്ട്. നിന്റെ കണ്ണുകൾ ഈ ലോകത്തെ നോക്കിക്കൊണ്ടിരുന്നാൽ നിനക്കെന്നെ കാണാൻ സാദ്ധ്യമല്ല.

നീ ഞാനല്ലാതെ മറ്റൊന്നുമല്ല. നാശാത്മക ഊർജ്ജത്തെ തുരത്തിയോടിക്കാൻ നീ സദാ ഈശ്വരനാമം സ്മരിക്കണം. അതിനാലാണ് ഈ അസുഖം ഞാനെന്റെ ശരീരത്തിൽ ഏറ്റെടുത്തത്. നീ എന്നെ സ്മരിക്കുന്നു. പ്രാർത്ഥിക്കുന്നു. അതുകൊണ്ടു തന്നെ പവിത്രമായ ഹൃദയത്തോടു കൂടിയവനായിരിക്കുകയും ചെയ്യുന്നു. അങ്ങനെ നിന്നിൽ നിന്നു പുറപ്പെടുന്ന സത്യാത്മക ഊർജ്ജം നിങ്ങളും നിങ്ങളുടെ പ്രിയപ്പെട്ടവരും അഭിമുഖീകരിക്കാനിരിക്കുന്ന

സകല അശാന്തിയേയും മഹാദുരന്തങ്ങളേയും കഴുകിക്കളയുന്നു.

എന്നെ സംബന്ധിച്ചിടത്തോളം ഈ ശരീരത്തിന്റെ രോഗാവസ്ഥ യാതൊന്നുമല്ല. എന്നെ ഇപ്രകാരം കാണേണ്ടി വരുമ്പോൾ നീ വേദന കടിച്ചമർത്തുന്നു. അതിൽ നിന്ന് പ്രാർത്ഥിക്കാനും, സ്നേഹിക്കാനും, ഏകത്വത്തോടിരിക്കുവാനും, ശരിയായ പ്രവൃത്തി ചെയ്യാനുമുള്ള ശക്തി നീ സംഭരിക്കുന്നു. നിനക്കായി അതാണെനിക്ക് വേണ്ടത്. നിന്റെ ശാന്തി നന്മയിൽ അധിഷ്ഠിതമായിരിക്കുന്നു. പെറ്റമ്മയുടെ ശരീരം രോഗത്തിനടിമപ്പെടുമ്പോൾ തമ്മിൽ കലഹിക്കുന്ന സഹോദരങ്ങൾ പോലുമൊന്നിക്കുന്നു. സ്നേഹത്തോടെ, പൂർണ്ണ സാഹോദര്യത്തോടെ നിങ്ങൾ ഒന്നുചേരുന്നതും നിങ്ങൾ എന്റെ സുരക്ഷയെന്ന ഛത്രത്തിന്റെ ഛായയിലാണെന്ന പൂർണ്ണവിശ്വാസത്തിലിരിക്കുന്നതും എനിക്ക് കാണണം".

സ്വാമിയുടെ ആഗ്രഹം ഭക്തർ കഠിന തപം ചെയ്ത് ലോകത്തിലെ നാശാത്മക ഊർജ്ജത്തെ നശിപ്പിക്കുകയാണെന്ന് സ്വാമി വ്യക്തമായി പറയുന്നുണ്ട്. എല്ലാ മന്ത്രോച്ചാരണങ്ങളും പ്രാർത്ഥനകളും അവിടുന്ന് ലോകനന്മക്കായി നേരിട്ട് ഉപയോഗിച്ചോ? തന്റെ പ്രിയഭക്തരെ പ്രാർത്ഥനയിലൂടെ ഒന്നിച്ചു ചേർക്കാനുള്ള സ്വാമിയുടെ മാർഗ്ഗമായിരുന്നിരിക്കണം ആ അസുഖം ഏറ്റെടുക്കൽ. സായി മാതാവ് ശയ്യാവലംബിയായപ്പോൾ ആ അമ്മയുടെ കുഞ്ഞുങ്ങൾ പ്രാർത്ഥനയിൽ ഒന്നുചേർന്നു. സ്വാമി ശരീരം ത്യജിച്ചെങ്കിലും സായി കുടുംബത്തിലെ ആ ഹൃദയബന്ധം പതിന്മടങ്ങ് വർദ്ധിച്ചു. പരസ്പരം സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത എല്ലാവരിലും ഉടലെടുത്തു. അർപ്പണമനോഭാവം വർദ്ധിച്ചു. സായി പ്രവർത്തനങ്ങൾ വർദ്ധിച്ചു. ഓരോരുത്തർക്കും മുൻപെന്നത്തേക്കാളുമധികം സായി സാമീപ്യം അനുഭവപ്പെട്ടു. ശരീരബോധത്തിനപ്പുറം ആളുകൾ അദ്ദേഹത്തെ ഹൃദയവാസിയായി അനുഭവിച്ചു.

## അതിദൂരം പ്രചരിച്ച വാർത്തകൾ

സത്യം തന്റെ പാദരക്ഷകൾ തേടുമ്പോഴേക്കും അസത്യം ഭൂമിയുടെ പകുതിയിലേറെ യാത്രചെയ്തു കഴിഞ്ഞിരിക്കും എന്ന് മാർക്ക് ട്വയിൻ പറഞ്ഞിട്ടുണ്ട്. അശുഭവാർത്തകളുടെ പ്രചാരവും ഇതുപോലെ തന്നെ. വളരെ വേഗം അത് അതിദൂരം പ്രചരിക്കും. ലോകമെമ്പാടുമുള്ള ഒരുപാടുജനങ്ങൾ സ്വാമിയെപ്പറ്റി അറിയുന്നത് അവിടുന്ന് ശരീരമുപേക്ഷിച്ചുവെന്ന വാർത്തയിലൂടെയാണ്. സ്വാമിയുടെ ദേഹവിയോഗവാർത്തയായിരുന്നു അന്തർദേശീയതലത്തിൽ

ഗൂഗിൾ ന്യൂസിലെ പ്രധാനവാർത്തകളിലൊന്ന്. ടൈംമാഗസിന്റെ കണക്കുപ്രകാരം 2011ലെ ഏഴാമത്തെ ഏറ്റവും പ്രചാരമേറിയ വാർത്തയും ഇതുതന്നെ. സ്വാമിയെക്കുറിച്ച് നിഷേധാത്മക നില പാടുണ്ടായിരുന്നവർ പോലും സ്വാമിക്ക് എപ്രകാരമാണ് ഭാരതീയ ഗവൺമെന്റ് യാത്രയയപ്പ് നടത്തിയതെന്നു കണ്ടപ്പോൾ തങ്ങളുടെ നിലപാടിൽ മാറ്റം വരുത്തിയിട്ടുണ്ടാവണം.

മറുഭാഗത്ത് ധാരാളം കുപ്രചാരണങ്ങളും നടന്നിരുന്നു. ഇന്ത്യയുടെ പുറംരാജ്യങ്ങളിൽ വസിക്കുന്ന ഭക്തർക്ക് 'ഇന്ത്യയിൽ അടുത്തിടെ അന്തരിച്ച ഗുരുവിനെ അറിയുമോ?' എന്ന തരത്തിലുള്ള ചോദ്യങ്ങൾ അഭിമുഖീകരിക്കേണ്ടി വന്നു. പ്രധാനമായി അവർക്കറിയേണ്ടത്, 'എങ്ങനെയാണ് 96 വർഷം ജീവിച്ചിരിക്കും എന്ന പ്രവചനം വ്യർത്ഥമായത്' എന്നാണ്. സ്വാമി ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ട സമയം തുടങ്ങിത്തന്നെ സായി കുടുംബത്തിനെതിരെ വിവിധ വിഭാഗം ആളുകളിൽ നിന്നുള്ള നീചമായ ആക്രമണങ്ങൾ ഉണ്ടായി. സ്വാമിയുടെ രോഗശാന്തിക്കായി സായി കുടുംബം അവിരാമം മനംനൊന്ത് പ്രാർത്ഥിക്കുമ്പോൾ, രോഗബാധിതനാവുകയും ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെടുകയും ചെയ്ത ഒരാളെ എങ്ങനെയാണ് ഈശ്വരനായി കണക്കാക്കുന്നതെന്ന ചോദ്യം പലയിടത്തു നിന്നും ഉയർന്നു. സ്വാമി ശരീരം വെടിഞ്ഞതിനു ശേഷവും, ഭക്തർ പ്രതീക്ഷയോടെ അവിടുത്തെ തിരിച്ചുവരവിനായി പ്രാർത്ഥിച്ചുകൊണ്ടിരിക്കവേ, മാധ്യമങ്ങൾ അവരുടെ വിശ്വാസത്തെ പുച്ഛിച്ചു. ഇതിന്റെയൊക്കെ ഫലമായി അദ്ദേഹത്തിന്റെ നാമം ലോകമെമ്പാടും പരന്നു, അതിനു പിറകിലുള്ള ചേതോവികാരം എന്തുതന്നെയായിരുന്നെങ്കിലും. ഇപ്പോൾ സ്വാമി തിരിച്ചുവരികയാണെങ്കിൽ സകല ജനതയും അദ്ദേഹത്തെക്കുറിച്ച് കേട്ടിരിക്കും.

എന്റെ അഭിപ്രായത്തിൽ, എല്ലാ കുപ്രചരണങ്ങളും യഥാർത്ഥത്തിൽ ഒരു ഉദ്ദേശ്യം നിറവേറ്റുകയും ഒരു പക്ഷെ, ദിവ്യപദ്ധതിയുടെ രൂപരേഖ പേറുകയും ചെയ്യുന്നുണ്ടായിരിക്കണം. തങ്ങളുടെ വിവിധ സ്വാർത്ഥ താൽപ്പര്യപ്രകാരം സ്വാമിയുടെ നാമം കളങ്കപ്പെടുത്താൻ പലരും ശ്രമിക്കുമ്പോൾ, ഒരു ദിവ്യനാടകത്തിന്റെ തിരശ്ശീല ഉയരുന്നതായി എനിക്കു സങ്കൽപ്പിക്കാനാവും .

*"സ്വാമിയുടെ യഥാർത്ഥ രഹസ്യം തിരിച്ചറിയാൻ കഴിയാതെ പോയവർ പോലും പശ്ചാത്താപത്തിന്റെ കണ്ണുനീരുമായി എന്നെ അനുഭവിക്കാൻ വന്നെത്തും. വളരെ പെട്ടെന്ന് ഇത് ലോകം മുഴുവൻ വ്യാപിക്കും".*

സത്യസായി സ്പീക്സ്. വാല്യം 15. അദ്ധ്യായം 55

വൈശിഷ്ട്യം തെല്ലുകുറഞ്ഞ ഭാഗങ്ങൾ കൂടി ചേരാതെ എങ്ങ നെയാണ് ഒരു നാടകം ആസ്വാദ്യകരമാകുന്നത്? നാടകത്തിന്റെ കഥാകൃത്ത് തന്റെ നാടകത്തിൽ ശ്രേഷ്ഠത തെല്ലു കുറഞ്ഞ ഭാഗ ങ്ങളും നായകനുവേണ്ടി കരുതിവെച്ചിട്ടുണ്ടായിരിക്കും. അങ്ങനെ യെങ്കിൽ മാത്രമേ നാടകാന്ത്യത്തിൽ കാണികൾ നായകന്റെ വിജയത്തിൽ മതിമറക്കുകയുള്ളൂ. ഈ ദിവ്യനാടകം രചിച്ചതും സംവിധാനം ചെയ്തതും സാക്ഷാൽ സ്വാമി തന്നെയായതിനാൽ തന്റേതായ ചില വളച്ചൊടിക്കലുകളും അവിടുത്തേക്ക് കൂട്ടി ച്ചേർക്കാമല്ലോ. എന്തിനെന്നാൽ അവിടുത്തെ പാദപത്മങ്ങളിൽ സക ലതും സമർപ്പിച്ചിരിക്കുന്ന അവിടുത്തെ ഭക്തർക്ക് അവിടുത്തെ അവർണ്ണനീയമായ വിജയം കണ്ട് ആനന്ദത്തിലാറാടാനായി.

*"ഈ ദിവ്യപ്രതിഭാസം സത്യത്തെ സംരക്ഷിക്കും. അസത്യത്തെ വേരോടെ പിഴുതെറിയും. ആ വിജയം നിങ്ങളോരോരുത്തരേയും ആനന്ദസാഗരത്തിൽ ആറാടിക്കും. ഇത് സായിസങ്കൽപ്പമാണ്."*

ദിവ്യവാണി മേയ് 17. 1968.

## ഒറ്റപ്രഹരത്തിൽ ഒത്തിരികാര്യങ്ങൾ

*"ഈ അവതാരോദ്ദേശ്യം തീർച്ചയായും സാക്ഷാത്കരിക്കപ്പെ ടും. അതിൽ ശങ്കിക്കരുത്. എന്റെ പദ്ധതി നിറവേറ്റുന്നതിനായി ഞാൻ എന്റേതായ സമയമെടുത്തേക്കാം. നിങ്ങൾ തിടുക്കപ്പെടുന്ന ുവെന്നതുകൊണ്ട് എനിക്കു തിടുക്കപ്പെടാനാവില്ല എന്നറിയുക. ചിലപ്പോൾ ഒറ്റയടിക്കു തീർക്കാനുള്ള പത്തു കാര്യങ്ങൾ ഒരുമിച്ചു വരുന്നതുവരെ ഞാൻ കാത്തിരുന്നേക്കാം. തീവണ്ടി എഞ്ചിൻ ഒരു കോച്ചിനെ മാത്രമല്ല വലിച്ചുകൊണ്ടു പോകുന്നത്. തന്റെ കഴിവി നൊത്ത അത്രയും കോച്ചുകൾ വന്നെത്തും വരെ എഞ്ചിൻ കാത്തു നിൽക്കും. എന്റെ വാക്കുകൾ ഒരിക്കലും വ്യർത്ഥമാവില്ല. ഞാൻ സങ്കൽപ്പിക്കുമ്പോൾ അതു സംഭവിച്ചിരിക്കും".*

സത്യസായി സ്പീക്സ്. വാല്യം 1. അദ്ധ്യായം 31.

എന്തുകൊണ്ടായിരിക്കാം സ്വാമി തന്റെ ശരീരം ത്യജിച്ചതെന്ന തിന് സ്വാമിയുടെ സ്വന്തം വാക്കുകളിൽ നിന്നുള്ള, വിവിധതലത്തിലുള്ള നിഗമനങ്ങൾ നമ്മൾ പരിശോധിച്ചു കഴിഞ്ഞു. ഒരു സുവർണ്ണയുഗം ഉദയം ചെയ്യുവാനിരിക്കുന്നു. പ്രകൃതി വിക്ഷോ ഭങ്ങളെ തടയേണ്ടതായിട്ടിരിക്കുന്നു. സഞ്ചയകർമ്മങ്ങളേയും നാശാ

ത്മക ഊർജ്ജത്തേയും തിരിച്ചു വിടേണ്ടതായിട്ടുണ്ട്. എങ്ങനെ ഇവയെയെല്ലാം സാദ്ധ്യമാക്കാം? സ്വന്തം ശരീരത്തിൽ ഈ കർമ്മ ങ്ങളെല്ലാം ഏറ്റെടുത്ത് തന്റെ ഭക്തരെ പ്രാർത്ഥനാനിരതരാക്കി. അതവിടേയും തീരുന്നില്ല. ഭക്തരുടെ ഭക്തിയും സാധനയും എങ്ങനെ തീവ്രമാക്കാം? എങ്ങനെയാണവരെ കൂടുതൽ ഒന്നിപ്പി ക്കുന്നത്? സായി വെറുമൊരു ശരീരം മാത്രമല്ലെന്നും എല്ലാവരിലും എല്ലാററിലും നിറഞ്ഞുനിൽക്കുന്ന അന്തര്യാമിയാണെന്നും അവരെ എങ്ങനെയാണ് അനുഭവിപ്പിക്കുന്നത്? മാത്രമല്ല, കൂടുതൽ പേർ സ്വാമിയെക്കുറിച്ചറിഞ്ഞത് അവിടുത്തെ ദേഹവിയോഗവാർത്തയി ലൂടെയാണ്. അതും ഈസ്റ്റർ ദിവസത്തിൽ (ഉയിർത്തെഴു ന്നേൽപ്പിന്റെ ദിനം) തന്നെ കൃത്യമായും വന്നു ഭവിച്ചു. ചിലപ്പോ ഴൊക്കെ ഒറ്റയടിക്ക് പത്തു കാര്യങ്ങൾ ചെയ്യാനായി സ്വാമി കാത്തി രിക്കാറുണ്ടെന്ന് അവിടുന്നു തന്നെ സൂചിപ്പിച്ചിട്ടുണ്ട്. പക്ഷേ തന്റെ ആതുരാലയ പ്രവേശനത്തിനും പിന്നീടുള്ള ദേഹവിയോഗത്തിനു മിടയിൽ, എന്റെ അഭിപ്രായത്തിൽ അവിടുന്ന് കുറഞ്ഞത് ഇരുപത് കാര്യങ്ങളെങ്കിലും സാധിച്ചിരിക്കണം!!!

*"ഒന്നിനെക്കുറിച്ചും വ്യാകുലപ്പെടേണ്ടതില്ല. എന്തുതന്നെ അനു ഭവിച്ചാലും എന്തുതന്നെ നടന്നാലും അറിയുക! അത് ഈ അവ താരസങ്കൽപ്പപ്രകാരമാണ് എന്ന്. ഈ ഭൂമിയിലെ ഒരു ശക്തിക്കും ഈ അവതാരോദ്ദേശ്യത്തെ നീട്ടിവെക്കാനോ നിറുത്തിവെക്കാനോ സാദ്ധ്യമല്ല".*

സനാതന സാരഥി. ഒക്ടോബർ 1996.

## അദ്ധ്യായം 11

# പുനരുജ്ജീവനത്തിന്റെ മഹത്വം

**യേ**ശു കുരിശിൽ കിടന്ന് യാതന അനുഭവിച്ചു മരിച്ചത്, തന്റെ ശിഷ്യരുടെ പാപങ്ങൾ ഏറ്റെടുക്കുവാനാണെന്ന് ക്രൈസ്തവർ വിശ്വസിക്കുന്നുണ്ട്. ഒരിക്കൽ സ്വാമിയും, യേശു തന്റെ അനുയായികൾക്കു വേണ്ടിയാണ് തന്റെ ജീവൻ ബലിയർപ്പിച്ചതെന്ന് പ്രസ്താവിച്ചിട്ടുണ്ട്.

*"എന്നിൽ ആത്മസമർപ്പണം നടത്തിയിരിക്കുന്നവരുടെ സകല ദുരിതങ്ങളും ഏറ്റെടുക്കേണ്ടത് എന്റെ കർത്തവ്യമാണ്. അതിൽ എനിക്ക് യാതൊരു യാതനയും ഇല്ല. ഞാൻ എന്റെ കർത്തവ്യം നിറവേറ്റുമ്പോൾ ,നിങ്ങൾക്കും വേദനിക്കാൻ യാതൊരു കാരണവും ഇല്ല. കർമ്മത്തിന്റെ ഈ പരസ്പര കൈമാറ്റങ്ങൾ പ്രേമത്തിന്റെ ലീലയാണ്. അത് ഞാൻ സ്വയം ഏറ്റെടുത്തത് പ്രേമം മൂലമാണ്. അപ്പോൾ ഞാൻ വേദനിക്കുന്നതെങ്ങനെ? തന്നിൽ വിശ്വാസമർപ്പിച്ചവർക്കായി യേശു ജീവൻ തന്നെ ബലി കഴിച്ചു. ഈശ്വരൻ സേവനമാണെന്നും ഈശ്വരൻ ത്യാഗമാണെന്നുമുള്ള സത്യം അദ്ദേഹം പ്രചരിപ്പിച്ചു."*

ബാബ: സത്യസായി. ഭാഗം 2. പേജ് 171.

വിശുദ്ധ ബൈബിളിൽനിന്ന്, ക്രൂശിക്കപ്പെട്ടതിന്റെ മൂന്നാംനാൾ യേശു ഉയിർത്തെഴുന്നേറ്റതായി നമുക്കറിയാം. കർമ്മത്തെ ആഗി

രണം ചെയ്തു ദഹിപ്പിക്കുന്ന പ്രവർത്തനത്തിൽ നശിപ്പിക്കപ്പെട്ട അതേ തിരുശരീരം അവിടുത്തെ ദിവ്യശക്തിയാൽ പുനർനിർമ്മിക്കപ്പെട്ടു. ഉയിർത്തെഴുന്നേൽപ്പിനു ശേഷമുള്ള യേശു ക്രിസ്തുവിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് വളരെക്കുറിച്ച് മാത്രമേ നമുക്ക് അറിയാവൂ. തന്റെ അടുത്ത ശിഷ്യർക്കായി ഉയർത്തെഴുന്നേറ്റ ശരീരത്തിൽ യേശു ദർശനം നൽകിയതായി ബൈബിളിൽ സൂചിപ്പിക്കുന്നു. അതിനുശേഷം അവിടുന്ന് എന്താണ് ചെയ്തത്? പെഗ്ഗി മേസന്റേയും റോൺ ലായിങ്ങിന്റേയും 'സത്യസായിബാബ, പ്രേമസ്വരൂപൻ' എന്ന പുസ്തകത്തിലെ ഒരു ഭാഗം നമുക്കു വായിക്കാം.

ബാബയോട് ഒരു ചോദ്യം ചോദിക്കാനായി ഞാൻ തിടുക്കപ്പെട്ടു. ഞാൻ പറഞ്ഞു.

"സ്വാമി! കുറേക്കാലമായി ഞാൻ ഒരു സത്യം അറിയണമെന്ന് വളരെയധികം ആഗ്രഹിക്കുന്നു. യേശുവിന്റെ യഥാർത്ഥ ശരീരം തന്നെയാണോ കല്ലറയിൽ നിന്ന് ഉയിർത്തെഴുന്നേൽക്കപ്പെട്ടത്? അതോ ആത്മാവിനാൽ സൃഷ്ടിക്കപ്പെട്ടതായിരുന്നുവോ ആ ശരീരം? യോഗാനന്ദയുടെ ഗുരു (സ്വാമി ശ്രീ യുക്തേശ്വരഗിരി) അടക്കം ചെയ്തതിന് 3 മാസത്തിനുശേഷം പ്രത്യക്ഷപ്പെട്ടതു പോലെ?

സ്വാമി പ്രതിവചിച്ചു: അല്ല, ഭൗതിക ശരീരം. ആത്മാവ് സൃഷ്ടിച്ചതല്ല.

ഞാൻ ചോദിച്ചു. "ആഹ്! അങ്ങനെയെങ്കിൽ അവൻ കിഴക്കോട്ട് യാത്ര ചെയ്തുവോ? തന്റെ പ്രവർത്തനങ്ങളുമായി കാശ്മീരിലേക്ക്? "അതെ! കാശ്മീരിൽ നിന്ന് കൽക്കട്ടയിലേക്കും പിന്നെ മലേഷ്യയിലേക്കും അദ്ദേഹം യാത്ര ചെയ്തു."

"അങ്ങനെയെങ്കിൽ റോസാബാൽ മന്ദിരത്തിൽ അടക്കം ചെയ്യപ്പെട്ടത് യേശുവിന്റെ ശരീരം തന്നെയാണോ?" സ്വാമി തലകുലുക്കി, എന്നിട്ടു പറഞ്ഞു. 'അതെ.'

സത്യസായി ബാബ - പ്രേമസ്വരൂപൻ. പേജ് 48-49.

ഈ പുസ്തകത്തിൽ, പെഗ്ഗി മേസൻ ഒരഭിമുഖത്തിൽ സ്വാമിയോട് ജീസസിന്റെ ഉയിർത്തെഴുന്നേൽപ്പ് യഥാർത്ഥ ശരീരം ഉപയോഗിച്ചോ, അതോ സൃഷ്ടിക്കപ്പെട്ട ഒരു ശരീരം ഉപയോഗിച്ചോ എന്നു ചോദിക്കുന്നുണ്ട്. സ്വാമി അത് യഥാർത്ഥ ഭൗതിക ശരീരം

തന്നെയാണെന്ന് മറുപടി പറയുന്നു. അതുവരെ പല പഠനങ്ങളിലും ഊഹം മാത്രമായി പറഞ്ഞിരുന്ന കാര്യം അങ്ങനെ സ്വാമി സ്ഥിരീകരിച്ചു. ഉയിർത്തെഴുന്നേൽപ്പിനു ശേഷം യേശു കിഴക്കോട്ടു സഞ്ചരിച്ച് ഇന്ത്യയിലെത്തിയെന്നും, റോസ്ബാൽ മന്ദിരത്തിലെ (ജമ്മുകാശ്മീർ) ആ കല്ലറ തീർച്ചയായും യേശുവിന്റേതാണെന്നും. ആ പ്രദേശങ്ങളിൽ യുസ് ആസഫ് - (യുസ് എന്നാൽ ജോസഫിന്റെ മകൻ എന്നർത്ഥം) എന്നറിയപ്പെട്ടിരുന്ന യേശുവിന്റെ ശരീരം സ്വാഭാവിക മരണത്തിനു ശേഷം അവിടെയാണ് അടക്കം ചെയ്യപ്പെട്ടത്. ഉയർത്തെഴുന്നേൽപ്പിനു ശേഷമുള്ള അനവധി വർഷങ്ങൾ ഒരു ആത്മീയ ഗുരുവായിട്ടാണ് യേശു ചിലവഴിച്ചത്.

പെഗ്ഗി മേസന്റെ സ്വാമിയുമൊത്തുള്ള ഈ അഭിമുഖത്തിൽ, മരണത്തിനു മൂന്നു മാസങ്ങൾക്കു ശേഷം സ്വയം സൃഷ്ടിച്ച ശരീരവുമായി സ്വാമി ശ്രീയുക്തേശ്വരഗിരി തന്റെ പ്രിയ ശിഷ്യനായ പരമഹംസയോഗാനന്ദന്റെ മുന്നിൽ പ്രത്യക്ഷപ്പെട്ടതിനെ പരാമർശിക്കുന്നു. സ്വയം സൃഷ്ടിച്ച ശരീരത്തിലാണ് ശ്രീ യുക്തേശ്വരഗിരി ഉയിർത്തെഴുന്നേറ്റതെന്ന് വ്യംഗമായി സ്വാമി വ്യക്തമാക്കുന്നുണ്ട്. അങ്ങനെ രണ്ടുതരം പുനരുജ്ജീവനം പ്രതിപാദിക്കപ്പെട്ടു. ഷിർദ്ദി ബാബയും ഒരിക്കൽ തന്റെ ശരീരം വെടിഞ്ഞ് മൂന്നു ദിവസങ്ങൾക്കു ശേഷം തിരിച്ചുവന്നിട്ടുണ്ട്. ഉയിർത്തെഴുന്നേൽപ്പെന്നാൽ, ഭൂമിയിൽ കാലാകാലങ്ങളായി അവതരിച്ചിരിക്കുന്ന വിശുദ്ധാത്മാക്കളുടെ പ്രവർത്തനങ്ങളിലെ ഒരു പ്രധാന ഭാഗം തന്നെയാണെന്നതാണ് ശ്രദ്ധേയമായ വസ്തുത. വേറൊരു വീക്ഷണത്തിൽ, ഉയിർത്തെഴുന്നേൽപ്പിനെ മഹത്വപ്പെടുത്തുന്നത് മരണമാണ്. മരണമില്ല എങ്കിൽ ഉയിർത്തെഴുന്നേൽപ്പും ഇല്ല. യഥാർത്ഥത്തിൽ യേശുവിന്റെ ആ ഒരു പ്രവൃത്തിയാണ് അദ്ദേഹത്തിന്റെ കോടിക്കണക്കിനു വരുന്ന അനുയായികളുടെ വിശ്വാസത്തിന്റെ അടിത്തറ. 1 കോറിന്തൻസ് 15ൽ (പുതിയ നിയമം) യേശുവിന്റെ ഉയിർത്തെഴുന്നേൽപ്പിന്റെ പ്രാധാന്യത്തെപ്പറ്റി വിശുദ്ധ പൗലോസ് വിശദീകരിക്കുന്നുണ്ട്.

*“ക്രിസ്തു ഉയിർപ്പിക്കപ്പെട്ടില്ല എങ്കിൽ നമ്മുടെ പ്രബോധനം വ്യർത്ഥം, നിങ്ങളുടെ വിശ്വാസവും വ്യർത്ഥം.”*

കോറിന്തൻസ് 15:14

വിശുദ്ധ പൗലോസിന്റെ വ്യാഖ്യാനം ഇപ്രകാരം സംഗ്രഹിക്കാം. ഉയിർത്തെഴുന്നേൽപ്പിൽ വിശ്വസിക്കണമെങ്കിൽ ദൈവത്തിൽ വിശ്വ

സിക്കണം. കാരണം യഥാർത്ഥത്തിൽ ഈശ്വരനുണ്ടെങ്കിൽ, അവ നാണ് ഈ മഹാപ്രപഞ്ചത്തിന്റെ സ്രഷ്ടാവെങ്കിൽ, അവന് മരിച്ച വനെ എഴുന്നേൽപ്പിക്കാനുള്ള ശക്തിയുമുണ്ട്. ഉയിർത്തെഴുന്നേൽപ്പ് ഉണ്ടായിട്ടില്ല എങ്കിൽ യേശുവിനെക്കുറിച്ച് പ്രഘോഷണം നടത്തു ന്നതിൽ അർത്ഥമൊന്നുമില്ലെന്നും പൗലോസ് വിശദീകരിക്കുന്നു ണ്ട്. ക്രൈസ്തവമതം എന്ന മേൽക്കൂര നിൽക്കുന്നതു തന്നെ ഉയിർത്തെഴുന്നേൽപ്പ് എന്ന സ്തൂപത്തിലാണ്. അത് യേശു കാഴ്ച വെച്ച മഹത്തരമായ അത്ഭുതമായും കണക്കാക്കുന്നു. ഇസ്ലാമിക വിശ്വാസത്തിൽ, മെഹദിയെന്ന പ്രവചിക്കപ്പെട്ട ഗുരു ഉയരുമെന്ന് പ്രതീക്ഷിക്കുന്ന ദിവസത്തെ 'യോം-അൽ-ഖിമായ' അതായത് 'ഉയിർത്തെഴുന്നേൽപ്പിന്റെ ദിനം' എന്നു വിളിക്കുന്നു. സ്വാമി ഒരു 'പുനരാഗമന' ത്തെക്കുറിച്ചു പറയുമ്പോൾ അതായത് 'സുവർണ യുഗം' അവിടുന്ന് ഇതേ തരത്തിലുള്ള ഒരു അത്ഭുതം ഉദ്ദേശിച്ചിരു ന്നുവോ? എന്തിനാണ് സ്വാമി ഈസ്റ്റർ ദിനത്തിൽ തന്നെ ശരീരം ത്യജിച്ചത്? സായി അവതാരത്തിലും ഇത്തരം ഒരു കാര്യം സംഭ വിക്കും എന്നതിന്റെ സൂചനയായിട്ടാണോ? സ്വാമിയെക്കുറിച്ചുള്ള നിരവധി പുസ്തകങ്ങൾ രചിക്കുവാനും വിവർത്തനം ചെയ്യുവാനും ഭാഗ്യം സിദ്ധിച്ച സായി ഭക്തനായ ശ്രീ. ബി. കെ. മിശ്ര തന്റെ പൂർണ്ണ മായ വിശ്വാസം ഇപ്രകാരം രേഖപ്പെടുത്തുന്നു. "അദ്ദേഹം (സ്വാ മി) ഒരു ദിവ്യാത്മാവാണ്. തന്റെ ഭൗതികശരീരം ഇപ്പോൾ അദ്ദേഹം ഉപേക്ഷിച്ചിരിക്കുന്നു. യഥാർത്ഥത്തിൽ, ഈസ്റ്റർ ദിവസത്തിലെ ഈ ദേഹവിയോഗം സൂചിപ്പിക്കുന്നത് യേശുവിനെപ്പോലെ അവിടുന്ന് ഉയിർത്തെഴുന്നേൽക്കും എന്നാണ്".

## ശരീരത്തെക്കുറിച്ചുള്ള സന്ദേഹം

*"എനിക്ക് ഒരേസമയം രണ്ടു ശരീരങ്ങളിൽ സ്ഥിതി ചെയ്യാം. അതുമല്ലെങ്കിൽ വിവിധ സ്ഥലങ്ങളിൽ പ്രത്യക്ഷനാവാം. ഇത് നിങ്ങളെ അത്ഭുതപരതന്ത്രരാക്കുന്നുവോ?."*

സത്യം ശിവം സുന്ദരം. ഭാഗം 4. പേജ് 194.

സ്വാമി ശരീരത്തോട് വിടപറഞ്ഞ നാളുകളിൽ എന്റെ മനസ്സിലൂടെ അനവധി ചിന്തകൾ കടന്നുപോയി. യേശു ചെയ്തതുപോലെ സ്വാമി ഉയിർത്തെഴുന്നേൽക്കുമോ? അത്ര പെട്ടെന്ന് ഉയിർത്തെഴുന്നേൽക്കാ നാണെങ്കിൽ എന്തിനാണ് അവിടുന്ന് തന്റെ ശരീരം വെടിഞ്ഞത്? ലോകം മുഴുവൻ തന്റെ ദിവ്യത്വം വെളിപ്പെടുന്നത് ഒരു പ്രത്യേക

സംഭവത്തിലൂടെയായിരിക്കുമെന്ന് സ്വാമി സൂചിപ്പിച്ചിട്ടുണ്ട്. സ്വാമിയുടെ പുനരുജ്ജീവനം ഈ ദൗത്യം നിറവേറ്റുമോ? അങ്ങനെയെങ്കിൽ ലോകം അത് ഉൾക്കൊണ്ട് സ്വീകരിക്കുമോ? (രണ്ടോ മൂന്നോ ദിവസത്തിനകം സ്വാമി ഉയിർത്തെഴുന്നേറ്റിരുന്നെങ്കിൽ, ഇതെല്ലാം ലോകത്തിലെ സകല ഭക്തരേയും കബളിപ്പിക്കാനുള്ള ട്രസ്റ്റിന്റെ നാടകമാണെന്നും മറ്റും ആരോപിച്ച് നിയമ പാലകർ സത്യസായി ട്രസ്റ്റിന്റെ പിറകെ പോയേനെ. നിർഭാഗ്യവശാൽ ഒരു യേശുവിന്റേയോ ഷിർദ്ദിബാബയുടേയോ കാലമല്ലല്ലോ ഇത്!) സ്വാമി ഉയിർത്തെഴുന്നേൽക്കുകയാണെങ്കിൽ അദ്ദേഹത്തിന് ലോകത്തിനു മുന്നിൽ പ്രത്യക്ഷപ്പെടാൻ ഇതേ ശരീരം ആവശ്യമുണ്ടോ? അങ്ങനെയെങ്കിൽ ശരീരം വിഘടിക്കുന്നതിന് മുൻപ് വേണ്ടേ അത്? ഇത്തരം ഒരുപാട് ചോദ്യങ്ങൾ ഞാൻ എന്നോട് തന്നെ ചോദിച്ചു. പക്ഷെ, സ്വാമിയെക്കുറിച്ചും സ്വാമിയുടെ നിരവധി നിഗൂഢപദ്ധതികളെക്കുറിച്ചും പറയുമ്പോൾ അതിന് യാതൊരു വ്യാഖ്യാനങ്ങളും നൽകാനില്ലെന്നതാണ് സത്യം. ഈശ്വരന്മാരുടേയും ഈശ്വരനായ സ്വാമി സ്ഥലകാലങ്ങൾക്ക് അതീതനാണ്. ഒരു ശരീരം പുന:സൃഷ്ടിക്കുന്നത് സ്വാമിക്ക് നിലത്തുനിന്ന് പുല്ലുപറിക്കുന്നപോലെ നിസ്സാരമായ കാര്യമാണ്.

*"ദിവ്യശക്തിക്ക് നിറവേറ്റാൻ പറ്റാത്തതായി യാതൊന്നുമില്ല. അതിന് ഭൂമിയെ ആകാശമായും ആകാശത്തെ ഭൂമിയായും മാറ്റിമറിക്കാൻ സാധിക്കും. ഇതിനെ സംശയിക്കുന്നത് നിങ്ങൾ പ്രപഞ്ചനായകന്റെ വൈഭവത്തെ ഉൾക്കൊള്ളാൻ കഴിയാത്തത്ര ദുർബലരായതുമൂലമാണ്."*

സത്യസായി സ്പീക്സ്. വാല്യം 4. അദ്ധ്യായം 49.

സ്വാമി തന്റെ ശരീരത്തിലായിരിക്കുമ്പോൾത്തന്നെ അവിടുന്ന് ഒരേ സമയം വിവിധ സ്ഥലങ്ങളിൽ പ്രത്യക്ഷപ്പെട്ടതായ സംഭവങ്ങളുണ്ട്. ഇപ്പോൾ മനസ്സിലെത്തുന്ന അത്തരമൊരു സംഭവം, ബിസിനസ്സുകാരനായ ശ്രീ. കെ. പി. എൻ നായരുടെ ലണ്ടനിലെ വസതിയിൽ 1993 ജൂൺ 6ന് തന്റെ സൂക്ഷ്മശരീരത്തിൽ സ്വാമി സന്ദർശനത്തിനെത്തിയതാണ്. നാലു ദിവസങ്ങളോളം നായർ കുടുംബത്തിനൊപ്പം സ്വാമി താമസിച്ചുവെന്നു മാത്രമല്ല, ലണ്ടനിലെ കാഴ്ചകൾ കാണുവാനായി നായരോടും ഭാര്യയോടുമൊപ്പം അദ്ദേഹത്തിന്റെ കാറിൽ സ്വാമി യാത്ര ചെയ്യുകയും ചെയ്തു. (ടെഡ് ഹെന്റിയുടെ കെ. പി. എൻ നായരുമായുള്ള സോൾജേൺസ് അഭിമുഖത്തിൽ

നിന്ന്). നായർക്കും ഭാര്യയ്ക്കും സ്വാമിയെ സ്പർശിക്കാൻ കഴിയു മാറ് വളരെ സ്വാഭാവികമായ ഒരു ശരീരമായിരുന്നു അത്. അതേ സമയം അദ്ദേഹത്തിന്റെ യഥാർത്ഥ ശരീരം പ്രശാന്തി നിലയത്തിൽ സാധാരണപോലെ സ്വന്തം കർത്തവ്യങ്ങൾ ചെയ്തുകൊണ്ടിരുന്നു. ഒരേ സമയത്ത് രണ്ടുശരീരങ്ങളിൽ സ്വാമി പ്രത്യക്ഷനായ വളരെ യധികം സംഭവങ്ങളിൽ ഒന്നുമാത്രമാണിത്. ഇപ്പോൾ ഏതു ശരീര മാണ് യഥാർത്ഥമായത് എന്ന സംശയം ഉയരുന്നു പ്രശാന്തിനില യത്തിലെ ദിനചര്യങ്ങൾ ചെയ്തുകൊണ്ടിരുന്ന ശരീരമോ അതോ ലോകത്തിന്റെ മറുഭാഗത്ത് മറ്റൊരു ഭക്തനോടൊപ്പം ദിവസങ്ങൾ ചെലവഴിച്ച ശരീരമോ? അതോ രണ്ടുമോ? ഏതു ശരീരത്തെയാണ് അദ്ദേഹത്തിന്റെ മഹാസമാധിയിൽ അടക്കം ചെയ്തത്? നമുക്ക തിന്റെ ഉത്തരങ്ങൾ ഇല്ല. ചുരുക്കിപ്പറഞ്ഞാൽ, സ്വാമി ശരീരത്തിൽ ഉണ്ടായിരുന്നപ്പോൾത്തന്നെ അവിടുന്ന് ഒരു ഭൗതിക ശരീരത്തിൽ മാത്രമായി പരിമിതപ്പെട്ടിരുന്നില്ല. അങ്ങനെയെങ്കിൽ അതിലൊരു ശരീരം ഉപേക്ഷിച്ചുവെങ്കിൽത്തന്നെയെന്തുമാറ്റമാണ് വരാനുള്ളത്?

രാമകഥാരസവാഹിനിയിൽ എപ്രകാരമാണ് രാവണൻ സീതയെ അപഹരിച്ചതെന്നും ആ സീത യഥാർത്ഥസീത ആയിരുന്നില്ലെന്നും സ്വാമി പറയുന്നുണ്ട്. രാവണന് യഥാർത്ഥ രാമപത്നിയെ സ്പർശി ക്കാൻപോലും സാദ്ധ്യമല്ല. പക്ഷെ രാമാവതാരത്തിന്റെ ഉദ്ദേശ്യം നടപ്പിൽ വരുന്നതിനായി ഒരു നാടകം അരങ്ങേറേണ്ടതായിട്ടുണ്ടാ യിരുന്നു. അവതാരോദ്ദേശ്യം പൂർത്തിയാക്കുന്നതിനായി മായാസീത തന്റെ ഭാഗം ഭംഗിയായി അവതരിപ്പിച്ചു. രാവണവധത്തിനുശേഷം യഥാർത്ഥസീതയെ ദിവ്യാഗ്നിയിൽ നിന്ന് ശ്രീരാമൻ വീണ്ടെടുത്തു.

സീതയുടെ മായാശരീരം യഥാർത്ഥ മാനവശരീരത്തിന്റെ സകല ഗുണങ്ങളും പ്രദർശിപ്പിക്കുകയും ദിവ്യനാടകത്തിനനുസൃതമായി തന്റെ നിയുക്തഭാഗം ഭംഗിയായി അവതരിപ്പിക്കുകയും ചെയ്തു. സ്വന്തം പൂർവ്വാവതാരത്തിന്റെ ഇത്തരം വിശദാംശങ്ങൾ സ്വാമി വിശ ദീകരിച്ചു തരുമ്പോൾ തീർച്ചയായും അവിടുന്ന് ഈശ്വരാവതാര ത്തിന്റെ വിവിധഗുണങ്ങളെ സൂചിപ്പിക്കുക കൂടിയാണ്.

'അതിശയിപ്പിക്കുന്ന നാഡികൾ' എന്ന അദ്ധ്യായത്തിൽ വിവിധ നാഡികളിൽ സ്വാമിയുടെ മായാശരീരത്തെക്കുറിച്ച് പരാമർശമുണ്ട്. ഇപ്രകാരം തന്നെ മെഹദി പ്രവചനങ്ങളിൽ മെഹദിയുടെ ആദ്യ ത്തെ തിരോധാനം അദ്ദേഹത്തിന്റെ അന്ത്യമായി കരുതപ്പെടുമെന്നു പറയുന്നുണ്ട്. അങ്ങനെയെങ്കിൽ ലോകത്തിനുമുന്നിൽ നടന്ന സ്വാമി

യുടെ ദേഹവിയോഗം, സ്വാമിയുടെ മായാശരീരത്തിന്റെ വിയോഗ മായിക്കൂടേ? അങ്ങനെയെങ്കിൽ സ്വാമിയുടെ തിരിച്ചുവരവ് അവിടുത്തെ യഥാർത്ഥ ശരീരത്തിന്റെ വെളിപ്പെടുത്തൽ തന്നെ ആയിക്കൂടേ?

## നിർമ്മാണകായർ എന്ന സങ്കൽപ്പം

യോഗശാസ്ത്രത്തിൽ വളരെ ഉന്നതമായ ഒന്നായി നിർമ്മാണ കായം അറിയപ്പെടുന്നു. അതായത് യോഗശക്തിയാൽ, യോഗിയുടെ മരണശേഷവും ശരീരത്തിനെ പുനഃസൃഷ്ടിക്കാനുള്ള കഴിവാണത്. ഇഷാ ഫൗണ്ടേഷനിലെ സദ്ഗുരു ജഗ്ഗി വാസുദേവിന്റെ വിശദീകരണം ഞാൻ കണ്ടു.

*"പഴയകാലത്തെ ചില യോഗികളും ഇപ്പോളുള്ള ചില യോഗികളും ചില രീതികളിൽ തങ്ങളുടെ ശരീരത്തിന്റെ സൂക്ഷ്മമായ ഒരു ഭാഗം അവശേഷിപ്പിച്ച് ഭൂലോകം വെടിയുന്നു. ആവശ്യമെന്നു തോന്നുമ്പോൾ അവർക്ക് തങ്ങളുടെ പഴയ ശരീരം പുനഃസൃഷ്ടിക്കാനുള്ള ശേഷിയുണ്ട്. അപ്രകാരം സ്വശരീരം പുനഃസൃഷ്ടിക്കാനുള്ള കഴിവ് സ്വായത്തമാക്കിയ പുണ്യപുരുഷർ 'നിർമ്മാണകായർ' എന്ന് അറിയപ്പെടുന്നു. ഗൗതമബുദ്ധൻ നിർമ്മാണകായരിലൊരാളാണെന്ന് വിശ്വസിക്കപ്പെടുന്നു. തങ്ങളുടെ ഇച്ഛാനുസരണം കൂടുതൽ യുവത്വമാർന്നശരീരത്തെ സങ്കൽപ്പസൃഷ്ടി ചെയ്ത ഒരുപാടു യോഗികൾ വേറെയുമുണ്ട്. ഈ കൃത്യത്തിന് കാലപരിമിതി ഒരു പ്രശ്നമല്ല."*

യോഗശക്തിയിലൂടെ യോഗികൾക്ക് തങ്ങളുടെ ശരീരം പുനഃസൃഷ്ടിക്കാമെങ്കിൽ, എല്ലാ യോഗശക്തികളും പ്രദാനം ചെയ്യുന്ന സർവശക്തന് അതു ചെയ്തു കൂടെന്നുണ്ടോ? സ്വാമിക്ക് അതിനു സാധിക്കുമോ ഇല്ലയോ എന്നതല്ല പ്രശ്നം, ആ കൃത്യം സ്വാമി നടപ്പിൽ വരുത്തുമോ എന്നതു മാത്രമാണ്. പ്രകൃതിയുടെ നിയമങ്ങളെ സ്വാമി വളരെ ബഹുമാനിക്കുന്നതുകൊണ്ട് അവക്കെതിരായി എന്തെങ്കിലും പ്രവർത്തിക്കാൻ സ്വാമി താൽപ്പര്യപ്പെടുകയില്ല എന്നാണ് വാദം. പക്ഷെ അങ്ങനെയങ്കിൽ യേശുക്രിസ്തുവിന്റെ പ്രവൃത്തിയും സ്വാഭാവിക പ്രകൃതി നിയമത്തിന് അതീതമായതല്ലേ? ഒരുപാടു സന്ദർഭങ്ങളിൽ സ്വാമി പ്രകൃതിയുടെ വിധിവിധാനങ്ങൾക്ക് അതീതമായി വർത്തിച്ചിട്ടുണ്ട്. സ്വാമി തന്നെ ഇത് ശരിവെച്ചിട്ടുമുണ്ട്. താഴെ പറയുന്ന സ്വാമിയുടെ ഉദ്ധരണി നമുക്കു

നോക്കാം.

*"ചില തലമുതിർന്നവർ നിങ്ങളെ ആശയക്കുഴപ്പത്തിലാക്കാൻ ശ്രമിച്ചേക്കാം. പ്രകൃതിയുടെ വിധാനങ്ങൾ ലംഘിച്ചുകൊണ്ട് ശ്രീകൃഷ്ണൻ നിരവധി അത്ഭുതങ്ങൾ പ്രവർത്തിച്ചിട്ടുണ്ട്. അവരുടെ അഭിപ്രായത്തിൽ, അതുകൊണ്ടാണ് ശ്രീകൃഷ്ണന് ഒരു വേടന്റെ ശരത്താൽ മൃത്യു വരിക്കേണ്ടി വന്നത്. യേശുവും കുരിശുമരണത്തിനു വിധേയനായത് വിവിധ ആശ്ചര്യപ്രവർത്തികൾ നടത്തിയതുകൊണ്ടാണെന്നാണ് അവരുടെ അഭിപ്രായം. ഞാനും പ്രകൃതിയുടെ നിയമങ്ങളെ വകവെക്കാത്തതുകൊണ്ട് അപ്രകാരമുള്ള യാതനകൾ അനുഭവിക്കേണ്ടിവരുമെന്നാണ് അവരുടെ വാദം. ഭീതിയുളവാക്കാമെന്നും പരിഭ്രമം പരത്താമെന്നുമാണ് അവരുടെ പ്രതീക്ഷ. ഇതെല്ലാം ദൗർബല്യത്തിന്റേയും അജ്ഞതയുടേയും അസൂയയുടേയും ലക്ഷണങ്ങളാണ്. ഈ മഹിമ അവർക്ക് മനസ്സിലാവുന്നില്ല. അല്ലെങ്കിൽ അതുൾക്കൊള്ളാൻ അവർ ആഗ്രഹിക്കുന്നില്ല".*

സത്യം ശിവം സുന്ദരം. ഭാഗം 3. അദ്ധ്യായം 8.

മുകളിൽപറഞ്ഞ വാക്കുകളിലൂടെ യേശുവും കൃഷ്ണനും താനുമെല്ലാം പ്രകൃതി നിയമങ്ങൾക്ക് അതീതമായി പ്രവർത്തിച്ചു എന്ന് വ്യംഗമായി സ്വാമി സമർത്ഥിക്കുന്നു. അവതാരത്തിന് യാതൊന്നും തന്നെ ബാധകമല്ല. താന്താങ്ങളുടെ ദൗത്യം നിറവേറ്റുന്നതിനായി ഓരോരോ അവതാരങ്ങൾക്കും പ്രകൃതിനിയമങ്ങൾക്കതീതമായി വർത്തിക്കേണ്ടതുണ്ട്. യഥാർത്ഥത്തിൽ ഓരോ അവതാരദശയിലും വളരെ മഹത്വമുള്ള അസാധാരണസംഭവങ്ങൾ സംഭവിച്ചിട്ടുണ്ട്. അത്തരം ദിവ്യസൃഷ്ടികളെ ജനങ്ങൾ വാഴ്ത്തുകയും അതിനെ വാഴ്ത്തി ഗീതങ്ങൾ രചിക്കുകയും അവ പാടി ആ മഹത്വത്തിൽ ലയിക്കുകയും ചെയ്തു. കോരിച്ചൊരിയുന്ന മഴയിൽ നിന്ന് ഒരു ഗ്രാമത്തെ രക്ഷിക്കാനായി വെറും ബാലകനായിരുന്ന ശ്രീകൃഷ്ണൻ ഗോവർദ്ധനഗിരിയെ തന്റെ ചെറുവിരലിലുയർത്തി. തന്റെ ഗുരുപുത്രന്, ജീവൻ വെടിഞ്ഞ് നീണ്ട പന്ത്രണ്ടു വർഷങ്ങൾക്കു ശേഷം ജീവൻ നൽകി. നരകഗോളം ഭൂമിയെ നശിപ്പിക്കാനായി പാഞ്ഞടുത്തപ്പോൾ, അതിനെ സംഹരിച്ചതടക്കം വളരെയധികം അത്ഭുതങ്ങൾ ശ്രീകൃഷ്ണൻ പ്രവർത്തിച്ചു. സായി അവതാരവും ഭക്തർക്കു പുനർജീവൻ നൽകൽ, മഴയും വെള്ളപ്പൊക്കവും ശമിപ്പിക്കൽ, മാറാവ്യാധികൾ സുഖപ്പെടുത്തൽ, സൂക്ഷ്മമാർഗത്തിലൂടെ വൻകരകൾക്കപ്പുറത്തേക്ക് ഭക്തരെ എത്തിക്കൽ എന്നിങ്ങനെ

അസംഖ്യം അത്ഭുതങ്ങൾ നടത്തിയിട്ടുണ്ട്. യഥാർത്ഥത്തിൽ അദ്ദേഹത്തിന്റെ എല്ലാ അത്ഭുതങ്ങളും പ്രകൃതി നിയമത്തിന് അതീതമാണ്. അതുകൊണ്ടു തന്നെയാണല്ലോ അവ 'അത്ഭുതങ്ങൾ' എന്നു വിളിക്കപ്പെടുന്നത്.

ഒരു അഭിമുഖത്തിനിടയിൽ പ്രമുഖ ജേർണലിസ്റ്റ് ആർ. കെ. കരഞ്ചിയ ഈശ്വരൻ മാനവരൂപം ധരിച്ചതിന്റെ കാരണമന്വേഷിച്ചു. അതിന് സ്വാമിയുടെ മറുപടി.

*"അതുമാത്രമാണ് മാനവഹൃദയത്തിൽ അവതരിക്കാൻ ഈശ്വരനുള്ള ഏക പോംവഴി. അവതാരം മനുഷ്യരൂപം ധരിക്കുകയും മനുഷ്യരെപ്പോലെ നടിക്കുകയും ചെയ്യുമ്പോൾ മാത്രമേ മാനവവംശത്തിന് ഈശ്വരീയതയുമായി താദാത്മ്യം പ്രാപിക്കാനാവൂ. അതുപോലെ അവതാരം ഈശ്വരന്റെ തന്നെ ഔന്നത്യത്തിലെത്തുമ്പോൾ മാനവകുലവും ഈശ്വരനിലെത്തിച്ചേരാൻ പ്രചോദിതമാകുന്നു. ഈശ്വരന്റെ അന്തര്യാമിത്വം ജീവിതത്തിനെ മുന്നോട്ടു നയിക്കുന്നു എന്ന തിരിച്ചറിവ് പകരാനായിട്ടാണ് കാലാകാലങ്ങളായി മാനവരൂപം ധരിച്ച് അവതാരങ്ങൾ വന്നെത്തിയിരിക്കുന്നത്."*

ദി ബ്ലിറ്റ്സ് ഇന്റർവ്യൂ. സെപ്തംബർ 1976.

ദിവ്യപ്രവൃത്തികൾ കൂടി മാനവരെ തങ്ങളുടെ സ്വന്തം ദിവ്യത്വം ഓർമ്മിപ്പിക്കാനുള്ള ഉദാഹരണങ്ങളായി വർത്തിക്കുന്നു. ഈശ്വരനുമായി താദാത്മ്യം പ്രാപിക്കാനായാൽ അവർക്കും ഇതേ പ്രവർത്തികൾ ചെയ്യാൻ സാധിക്കും. അതുകൊണ്ടാണ് യേശു ഇപ്രകാരം പറയുന്നത്.

*"വീണ്ടും വീണ്ടും ഞാൻ നിങ്ങളോട് പറയുന്നു, എന്നിൽ വിശ്വസിക്കുന്നവനാരോ അവന് ഞാൻ പ്രവർത്തിക്കുന്നതെല്ലാം പ്രവർത്തിക്കാൻ സാധിക്കും."*

ഉയിർത്തെഴുന്നേല്പ്പിനെക്കുറിച്ച് സ്വാമി എന്താണ് പറയുന്നത്?

*"എന്താണ് വാസ്തവത്തിൽ ഉയിർത്തെഴുന്നേൽപ്പ്? അത് മനുഷ്യനിൽ അന്തർലീനമായ ദിവ്യത്വത്തിന്റെ പ്രകടനമല്ലാതെ മറ്റെന്ത്?"*

ദിവ്യവാണി. 28 ഫെബ്രുവരി 1964.

ഈ വിശ്വത്തിനു മുഴുവൻ മാതൃകയായി സ്വാമി ജീവിച്ചു. അവിടുത്തെ അത്ഭുതങ്ങളെല്ലാം തന്നെ നമ്മുടെ അന്തർലീനശക്തിസ്രോ

തസ്സിനെക്കുറിച്ചുള്ള ഓർമ്മിപ്പിക്കലാണ്. അതുകൊണ്ടാണ് സ്വാമി നമ്മോട് പറയുന്നത്, *"ഞാൻ ഈശ്വരനാണ്, നിങ്ങളും ഈശ്വരൻ തന്നെ"* എന്ന്. അതുകൊണ്ടു തന്നെ പ്രകൃതിയുടെ വിധിവിധാന ങ്ങൾ ലംഘിച്ച് അവിടുന്ന് തിരിച്ചുവരില്ലെന്ന വിശ്വാസം അടിസ്ഥാ നരഹിതമാണ്. വാസ്തവത്തിൽ ഭൂമിയിൽ അവതരിച്ച ഏറ്റവും പൂർണ്ണ അവതാരത്തിന്റെ മഹത്വത്തിന് തീർത്തും അനുയോജ്യം തന്നെയായിരിക്കും ആ മഹാത്ഭുതം.!!!

## അധ്യായം 12

# സമാപ്തി

**ഈ** പുസ്തകത്തിൽ സ്വാമി തിരിച്ചുവരുവാനുള്ള സാദ്ധ്യതയെക്കുറിച്ച് വിവിധ സൂചനകൾ ചേർത്തിട്ടുണ്ട്. എന്തുതന്നെയായാലും ഭക്തരുടെ അടിയുറച്ച വിശ്വാസവും മനം നൊന്തുള്ള പ്രാർത്ഥനയും സ്വാമിയെ തിരികെ കൊണ്ടുവരുമെന്നുതന്നെയാണ് ഞാൻ വിശ്വസിക്കുന്നത്. തന്റെ ഭക്തരുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി പ്രശാന്തിനിലയത്തിൽ നിന്ന് വിട്ടുനിൽക്കാൻ താൻ തയ്യാറാണെന്ന് സ്വാമി ഒരിക്കൽ പറഞ്ഞിട്ടുണ്ട്.

*"നിങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റാൻ പ്രശാന്തിനിലയത്തിൽ നിന്ന് വിട്ടുനിൽക്കാൻ വരെ ഞാൻ തയ്യാറാണ്. ജനങ്ങളുടെ നന്മക്കായി എന്തുതന്നെ പ്രവർത്തിക്കുവാനും ഞാൻ തയ്യാറാണ്. നിങ്ങളുടെ നന്മ. അതാണ് എന്റെ ഒരേയൊരു ഉൽക്കണ്ഠ."*

സായി വാണി

സ്വാമി ഉദ്ദേശിച്ചതെന്തെന്ന് അറിയാമെങ്കിലും ആ അർത്ഥത്തിൽ, സ്വാമി ശാരീരികമായി പ്രശാന്തിനിലയം വിട്ടുപോകുമെന്ന് ആരും തന്നെ വിശ്വസിച്ചില്ല. സകലലോകത്തിനും വേണ്ടിയാണ് സ്വാമി ഇപ്രകാരം ചെയ്തതെന്ന് ഞാൻ ഉറച്ചു വിശ്വസിക്കുന്നു. (സ്വാമി ശരീരം ത്യജിച്ചതെന്തിന് എന്ന അദ്ധ്യായത്തിൽ വിവരിച്ച കാരണങ്ങളാൽ).

സ്വാമി തിരിച്ചുവന്നാൽ അതും നമ്മുടെ നന്മക്കായി മാത്രമായിരിക്കും. എന്റെ എളിയ അഭിപ്രായത്തിൽ, അതിനായി നാം കൈക്കൊള്ളേണ്ട ആദ്യപടി, പരിപൂർണ്ണഹൃദയത്തോടെ,

സ്വാമിയുടെ വാക്കുകളിൽ അചഞ്ചലമായ വിശ്വാസമർപ്പിച്ച് അവിടുത്തെ തിരിച്ചുവരവിനായി പ്രാർത്ഥിക്കണം. തന്റെ അവതാരപ്രഖ്യാപനസമയത്ത് സ്വാമി പ്രസ്താവിച്ചത് സാധുക്കൾ (ആത്മാന്വേഷികൾ) നിരന്തരം പ്രാർത്ഥിച്ചതുകൊണ്ട് ഞാൻ അവതരിച്ചു എന്നാണ്. സത്യസായി അവതാരത്തിന്റെ ആഗമനം ആയിരക്കണക്കിന് വർഷങ്ങൾക്കു മുമ്പേ തന്നെ വിവിധഗ്രന്ഥങ്ങളിൽ പ്രവചിക്കപ്പെട്ടിട്ടുണ്ട്. എന്നിട്ടുപോലും അവിടുന്ന് അവതരിക്കുന്നതിനായി സാധുസന്യാസികൾ നിരന്തരം പ്രാർത്ഥിക്കേണ്ടി വന്നു. ഇക്കാരണം കൊണ്ടു തന്നെ അവിടുന്നു തിരിച്ചുവരുന്നതിനായി നമ്മൾ തപിച്ചു പ്രാർത്ഥിക്കേണ്ടതിന്റെ ആവശ്യകതയും യുക്തിപരം തന്നെ .സ്വാമി ഒരിക്കൽ തന്റെ ശിഷ്യരോട് അരുളി.

*“അതെ! എന്നിൽ ഉറച്ചുവിശ്വസിക്കുന്നവനോട് ഞാൻ എന്റെ വാഗ്ദാനം നിറവേറ്റും.”*

സത്യം ശിവം സുന്ദരം. ഭാഗം 4. പേജ് 181.

പൂർണ്ണവിശ്വാസം ഉണ്ടായിരിക്കുക എന്നതാണ് സുപ്രധാനമെന്ന് ഇതിൽ നിന്ന് നമുക്കു മനസ്സിലാക്കാം. ഭക്തരുടെ ഇടയിൽ ഒരേ മനസ്സോടെ പ്രാർത്ഥിക്കാനുള്ള വിശ്വാസം ഉണർത്തിവിടുകയാണ് ഈ പുസ്തകത്തിന്റെ പരമമായ ഉദ്ദേശ്യം. മറ്റൊരു ഗൂഢലക്ഷ്യവും എനിക്കില്ല. ഈ പുസ്തകം സൗജന്യമായിത്തന്നെ ഇന്റർനെറ്റുവഴി വായിക്കുവാനുള്ള സൗകര്യം ഞാൻ ചെയ്തിട്ടുണ്ട്. സ്വാമിയുടെ തിരിച്ചുവരവിൽ വിശ്വസിക്കുന്നത് ദൗർബല്യമല്ല എന്നതാണ് ഈ പുസ്തകത്തിലൂടെ ഞാൻ ഊന്നിപ്പറയാനാഗ്രഹിക്കുന്ന സുപ്രധാന കാര്യം. യഥാർത്ഥത്തിൽ, ഗുരുവിന്റെ വാക്കുകളിൽ പരമമായ വിശ്വാസം ഉണ്ടായിരിക്കുമെന്നത് ഒരു ശിഷ്യന്റേയോ ഭക്തന്റേയോ യഥാർത്ഥശക്തിയാണ്. എന്നിരുന്നാലും ഒരിക്കലും ഒരു ശിഷ്യൻ തന്റെ ഗുരുവിന്റെ മാർഗ്ഗങ്ങളെ ചോദ്യം ചെയ്യരുത് (സംശയാലു ആവരുത്). സ്വാമി എന്തുതന്നെ ചെയ്താലും അതിന്റെ കാര്യകാരണങ്ങൾ സ്വാമിക്കു മാത്രമേ അറിയുകയുള്ളൂ. അതു നമ്മൾ ചോദ്യം ചെയ്യരുത്. പക്ഷെ അവിടുത്തെ വാക്കുകളിൽ പൂർണ്ണവിശ്വാസം ഉണ്ടായിരിക്കുമെന്നത് നമ്മുടെ തന്നെ അവകാശമാണ്.

*“ദൃഢവചനത്തിന്റെ ജീവൻ സത്യമാണ്. എന്റെ വാക്കുകളിൽ സത്യത്തിന്റെ മുദ്ര ആലേഖനം ചെയ്യപ്പെട്ടിരിക്കുന്നു. എന്റെ വാക്കുകളെ ഗൗനിക്കാത്തവരോട് ഞാൻ സംസാരിക്കുകയില്ല. ജനങ്ങൾ എന്റെ വാക്കുകൾ കണക്കിലെടുക്കുമ്പോൾ, എല്ലാ രീതിയിലും*

*അവരെ സഹായിക്കുവാനും അവർക്കു ആനന്ദം പകരുവാനും ഞാൻ സദാ സന്നദ്ധനാണ്.”*

സത്യസായി സ്പീക്സ്. വാല്യം 28. അദ്ധ്യായം 2.

സ്വാമിയുടെ വാക്കുകൾക്കു പൂർണ്ണമായ മൂല്യം നൽകണമെന്ന് സ്വാമി നമ്മളോടു നിർദ്ദേശിക്കുന്നു. അപ്പോൾ എങ്ങനെയാണ് നമുക്കു അവിടുത്തെ വാക്കുകൾ ആവശ്യത്തിനനുസരിച്ച് തെരഞ്ഞെടുത്തു വിശ്വസിക്കുവാൻ സാധിക്കുന്നത്? (അവിടുത്തേക്ക് എന്തുചെയ്യാൻ സാധിക്കും, സാധിക്കില്ല എന്നിങ്ങനെ) നമ്മൾ ഭക്തർ, നമ്മുടെ ഹ്യസ്വമായ വീക്ഷണമനുസരിച്ച് ഭഗവാനെ പരിമിതപ്പെടുത്താൻ ശ്രമിക്കുന്നു. സ്വാമിയുടെ വാക്കുകളുടെ ദൃഢതയിൽ പൂർണ്ണവിശ്വാസമർപ്പിക്കാതെ, ഇതുവരെ സംഭവിച്ചതിനെല്ലാം ഭാഗികവും അവ്യക്തവുമായ വിശദീകരണങ്ങൾ നൽകിക്കൊണ്ട് സ്വാമിയുടെ വചനങ്ങൾ ആ സംഭവങ്ങൾക്ക് പാകമാണെന്ന് വരുത്തിത്തീർക്കാൻ ശ്രമിക്കുന്നു. അപ്പോൾ ഈ വിശ്വം മുഴുവനും ഉള്ളതെല്ലാം സൃഷ്ടിച്ചത് ഇതേ ഈശ്വരനാണെന്ന് നാം വിസ്മരിക്കുന്നു. സ്വാമിയെ എങ്ങനെയെങ്കിലും പരിമിതപ്പെടുത്തുവാൻ നമുക്കു സാധിക്കുമോ? സ്വാമി ശരീരം ത്യജിച്ചതിന് ശേഷമുള്ള ആദ്യദിനങ്ങളിൽ ഭക്തരിൽ ഭൂരിഭാഗവും അവിടുന്ന് പുനരുജ്ജീവിക്കുമെന്ന് വിശ്വസിച്ചു. കാരണം, സ്വാമിയുടെ സ്വന്തം വാക്കുകളിലൂടെ കടന്നുപോകുമ്പോൾ, സ്വാമിക്ക് ഇഹലോകം വെടിയാനുള്ള സമയമായിരുന്നില്ല. ഇപ്പോഴെന്തിന് നമ്മൾ മറിച്ചു വിശ്വസിക്കുന്നു? അതിനുശേഷം എന്തുമാറ്റമാണ് സംഭവിച്ചത്? ആ സമയം അദ്ദേഹം തിരിച്ചു വരുമായിരുന്നുവെങ്കിൽ ഇപ്പോൾ തിരിച്ചുവരുന്നതിൽ നിന്ന് എന്താണ് സ്വാമിയെ വിലക്കുന്നത്? എന്തായാലും സ്വാമി ആ ശരീരത്തിൽ പരിമിതനായിരുന്നില്ല. സ്വാമിയുടെ വാക്കുകളിൽ പരിപൂർണ്ണമായ വിശ്വാസമുണ്ടായിരിക്കുക എന്നത് നമ്മുടെ കർത്തവ്യമാണ്. അത്തരം അചഞ്ചലമായ വിശ്വാസമൊന്നു കൊണ്ടുമാത്രം സ്വാമി തിരികെയെത്തുമെന്ന് എനിക്ക് പൂർണ്ണബോദ്ധ്യമുണ്ട്.

സ്വാമി തിരിച്ചുവരുമെന്നുള്ള എന്റെ വിശ്വാസം ഒരു അഭിമുഖ സംഭാഷണത്തിൽ പ്രതിധ്വനിക്കുന്നത് ഞാൻ കണ്ടെത്തി.

സത്യസായി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹയർലേണിംഗിലെ എം.ബി.എക്ക് സ്വാമിയിൽ നിന്ന് സ്വർണ്ണപ്പതക്കം കരസ്ഥമാക്കിയ ഒരു പൂർവ്വവിദ്യാർത്ഥി ശ്രീ വിനോദ് കാർത്തിക് റേഡിയോസായിക്കു നൽകിയ ഒരു അഭിമുഖ സംഭാഷണം (15ഫെബ്രുവരി 2012ൽ നടത്തിയത്)

ഞാൻ ശ്രവിക്കുകയുണ്ടായി. അദ്ദേഹം തന്റെ ചിന്തകൾ വെളിപ്പെടുത്തുന്നത് ഇപ്രകാരമാണ്.

"എനിക്കു വിശദീകരിക്കാനാവാത്ത ഒരു ആന്തരികചോദന എനിക്കു വെളിപ്പെടുത്താനുണ്ട്. സർവ്വവ്യാപിയായ സ്വാമി ഇവിടെ സന്നിഹിതനായുണ്ട്. എന്നിരുന്നാലും നമ്മൾ സ്വാമിയെ ശരീരത്തോടുകൂടി വീണ്ടും കാണും എന്നതിന് എനിക്ക് 200% ഉറപ്പുണ്ട്. എനിക്കതിൽ യാതൊരു സംശയവുമില്ല.

സ്വാമി നമ്മളോട് ഒരുപാടു കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. വിവിധ കാരണങ്ങളാൽ നമ്മളുടെ വിശ്വാസം കുറയേണ്ടതില്ല. സ്വാമി തന്റെ ഓരോ വാക്കും പാലിച്ചിട്ടുണ്ട്. മുഴുവൻ ലോകവും അദ്ദേഹത്തിന്റെ വാക്കുകൾ പാലിക്കപ്പെടുവാനായി വീണ്ടും സജ്ജമാക്കപ്പെടേണ്ടതുണ്ട്. നമ്മൾ ഈ സംസാരിച്ചുകൊണ്ടിരിക്കുന്നത് ഒരു സാധാരണ മനുഷ്യനെക്കുറിച്ചല്ല. മറിച്ച് ഈശ്വരാവതാരത്തെ കുറിച്ചാണ്.

എന്നെ സംബന്ധിച്ചിടത്തോളം സ്വാമിയുടെ ശബ്ദം തന്നെയാണ് എന്നിലുള്ള ആന്തരികശബ്ദവും. ഒരിക്കലും സ്വാമി ഒന്നുപറയുമ്പോൾ ആന്തരിക ശബ്ദം മറ്റൊന്നു പറയുന്നുവെന്ന ദ്വിത്വം എനിക്കൊരിക്കലും അനുഭവപ്പെട്ടിട്ടില്ല. അതുകൊണ്ടു തന്നെയാണ് പരിപൂർണ്ണബോധ്യത്തോടെ അദ്ദേഹം പറഞ്ഞ ഓരോ വാക്കും കാലം തെളിയിക്കും എന്നു പറഞ്ഞത്."

## സ്വാമി സകല വാഗ്ദാനങ്ങളും നിറവേറ്റും

സ്വാമി, തന്റെ സകല വാഗ്ദാനങ്ങളും സാഹചര്യം എന്തുതന്നെയായാലും, നിറവേറ്റുമെന്ന് നമ്മളോട് അരുളിച്ചെയ്തിട്ടുണ്ട്. സത്യസായി അവതാരത്തിന്റെ ആദ്യവർഷങ്ങളിൽ ശ്രീമതി. സുബ്ബമ്മയെക്കുറിച്ച് ഒരു കഥയുണ്ട്. ഭക്തയായ സുബ്ബമ്മയുടെ ഭവനമാണ് ആദ്യകാലങ്ങളിൽ സായിദർശനത്തിനുള്ള വേദിയായി ഭക്തർ ഉപയോഗിച്ചിരുന്നത്. ഭഗവാനോട് അതിയായ ഭക്തിയും പ്രേമവും അവർക്കുണ്ടായിരുന്നു. തന്റെ അന്ത്യമുഹൂർത്തത്തിൽ സ്വാമിയുടെ ദർശനം ലഭിക്കണമെന്ന വരം അവർ സ്വാമിയിൽ നിന്ന് കരസ്ഥമാക്കിയിരുന്നു. പക്ഷെ സുബ്ബമ്മയുടെ അന്ത്യസമയത്ത് സ്വാമി പുട്ടപർത്തിയിൽ ഉണ്ടായിരുന്നില്ല. ബന്ധുക്കൾ പിറ്റേന്ന് സ്വാമി വന്നെത്തുന്നതുവരെ അവരുടെ ചേതനയറ്റ ശരീരം കാത്തുസൂക്ഷിച്ചു. അവരുടെ അന്ത്യാഭിലാഷം സ്വാമി നിറവേറ്റിയതെങ്ങനെയെന്ന കോരിത്തരിപ്പിക്കുന്ന കഥ സ്വാമി തന്നെ പറഞ്ഞത് ഇപ്രകാരമാണ്.

*"ആളുകൾ ഓടിവന്ന് എന്നോടു പറഞ്ഞു. സ്വാമീ, അവിടുത്തെ സുബ്ബമ്മ ഇന്നലെ രാത്രി മരിച്ചുപോയി. ഉടൻ തന്നെ ഞാൻ കാറെടുത്ത് ബുക്കപ്പട്ടണത്തേക്ക് തിരിച്ചു. അവരുടെ ശരീരം ഒരു തുണിയിൽപ്പൊതിഞ്ഞ് വരാന്തയിൽ കിടത്തിയിരുന്നു. വീടുമുഴുവൻ ശോകാർത്തമായിരുന്നു. ഒരിക്കൽ സ്വാമി ഒരു വാഗ്ദാനം നടത്തിയാൽ ഏതു സാഹചര്യത്തിലും അതു നടപ്പിൽ വരുത്തിയിരിക്കും. അവരുടെ ശരീരത്തിൽ പൊതിഞ്ഞ തുണി ഞാൻ മാറ്റി. ഇന്നലെ മരിച്ചിരുന്നതുകൊണ്ട് ഉറുമ്പുകൾ വന്ന് പൊതിയാൻ തുടങ്ങിയിരുന്നു. ഞാൻ വിളിച്ചു "സുബ്ബമ്മാ" അവർ കണ്ണുകൾ തുറന്നു. നിമിഷനേരം കൊണ്ടീ വാർത്ത കാട്ടുതീ പോലെ പരന്നു. സുബ്ബമ്മക്ക് ജീവൻ തിരിച്ചുകിട്ടിയെന്ന് പരസ്പരം പറഞ്ഞുകൊണ്ട് ബുക്കപ്പട്ടണത്തിലെ ആളുകൾ അവിടെ തടിച്ചുകൂടി. സുബ്ബമ്മയുടെ അമ്മക്ക് അപ്പോൾ ഒരു നൂറുവയസ്സ് ഉണ്ടായിരുന്നു. തുളസിയിലയിട്ട ഒരുഗ്ലാസ്സ് വെള്ളം കൊണ്ടുവരാൻ ഞാനവരോട് പറഞ്ഞു. അവരുടെ വായിൽ തുളസിയില ഇട്ടുകൊടുക്കുകയും വെള്ളം കുടിപ്പിക്കുകയും ചെയ്തു. "സുബ്ബമ്മ, ഞാനെന്റെ വാക്കുപാലിച്ചിരിക്കുന്നു. ഇനി നിനക്ക് ശാന്തമായി കണ്ണുകളടയ്ക്കാം." അവർ മറുപടി പറഞ്ഞു. "സ്വാമി! ഇതിലധികം എന്താണ് എനിക്ക് വേണ്ടത്? സന്തോഷത്തോടെ ഞാൻ പോകുകയാണ്". എന്റെ കൈകൾ ചേർത്തുപിടിച്ചു ആനന്ദക്കണ്ണീർ പൊഴിച്ചു കൊണ്ട് അവർ അന്ത്യശ്വാസം വലിച്ചു. ഏതു സാഹചര്യത്തിലും ഞാനെന്റെ വാഗ്ദാനം നിറവേറ്റുന്നത് ഇപ്രകാരമാണ്. അതുകൊണ്ടു തന്നെ ഞാനെന്റെ വാക്കുകളിൽ നിന്ന് പിന്തിരിയുകയില്ല."*

ദിവ്യവാണി. 20 ഒക്ടോബർ 2002

വാഗ്ദാനം ചെയ്ത അന്ത്യദർശനം നൽകുന്നതിനായി സുബ്ബമ്മയുടെ ആത്മാവിനെ താൽക്കാലികമായി സ്വാമി തിരികെ വിളിച്ചു. ഏതു സാഹചര്യത്തിലും എന്തുസംഭവിച്ചാലും സ്വാമി തന്റെ വാഗ്ദാനം നിറവേറ്റുമെന്നതിന്റെ ഉത്തമനിദർശനമാണ് ഈ സംഭവം. തന്റെ ഭക്തനു കൊടുത്ത വാക്കുപാലിക്കാൻ സ്വാമിക്ക് അവിടെ ജീവൻ തിരിച്ചുകൊടുക്കാമെങ്കിൽ, തന്റെ സ്വന്തം വാക്കുകൾ നിറവേറ്റാൻ എന്തുകൊണ്ട് സ്വാമിക്ക് തിരികെ വന്നുകൂടാ?

സ്വാമിയുടെ വചനങ്ങളിൽ എനിക്ക് ലവലേശം സംശയമില്ല. സ്വാമിയുടെ, ഇതുവരെ നിറവേറാത്ത വചനങ്ങളും കാലക്രമേണ നിറവേറപ്പെടും. എപ്പോൾ? എങ്ങനെ? എവിടെ? എന്നതെല്ലാം സ്വാമിക്കു മാത്രം അറിയാവുന്ന കാര്യമാണ്. കുറച്ചു വർഷങ്ങൾക്കു

ശേഷം തിരിഞ്ഞുനോക്കുമ്പോൾ മാത്രമേ നമുക്കത് ബോദ്ധ്യപ്പെടുകയുള്ളൂ. സായിബാബ കേവലമൊരു സാധാരണ അവതാരമല്ല. ഈ ഭൂമിയിൽ ഇതുവരെ സംഭവിച്ച, ഈശ്വരന്റെ ഏറ്റവും ശക്തമായ സാക്ഷാത്കാരത്തെപ്പറ്റിയാണ് നാം സംസാരിക്കുന്നത്. വളരെക്കാലങ്ങൾക്കുശേഷം, വരും തലമുറകൾ സത്യസായി അവതാരമഹത്വത്തെക്കുറിച്ച് വായിക്കുമ്പോൾ വിഫലമാക്കപ്പെട്ട ഒരു പ്രവചനത്തിന്റെ പൊടിപോലും കണ്ടുകിട്ടുകയില്ല. അങ്ങനെയൊന്ന് ഉണ്ടായിരിക്കുമെന്ന് വിശ്വസിക്കാൻ ഞാൻ തീർത്തും തയ്യാറല്ല തന്നെ!

## സ്വാമിയുടെ ഭക്തർക്കുള്ള പരീക്ഷണകാലം?

സ്വാമി വിടചൊല്ലിയപ്പോൾ ഭക്തരെല്ലാവരും തന്നെ ശോകാർത്തരായി. ആ ഒരു സംഭവത്തിന് തയ്യാറാക്കാനെന്ന പോലെ, സ്വാമി ഒരു ഉറപ്പുനമുക്കു നൽകിയിരുന്നു.

*"സ്വാമിയുടെ അവസ്ഥയെക്കുറിച്ചോർത്ത് ആരും തന്നെ ആശങ്കപ്പെടുകയോ വ്യാകുലപ്പെടുകയോ ചെയ്യേണ്ട ആവശ്യമില്ല. യാതൊരാപത്തും സ്വാമിയുടെ മുകളിൽ പതിക്കുകയില്ല. എല്ലാ പ്രയാസങ്ങളേയും ദുർഘടങ്ങളേയും അതിജീവിച്ച് ഒരു പോറൽപോലുമേൽക്കാതെ സ്വാമി പുറത്തുവരും. ആരും തന്നെ ഭയപ്പെടുകയോ ദു:ഖിക്കുകയോ ചെയ്യേണ്ടതില്ല. സ്വാമി എല്ലാ വിജയങ്ങളും കൈവരിക്കും!"*

ദിവ്യവാണി. 13 ജൂലൈ 2003.

മുകളിലെ പ്രസ്താവന വളരെ അർത്ഥപൂർണ്ണമാണ്. കാരണം വിഷമതകളും പ്രയാസങ്ങളും ഇനി വരാനിരിക്കുന്നു എന്നതിന്റെ സൂചനയും അതെല്ലാം നിഷ്പ്രയാസം, ഒരു പോറൽപോലുമേൽക്കാതെ സ്വാമി തരണം ചെയ്യും എന്ന ഉറപ്പുമാണ് അതിലുള്ളത്. പക്ഷേ നമ്മൾക്കെങ്ങനെ ആശങ്കാകുലരാകാതെ ഇരിക്കാനാവും? ഇത് നമ്മുടെ പ്രിയങ്കരനായ സ്വാമിയല്ലേ? കൃഷ്ണൻ തന്റെ ശരീരം വെടിഞ്ഞപ്പോൾ അർജ്ജുനന് ആ വിയോഗം താങ്ങാനായില്ലെന്നും അദ്ദേഹത്തിന്റെ മനോബലം നഷ്ടപ്പെട്ടുവെന്നും പറയുന്നു.

*"അർജ്ജുനന്, കൃഷ്ണൻ എപ്പോഴും തന്റെ ഹൃദയത്തിൽ വസിക്കുന്നതായി അനുഭവപ്പെട്ടിരുന്നു. അത് അദ്ദേഹത്തിന് വലിയ ശക്തി പ്രദാനം ചെയ്തു. പക്ഷേ കൃഷ്ണന്റെ ദേഹവി*

*യോഗവാർത്ത ശ്രവിച്ചപ്പോൾ അർജ്ജുനന് കൃഷ്ണൻ തന്നെ വിട്ടു പോയെന്നും തന്റെ ബലം നഷ്ടമായെന്നും അനുഭവപ്പെട്ടു."*

കോൺവർസേഷൻസ് വിത്ത് സത്യസായി ബാബ. പേജ് 159.

ആത്മീയൗന്നത്യം പ്രാപിച്ച ഭക്തനായ അർജ്ജുനന് ദ്വാപരയുഗത്തിൽ പോലും തന്റെ ഭഗവാൻ കൃഷ്ണനുമായുള്ള വേർപാട് താങ്ങാൻ സാധിച്ചില്ലെങ്കിൽ പിന്നെ ഈ കലിയുഗത്തിൽ നമ്മളെങ്ങനെ ആ വേർപാട് സഹിക്കും! എന്തു തന്നെയായാലും സ്വാമിയുടെ ദിവ്യാനുഗ്രഹത്താൽ വളരെയധികം ഭക്തർ ഈ വേർപാടിനെ മറികടന്നുവെന്നതും താന്താങ്ങളുടെ ഹൃദയങ്ങളിൽ സ്വാമിയെ ചിരപ്രതിഷ്ഠ നടത്തിയെന്നതും സത്യം തന്നെയാണ്. ഞാൻ വിശ്വസിക്കുന്നത് സ്വാമിയുടെ രൂപത്തോടും ശരീരത്തോടുമുള്ള ഭക്തരുടെ അഭിവാഞ്ചയെ തരണം ചെയ്യാനുള്ള സ്വാമിയുടെ ഒരു ദിവ്യലീലയാണ് ഇതെന്നാണ്. അങ്ങനെയെങ്കിൽ, സ്വാമിയുടെ തിരിച്ചുവരവിനായി മനംനൊന്തു പ്രാർത്ഥിക്കുമ്പോൾ അതിൽ ഒരിക്കൽപോലും സ്വാമിയുടെ സാമീപ്യത്തിനായി നാം കൊതിക്കരുത്. അത്തരമൊരു പ്രാർത്ഥന സ്വാമി ഈ ലോകം വെടിഞ്ഞതിന്റെ ഉദ്ദേശ്യം തന്നെ ഇല്ലായ്മ ചെയ്യും. കഴിഞ്ഞ അദ്ധ്യായങ്ങളിൽ സ്വാമി തന്റെ ആയുർദൈർഘ്യത്തെക്കുറിച്ചും സത്യസായി അവതാരം സുവർണയുഗത്തിൽ ആനന്ദിക്കുമെന്നും മറ്റും പറഞ്ഞതായി പ്രതിപാദിച്ചിരുന്നു. ഒരു പക്ഷേ അത്തരം പ്രസ്താവനകൾ സ്വാമി നടത്തിയില്ലായിരുന്നുവെങ്കിൽ നമ്മൾ പ്രേമസായി അവതാരത്തെത്തന്നെയാണ് ഇപ്പോൾ പ്രതീക്ഷിക്കുക; അല്ലാതെ സത്യസായി അവതാരത്തിന്റെ തിരിച്ചുവരവിനെയല്ല. അതേ കാരണം കൊണ്ടുതന്നെ നാമിപ്പോൾ സ്വാമിയുടെ തിരിച്ചുവരവ്, മുഴുവൻ ലോകത്തിനേയും ഉത്ഥാനം ചെയ്യുന്നതിനു വേണ്ടിയാണെന്ന ഭാവനയിൽത്തന്നെ അവിടുത്തെ തിരിച്ചുവരവിനായി പ്രാർത്ഥിക്കണം.

സ്വാമി അനവധി തവണ അരുളിയതു പോലെ, സ്വാമിയുടെ ഓരോ ഭക്തർക്കും അവിടുത്തെ ദിവ്യപദ്ധതിയിൽ ഓരോരോ ഭാഗങ്ങൾ പ്രവർത്തിക്കാനുണ്ട്. *"നവയുഗപരിണാമത്തിലേക്കു നയിക്കുവാനുള്ള എന്റെ പദ്ധതിയിൽ നിങ്ങളോരോരുത്തർക്കും താന്താങ്ങളുടെ ഭാഗം നിർവ്വഹിക്കേണ്ടതുണ്ട്. അതിനായുള്ള നിങ്ങളുടെ ഉപകരണം പ്രേമമായിരിക്കണം".*

ശ്രീ സത്യസായിബാബ ആൻഡ് ഫ്യൂച്ചർ ഓഫ് മാൻകൈൻഡ്.
പേജ് 224.

1979ന്റെ ആദ്യദശയിൽ തന്നെ ചാൾസ് പെന്നിനു നൽകിയ ഒരു സന്ദേശത്തിലൂടെ സ്വാമി നമ്മളോരോരുത്തരോടും അദ്ദേഹത്തിന്റെ പദ്ധതിയുടെ ഭാഗമാകാൻ തയ്യാറെടുക്കാനായി ആഹ്വാനം ചെയ്തു.

*"നിങ്ങളുടെ ദൗത്യം ആരംഭിച്ചു കഴിഞ്ഞു. ഇത് നിങ്ങളോടുള്ള എന്റെ വാഗ്ദാനമാണ്. എന്റെ ഭക്തരേ! നിങ്ങളോരോരുത്തർക്കും അനന്യവും മൂല്യമേറിയതുമായ ഒരുഭാഗം ഈ ജീവിതകാലത്ത് നിർവ്വഹിക്കേണ്ടതുണ്ട് ഞാൻ ക്ഷണിച്ചവനു മാത്രമേ എന്നെ സേവിക്കാൻ സാധിക്കൂ. നിങ്ങളോരോരുത്തർക്കും എന്റെ ദൗത്യത്തിൽ പങ്കാളികളാനുള്ള സമയം വന്നുചേർന്നിരിക്കുന്നു. ഈ ആകാശഗംഗയിൽ നമ്മുടെ ഈ ഭൂഗോളത്തിന് ഒരു പ്രത്യേക ദൗത്യം നിറവേറ്റാനുണ്ട്. ആ ദൗത്യം നമ്മുടെ കണ്ണുകൾക്കു മുൻപിൽ അനാവരണം ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്നു. നിങ്ങളുടെ അന്തരംഗത്തിൽ ഭക്തിഭാവം വളർത്താൻ ഞാൻ നിങ്ങളോടാവശ്യപ്പെടുന്നു. അതിന്റെ അദൃശ്യശക്തി നിങ്ങളുടെ പരിക്രമണവലയത്തിൽ എത്തിച്ചേരുന്ന ആരേയും പരിരക്ഷിക്കുകയും ചെയ്യുന്നു. നിങ്ങളുടെ നിയുക്തഭാഗത്തെ വിജയകരമായി അവതരിപ്പിക്കാൻ എല്ലായ്പ്പോഴും എന്നെ ധ്യാനിക്കൂ. നിങ്ങളുടെ അനേകം ജന്മങ്ങളിൽ ഞാൻ നിങ്ങളെ ഇതിനായി ഒരുക്കിക്കൊണ്ടിരിക്കുകയായിരുന്നു. ഞാൻ നിങ്ങളെ എന്നിലേക്കു വലിച്ചടുപ്പിക്കുന്നു. എന്റെ ദൗത്യത്തിനായി പല ജന്മങ്ങളിലൂടെ വലിയ കാൽവെപ്പുകളാണ് ഞാൻ നടത്തിയിരിക്കുന്നത്. എന്റെ കർത്തവ്യം അനന്തമാണ്. നിങ്ങളുടേതും. ഞാൻ നിങ്ങളുടെ അകത്തും പുറത്തുമുണ്ടെന്ന് അറിയുക. അതിൽ യാതൊരു മാറ്റവുമില്ല. നീ എന്നിലുണ്ട് ഞാൻ നിന്നിലും. അതിൽ യാതൊരു മാറ്റവുമില്ല. ഞാൻ എന്റെ അനുഗ്രഹങ്ങളെ നിന്നിലേക്കു ചൊരിയുകയും നിന്നിലൂടെ അത് പരത്തുകയും ചെയ്യുന്നു. ഈ നിരന്തരപ്രക്രിയയെക്കുറിച്ച് നിങ്ങൾ ബോധവാനല്ല. പരിശുദ്ധ ഹൃദയത്തോടും ആത്മാവിനോടും കൂടെ നിന്റെ ഗുണങ്ങളാൽ നിന്റെ ജീവിതകാലത്തെ മാനവർ അനുഗ്രഹീതരാവട്ടെ!*

*ഞാൻ വിളിക്കുമ്പോൾ മറ്റുള്ളവർകൂടി എന്റെ ദൗത്യത്തിൽ പങ്കാളികളാകും. സകല മനുഷ്യരും ഐക്യത്തോടെ വർത്തിക്കുന്ന കാലം സമാഗതമായിരിക്കുന്നു. നീ പ്രതീക്ഷിക്കുന്നതിനേക്കാൾ വളരെ നേരത്തെത്തന്നെ ആ കാലം വന്നെത്തും. അതിനു മുമ്പേ ഓരോ ജീവന്റേയും യഥാർത്ഥ അസ്തിത്വമെന്താണെന്ന് വെളിപ്പെടുത്താൻ തയ്യാറായിരിക്കുക".*

മൈ ബിലവഡ്. ചാൾസ് പെൻ. പേജ് 96–97.

സ്വാമിയുടെ പുനരാഗമനത്തിനായി കാത്തിരിക്കാതെ അവിടുത്തെ ദിവ്യപദ്ധതിയിൽ നമ്മളെക്കൂടി ഭാഗഭാക്കാക്കുവാനായി, വരാനിരിക്കുന്ന സായിയുഗത്തിൽ അവിടുത്തെ കരങ്ങളിലെ ഉപകരണങ്ങളായി മാറുവാനായി നമ്മുടെ സാധനയെ തീവ്രമാക്കേണ്ടതുണ്ട്. അതാണ് ചിന്തോദ്ദീപകമായ ഈ സന്ദേശത്തിൽ സ്വാമി നമ്മളോട് ആവശ്യപ്പെടുന്നത്.

മുൻകാലങ്ങളിൽ, സ്വാമി തന്റെ ഭക്തരുമായി വളരെ അടുത്തിടപഴകിയിരുന്ന കാലത്തുപോലും താൻ വളരെയധികം ശ്രദ്ധനൽകിയിരുന്ന അടുത്ത ഭക്തരിൽ നിന്ന് കുറച്ചുവർഷങ്ങൾക്കു ശേഷം, താൽക്കാലിക അകൽച്ച പാലിച്ച ഒരുപാടു കഥകൾ ഞാൻ കേട്ടിട്ടുണ്ട്. സ്വാമിയുടെ രൂപത്തോടുള്ള മമതയിൽ നിന്നു അവരെ വിടർത്തി സ്വാമിയുടെ രൂപമില്ലാത്ത സത്യത്തിലേക്ക് ഒന്നായിത്തീരാനുള്ള അവിടുത്തെ പ്രേരണയായിരുന്നു അത്. രൂപത്തോട് അടുത്തിടപഴകുമ്പോൾ ഇത് വളരെ പ്രയാസമുള്ളതായി മാറുന്നു. ഇതേ കാരണം തന്നെയായിരിക്കണം, സ്വാമിയുടെ താൽക്കാലിക വിടവാങ്ങലിനു പിന്നിലും. അപ്പോൾ സ്വാമി ഒരു ശരീരം മാത്രമല്ല അവിടുന്ന് നമുക്കുള്ളിലും മുകളിലും താഴെയും ചുറ്റിലുമായി സ്ഥിതി ചെയ്യുന്ന പരബ്രഹ്മമാണെന്ന സത്യം നമ്മൾ മനസ്സിലാക്കും. ആ ഒരു ഉൾക്കാഴ്ചയോടെ ആത്മോൻമുഖരായി, സ്വാമി വാഗ്ദാനം ചെയ്ത മനോഹരമായ ആത്മീയയുഗത്തിനായി നമ്മെത്തന്നെ തയ്യാറാക്കുക എന്നതായിരിക്കണം ആ ദിവ്യോദ്ദേശ്യം.

മറ്റൊരു തരത്തിൽ, സ്വാമി തിരികെ വരുമ്പോൾ ഈ ലോകത്തിൽ നടക്കുവാനിരിക്കുന്ന മഹാപ്രഭാവത്തിന്റെ സീമയെക്കുറിച്ച് നാം ചിന്തിച്ചിട്ടുണ്ടോ? ഈ ലോകം മുഴുവനും പ്രശാന്തിനിലയത്തിൽ എത്തിച്ചേരുമെന്നും അവിടെ നിൽക്കുവാനുള്ള സ്ഥലം പോലും ലഭ്യമാവുകയില്ലെന്നും സ്വാമി ഒരിക്കൽ പറഞ്ഞിട്ടുണ്ട്. അതുകൊണ്ടു തന്നെ, അപ്രാപ്യമായ സ്വാമിയുടെ ശരീരസാമീപ്യത്തിനു വേണ്ടി കൊതിക്കുന്നതിനേക്കാൾ അവിടുത്തെ നമ്മുടെ ഹൃദയത്തിൽ കണ്ടെത്താൻ ശ്രമിക്കുകയാണ് അഭികാമ്യം. മെഹദിയുടെ തിരോധാനം എന്ന അദ്ധ്യായത്തിൽ മെഹദിയെക്കുറിച്ചുള്ള പ്രവചനങ്ങൾ സത്യസായി അവതാരവുമായി എപ്രകാരമാണ് സാരൂപ്യം പ്രാപിച്ചിരിക്കുന്നെതന്ന് നാം പരിശോധിച്ചു. മെഹദിയുടെ തിരോധാനത്തെക്കുറിച്ചും അൽപ്പകാലത്തിനുശേഷമുള്ള അദ്ദേഹത്തിന്റെ പുനരാഗമനത്തെക്കുറിച്ചുമുള്ള പ്രവചനങ്ങൾ നമ്മൾ കണ്ടു കഴിഞ്ഞു. മെഹദി തിരിച്ചുവരുമ്പോൾ അദ്ദേഹത്തിന് ആരോടും

തന്നെ പ്രതിപത്തി ഉണ്ടായിരിക്കുകയില്ലെന്ന കൗതുകകരമായ മറ്റൊരു പ്രവചനവും ഞാൻ കണ്ടു.

*"മെഹദി ഉയരുമ്പോൾ, നമ്മുടെ ഖയീമിന് അദ്ദേഹത്തിന്റെ ചുമ ലിലെ ആരോടും തന്നെ പ്രതിപത്തി ഉണ്ടായിരിക്കുകയില്ല."*

ബിഹാർ-ഉൽ-അൻവാർ. വാല്യം 13. ഭാഗം 1.
ഇംഗ്ലീഷ് തർജ്ജമ. പേജ് 147.

മറ്റൊരു തരത്തിൽ, തിരോധാനത്തിനു ശേഷമുള്ള മെഹദിയുടെ വരവ് ഒരു വിഭാഗം ജനങ്ങളുടേയും ഉത്ഥാനത്തിനല്ല. പകരം അദ്ദേ ഹം ഈ ലോകത്തിന്റെ മുഴുവനും രക്ഷകനായിത്തീരും. ഒരു പക്ഷെ അത്തരം നിസ്സംഗതയുമായി തന്റെ ഭക്തരെ പൊരുത്തപ്പെടുത്താ നായിട്ടുള്ള പരീക്ഷണകാലഘട്ടമായിരിക്കണം അദ്ദേഹത്തിന്റെ തിരോധാനകാലം.

സ്വാമി എല്ലായ്പ്പോഴും തന്റെ പൂർണ്ണശക്തികളെ തന്റെ മാനവ ത്വത്തിന്റെയും മായയുടെയും മൂടുപടത്തിനു പിന്നിൽ തടഞ്ഞുവെ ച്ചിരുന്നു. ഒരുപക്ഷേ തന്റെ യഥാർത്ഥ ശക്തിയെ പുറത്തെടുത്താൽ ഈ ലോകം മുഴുവനും അവിടുത്തെ മുന്നിൽ കുമ്പിടും എന്നും ഇപ്പോൾ അതിനുള്ള സമയം ആഗതമായിട്ടില്ല എന്നതുമായിരുന്നു അവിടുത്തെ വ്യാഖ്യാനം.

*"ആ സമയം (അവതാരത്തിന്റെ പരസ്യപ്രഖ്യാപന സമയം) ഇപ്പോഴും വളരെ അകലെയാണ്. അതിനുമുമ്പു തന്നെ, പൂർവ്വജ ന്മങ്ങളിൽ അക്ഷീണം തീവ്രസാധന നടത്തി എന്റെ സാമീപ്യ ത്തിനായി, അശ്രാന്തം പരിശ്രമിച്ചവരെ എനിക്ക് എന്റെയടുത്തേക്ക് കൊണ്ടുവരേണ്ടതുണ്ട്. ലോകം മുഴുവൻ ഈ അവതാരത്തെക്കു റിച്ച് ഒരു പരസ്യപ്രസ്താവനയിലൂടെ അറിയുന്ന കാലം അടുത്തു തന്നെ വന്നുചേരും".*

സായിബാബ ആൻഡ് നരനാരായണ ഗുഹ ആശ്രമം, ഭാഗം 2
പേജ് 38.

*"ദിനങ്ങൾ കഴിയുന്തോറും, ഇപ്പോൾ സ്വാമിയെക്കുറിച്ചുള്ള യാഥാർത്ഥ്യം തിരിച്ചറിയാനാകാത്തവർ പോലും പശ്ചാത്താപ ത്തിന്റെ കണ്ണുനീരോടു കൂടി എന്നെ അനുഭവിക്കാനായി വന്നെ ത്തും. വളരെപ്പെട്ടെന്ന് ലോകം മുഴുവൻ ഇത് പരക്കും. ഈ പുരോ ഗതി ഞാൻ ഇപ്പോൾ നിയന്ത്രിച്ചിരിക്കുകയാണ്. ഇതു സംഭവിക്കാ നായി ഞാൻ അനുവദിച്ചാൽ ലോകം മുഴുവൻ തന്നെ പ്രശാന്തിനി*

*ലയമായി പരിണമിക്കും.”*

സത്യസായി സ്പീക്സ്, വാല്യം 15, അദ്ധ്യായം 55.

ഒരു പക്ഷെ ഇപ്പോൾ അത്തരം സാർവ്വലൗകികമായ പുരോഗതിക്കായുള്ള സമയം അടുത്തിരിക്കാം. അപ്പോൾ സ്വാമി തിരിച്ചു വരുമ്പോൾ അദ്ദേഹം ഒന്നു കൊണ്ടും പരിമിതനായിരിക്കാനിടയില്ല. അതിന്റെ ആവശ്യകതയും ഉണ്ടായിരിക്കില്ല. 85 വർഷം എന്ന കാലയളവ് സ്വാമി തന്റെ സന്ദേശം പ്രചരിപ്പിച്ചുകൊണ്ടും മാതൃക കാണിച്ചുകൊണ്ടും ജീവിച്ചു. അദ്ദേഹത്തിന്റെ തിരിച്ചുവരവ് സ്വമേധയാ സ്വീകരിച്ച പരിമിതികളില്ലാതെ, സാർവ്വശക്തിത്വത്തിന്റെ പൂർണ്ണ സാക്ഷാൽക്കാരമായിട്ടായിരിക്കാം. അതിനായുള്ള വിവിധ സൂചനകൾ വെളിച്ചത്തു വന്നിരിക്കെ അത്തരമൊരു സാദ്ധ്യതയെ ആർക്കു തള്ളിക്കളയാനാവും?

**ഓ! സത്യസായീശാ! അവിടുത്തെ രാജ്യം വരേണമേ**

**എത്രയും വേഗം വരേണമേ!**

# പ്രാർത്ഥന

ഓ! നാഥാ! എന്റെ പ്രേമം സ്വീകരിച്ചാലും!

അവിടുത്തോടുള്ള ഭക്തിയാൽ

നിർബാധം അത് വ്യാപിക്കട്ടെ.

ഓ!നാഥാ! എന്റെ കരങ്ങളെ സ്വീകരിച്ചാലും!

നിനക്കായി അവ അക്ഷീണം പ്രവർത്തിക്കട്ടെ.

ഓ! നാഥാ! എന്റെ ആത്മാവിനെ സ്വീകരിച്ചാലും

അതു നീയുമായി ഒന്നായിത്തീരട്ടെ

ഓ! നാഥാ! എന്റെ മനസ്സും ചിന്തകളും സ്വീകരിച്ചാലും

അവ നിന്റേതുമായി ലയിച്ചുചേരട്ടെ.

ഓ! നാഥാ! എന്റെ സർവ്വസ്വവും സ്വീകരിക്കൂ!

അവിടുത്തെ ദൗത്യത്തിനുള്ള ഉപകരണമായി

എന്നെ മാറ്റേണമേ!

ജയ് സായി രാം...

**ഭഗവാന്റെ ദിവ്യപാദാരവിന്ദങ്ങളിൽ സമർപ്പിതം**

# Bibliography and References


An Eastern View of Jesus Christ, Lee Hewlett and K. Nataraj, Sai Publications, 1982

Anyatha Saranam Nasthi(Other than You Refuge There is None), Smt. Vijayakumari, Sai Shriram Printers, 1999

Baba: Satya Sai, Ra. Ganapati, Satya Jyothi, 12, Radhakrishnan Street, Madras, 600017, India, 1981

Bihar-ul-Anwar Volume 13 Part 1 & 2, Allamah Muhammed Baqir al-Majlis, English Translation, Ja'fari Propagation Centre, Mumbai

Bhagavan Sri Satdhya Sai Baba(An Interpretation), V.K. Gokak, New Delhi: Abhinav Publications, 1975

Conversations with Bhagavan Sri Sathya Sai Baba, J.S. Hislop, Sri Sri Sathya Sai Books & Publications Trust

Conversations with Sathya Sai Baba, J.S. Hislop, Birth Day Publishing Co., San Diego, CA, 1978

God Descends on Earth, Sanjay Kant, Sri Sathya Sai Towers Pvt. Ltd., 1998

In Search of Sai Divine, Satya Pal Ruhela, M.D. Publications Pvt. Ltd., 1996

KJV: King James Version of the Holy Bible
Living Divinity, Shakuntala Balu, Sawbridge Enterprises, 1981.

Modern Miracles: An Investigative Report on Psychic Phenomena Associated With Sri Sathya Sai Baba, Erlendur Haraldsson, Hastings

House, 1997

My baba and I, Dr. John S. Hislop, Birth Day Publishing Co., 1985

My Beloved. The Love and Teaching of Bhagavan Sri Sathya Sai Baba, Charles Penn, Sri. Sathya Sai Baba Books and Publications Trust, Prasanthi Nilayam, 1981

Sacred Nadi Readings, Compiled by Sri. Vasantha Sai, Sri. Vasantha Sai Books & Publications Trust, Mukthi Nilayam, 2011

Sai Baba and the Nara Narayan Gufa Ashram Part 1&2, Swami Maheshwaranand, ed. B.P. Mishra. Bombay: Prasanthi Printers., 1990

Sai Baba Avtar: A New Journey into Power and Glory, Howard Murphet, San Diego, Birth Day Publishing Co., 1977

Sai Baba, The Holy Man and the Psychiatrist, Samuel H. Sandweiss, San Diego, Birth Day Publishing Co., 1975

Sai Messages for You and Me Vol. I., Lucas Ralli, London: Vrindavanum Books, 1985

Sai Messages for You and Me Vol. II., Lucas Ralli, London: Vrindavanum Books, 1988

Sai Vaani: Messages collected from discourses of Sri. Sathya Sai Baba

Sai Vandana, ed. K.H. Hanumanthappa, Prasanthi Nilayam, Sri. Sathya Sai Institute of Higher Learning, 1995

Sanathana Sarathi: A monthly magazine published from Prasanthi Nilayam

Sathya Sai Baba, Embodiment of Lve, Peggy Mason and Ron Laing, London, Sawbridge, 1982

Sathya Sai Seakes: Discourses by Bhagawan Sri. Sathya Baba translated from Teluge(Sri Sathya Sai books and Publication Trust)

Sathyam Sivam Sundaram Volumes 1-4, Sri N. Kasturi, Sri Sathya Sai Books and Publications Trust, Prasanthi Nilayam, 1961-1980

Sri. Sathya Sai Avathar, V. Aravind Subramaniyam, Sura Books Pvt. Ltd., 2004

Sri. Sathya Sai Baba and the Future of Mankind, Sathya Pal Ruhela, New Delhi: Sai Kripa, 1991

Sri. Sathya Sai Baba A Yugavatar, Dr. K. Hanumanthappa, Sri. Sathya Sai Books and Publications Trust, Prasanthi Nilayam, 2008

Thapovanam Sri. Sathya Sai Sathcharithra, Jandhyala Venkateswara Sastry, Sri Sathya Sai Books and Publications Trust, 2002

The Blitz Interview: The extended interview given by Sri. Sathya Sai Baba to the chief editor R.K. Karanjia of Blitz Magazine in September of 1976

The Heart of Sai, R. Lowenberg, Sri Sathya Sai Towers Pvt. Ltd., 1981

The Life of Bhagavan Sri. Sathya Sai Baba, Kasturi. N, Sri. Sathya Sai Baba Book Center of America, 1971.

**സൗജന്യമായി ഈ പുസ്തകം വായിക്കുവാനായി സന്ദർശിക്കുക.**

www.saikingdom.com